ഫാദേഴ്സ് ബിസിനസ്സ്
വാല്യം-2

# പിതാവിന്റെ പദ്ധതിക്കെതിരെയുള്ള പിശാചിന്റെ പദ്ധതിയും, അതിനെതിരെയുള്ള സ്വർഗ്ഗീയവിദ്യാഭ്യാസവും!

ഷാജി ജോസഫ്

**FATHER'S BUSINESS .Vol-2**
**Pithavinte padhathikkethireyulla pishachinte padhathiyum,**
**athinethireyulla swargeeya vidhayabhyasavum**

Copyright @ 2016
By **Evg.Shaji Joseph**

All rights are reserved

First Edition: May 2016

Prarthanalayam Publishers, Ernakulam
No part of this publication may be reproduced or transmitted in any form or by any means, electronically, including photocopying, recording, or any information storage and retrieval system, without permission in writing from the publisher.

For more information about distribution
House of prayer (Prarthanalayam) Ministries
Tel: 0091-4842411092 (India), 00971-7-2211059 (UAE)
Mob: 0091-9567590469
Email: shajijoseph@live.com
kingdomdoubt@gmail.com
prarthanalayam@gmail.com
WWW.thevoiceofgod.org

Printed and bound in India by Authentic Meadia,
A division of OM Books Foundation, Secunderabad 500067
E-mail: printing@ombooks.org

**Price: Rs. 250 (Outside India US 10 $)**

# ഫാദേഴ്സ് ബിസിനസ്സ്

## വാല്യം-2



Presented To,.......................................................

എനിക്ക് അങ്ങയോടുള്ള / നിങ്ങളോടുള്ള ദൈവസ്നേഹത്തിന്റെ പ്രതിഫലനമാണ് ഈ പുസ്തകം (Gift).ഇതിലൂടെ ***ദൈവഹിതം മനസ്സിലാക്കുവാനും, ചെയ്യുവാനും*** **ദൈവം അങ്ങയെ / നിങ്ങളെ സഹായിക്കട്ടെ.**

This book (Gift) is the reflection of my God's love towards you. Let it help you to ***Understand and do the God's Will*** about your life.

By...........................................................

"എന്നോട് കർത്താവേ, കർത്താവേ എന്ന് പറയുന്നവൻ ഏവനുമല്ല, ***സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ*** അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്."

(മത്തായി 7:21)

## മറ്റു സന്ദേശങ്ങൾ

1. ഞെട്ടിപ്പിക്കുന്ന സന്ദേശം
2. രാജകീയ ശുശ്രൂഷ
3. എന്റെ ബൈബിളും എന്റെ സാമ്പത്തികവും
4. പിശാച് യേശുവിന്റെ കുതികാൽ തകർക്കുമോ?
5. ജീവപുസ്തകം
6. ക്രൂശിന്റെ മൂന്ന് ശത്രുക്കൾ
7. ജ്ഞാനത്തിന്റെ മൂന്ന് നിലകൾ
8. 7-ാമത്തെ രാജ്യം
9. രണ്ട് ആത്മീയ ചെക്ക്പോസ്റ്റുകൾക്കിടയിലുള്ള ഒരു വിശ്വാസിയുടെ ജീവിതം
10. സാത്താനും അവന്റെ പണിപ്പുരയും
11. സഭയുടെ ഉദ്ദേശം
12. ആത്മീയ രോഗങ്ങളും നിവാരണവും
13. ദൈവാലോചനയെയും ദൈവപ്രവൃത്തിയെയും എങ്ങനെ തിരിച്ചറിയാം?
14. വിശ്വാസികളിലെ സാത്താന്റെ ബെൽറ്റ് ബോംബ്
15. യേശു എങ്ങനെയാണ് നമ്മെ അറിയുന്നത്?
16. യാത്ര തീരാറായി ഫലം കായ്ച്ചുവോ?
17. രണ്ട് ആത്മീയ ചെക്ക്പോസ്റ്റുകൾ കടന്നാൽ ദൈവരാജ്യം അവകാശമാക്കാം
18. വിജയത്തിന്റെ ദൈവീക സൂത്രവാക്യം
19. കളയും കൊയ്ത്തും
20. വിശ്വാസി രക്ഷക്കായി പ്രവർത്തിക്കണമോ?
21. ക്രിസ്തുവിന്റെ ഹൃദയം
22. അനുഗ്രഹീത കുടുംബജീവിതം
23. അതിശയ സഞ്ചാരം
24. ആത്മീയ വളർച്ച (വാല്യം 1)
25. മനുഷ്യവാതിൽ
26. രാത്രിയെ ഭയപ്പെടേണ്ട
27. ദൈവം തന്റെ മക്കൾക്കായി ഒരുക്കിയിട്ടുള്ള അദൃശ്യസമ്പത്ത്
28. സകലത്തെയും വിവേചിക്കുന്ന ആത്മീകൻ
29. യൂദാ ഗോത്രത്തിലെ സിംഹക്കുട്ടികൾ
30. നമുക്ക് എങ്ങനെ മാന്ത്രികശക്തിയെ തകർക്കാം?
31. രണ്ട് രാജ്യങ്ങൾ, രണ്ട് നിയമങ്ങൾ
32. മരുഭൂമിയുടെ ഉദ്ദേശ്യം എന്ത്?
33. ദൈവത്തിന്റെ ഉദ്ദേശ്യവും പിശാചിന്റെ ആഗ്രഹവും
34. ഒരു വിത്തിന്റെ ശക്തിയും മൂല്യവും

35. എനിക്കെങ്ങനെ ഒരു വിശുദ്ധജീവിതം നയിക്കാം?
36. പിശാചിന്റെ ശിക്ഷാവിധി മനുഷ്യനിലൂടെയോ?
37. വിശ്വാസികളിലൂടെയുള്ള ദൈവശക്തിയുടെ രഹസ്യം
38. “നമുക്ക് ഇനി തോല്‌വിയില്ല” നാം ജയിക്കാനായി വീണ്ടും ജനിച്ചവർ
39. ആത്മാവിൽ നീങ്ങിയുള്ള ശുശ്രൂഷ!
40. രോഗത്തെ കൊല്ലുന്നവൻ
41. അസ്ഥികൂടത്തിന്റെ സന്ദേശം
42. ഉറുമ്പുകളുടെ സന്ദേശം
43. പ്രാർത്ഥനയും ആത്മലോകവും
44. ദൈവത്തിന്റെയും പിശാചിന്റെയും മുദ്രകൾ
45. എങ്ങനെ ദൈവാത്മാവിനാൽ നടത്തപ്പെടാം?
46. ക്രിസ്തു കല്പിച്ച പ്രവൃത്തിയോ നീ ചെയ്യുന്നത്?
47. “ദർശനം” ദൈവത്തിന്റെയും മനുഷ്യന്റെയും മൃഗത്തിന്റെയും പ്രവർത്തന രീതി
48. ഞാൻ ദൈവരാജ്യം അവകാശമാക്കുമോ?
49. ദൈവരാജ്യം പിടിച്ചടക്കുന്ന ബലാൽക്കാരികൾ
50. ദൈവരാജ്യപ്രകാരമുള്ള കുടുംബം എങ്ങനെ?
50. മഹത്വത്തിന്റെ മണ്ഡലം
52. വാതിൽ കാവൽക്കാരൻ
53. ഏദെനിലെ ജീവിതം
54. പുതിയ സൃഷ്ടിയുടെ പുറകിലുള്ള ദൈവത്തിന്റെ ഉദ്ദേശ്യം
55. മനുഷ്യനെ സംബന്ധിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം (ഉദ്ദേശ്യങ്ങളുടെ ഉദ്ദേശ്യം)
56. വിശ്വാസം - വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും
57. വിശ്വാസം - ദൈവത്തിന്റെ സമ്മാനപ്പെട്ടി
58. വിശ്വാസം - ആത്മലോകത്തിലെ കാര്യങ്ങൾ കാണുന്നതെങ്ങനെ?
59. വിശ്വാസം - ആത്മലോകത്തിലെ കാര്യങ്ങൾ എടുക്കുന്നതെങ്ങനെ?
60. വിശ്വാസം - വിശ്വാസം എങ്ങനെ നഷ്ടപ്പെടുന്നു?
61. വിശ്വാസം - ഉപയോഗശൂന്യമായതും ഉപയോഗമുള്ളതും
62. വിശ്വാസം - ആത്മലോകത്തിലെ കാര്യങ്ങൾ നമ്മുടെ ഹൃദയത്തിൽ പ്രകാശിക്കുന്നതെങ്ങനെ?
63. വിശ്വാസം - വിശ്വാസവും പ്രവൃത്തിയും
64. വിശ്വാസം - വിശ്വാസത്തിന്റെ ആത്മാവ്
65. വിശ്വാസം - പുതിയ സൃഷ്ടികളും വിശ്വാസവും തമ്മിലുള്ള ബന്ധം
66. വിശ്വാസം - പുതിയ സൃഷ്ടി ആയവരുടെ പ്രവർത്തന രീതി
67. വിശ്വാസം - വിശ്വാസത്തിന്റെ ശവപ്പറമ്പ്
68. വിശ്വാസം - രണ്ട് തരത്തിലുള്ള വിതകൾ
69. വിശ്വാസം - ഹൃദയവും സൗഖ്യവും

70. വിശ്വാസം - വിശ്വാസം എന്നാൽ എന്ത്?
71. വിശ്വാസം - വിശ്വാസവും സൗഖ്യവും
72. വിശ്വാസം - വിശ്വാസം എന്ന പരിച
73. വിശ്വാസം - തലയും ഹൃദയവും തമ്മിലുള്ള വ്യത്യാസം
74. വിശ്വാസം - സംശയം എന്ന കുഞ്ഞ് ജനിക്കുന്നതെങ്ങനെ?
75. വിശ്വാസം - വിശ്വാസത്തിന്റെ പോരാട്ടം
76. വിശ്വാസം - തേജസ്സ് എന്ന ആത്മീയ ധനം
77. വിശ്വാസം - ആത്മീയമായ ആൻജിയോഗ്രാമും ആൻജിയോപ്ലാസ്റ്റും
78. വിശ്വാസം - കാഴ്ചയും വിശ്വാസവും
79. വിശ്വാസം - വെളിപ്പാടുകൾക്ക് വഴി തുറക്കാൻ വചനത്താൽ മനസ്സിലെ കോട്ടകളെ ഇടിക്കുക.
80. വിശ്വാസം - വിശ്വാസം ദൈവവുമായി മനുഷ്യനെ ഒട്ടിച്ച് ചേർക്കുന്നു
81. വിശ്വാസം - വിശ്വാസത്തിന്റെ ഉയർന്ന ജയം
82. നിങ്ങളെത്തന്നെ ചതിക്കരുത്
83. സത്യമായ ധനവും നിശ്ചയമില്ലാത്ത ധനവും
84. നമ്മുടെ വിളിയെ എങ്ങനെ തിരിച്ചറിയാം?
85. അനുസരണത്തിന്റെയും അനുസരണക്കേടിന്റെയും യാത്ര
86. മരിക്കുന്ന പ്രശ്നവും മരിക്കാത്ത ദൈവപൈതലും
87. ഭൂമിയിലെ സ്വർഗ്ഗീയ മനുഷ്യർ
88. ക്ഷമിക്കപ്പെടാത്ത പാപം
89. "ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല", ആരാണ് ക്രിസ്തുയേശുവിലുള്ളവർ?
90. ഭൂമിയിലെ ദരിദ്രർ സ്വർഗ്ഗീയ സമ്പന്നർ
91. ദേഹിയെ രക്ഷിക്കുന്ന ഉൾനട്ട വചനം
92. രക്ഷിക്കപ്പെട്ടവർ ദൈവത്തിന്റെ അടിമകളോ, മക്കളോ?
93. 'ബലഹീനനായ ശക്തൻ', വിശ്വാസിയുടെ വിജയരഹസ്യം
94. ബൈബിളിന്റെ ദർശനം (വിഷൻ)
95. മറ്റൊരുവന്റെ ദാസനെ വിധിക്കാൻ നീ ആർ?
96. "താനോ രക്ഷിക്കപ്പെടും എന്നാൽ പ്രവൃത്തി വെന്തുപോകും" ഇത് ആരെക്കുറിച്ച്?
97. ആത്മീയ സ്റ്റോക്ക് മാർക്കറ്റിലെ ഞെട്ടിപ്പിക്കുന്ന വാർത്ത
98. വീണ്ടെടുക്കപ്പെട്ടവർ പിശാചിന്റെ നിക്ഷേപത്തിന്റെ (നിധിയുടെ) കാവൽക്കാരോ?
99. ആത്മലോകത്തിലെ കൊടുക്കൽ വാങ്ങലുകൾ
100. കുരങ്ങിൽ നിന്നോ ആദാമിൽ നിന്നോ അല്ലാത്ത ഭൂമിയിലെ പ്രത്യേക വംശം!
101. നിഗളം ഉണ്ടാകുന്നത് എങ്ങനെ?
102. പ്രതികൂലത്തിനെതിരെ വചനത്തിന്റെ കോട്ട പണിതാൽ ഉയർച്ച നിശ്ചയം

103. ക്രിസ്തുവിലുള്ളവരും ആദാമിലുള്ളവരും
104. നിന്റെ രാജ്യം വരേണമേ;
105. നമുക്ക് മനുഷ്യരെ ഉണ്ടാക്കാം
106. രണ്ട് തരത്തിലുള്ള വിതകൾ
107. സഭയും മഹാ വേശ്യയും
108. നിത്യതയിൽ നിന്ന് ജീവിതം ആരംഭിക്കുക
109. വിശ്വാസത്തിന്റെ പൂർത്തീകരണം
110. കാഴ്ചയാലുള്ള വിശ്വാസവും സൗഖ്യവും തമ്മിലുള്ള ബന്ധം
111. ആത്മീയ അധികാരം - തലമുറകളെ പിൻതുടരാതെ ക്രിസ്തുവിനെ പിൻതുടരുക
112. ആത്മീയ അധികാരം - അനുഗ്രഹത്തിന്റെയും ശാപത്തിന്റെയും സ്വിച്ച് മനുഷ്യരുടെ കൈയ്യിൽ തന്നെ
113. ആത്മീയ അധികാരം - മനുഷ്യന്റെ നേട്ടം അല്ല, ദൈവത്തിന്റെ തീരുമാനമാണ്.
114. ആത്മീയ അധികാരം - അധികാരത്തിന് കീഴടങ്ങിയിരിക്കുന്നവരിലൂടെ അധികാരം വെളിപ്പെടും
115. യഥാർത്ഥ ശിഷ്യത്വം - ലോകത്തിലെ ശിഷ്യന്മാർ ദൈവരാജ്യത്തിലെ ശിഷ്യന്മാർ ആകട്ടെ
116. ദൈവരാജ്യം - നിധി വയലിൽ മറയപ്പെട്ടത് എങ്ങനെ?
117. ദൈവരാജ്യം - ദൈവരാജ്യത്തിന്റെ ആധിപത്യം
118. ദൈവരാജ്യം - മറയപ്പെട്ട ദൈവരാജ്യത്തിലെ സ്നേഹത്തിന്റെ പരീക്ഷ.
119. ദൈവരാജ്യം - മരണമില്ലാത്ത മനുഷ്യനും അവന്റെ അവസാനമില്ലാത്ത രാജ്യവും
120. ദൈവരാജ്യം - ദർശനം മാറിയാൽ കള്ള പ്രവാചകനായിത്തീരും!
121. ദൈവരാജ്യം - ദൈവരാജ്യം അന്വേഷിക്കുന്നത് എങ്ങനെ?
122. ദൈവരാജ്യം - ന്യായപ്രമാണവും ദൈവരാജ്യവും
123. ദൈവരാജ്യം - ദൈവരാജ്യത്തിന്റെ സുവിശേഷം
124. ദൈവരാജ്യം - രണ്ട് യാഥാർത്ഥ്യങ്ങളിൽ ജീവിക്കുന്നവർ
125. ദൈവരാജ്യം - അഞ്ച് നിലകളിലുള്ള ദൈവത്തിന്റെ പദ്ധതി
126. ദൈവരാജ്യം - ഇടുക്കുവഴിയുടെ ഉദ്ദേശ്യം
127. ദൈവരാജ്യം - 'ഇടുക്കുവഴി' - വിദ്യാഭ്യാസ സമ്പ്രദായം (ഭാഗം-1)
128. ദൈവരാജ്യം - 'ഇടുക്കുവഴി' - വിദ്യാഭ്യാസ സമ്പ്രദായം (ഭാഗം-2)
129. ദൈവരാജ്യം - 'ഇടുക്കുവഴി' - വിദ്യാഭ്യാസത്തിന്റെ പ്രയോജനം (ഭാഗം-3)
130. ദൈവരാജ്യം - 'ആത്മാവിന്റെ നിയമം' - ഏദെൻ മുതൽ
131. ദൈവരാജ്യം - 'ആത്മാവിന്റെ നിയമം' - മൂന്ന് നിയമങ്ങൾ
132. ദൈവരാജ്യം - 'ഇടുക്കുവഴി' - ദൈവപുത്രൻമാരെ വെളിപ്പെടുത്തുക

133. ദൈവരാജ്യം - 'ഇടുക്കുവഴി' - ക്രിസ്തുവിന്റെ നുകത്തിന്റെ ഉദ്ദേശ്യം
134. ദൈവരാജ്യം - 'ഇടുക്കുവഴി' - സുവിശേഷത്തിന്റെ കാതൽ (ഭാഗം-1)
135. ദൈവരാജ്യം - 'ഇടുക്കുവഴി' - സുവിശേഷത്തിന്റെ കാതൽ (ഭാഗം-2)
136. ദൈവരാജ്യം - 'ഇടുക്കുവഴി' - 'തനിയെ ഇരിക്കും' വാഗ്ദത്തം
137. ദൈവരാജ്യം - 'മടക്കയാത്ര'
138. ദൈവരാജ്യം - 'മടക്കയാത്ര' - അനുഗമിക്കുക, പോവുക
139. ദൈവരാജ്യം - 'മടക്കയാത്ര' - അദൃശ്യയാത്ര
140. ദൈവരാജ്യം - 'മടക്കയാത്ര' - പുത്രനും, ദാസനും
141. ദൈവരാജ്യം - 'മടക്കയാത്ര' - രക്ഷിക്കപ്പെട്ടു പക്ഷേ തിരികെ വരുന്നില്ല.
142. ദൈവരാജ്യം - 'മടക്കയാത്ര' - ലോകത്തിന്റെയും നിത്യജീവന്റെയും വചനങ്ങൾ.
143. ദൈവരാജ്യം - 'മടക്കയാത്ര' - സമയവും നിത്യതയും
144. ദൈവരാജ്യം - 'മടക്കയാത്ര' - ക്രിസ്തു സഭയ്ക്ക് നല്കിയ രണ്ട് പാദരക്ഷകൾ.
145. ദൈവരാജ്യം - 'മടക്കയാത്ര' - കുരുടന്മാരായ നായകന്മാരും, സത്യനായകന്മാരും.
146. ദൈവരാജ്യം - 'മടക്കയാത്ര' - ദുരുപദേശത്തെ വിവേചിക്കാൻ സമയത്തെ വിവേചിക്കുക.
147. ദൈവരാജ്യം - 'മടക്കയാത്ര' - ശിക്ഷാവിധിയും രക്ഷാവിധിയും (ദുരുപദേശത്തിൽ നിന്നും മോചനം)
148. ദൈവരാജ്യം - 'മടക്കയാത്ര' - മരണത്തിന്റെ രഹസ്യം
149. ദൈവരാജ്യം - 'മടക്കയാത്ര' - ഒരുങ്ങുക, നമ്മൾ പോകുന്നു!
150. ദൈവരാജ്യം - 'മടക്കയാത്ര' - കാൽവരി ക്രൂശിലൂടെ ദൈവത്തിന്റെ പദ്ധതി പുനരാരംഭിച്ചു.
151. ദൈവരാജ്യം - 'മടക്കയാത്ര' - പിശാചിന്റെ ബിസിനസ്സ്
152. വിവാഹത്തിന്റെ ഉദ്ദേശ്യം എന്ത്?
153. ലോകം പിശാചിന്റെ ബേബി സിറ്റിംഗ്
154. രക്ഷിക്കപ്പെട്ടു എങ്കിലും തിരിച്ചു വരുന്നില്ല
155. പുത്രനും ദാസനും
156. നിത്യജീവന്റെ വചനവും, ലോകജീവിതത്തിന്റെ വചനവും
157. കുടുംബജീവിതം : ഭർത്താവും ഭാര്യയും ചെയ്യേണ്ടത്
158. കുടുംബജീവിതം : കുടുംബജീവിതവും ഫലവും
159. കുടുംബജീവിതം : ത്യാഗകരമായ സ്നേഹം
160. കുടുംബജീവിതം : സ്വാർത്ഥത, കുഴപ്പങ്ങൾ ഉണ്ടാക്കുന്നു
161. കുടുംബജീവിതം : ഒന്നും ബാധിക്കാത്ത കുടുംബജീവിതം
162. കുടുംബജീവിതം : വെളിച്ചത്തിൽ ജീവിക്കുക
163. ലാസറും ധനവാനും

164. നിത്യതയും സമയവും
165. പിശാചിന്റെ ബിസിനസ്സ് : ദൈവത്തിന്റെ ബിസിനസ്സിനെതിരെയുള്ള പിശാചിന്റെ ബിസിനസ്സ്
173. പിശാചിന്റെ ബിസിനസ്സ് : പ്രധാനകാര്യങ്ങളെ നല്ല കാര്യങ്ങൾ കൊണ്ട് മറയ്ക്കുന്നു (ഭാഗം-1)
174. പിശാചിന്റെ ബിസിനസ്സ് : പ്രധാനകാര്യങ്ങളെ നല്ല കാര്യങ്ങൾ കൊണ്ട് മറയ്ക്കുന്നു (ഭാഗം-2)
175. പിശാചിന്റെ ബിസിനസ്സ് : അവസാനത്തെ ആരംഭം കൊണ്ട് മറയ്ക്കുന്നു
176. പിശാചിന്റെ ബിസിനസ്സ് : ലോകം മനുഷ്യന്റെ കണ്ണുകെട്ടുന്ന പിശാചിന്റെ റിബൺ
177. പിശാചിന്റെ ബിസിനസ്സ് : ലോകജീവിതം, സ്വർഗ്ഗീയജീവിതത്തിന് യോഗ്യത ലഭിക്കാനുള്ള ജീവിതം
178. പിശാചിന്റെ ബിസിനസ്സ് : ലോകാനുരൂപത പിശാചിന്റെ രാജ്യം പ്രവർത്തിപ്പിക്കാനുള്ള താക്കോൽ
179. പിശാചിന്റെ ബിസിനസ്സ് : സഹോദരങ്ങളെ പിശാചിന്റെ കൈയ്യിലല്ല, പിതാവിന്റെ കൈയ്യിൽ ഏല്പിക്കുക
180. ജയജീവിതമാർഗ്ഗം : സഹിക്കുക, ക്ഷമിക്കുക, മറക്കുക, സ്നേഹിക്കുക
181. ആത്മീയ നയനങ്ങളെ തുറക്കുക
182. കുരുടന്മാരായ നായകന്മാർ : ദൈവത്തിന്റെ മനസ്സും ജനത്തിന്റെ മനസ്സും
183. ജീവന്റെ വില
184. ലോകത്തിലെ താല്കാലിക നിയമനവും, ദൈവരാജ്യത്തിലേക്കുള്ള നിത്യമായ വിളിയും (ക്ഷണവും)
185. എന്തുകൊണ്ട് എനിക്ക് മനസ്സ് പുതുക്കാൻ കഴിയുന്നില്ല?
186. എന്തുകൊണ്ട് എനിക്ക് മടക്കയാത്ര കഴിയുന്നില്ല?
187. പുത്രത്വത്തിന്റെ പ്രാധാന്യം
188. മാനസാന്തരവും, മരണവും
189. കാലം തികഞ്ഞു
190. നിങ്ങൾ യാത്രയിലാണോ,
191. മനുഷ്യനെ സംബന്ധിച്ച രണ്ട് പ്രധാനവിധികൾ
192. ഒന്നാം മരണവും - രണ്ടാം ജനനവും
193. പുനരുത്ഥാനത്തിന്റെ രഹസ്യം
194. യേശുവും ലോകവും - രണ്ട് വഴികൾ
195. വചനപ്രകാരമുള്ള നമ്മുടെ മനോഭാവം നമ്മുടെ ഉയർച്ച നിശ്ചയിക്കുന്നു
196. ന്യായപ്രമാണവും, ആത്മാവിന്റെ നിയമവും തമ്മിലുള്ള വ്യത്യാസം
197. പാപം ചെയ്യുമ്പോൾ സുഖവും, വിടുവിക്കപ്പെടുമ്പോൾ സഹനവും
198. പ്രകാശത്തിൽ ജീവിക്കുക
199. മരുഭൂമിയുടെ കുഞ്ഞുങ്ങൾ

200. മരുഭൂമിയുടെ കുഞ്ഞുങ്ങളും ഇടുക്കുവഴിയുടെ കുഞ്ഞുങ്ങളും
201. സ്വർഗ്ഗരാജ്യത്തിൽ കടക്കാൻ പരിശ്രമിക്കുന്നവരും പോരാടുന്നവരും
202. വിത്തിന് തുല്യമായ മനുഷ്യജീവിതം
203. വിത്ത് തിന്ന് ഭോഷനാകരുതെ!
204. ദൈവരാജ്യം മറയ്ക്കാതെ വെളിപ്പെടുത്തുക
205. ദൈവദാസന്മാരുടെ പ്രവർത്തന മേഖല
206. വിളിയും പരമ വിളിയും (ഇമഹഹശിഴ & ഒശഴവലൃ രമഹഹശിഴ)
207. യേശുവിന്റെ മാതൃകപ്രകാരമുള്ള ശരിയായ നിക്ഷേപം
208. മുൻഗണന ക്രമത്തിലുള്ള ജീവിതം
209. ദൈവപുത്രനാകാനുള്ള അധികാരം
210. ഇന്നത്തെ ശുശ്രൂഷകളെ തിരിച്ചറിയുക
211. ശരിയായ ദർശനം ക്രമപ്പെടുത്തുക
212. ശരിയായ ദർശവും കുടുംബജീവിതവും
213. ക്രൂശിൽ പൂർത്തീകരിക്കപ്പെടാത്ത കാര്യങ്ങൾ
214. ദൈവത്തിന്റെ ഒന്നാമത്തെയും രണ്ടാമത്തെയും പദ്ധതികൾ
215. അറവുശാലകളായ സഭകൾ!
216. ആദത്തിൽ നിന്ന് ക്രിസ്തുവിലേക്ക് മാറുക
217. ഫലം നോക്കി എല്ലാം തിരിച്ചറിയുക
218. അനുസരണത്തിന്റെ പ്രാധാന്യം
219. സമൃദ്ധിയുടെ വർഷങ്ങളും ക്ഷാമത്തിന്റെ വർഷങ്ങളും
220. സൃഷ്ടിപ്പിന്റെയും ജനനത്തിന്റെയും പുറകിലുള്ള ദർശനം
221. ദൈവരാജ്യം പ്രസംഗിക്കുന്നതിന്റെ പ്രാധാന്യം
222. വിശ്വാസത്യാഗത്തിന് ഇരകളാകരുതെ?
223. ക്രൂശിലെ പുതിയ സൃഷ്ടിപ്പിന്റെ പുറകിലെ ജ്ഞാനം
224. ക്രിസ്തുവിന്റെ ന്യായാസനത്തെ അഭിമുഖീകരിക്കുവാൻ ഒരുങ്ങുക
225. ആത്മീയ ജനനവും ജഡിക ജനനവും
226. രണ്ട് നീതിയും രണ്ട് വസ്ത്രവും
227. മനുഷ്യന്റെ തെരഞ്ഞെടുപ്പും, സൃഷ്ടിപ്പും, ജനനവും
228. ക്രിസ്തു - എവിടെ എന്റെ ശരീരം?
229. ദൈവത്തിന്റേതായി ജീവിക്കുക
230. ക്രൂശിൽ ആരംഭിച്ച പദ്ധതികൾ
231. ക്രൂശിലെ പൂർത്തീകരണ പ്രവൃത്തികളിൽ വിശ്വസിച്ച ഒരു വ്യക്തി ഇനി എന്ത് ചെയ്യണം?
232. 'ആത്മാവിലോ', 'ജഡത്തിലോ' നിങ്ങളുടെ സ്ഥലം തീരുമാനിക്കുക
233. ജനനത്തിന് മുമ്പും ജനനത്തിന് പിൻപും
234. ഭവനം മാറുന്ന ജീവിതം
235. ക്രിസ്തുവിലുള്ള ജീവിതം - മരണത്തിന് പുറകേ ജീവൻ!
236. നമ്മൾ വളരുന്ന സ്ഥലം നമ്മുടെ അന്ത്യത്തിന്റെ പ്രധാന ഘടകം!

237. 'ലോകം' എന്ന ലഹരി
238. 'പാപത്തിന്റെ മരണത്തിന്റെയും നിയമവും', 'ജീവന്റെ നിയമവും'
239. ലോകത്തിലേക്ക് തിരിയരുത്, ലോകം വിട്ട് ജീവിക്കുക
240. അഭിവൃദ്ധി - ദേഹിയുടെ അഭിവൃദ്ധിക്കനുസരിച്ച് മാത്രം
241. ദൈവരാജ്യത്തിൽ ജീവിച്ചാൽ പിതാവിനോടൊപ്പം ആനന്ദിക്കാം
242. ഒന്നാം ആദം പരാജയപ്പെട്ടിടത്ത് ഒടുക്കത്തെ ആദം വിജയിച്ചു
243. മനുഷ്യർ എന്തുകൊണ്ട് ആത്മീയമായി തളർന്നവരായിപ്പോയി?
244. കണ്ണ് തുറക്കൂ സ്വർഗ്ഗത്തിന്റെ അന്തസ്സിൽ ജീവിക്കൂ
245. ദൈവം കൊടുത്ത വിലയും, മനുഷ്യൻ കൊടുക്കേണ്ട വിലയും
246. നിങ്ങളുടെ ചിന്ത കൊണ്ട് മരിക്കരുതെ!..., പകരം ജീവിക്കൂ!
247. ആത്മാവിലേക്ക് സ്ഥലം മാറുക
248. ദൈവത്തോട് ചേർന്ന് പ്രവർത്തിക്കുക - ഭൂമിയിലെ വിദ്യാഭ്യാസവും സ്വർഗ്ഗീയ വിദ്യാഭ്യാസവും
249. ദൈവത്തിന്റെ സത്യത്തിനെതിരെ പ്രവർത്തിക്കുന്ന 'നല്ലത്' (Good)
250. ഒന്നാമത് ചെയ്യേണ്ടത് ഒന്നാമത് ചെയ്യുക
251. ദേഹിയുടെ ദാഹം
252. വിശ്വസ്ഥമായ ക്രിസ്തീയജീവിതത്തിന് വേണ്ട, വലിക്കുകയും തള്ളുകയും ചെയ്യുന്ന ശക്തികൾ
253. ഹൃദയത്തിന്റെ നാല് നിലവാരങ്ങൾ
254. പാപത്തിൽ നിന്ന് രക്ഷിച്ച്, പാപം ചെയ്യാൻ കഴിയാത്ത മനുഷ്യനെ വെളിപ്പെടുത്തുക
255. കല്ലായുള്ള ഹൃദയത്തിൽ നിന്ന് മാംസളമായുള്ള ഹൃദയത്തിലേക്ക്
256. സ്ത്രീയും പുളിപ്പും
257. കണ്ടെത്തുവാൻ ഒളിച്ച് വച്ചിരിക്കുന്ന നിധി
258. ഒളിപ്പിച്ചിരിക്കുന്ന നിധിയെ പുറത്തെടുക്കുക
259. നിങ്ങളെ അശുദ്ധമാക്കാതെ വിശുദ്ധീകരിക്കുക
260. വില്ക്കുക, വാങ്ങുക പൊതുവിലുള്ള ധനം
261. ദൈവരാജ്യത്തിന്റെ ഒന്നാമത്തെ ഘട്ടത്തിൽ ജീവിക്കുക
262. രാജാക്കന്മാരുടെ പരിശീലനം നടക്കുന്ന സ്ഥലം
263. നശിക്കാത്ത ദൈവരാജ്യം അന്വേഷിക്കുക
264. ജീവനിൽ വാഴുക
265. ഹൃദയത്തിന്റെ ലഹരിയും, ഭൂമിയുടെ ഏഴ് സ്റ്റേജുകളും
266. ക്രൂശിലെ ആത്മീക കൈമാറ്റം
267. താല്കാലികത്തിന് വേണ്ടി നിത്യമായത് വില്ക്കരുതേ!
268. സമ്പൂർണ്ണ ബൈബിൾ ദർശനം (തുടക്കക്കാർക്ക്)
269. ഇരു മനസ്സുള്ളവർ ആകരുതെ?
270. മേലിൽ പാപം ചെയ്യരുത്!
271. ദേഹിയാണ് മനുഷ്യനിലെ ദൈവത്തിന്റെ പ്രവർത്തന നിലം

272. ലോകത്തിന്റെ ആത്മാവും വചനത്തിന്റെ ആത്മാവും
273. ദൈവത്തിന്റെ ആശയവിനിമയം
274. സദ്ഗുണ പൂർണ്ണനായ മനുഷ്യൻ
275. ക്രിസ്തുവിന്റെ രക്തത്തിന്റെ മറവിൽ വസിക്കുക
276. അന്നന്നുള്ള ആഹാരത്തിന്റെ പ്രാധാന്യത
277. ജീവിതത്തിന്റെ പ്രവർത്തനപഥത്തിൽ ദൈവത്തെ കൊണ്ടുവരുന്നത് എങ്ങനെ?
278. ഭൂമിയിലെ മനുഷ്യജീവിതം ഫുട്ബോളിനല്ല വിത്തിന് തുല്യം
279. സ്വയം വഞ്ചിക്കുന്ന വിത്തുകൾ
280. നിങ്ങളുടെ വിളിയെ തിരിച്ചറിയുക
281. എന്റെ രാജ്യം ഇപ്പോൾ ഇവിടെ അല്ല!
282. ലോകാനുരൂപമായ സഭയുടെ വൻ ദുരന്തം!
283. ദൈവത്തിന്റെ പദ്ധതിയും മനുഷ്യന്റെ പദ്ധതിയും
284. പിശാചിന്റെ മരണത്തിന്റെ പദ്ധതിയും ദൈവത്തിന്റെ ജീവന്റെ പദ്ധതിയും
285. മരണത്തിന്റെ ശക്തിയും ജീവന്റെ ശക്തിയും
286. ചതിക്കപ്പെടരുതെ, സൂക്ഷിക്കുക!
287. മരണവും ജീവനും : എനിക്കെങ്ങനെ ജീവൻ തിരഞ്ഞെടുക്കാം
288. ഇരുളടഞ്ഞ ലോകത്തിലെ പ്രകാശമാണ് 'സത്യസഭ'
289. ജീവന്റെയും മരണത്തിന്റെയും പദ്ധതിയുടെ അടിസ്ഥാനത്തിൽ സമയത്തെ വിവേചിക്കുക
290. ഫലമില്ലാത്ത, ഫലമുള്ള, കൂടുതൽ ഫലമുള്ള മാനുഷിക അവസ്ഥകൾ
291. ലോകത്തിന്റെ പ്രകാശമായിത്തീരുക
(സത്യമായ ദർശനവും ഇരുളായ ദർശനവും)
292. കല്ലായുള്ള ഹൃദയത്തിൽ നിന്ന് മാംസളമായ ഹൃദയത്തിലേക്ക്
(മനുഷ്യന്റെ ഭൂതം, ഭാവി, വർത്തമാനം)
293. സത്യമായ ക്രിസ്തുവിന്റെ ശരീരം (ൃൗല യീറ്യ ീള ഇവ്യൃശേ)
294. ശ്രേഷ്ഠമേറിയ ശുശ്രൂഷ : ന്യായപ്രമാണവും ക്രിസ്തുവിന്റെ ആത്മാവിന്റെ നിയമവും
295. ദൈവരാജ്യത്തിന്റെ ഉള്ളിലെ മനുഷ്യന്റെ രാജ്യം
(ബലവാനും അവന്റെ കോട്ടകളും)
296. പിശാചിന് ഇടം കൊടുക്കരുത് പരിശുദ്ധാത്മാവിനാൽ അവനെ പുറത്താക്കുക
297. മനുഷ്യനെ നിയന്ത്രിക്കുന്ന രണ്ട് ശക്തികൾ
298. ആദ്യജാതന്റെ സഭ
299. ലോകത്തിൽ നിന്ന് ദൈവരാജ്യത്തിലേക്ക്
(പുറമെ നിന്നുള്ള ജീവിതത്തിൽ നിന്ന് അകമെയുള്ള ജീവിതത്തിലേക്ക്)
300. വിശുദ്ധീകരണം
301. മരണത്തിൽ നിന്നുള്ള ജീവിതം

302. വിശുദ്ധീകരണവും മറയപ്പെട്ട ജീവിതവും
303. സഭയെ ഉറങ്ങാതെ, ഉണരീ!
304. വിശുദ്ധീകരണം : സഭ ലോകത്തിനും ദൈവരാജ്യത്തിനും ഇടയിലുള്ള നദി പോലെ
305. വിശുദ്ധീകരണം : തള്ളപ്പെട്ട് പോകരുതെ (ദൈവരാജ്യത്തിലെ പൊതുവായ ധനം)
306. വിശുദ്ധീകരണം : മരണത്തിനെ പിടിച്ച് നിർത്താൻ കഴിയാത്ത ഭക്ഷണം
307. വിശുദ്ധീകരണം : ന്യായപ്രമാണവും ആത്മാവിന്റെ നിയമവും
308. വിശുദ്ധീകരണം : ഭൂമി ഭരിക്കുന്ന ഭാവി ഗവൺമെന്റിലെ രാജാക്കന്മാർ
309. ചെന്നായ്ക്കളെ സൂക്ഷിക്കുക!
310. ഭൂമി ഭരിക്കേണ്ട ദൈവീക ഗവൺമെന്റിലെ രാജാക്കന്മാരുടെ യോഗ്യത
311. വിശുദ്ധീകരണത്തിന്റെ ഉദ്ദേശ്യം
312. ഞങ്ങൾ സ്വർഗ്ഗീയ സ്വർണ്ണത്തിന്റെ പുറകെയാണ്
313. വേലയും കഷ്ടതയോടു കൂടിയ വേലയും (ദൈവരാജ്യം വിവാഹത്തിലുള്ള പക്വത)

# ഉള്ളടക്കം

## ഭാഗം - 1


**അദ്ധ്യായം - 1 (25-32)**

### പിതാവിന്റെ ബിസിനസ്സിന് എതിരെയുള്ള പിശാചിന്റെ ബിസിനസ്സ്

a. പിതാവിന്റെ ബിസിനസ്സ്

b. ബൈബിൾ ഒരു പ്രൊഡക്ഷൻ മാനുവൽ

**അദ്ധ്യായം - 2** (33-41)

### പിതാവിന്റെ ബിസിനസ്സ്

### ദൈവപുത്രന്മാരുടെ നിർമ്മാണം

a. സൃഷ്ടിയുടെ മൂന്ന് പ്രധാന തലങ്ങൾ

b. മനുഷ്യനും, ദൈവപുത്രനുമായ ആദാം

**അദ്ധ്യായം - 3 (42-46)**

### ദൈവപുത്രന്മാരുടെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ

a. നിർമ്മാണത്തിന്റെ നല്ല നാളുകളും പ്രതിസന്ധികളും

b. ദൈവീക പദ്ധതിയുടെ മൂന്ന് കാലങ്ങൾ

**അദ്ധ്യായം - 4 (47-55)**

### ദൈവപുത്രന്മാരും, കാലങ്ങളുടെ വിവേചനവും

a. ഒന്നാമത്തെ കാലത്തിലെ പിതാവിന്റെ പദ്ധതിയും, അതിനെതിരെയുള്ള പിശാചിന്റെ പദ്ധതിയും

b. നിർമ്മാണ യന്ത്രം

c. നിർമ്മാണത്തിനുള്ള സംവിധാനങ്ങളും ശ്രദ്ധിക്കേണ്ട കാര്യങ്ങളും

അദ്ധ്യായം - 5 (56-68)

## ഒന്നാം സ്റ്റേജിലെ ദൈവപുത്രൻമാരുടെ നിർമ്മാണത്തിനെതിരെയുള്ള പിശാചിന്റെ ആക്രമണവും ദൈവത്തിന്റെ പരിഹാരവും

a. ദൈവപുത്രന്മാരുടെ നിർമ്മാണം തടസ്സപ്പെടുന്നു, പിശാചിന്റെ 'മരണത്തിന്റെ പദ്ധതി' ആരംഭിക്കുന്നു.

b. ദൈവപുത്രന്മാരുടെ നിർമ്മാണം വീണ്ടും പ്ലാൻ ചെയ്യുന്നു

c. പ്രവചനത്തിന്റെയും പ്രവാചകന്മാരുടെയും ആരംഭം

d. ന്യായപ്രമാണത്തിന്റെ ആരംഭം

e. ന്യായപ്രമാണത്തിന്റെ ഉദ്ദേശ്യം

f. ന്യായപ്രമാണം എപ്പോൾ വരെ

അദ്ധ്യായം - 6 (69-75)

## "ബ്ലൂ പ്രിന്റ് നിർമ്മാണം"

## ദൈവപുത്രന്മാരുടെ നിർമ്മാണം തടസ്സപ്പെട്ട രണ്ടാം ഭാഗത്തിലെ പ്രധാന ദൈവീക പ്രവർത്തനം

a. ബ്ലൂ പ്രിന്റ് നിർമ്മാണം

b. ബ്ലൂ പ്രിന്റിന്റെ ഉദ്ദേശ്യം

c. രണ്ടാം സ്റ്റേജിൽ പിതാവിന്റെ പദ്ധതിക്കെതിരെയുള്ള പിശാചിന്റെ പദ്ധതി.

അദ്ധ്യായം - 7 (76-81)

## ബ്ലൂ പ്രിന്റിന്റെ സഹായത്തോടുകൂടി മൂന്നാം ഘട്ടമായ ഇപ്പോൾ നടക്കുന്ന ദൈവപുത്രൻമാരുടെ നിർമ്മാണം

a. പിശാചിന്റെ പദ്ധതിയെ തകർത്തുകൊണ്ടുള്ള ദൈവത്തിന്റെ 'ദൈവ പുത്രന്മാരുടെ' നിർമ്മാണം:-

അദ്ധ്യായം - 8 (82-92)

## മൂന്നാം എട്ടത്തിലെ ദൈവപുത്രൻമാരുടെ നിർമ്മാണത്തിനെതിരെയുള്ള പിശാചിന്റെ ആക്രമണം

a. പഴയ മനുഷ്യനും പുതിയ മനുഷ്യനും
b. പഴയ സൃഷ്ടിയും പുതിയ സൃഷ്ടിയും
c. വീണ്ടും ജനനവും വീണ്ടും മരണവും
d. ദൈവപുത്രന്മാരുടെ നിർമ്മാണത്തിനെതിരെയുള്ള ത്രിമൂർത്തികൾ:-
e. ദൈവപുത്രന്മാരുടെ നിർമ്മാണത്തിനെതിരെ ഒന്നാമത്തെ ശത്രുവായ പിശാചിന്റെ അധികാരപത്രം:-
പിശാചിന് മനുഷ്യനിലുള്ള അധികാരം എന്ത് ?
f. അധികാരപത്രം നഷ്ടപ്പെട്ട പിശാചിന്റെ തന്ത്രം

അദ്ധ്യായം - 9 (93-103)

## ദൈവപുത്രൻമാരുടെ നിർമ്മാണത്തിനെതിരെ ലോകസമ്പ്രദായം (രക്ഷിച്ചിട്ടും രക്ഷപ്പെടാത്തവർ)

a. പുറമെയുള്ള ഫറവോയും അകമെയുള്ള ഫറവോയും
b. മനുഷ്യൻ തന്നെ മനുഷ്യന്റെ ഫറവോ!
c. രക്ഷിച്ചിട്ടും രക്ഷപ്പെടാത്തവർ സഭയിൽ
d. മനുഷ്യൻ തന്നെ മനുഷ്യന്റെ ഫറവോ!
(മനുഷ്യൻ തന്നെ മനുഷ്യന്റെ ശത്രു)

അദ്ധ്യായം - 10 (104-128)

## ചതിക്കുന്ന ലോകസമ്പ്രദായം

a. മനുഷ്യരെ കുരുടാക്കുന്നു
b. മനുഷ്യന്റെ സമയത്തെ അപഹരിക്കുന്നു
c. ദൈവേഷ്ടം തിരിച്ചറിയുവാൻ
d. ദൈവേഷ്ടം ചെയ്യുവാൻ
e. ലോക സമ്പ്രദായത്തിന്റെ പ്രവർത്തനരീതി

f. ചതിക്കുന്ന തലകീഴായ ലോക സമ്പ്രദായം!

g. ലോകത്തിലൂടെ തീപ്പൊയ്കയിലേക്ക്

h. ദൈവീക സംവിധാനം

i. മനുഷ്യന്റെ പ്രവർത്തനരീതിയെ തലതിരിച്ചു.

j. ദൈവത്തിന്റെ പരീക്ഷാഹാളിനെ തലതിരിച്ചു.

k. മരണദിവസത്തിന് പ്രാധാന്യം കൊടുക്കാതെ ജനനദിവസത്തിന് പ്രാധാന്യം കൊടുത്ത് ഉയർത്തിക്കാണിക്കുന്നു.

l. മരണത്തെ ദുരന്തമായി ചിത്രീകരിക്കുന്നു!

**അദ്ധ്യായം - 11 (129-141)**

## ദൈവം ആവിഷ്കരിച്ച കുടുംബജീവിതം പിശാചിനാൽ തലതിരിക്കപ്പെട്ടു!

a. വരന്റെ ഉടമ്പടി

b. വധുവിന്റെ ഉടമ്പടി

c. ദൈവം വച്ചിരിക്കുന്ന വിവാഹത്തിന്റെ ഉദ്ദേശ്യം

d. ബൈബിൾ പ്രകാരം പുരുഷനും സ്ത്രീക്കും വിവാഹത്തിന് വേണ്ട പക്വത

e. ലോകസമ്പ്രദായത്തിലെ തലതിരിഞ്ഞ വിവാഹത്തെ നേരെയാക്കുക

f. തലതിരിഞ്ഞ കുടുംബജീവിതങ്ങൾ

**അദ്ധ്യായം - 12 (142-150)**

## ദൈവപുത്രൻമാരെ വെളിപ്പെടുത്താത്ത ലോക സമ്പ്രദായത്തിലെ സുവിശേഷം

a. ആത്മീയ അബോർഷൻ

b. ആരംഭം കൊണ്ട് അവസാനത്തെ മറയ്ക്കുന്ന തന്ത്രം

c. ഭൗതിക ശിശു ലോകത്തിലേക്ക്

d. ആത്മീയ മനുഷ്യൻ ദൈവരാജ്യത്തിലേക്ക്

e. യേശുവിന്റെ പ്രസംഗം

f. ഫിലിപ്പൊസിന്റെ പ്രസംഗം

g. പൗലൊസിന്റെ പ്രസംഗം

h. പത്രൊസിന്റെ പ്രസംഗം

i. അപ്പൊസ്തലന്മാരുടെ പ്രസംഗം

j. യേശുവിനെക്കൊണ്ട് യേശുവിന്റെ സുവിശേഷം മറയ്ക്കുന്ന പിശാചിന്റെ തന്ത്രം.

**അദ്ധ്യായം - 13 (151-166)**

## 'ലാഭകരമായ വശത്തെ' 'ലാഭമില്ലാത്ത വശം' കൊണ്ട് മറയ്ക്കുന്ന തന്ത്രം.

a. എന്താണ് നിധി?

b. എന്താണ് വയൽ?

c. ആരാണ് നിധി വയലിൽ ഒളിപ്പിച്ചു വച്ചിരിക്കുന്നത് ? ആരിൽ നിന്ന് ?

d. മനുഷ്യജീവിതത്തിലെ രണ്ട് വശങ്ങൾ

e. പരിപാലനം മാത്രമുള്ള പുറത്തെ മനുഷ്യൻ പിശാചിന്റെ മരണത്തിന്റെ പദ്ധതിക്ക് കീഴിൽ

f. ലാഭമില്ലാത്ത പുറത്തെ മനുഷ്യന്റെ ജീവിതം

g. പരിപാലനവും ലാഭവും ഉള്ള അകത്തെ മനുഷ്യൻ
ദൈവത്തിന്റെ ജീവന്റെ പദ്ധതിക്ക് കീഴിൽ

**ഭാഗം - 2**

**അദ്ധ്യായം - 14 (168-180)**

## ലോകവിദ്യാഭ്യാസ സമ്പ്രദായവും സ്വർഗ്ഗരാജ്യത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായവും

a. ലോക വിദ്യാഭ്യാസത്തിന്റെയും സ്വർഗ്ഗരാജ്യവിദ്യാഭ്യാസത്തിന്റെയും നിഴൽ പഴയനിയമത്തിൽ

b. ലോക വിദ്യാഭ്യാസത്തിന്റെയും ജോലി ഭാരത്തിന്റെയും ഉദ്ദേശ്യം

c. ലോകത്തിലെ രണ്ട് പ്രധാന വാതിലുകൾ

d. ലോകത്തിൽ ജീവിക്കാൻ ദൈവം നമുക്ക് 'സമയം' അഥവാ അവസരം തന്നത് എന്തിന്?

**അദ്ധ്യായം - 15 (181-189)**

## സ്വർഗ്ഗരാജ്യത്തിന്റെ 'ഇടുക്കുവഴി വിദ്യാഭ്യാസം'

a. ദൈവേഷ്ടം

b. ലോകാനുരൂപതയുടെ ഉദ്ദേശ്യം

c. ജഡചിന്തയുടെ ഉദ്ദേശ്യം

d. ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം

**അദ്ധ്യായം - 16 (190-204)**

## ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ ഒന്നാം ഭാഗം "ലോകദർശനം മാറ്റി സ്വർഗ്ഗരാജ്യ ദർശനം കൊടുക്കുന്നു"

a. ഇടുക്കുവഴി വിദ്യാഭ്യാസത്തിലേക്കുള്ള അഡ്മിഷൻ എങ്ങനെ?

b. ലോകദർശനം പരിശോധിക്കുന്ന പ്രാക്ടിക്കൽസ്

c. പ്രവാചകന്മാരും ന്യായപ്രമാണവും എന്തിനായിരുന്നു?

b. എന്തുകൊണ്ടാണ് യേശു പറഞ്ഞിരിക്കുന്നത് തന്റെ നുകം മൃദുവാണെന്ന്'?

**അദ്ധ്യായം - 17 (205-219)**

## ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ രണ്ടാം ഭാഗം

### "ദൈവസാദൃശ്യവും സ്വരൂപവും പകരുന്നു"

a. സാദൃശ്യവും, സ്വരൂപവും

b. ഒളിപട്ടാളത്തെ വെളിയിൽ കൊണ്ടുവരിക

c. ദൈവാത്മാവിനാൽ ജഡത്തിന്റെ പ്രവൃത്തികളെ കൊല്ലുന്നതെങ്ങനെ?

ഉള്ളടക്കം

# പിതാവിന്റെ ബിസിനസ്സിന് എതിരെ യുള്ള പിശാചിന്റെ ബിസിനസ്സ്

"യേശു അവരോട് എന്നെ തിരഞ്ഞത് എന്തിന്? എന്റെ 'പിതാവിന്റെ ബിസിനസ്സിൽ' ഞാൻ വ്യാപൃതനായിരിക്കണമെന്നുള്ളത് നിങ്ങൾ അറിയുന്നില്ലയോ എന്നു പറഞ്ഞു." (ലൂക്കൊ. 2:49 KJV പരിഭാഷ)

"And he said unto them, How is it that ye sought me? wist ye not that I must be about my 'Father's business'?" (Luke 2:49[KJV])

**മനുഷ്യർ** അറിയുന്നില്ലെങ്കിലും, ഇന്ന് ഈ ലോകത്തിൽ നടക്കുന്ന ഏറ്റവും വലിയ രണ്ട് പദ്ധതികളാണ് 'ദൈവത്തിന്റെ ജീവന്റെ പദ്ധതിയും' 'പിശാചിന്റെ മരണത്തിന്റെ പദ്ധതിയും'. ഇതിൽ ജീവന്റെ പദ്ധതിയുടെ പേരാണ് യേശുക്രിസ്തു തന്റെ പന്ത്രണ്ടാമത്തെ വയസ്സിൽ യെരുശലേം ദൈവാലയത്തിൽവെച്ച് പറഞ്ഞു തുടങ്ങിയ ഫാദേഴ്സ് ബിസിനസ്സ് (Father's business). 'ജീവന്റെ പദ്ധതി' യുടെ ഫലം മനുഷ്യൻ 'നിത്യജീവനിലെത്തുന്നതാണ്', എന്നാൽ 'മരണത്തിന്റെ പദ്ധതിയുടെ' ഫലം മനുഷ്യൻ 'നിത്യ മരണത്തിൽ' അതായത് നിത്യനരകത്തിൽ എത്തുന്നതാണ്.

ഇന്ന് ലോകത്തിൽ നടക്കുന്ന ഏറ്റവും വലിയ പദ്ധതിയാണ് ആദാമിന്റെ അനുസരണക്കേടിനാൽ ആരംഭിച്ച പിശാചിന്റെ 'മരണത്തിന്റെ പദ്ധതി'. ഇന്ന് ഭൂമിയിൽ ജീവിച്ചിരിക്കുന്ന 7.4 ബില്യൺ ജനങ്ങളും ഈ മരണത്തിന്റെ പദ്ധതിക്ക് ഇരകളാണ്.

ദൈവം മനുഷ്യനെ സൃഷ്ടിച്ചതും, ഏദെൻ തോട്ടത്തിലാക്കി വച്ചതും 'ജീവന്റെ പദ്ധതിക്ക്' വേണ്ടിയാണ്. എന്നാൽ പിശാച് തന്റെ തന്ത്രത്തിലൂടെ ആദാം ഹവ്വ ദമ്പതികളെ ദൈവത്തോടുള്ള അനുസരണക്കേടിൽ കുടുക്കുകയും, ഇന്ന് ഭൂമിയിൽ നടക്കുന്ന ഏറ്റവും വലിയ പദ്ധതിയായ 'മരണത്തിന്റെ പദ്ധതിക്ക്' തുടക്കം കുറിക്കുകയും ചെയ്തു. അങ്ങനെ ആദാം അനുസരണക്കേടിലൂടെ മരണത്തിന്റെ പദ്ധതിക്ക് പിശാചിന് അവസരം കൊടുക്കുകയായിരുന്നു. അതുകൊണ്ടാണ് ആദാം മുതൽ സകലരും മരിക്കുന്നത്. ആ മരണം ഇന്നും

ലോകത്തിൽ വാഴുകയാണ്. ഈ ലോകത്തിൽ ജനിക്കുന്ന ഏതൊരു കുഞ്ഞും ഓരോ ദിവസവും മരിച്ചുകൊണ്ടിരിക്കുകയാണ്, അല്ലെങ്കിൽ മരണത്തിലേക്ക് അടുക്കുകയാണ്. കാരണം മനുഷ്യരെല്ലാം ആദാമിന്റെ തലമുറകളാണ്. ദൈവവചനം പറയുന്നു, "ആദാമിൽ സകലരും മരിക്കുന്നു" എന്ന്. അതായത് ദൈവത്തിന്റെ ആദ്യസൃഷ്ടിയിലുള്ള സകലരും മരണത്തിന് അധീനരാണ്.

1 കൊരി. 15:22 - ൽ ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ.......

എന്നാൽ പിശാചിന്റെ 'മരണത്തിന്റെ പദ്ധതി' അവസാനിപ്പിച്ച്, പിതാവിന്റെ 'ജീവന്റെ പദ്ധതി' പുനരാരംഭിച്ച്, അതുവഴി നിത്യമരണത്തിലേക്ക് പോകുന്ന മനുഷ്യരെ നിത്യജീവനിലേക്ക് കൊണ്ടുപോകുവാനാണ് യേശുക്രിസ്തു വന്നത്. യേശുക്രിസ്തു ഇതിന് തുടക്കം കുറിച്ചത് ക്രൂശിലെ തന്റെ യാഗത്തിലൂടെ ഒരു പുതിയ സൃഷ്ടി കർമ്മം നടത്തിയാണ്.

ഏദെനിൽ ആദാമിനെ അനുസരണക്കേടിൽ കുടുക്കി പിശാച് മരണത്തിന്റെ പദ്ധതി ലോകത്തിൽ ഒന്നാമത്തെ സൃഷ്ടിയിൽ തുടങ്ങിയെങ്കിൽ, കാൽവരി ക്രൂശിൽ യേശുക്രിസ്തു ദൈവത്തോടുള്ള തന്റെ അനുസരണത്തിലൂടെ 'ജീവന്റെ പദ്ധതിക്ക്' പുതിയ സൃഷ്ടിയിൽ തുടക്കം കുറിച്ച്, **(<u>Father's business</u>)** പിതാവിന്റെ ബിസിനസ്സ് മനുഷ്യരിൽ പുനരാരംഭിച്ചു.

അതായത് ആദാമിലുള്ള, മറ്റൊരു രീതിയിൽ പറഞ്ഞാൽ പഴയ സൃഷ്ടിയിലുള്ളവർ മുഴുവനും മരിക്കണം, ക്രിസ്തുവിലുള്ള പുതിയ സൃഷ്ടിയിലുള്ളവർ മുഴുവനും ജീവിപ്പിക്കപ്പെടണം. എങ്കിൽ ഒരു ഭവനം മാറുന്നതുപോലെ മരണമുള്ള പഴയ സൃഷ്ടിയിൽ നിന്ന്, മരണമില്ലാത്ത പുതിയ സൃഷ്ടിയിലേക്ക് ഒരു വ്യക്തി മാറിയാൽ മനുഷ്യജീവിതത്തിലെ ഏറ്റവും വലിയ വിഷയമായ മരണത്തിൽ നിന്ന് ആ വ്യക്തി വിടുവിക്കപ്പെടും. ആദാമിൽ നിന്ന് ക്രിസ്തുവിലേക്ക് എങ്ങനെ മാറാം?, ആദാമിലുള്ള പിശാചിന്റെ മരണത്തിന്റെ പദ്ധതിയും, ക്രിസ്തുവിലുള്ള ദൈവത്തിന്റെ ജീവന്റെ പദ്ധതിയും ഈ പുസ്തകം വിവരിക്കുന്നു.

**"സമാധാനം ഉണ്ടാക്കിക്കൊണ്ടു ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതുമനുഷ്യനാക്കി സൃഷ്ടിപ്പാനും." (എഫെ. 2:15)**

**"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയസൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു." (2 കൊരി. 5:17)**

**"മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നതു." (യോഹ.10:10)**

ഇന്ന് ലോകത്തിൽ നടക്കുന്ന ഏറ്റവും വലിയ പദ്ധതി, ഒന്നാമത്തെ സൃഷ്ടിയിൽ പിശാചിന്റെ, മരണത്തിന്റെ പദ്ധതിയാണെങ്കിലും, പിതാവായ ദൈവം കർത്താവായ യേശുവിലൂടെ പുതിയ സൃഷ്ടിയിൽ ചെയ്യുന്ന ജീവന്റെ പദ്ധതി വളരുകയും പിശാചിന്റെ മരണത്തിന്റെ പദ്ധതിയെ പൂർണ്ണമായും അവസാനിപ്പിക്കുകയും ചെയ്യും.

ഇതിനുവേണ്ടിയാണ് യേശുക്രിസ്തു വന്നതെന്ന് വചനം പറയുന്നു.

**"പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു. പിശാച് ആദിമുതൽ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നേ ദൈവപുത്രൻ പ്രത്യക്ഷനായി." (1 യോഹ. 3:8)**

ഇന്ന് ലോകത്തിൽ നടക്കുന്ന ഏറ്റവും വലിയ പദ്ധതി, പിശാചിന്റെ, മരണത്തിന്റെ പദ്ധതിയാണെങ്കിലും, പിതാവായ ദൈവം കർത്താവായ യേശുവിലൂടെ ചെയ്യുന്ന ജീവന്റെ പദ്ധതി വളരുകയും പിശാചിന്റെ മരണത്തിന്റെ പദ്ധതിയെ പൂർണ്ണമായും അവസാനിപ്പിക്കുകയും ചെയ്യും.

**"പിന്നെ അവസാനം; അന്നു അവൻ എല്ലാ വാഴ്ചെക്കും അധികാരത്തിനും ശക്തിക്കും നീക്കം വരുത്തീട്ടു രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കും. അവൻ സകല ശത്രുക്കളെയും കാല്ക്കീഴാക്കുവോളം വാഴേണ്ടതാകുന്നു. <u>ഒടുക്കത്തെ ശത്രുവായിട്ട് മരണം നീങ്ങിപ്പോകും.</u>" (1 കൊരി. 15:24-26)**

ദൈവം യേശുക്രിസ്തുവിലൂടെ മരണത്തെ എന്നെന്നേക്കുമായി അവസാനിപ്പിക്കും.

**"ഇനി മരണം ഉണ്ടാകയില്ല." (വെളി. 21:4)**

ദൈവരാജ്യം ലോകത്തിൽ സ്ഥാപിതമാക്കുകയും ചെയ്യും.

പിതാവിന്റെയും, അതിനെതിരായുള്ള പിശാചിന്റെയും പദ്ധതികളെക്കുറിച്ച് ഈ പുസ്തകത്താളുകളിലൂടെ നമുക്ക് കൂടുതലായി മനസ്സിലാക്കാം.

## ഭാഗം - 1

# പിതാവിന്റെ പദ്ധതിക്കെതിരെയുള്ള പിശാചിന്റെ പദ്ധതി.

പിശാചിന്റെ എല്ലാ പദ്ധതിയുടെയും ഉദ്ദേശ്യമെന്ന് പറയുന്നത് മനുഷ്യരുടെ ഹൃദയത്തെ പിതാവിന്റെ പദ്ധതിയിൽ നിന്ന് വ്യതിചലിപ്പിച്ച്, മനുഷ്യരെ കൊല്ലുകയെന്നതാണ്.

**The purpose of all the businesses or arrangements of devil in this world is to deviate our attention from 'Father or Father's Business' and to kill us.**

# അദ്ധ്യായം 1

## പിതാവിന്റെ ബിസിനസ്സിന് എതിരെയുള്ള പിശാചിന്റെ ബിസിനസ്സ്

"യേശു അവരോട് എന്നെ തിരഞ്ഞത് എന്തിന്? എന്റെ 'പിതാവിന്റെ ബിസിനസ്സിൽ' ഞാൻ വ്യാപൃതനായിരിക്കണമെന്നുള്ളത് നിങ്ങൾ അറിയുന്നില്ലയോ എന്നു പറഞ്ഞു." (ലൂക്കൊ. 2:49 KJV പരിഭാഷ)

"And he said unto them, How is it that ye sought me? wist ye not that I must be about my 'Father's business'?" (Luke 2:49[KJV])

'***പിതാവിന്റെ*** ബിസിനസ്സിനെതിരെയുള്ള പിശാചിന്റെ ബിസിനസ്സ്' എന്ന തലക്കെട്ട് തന്നെ വായിക്കുന്നവർക്ക് ജിജ്ഞാസയുണർത്തുന്നതാണ്. ഇത് എന്താണെന്ന് നാം മനസ്സിലാക്കണമെങ്കിൽ ആദ്യം നാം പിതാവിന്റെ ബിസിനസ്സ് എന്താണെന്നും, തുടർന്ന് പിശാചിന്റെ ബിസിനസ്സ് എന്താണെന്നും മനസ്സിലാക്കണം. പിതാവിന്റെ ബിസിനസ്സിനെ 'ദൈവേഷ്ടമെന്നും', പിശാചിന്റെ ബിസിനസ്സിനെ 'പിശാചിന്റെ ഇഷ്ടമെന്നും' പേര് വിളിക്കാവുന്നതാണ്. എന്നാൽ പിതാവിന്റെ ഇഷ്ടത്തെ 'ഫാദേഴ്സ് ബിസിനസ്സ്' (Father's Business) എന്ന് വിളിക്കാൻ കാരണം, ഏതൊരു ബിസിനസ്സിൽ നിന്നും നാം 'ഫലം' പ്രതീക്ഷിക്കുന്നതു പോലെ, ഭൂമിയെ പുനഃസൃഷ്ടിച്ച് മനുഷ്യനെ അതിൽ ആക്കിവച്ച്, തന്റെ പദ്ധതി (Project) മനുഷ്യനിൽ തുടങ്ങിയ നാൾ മുതൽ ദൈവവും ഒരു 'ഫലം' പ്രതീക്ഷിക്കുന്നുണ്ട്. അതിനാൽ യേശു തന്റെ പന്ത്രണ്ടാമത്തെ വയസ്സിൽ യെരുശലേം ദൈവാലയത്തിൽ വച്ച് തന്റെ മാതാപിതാക്കളോട് ആദ്യം പറഞ്ഞ സന്ദേശം 'കിംഗ് ജെയിംസ്' ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്...

> പിതാവിന്റെ ബിസിനസ്സിനെ 'ദൈവേഷ്ടമെന്നും', പിശാചിന്റെ ബിസിനസ്സിനെ 'പിശാചിന്റെ ഇഷ്ടമെന്നും' പേര് വിളിക്കുന്നു.

**"And he said unto them, How is it that ye sought me? wist ye not that I must be about my 'Father's business'?" (Luke 2:49[KJV])**

**"...ഞാൻ എന്റെ പിതാവിന്റെ ബിസിനസ്സിൽ ആയിരിക്കണമെന്ന് നിങ്ങൾ അറിയുന്നില്ലയോ." (ലൂക്കൊ. 2:49 KJV പരിഭാഷ)**

## പിതാവിന്റെ ബിസിനസ്സ്

ഭൂമിയിൽ നടക്കുന്ന ദൈവത്തിന്റെ പദ്ധതിയിലൂടെ, ദൈവം തനിക്ക് ലഭിക്കണമെന്ന് ആഗ്രഹിക്കുന്ന ഫലമാണ് "ദൈവപുത്രന്മാർ".

പിതാവിന്റെ ബിസിനസ്സിനെക്കുറിച്ച് ഒരു 'രൂപരേഖ' ഫാദേഴ്സ് ബിസിനസ്സ് വാല്യം-1 വായിച്ചാൽ ലഭിക്കുന്നതാണ്. ആ സന്ദേശം വായിക്കാത്തവർ ഈ പുസ്തകം വായിക്കുന്നതിന് മുമ്പ് വാല്യം-1 വായിക്കുവാൻ ഓർപ്പിക്കുകയാണ്. ധൂർത്തപുത്രന്റെ കഥയിലൂടെ, പിതാവിന്റെ ഭവനത്തിലേക്ക് മാനസാന്തരപ്പെട്ട് മടങ്ങിവരുന്ന പുത്രനിലൂടെ 'ഫാദേഴ്സ് ബിസിനസ്സ് വാല്യം-1 ൽ' പിതാവിന്റെ ബിസിനസ്സിനെ അവതരിപ്പിച്ചിരിക്കുന്നു. പിതാവിന്റെ ഇഷ്ടത്തെയാണ് ബൈബിളിൽ ദൈവേഷ്ടം എന്ന് പറയുന്നത്. ദൈവേഷ്ടം ചെയ്യുന്ന വ്യക്തി മാത്രമേ സ്വർഗ്ഗരാജ്യം അവകാശമാക്കുകയുള്ളൂ എന്നാണ് യേശുക്രിസ്തു പറഞ്ഞത്.

> ഭൂമിയിൽ നടക്കുന്ന ദൈവത്തിന്റെ പദ്ധതിയിലൂടെ, ദൈവം തനിക്ക് ലഭിക്കണമെന്ന് ആഗ്രഹിക്കുന്ന ഫലമാണ് "ദൈവപുത്രന്മാർ".

**"എന്നോട് കർത്താവേ, കർത്താവേ എന്ന് പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്." (മത്താ. 7:21)**

അപ്പോൾ തന്നെ സാത്താന്റെ തന്ത്രങ്ങളെ നാം അറിയാതിരുന്നാൽ സാത്താൻ നമ്മെ തോല്പിക്കുമെന്ന് ദൈവവചനം പറയുന്നു.

**"സാത്താൻ നമ്മെ തോല്പിക്കരുത്; അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ." (2 കൊരി. 2:11)**

ഈ പുസ്തകത്തിലൂടെ 'പിതാവിന്റെ ബിസിനസ്സിന്റെ രൂപരേഖയെ' വ്യക്തമാക്കുകയും, അതിനെതിരെയുള്ള പിശാചിന്റെ ബിസിനസ്സിനെ വെളിപ്പെടുത്തുകയുമാണ് ചെയ്യുന്നത്.

എന്റെ ഒരു സ്നേഹിതന്റെ, ഭൂമിയിലെ ഒരു ബിസിനസ്സിലൂടെ യേശുക്രിസ്തു പറഞ്ഞ 'സ്വർഗ്ഗീയ പിതാവിന്റെ ബിസിനസ്സ്' എന്താണെന്ന് മനസ്സിലാക്കുവാൻ നമുക്ക് ദൈവത്തിൽ ശരണപ്പെടാം. എന്റെ സ്നേഹിതന്റെ ഹൃദയത്തിൽ ഒരു ചിന്ത ഉദിച്ചു, ഫ്രിഡ്ജിന്റെയും, മറ്റു ഉപകരണങ്ങളുടെയും ഉള്ളിൽ പൊതിയുവാൻ (Insulation) ഉപയോഗിക്കുന്ന 'റോക്ക് വൂൾ' (Rockwool) എന്ന വസ്തു ഉണ്ടാക്കി വിപണിയിൽ കൊണ്ടുവരണം. തുടർന്ന് അദ്ദേഹം തന്റെ രണ്ടു പാർട്ട്ണർമാരു

മായി ഈ കാര്യം ചർച്ച ചെയ്തു. ഒടുവിൽ അവർ തീരുമാനിച്ചു.

**“നമുക്ക് ‘റോക്ക് വൂൾ (Rockwool)’ ഉണ്ടാക്കാം.”**

അവരുടെ തീരുമാനം കൊണ്ടു മാത്രം ‘റോക്ക് വൂൾ’ ഉണ്ടാകുകയില്ലല്ലോ, അതിന് ആദ്യം ‘റോക്ക് വൂൾ’ ഉല്പാദിപ്പിക്കാനുള്ള ഒരു ഫാക്ടറി ഉണ്ടാക്കണം. എന്നാൽ അതിന് മുമ്പ് ഫാക്ടറി നിർമ്മിക്കാനുള്ള ഒരു സ്ഥലം കണ്ടുപിടിക്കണം, ആ സ്ഥലത്ത് ‘റോക്ക് വൂൾ’ നിർമ്മിക്കാൻ ആവശ്യമായ ഒരു പ്രത്യേക തരം പാറ (അസംസ്കൃത വസ്തു - Raw material) സുലഭമായിരിക്കണം.

എന്റെ സ്നേഹിതനും, തന്റെ രണ്ട് പങ്കാളികളും ചേർന്ന് സ്ഥലം കണ്ടുപിടിച്ചു, ‘മുംബൈ’. അവിടെ ‘റോക്ക് വൂൾ’ നിർമ്മിക്കാനാവശ്യമായ അസംസ്കൃത വസ്തു (Raw material) സുലഭമാണ്. മുംബൈയിൽ സ്ഥലം വാങ്ങിയതിനുശേഷം രണ്ട് വർഷം കൊണ്ട് അവർ ‘റോക്ക് വൂൾ’ ഉൽപാദിപ്പിക്കാനുള്ള ഫാക്ടറി പണികഴിപ്പിച്ചു, ആവശ്യമായ എല്ലാ യന്ത്രങ്ങളും ഇറക്കി, പണി പൂർത്തിയാക്കി. തുടർന്നുള്ള യോഗത്തിൽ അവർ പറഞ്ഞു, **“ഇനി നമുക്ക് ‘റോക്ക് വൂൾ’ ഉണ്ടാക്കാൻ തുടങ്ങാം”**

തുടർന്ന് ‘റോക്ക് വൂൾ’ ഉണ്ടാക്കുവാൻ (Production) ആരംഭിച്ചു. ഇന്ന് വളരെ വിജയകരമായി ആ ബിസിനസ്സ് മുന്നോട്ട് പോകുന്നു. ഈ ബിസിനസ്സ് തുടങ്ങിയ രീതി മനസ്സിലാക്കിയാൽ, പിതാവിന്റെ ബിസിനസ്സ് മനസ്സിലാക്കാൻ എളുപ്പമായിരിക്കും.

എന്റെ സ്നേഹിതന്റെ ഹൃദയത്തിൽ ‘റോക്ക് വൂൾ (Rockwool)’ ഉണ്ടാക്കാം എന്ന ചിന്ത ഉദിച്ചതുപോലെ സ്വർഗ്ഗീയ പിതാവിന്റെ ഹൃദയത്തിൽ ഉദിച്ച ചിന്തയാണ് ‘ദൈവപുത്രന്മാരെ ഉണ്ടാക്കാം.’ തുടർന്ന് എന്റെ സ്നേഹിതനും, തന്റെ പങ്കാളികളും ചേർന്ന് ‘റോക്ക് വൂൾ’ ഉല്പാദിപ്പിക്കാനുള്ള ഫാക്ടറി രണ്ട് വർഷം കൊണ്ട് ഉണ്ടാക്കിയതുപോലെ, പിതാവും പുത്രനും പരിശുദ്ധാത്മാവും ചേർന്ന് അഞ്ചര ദിവസം കൊണ്ട് പാഴും ശൂന്യവുമായി കിടന്ന ഭൂമിയെ പുനഃസൃഷ്ടിച്ച്, മനോഹരരൂപമാക്കി. രണ്ട് വർഷം കൊണ്ട് ഫാക്ടറി ഉണ്ടാക്കിയതിന് ശേഷമുള്ള യോഗത്തിൽ ‘ഇനി നമുക്ക് റോക്ക് വൂൾ (Rockwool) ഉണ്ടാക്കാം’ എന്ന് എന്റെ സ്നേഹിതനും പാർട്ട്ണേഴ്സും പറഞ്ഞതുപോലെ അഞ്ചര ദിവസം കൊണ്ട് ഭൂമിയെ പുനഃസൃഷ്ടിച്ചതിന് ശേഷം പിതാവും പുത്രനും പരിശുദ്ധാത്മാവും ചേർന്ന് എടുത്ത തീരുമാനം പിതാവ് വിളിച്ചുപറയുകയാണ് **“നമുക്ക് മനുഷ്യരെ ഉണ്ടാക്കാം”**. റോക്ക് വൂൾ നിർമ്മിക്കാൻ അസംസ്കൃതവസ്തുവായി പ്രത്യേകതരം പാറകൾ ഫാക്ടറിയിലേക്ക് കൊണ്ടുവന്നതുപോലെ ദൈവപുത്രന്മാ

രെ രൂപപ്പെടുത്തുവാൻ ദൈവം ദേഹീ രൂപികളായ മനുഷ്യരെ ഉണ്ടാക്കി.

**"അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യ പ്രകാരം മനുഷ്യനെ ഉണ്ടാക്കുക;" (ഉല്പ. 1:26)**

**"യഹോവയായ ദൈവം നിലത്തെ പൊടി കൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു." (ഉല്പ. 2:7)**

## ബൈബിൾ ഒരു പ്രൊഡക്ഷൻ മാനുവൽ (Production Manual)

ദൈവപുത്രൻമാരെ ഉണ്ടാക്കുന്നതിനെക്കുറിച്ച് തീരുമാനിക്കുന്നതും, ദൈവപുത്രൻമാരെ ഉണ്ടാക്കി (വെളിപ്പെടുത്തി) എടുക്കേണ്ട ഫാക്ടറിയായ ഭൂമിയെ പുനഃസൃഷ്ടിക്കുന്നതും, ദൈവപുത്രന്മാരായി വെളിപ്പെടേണ്ട ദേഹീരൂപികളായ മനുഷ്യപുത്രന്മാരെ സൃഷ്ടിക്കുന്നതു

> ഈ രീതിയിൽ നാം 'ബൈബിളിനെ കാണുമ്പോൾ' ദൈവപുത്രന്മാരെ നിർമ്മിക്കുന്ന ഒരു പ്രൊഡക്ഷൻ മാനുവലായി **(Production Manual)** ബൈബിൾ നമ്മുടെ ഹൃദയങ്ങളിൽ വെളിപ്പെടും.

മെല്ലാം ബൈബിളിന്റെ തുടക്കത്തിൽ ഉല്പത്തി പുസ്തകത്തിലാണെങ്കിൽ, ദൈവപുത്രന്മാരുടെ നിർമ്മാണം പൂർത്തിയാകുന്നത് ബൈബിളിന്റെ അവസാന പുസ്തകമായ വെളിപ്പാട് പുസ്തകത്തിന്റെ അവസാന ഭാഗത്തിലാണ്.

> നിത്യതയിലെ ഒരു പീരീഡാണ് സമയം, സമയത്തിന് ആരംഭവും അവസാനവും ഉണ്ട്, നിത്യതയ്ക്ക് ആരംഭവും അവസാനവുമില്ല.

**"ജയിക്കുന്നവന്നു ഇത് അവകാശമായി ലഭിക്കും; ഞാൻ അവനു ദൈവവും അവൻ എനിക്കു മകനുമായിരിക്കും." (വെളി. 21:7)**

അതായത്, സമയം തുടങ്ങുന്നതിന് മുമ്പ് നിത്യതയിൽ ദൈവം '**ആത്മരൂപികളായ ദൈവപുത്രന്മാരെ**' ഉണ്ടാക്കുവാൻ തീരുമാനമെടുത്തു, സമയത്തിൽ ദൈവം തന്റെ ബിസിനസ്സ് (Project) ചെയ്തു, തന്റെ പ്രൊജക്റ്റ് കഴിഞ്ഞതോടെ സമയവും തീർന്നു. ദൈവം തന്റെ ബിസിനസ്സിൽ ഉദ്ദേശിച്ച ഫലമായ 'ആത്മാവിനാൽ നയിക്കപ്പെടുന്ന ദൈവപുത്രന്മാർ' തയ്യാറായി. ദൈവവചനം പറയുന്നു, ആകാശത്തിൻ കീഴിൽ ഏത് പ്രവൃത്തി ചെയ്യണമെ

ങ്കിലും ഒരു സമയം ആവശ്യമാണ്.

**"എല്ലാറ്റിനും ഒരു സമയമുണ്ട്; ആകാശത്തിൻ കീഴുള്ള സകല കാര്യത്തിനും ഒരു കാലമുണ്ട്." (സഭാ. 3:1)**


> ആത്മരൂപിയായ ദൈവം വസിക്കുന്നത് നിത്യതയിലാണ്, ദേഹീരൂപിയായ ഭൗതിക ശരീരമുള്ള മനുഷ്യൻ ഇപ്പോൾ വസിക്കുന്നത് സമയത്തിലാണ്.

ഇതുകൊണ്ടാണ് ഭൂമിയിൽ ചെയ്യേണ്ട തന്റെ ബിസിനസ്സിന് ദൈവം ആദ്യം 'സമയമുണ്ടാക്കിയത്'. നിത്യതയിലെ പീരീഡാണ് സമയം, സമയത്തിന് ആരംഭവും അവസാനവും ഉണ്ട്, നിത്യതയ്ക്ക് ആരംഭവും അവസാനവുമില്ല. ആത്മരൂപിയായ ദൈവം വസിക്കുന്നത് നിത്യതയിലാണ്.പ ഭൗതിക ശരീരമുള്ള മനുഷ്യൻ ഇപ്പോൾ വസിക്കുന്നത് സമയത്തിലാണ്. ഉല്പത്തി പുസ്തകം ഒന്നാം അദ്ധ്യായത്തിൽ 'സന്ധ്യയായി ഉഷസ്സുമായി ഒന്നാം ദിവസം' എന്ന് ബൈബിൾ പറയുന്നതാണ് ഭൂമിയിലെ ഇപ്പോഴുള്ള സമയത്തിന്റെ തുടക്കം.

> മനുഷ്യൻ ദൈവത്തിന്റെ ഈ പദ്ധതിയെക്കുറിച്ച് അറിയുന്നില്ലെങ്കിലും പൂച്ചയ്ക്കും, വാഴയ്ക്കും, പക്ഷികൾക്കും, മൃഗങ്ങൾക്കും, സകല സൃഷ്ടികൾക്കും അറിയാം ദൈവം ഭൂമിയിൽ ചെയ്യുന്ന ദൈവത്തിന്റെ ബിസിനസ്സ് എന്താണെന്നുള്ളത്.

**"ദൈവം വെളിച്ചത്തിനു പകൽ എന്നും ഇരുളിനു രാത്രി എന്നും പേരിട്ടു. സന്ധ്യയായി ഉഷസ്സുമായി, ഒന്നാം ദിവസം." (ഉല്പ. 1:5)**

വെളിപ്പാട് പുസ്തകം അവസാന അദ്ധ്യായങ്ങളിൽ 'ജയം പ്രാപിച്ച ദൈവപുത്രന്മാർ' വെളിപ്പെടുന്നതോടു കൂടെ സമയം തീരുകയും നിത്യത തുടരുകയും ചെയ്യുന്നതായി നാം വചനത്തിൽ കാണുന്നു. ഇതോടുകൂടി വെളിപ്പാട് പുസ്തകം 22-ാം അദ്ധ്യായത്തിൽ ബൈബിൾ തീരുന്നു. ഉല്പത്തി പുസ്തകം മുതൽ വെളിപ്പാട് പുസ്തകം വരെ വായിക്കുമ്പോൾ അവിടെ നടന്ന സംഭവങ്ങളിലൂടെ ദൈവത്തിന് കിട്ടിയ ഫലം "**ദൈവപുത്രന്മാരാണെന്ന്**" നമുക്ക് കാണുവാൻ കഴിയും.



**"ജയിക്കുന്നവന്നു ഇത് അവകാശമായി ലഭിക്കും; ഞാൻ അവനു ദൈവവും അവൻ എനിക്കു മകനുമായിരിക്കും." (വെളി. 21:7)**

> പുനരുത്ഥാനത്തിന് യോഗ്യത പ്രാപിക്കുന്ന മനുഷ്യപുത്രന്മാർ ആത്മരൂപികളായ ദൈവപുത്രന്മാരായി വെളിപ്പെടും.

മനുഷ്യൻ ദൈവത്തിന്റെ ഈ പദ്ധതിയെക്കുറിച്ച് അറിയുന്നില്ലെങ്കിലും പൂച്ചയ്ക്കും, വാഴയ്ക്കും, പക്ഷികൾക്കും, മൃഗങ്ങൾക്കും, സകല സൃഷ്ടികൾക്കും അറിയാം ദൈവം ഭൂമിയിൽ ചെയ്യുന്ന ദൈവത്തിന്റെ ബിസിനസ്സ് എന്താണെന്നുള്ളത്. സകല സൃഷ്ടികളും ദൈവം തന്റെ പദ്ധതിയിൽ ആഗ്രഹിക്കുന്ന ഫലമായ 'ദൈവപുത്രന്മാരെ' കാണുവാൻ വളരെ താല്പര്യത്തോടെ കാത്തിരിക്കുന്നു എന്ന് ദൈവവചനം പറയുന്നു. താഴെ കൊടുത്തിരിക്കുന്ന വചനം ഇത് വ്യക്തമാക്കുന്നു.

**"സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു." (റോമ. 8:19)**

**"സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നു വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും എന്നുള്ള ആശയോടെ മായെക്കു കീഴ്പ്പെട്ടിരിക്കുന്നു." (റോമ. 8:20)**

പുനരുത്ഥാനമില്ലായെന്ന് തർക്കിക്കുന്ന സദൂക്യരോട് യേശു പറഞ്ഞു, പുനരുത്ഥാനത്തിൽ മനുഷ്യപുത്രന്മാരായ നമ്മൾ, ദൈവപുത്രന്മാരായി, അതായത്, ദൂതന്മാർ ദേഹീരൂപികളല്ല, ആത്മരൂപികളായിരിക്കുന്നതുപോലെ നാമും ആത്മരൂപികളായി വെളിപ്പെടും.

**"എങ്കിലും ആ ലോകത്തിന്നും മരിച്ചവരിൽ നിന്നുള്ള പുനരുത്ഥാനത്തിനും യോഗ്യരായവർ വിവാഹം കഴിക്കയുമില്ല വിവാഹത്തിന്നു കൊടുക്കപ്പെടുകയുമില്ല; അവർക്കു ഇനി മരിപ്പാനും കഴികയില്ല. അവർ പുനരുത്ഥാനപുത്രന്മാരാകയാൽ ദൈവദൂത തുല്യരും ദൈവപുത്രന്മാരും ആകുന്നു." (ലൂക്കൊ. 20:35-36)**

> ആദാമിനുള്ളിൽ സൃഷ്ടിക്കപ്പെട്ട ദേഹീരൂപികളായ നമ്മെ, ആത്മാവിനാൽ നയിക്കപ്പെടുന്ന, ആത്മരൂപികളായ ദൈവപുത്രന്മാരായി വെളിപ്പെടുവാൻ യേശുവിന് അനുരൂപരായിത്തീരുവാൻ ദൈവം മുന്നിയമിച്ചിരിക്കുന്നു.

അതായത് നാം പുനരുത്ഥാനത്തിന് യോഗ്യത പ്രാപിച്ചാൽ മനുഷ്യപുത്രന്മാരെപ്പോലെ ദേഹീരൂപികളായിട്ടല്ല, പകരം ദൈവപുത്ര

ന്മാരെപ്പോലെ ആത്മരൂപികളായ ദൈവപുത്രന്മാരായി ഉയർത്തപ്പെടും. അതിനായാണ് ദൈവം തന്റെ ബിസിനസ്സിൽ അഥവാ പദ്ധതിയിൽ നമ്മെ മുന്നിയമിച്ചിരിക്കുന്നത്.

ദൈവവചനം വീണ്ടും പറയുന്നു, മനുഷ്യരായ നമ്മെ, മറ്റൊരുരീതിയിൽ പറഞ്ഞാൽ ആദാമിനുള്ളിൽ സൃഷ്ടിക്കപ്പെട്ട ദേഹീരൂപികളായ നമ്മെ, ആത്മാവിനാൽ നയിക്കപ്പെടുന്ന, ആത്മരൂപികളായ ദൈവപുത്രന്മാരായി വെളിപ്പെടുവാൻ യേശുവിന് അനുരൂപരായിത്തീരുവാൻ ദൈവം മുന്നിയമിച്ചിരിക്കുന്നു.

**"അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്നു അവന്റെ സ്വരൂപത്തോടു അനുരൂപരാകുവാൻ മുന്നിയമിച്ചുരിക്കുന്നു." (റോമ. 8:29)**

പ്രിയരേ, നമുക്കൊരുമിച്ച് ദൈവം തന്റെ ഭൂമിയിലെ പദ്ധതിയിലൂടെ ആഗ്രഹിക്കുന്ന ഫലമായ ദൈവപുത്രന്മാരെ നമ്മിൽ നിന്ന് വെളിപ്പെടുത്തുവാൻ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോട് സഹകരിക്കാം.

## പ്രാർത്ഥന



***ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, ഞങ്ങളെക്കുറിച്ചുള്ള അങ്ങയുടെ പദ്ധതികൾ ഞങ്ങൾക്ക് വെളിപ്പെടുത്തി തന്നതിനായി നന്ദി. പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളോട് ചേർന്ന് ദൈവപുത്രന്മാരായി വെളിപ്പെടുവാൻ ഞങ്ങളെ സഹായിക്കണമേ....യേശുവിൻ നാമത്തിൽ തന്നെ. ആമേൻ.***

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ***ഭൂമിയിൽ നടക്കുന്ന ദൈവത്തിന്റെ പദ്ധതിയിലൂടെ, ദൈവം തനിക്ക് ലഭിക്കണമെന്ന് ആഗ്രഹിക്കുന്ന ഫലമാണ് "ദൈവപുത്രന്മാർ".***
2. ***ദൈവപുത്രന്മാരെ നിർമ്മിക്കുന്ന ഒരു പ്രൊഡക്ഷൻ മാനുവലായി നമുക്ക് ബൈബിളിനെ കാണാവുന്നതാണ്.***
3. ***ദൈവപുത്രന്മാരെ നിർമ്മിക്കാനുള്ള പ്രൊഡക്ഷൻ മാനുവലായി നാം ബൈബിളിനെ മനസ്സിലാക്കി, ബൈബി***

ളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അനുസരിച്ചാൽ, നാം യോഗ്യത പ്രാപിക്കുകയും അങ്ങനെ മനുഷ്യപുത്രന്മാരായ നാം ദൈവപുത്രന്മാരായി വെളിപ്പെടുവാൻ ഇടയാകുകയും ചെയ്യും.

4. നിത്യതയിലെ ഒരു പീരീഡാണ് സമയം, സമയത്തിന് ആരംഭവും അവസാനവും ഉണ്ട്, നിത്യതയ്ക്ക് ആരംഭവും അവസാനവുമില്ല.

5. ആത്മരൂപിയായ ദൈവം വസിക്കുന്നത് നിത്യതയിലാണ്, ദേഹിരൂപിയായ ഭൗതിക ശരീരമുള്ള മനുഷ്യൻ ഇപ്പോൾ വസിക്കുന്നത് സമയത്തിലാണ്.

6. ദൈവത്തിന് മനുഷ്യനിലുള്ള ഈ പദ്ധതിയെക്കുറിച്ച്, മനുഷ്യൻ അറിയുന്നില്ലെങ്കിലും പൂച്ചയ്ക്കും, വാഴയ്ക്കും, പക്ഷികൾക്കും, മൃഗങ്ങൾക്കും, സകല സൃഷ്ടികൾക്കും അറിയാം ദൈവം ഭൂമിയിൽ ചെയ്യുന്ന ദൈവത്തിന്റെ പദ്ധതി എന്താണെന്നുള്ളത്.

7. പുനരുത്ഥാനത്തിന് യോഗ്യത പ്രാപിക്കുന്ന മനുഷ്യപുത്രന്മാർ ആത്മരൂപികളായ ദൈവപുത്രന്മാരായി വെളിപ്പെടും.

8. ആദാമിനുള്ളിൽ സൃഷ്ടിക്കപ്പെട്ട ദേഹീരൂപികളായ നമ്മെ, ആത്മാവിനാൽ നയിക്കപ്പെടുന്ന, ആത്മരൂപികളായ ദൈവപുത്രന്മാരായി വെളിപ്പെടുവാൻ യേശുവിന് അനുരൂപരായിത്തീരുവാൻ ദൈവം മുന്നിയമിച്ചിരിക്കുന്നു.



# അദ്ധ്യായം 2

## പിതാവിന്റെ ബിസിനസ്സ്

### "ദൈവപുത്രന്മാരുടെ നിർമ്മാണം"


"അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു." (യോഹ.1:12)

***നമ്മൾ*** ഉപയോഗിക്കുന്ന ഏതൊരു വസ്തുവും ഉണ്ടാക്കുവാൻ ഒരു നിർമ്മാണ രീതിയുണ്ട്. ഉദാഹരണമായി ഒരു വീടുണ്ടാക്കുമ്പോൾ സിമന്റും മണലും ചില പ്രത്യേക അനുപാതത്തിൽ കൂട്ടിച്ചേർത്ത് 'പരുക്കൻ' ഉണ്ടാക്കുന്നു. എന്നാൽ ഈ പരുക്കനിലേക്ക് നിശ്ചിത അളവ് 'മെറ്റൽ' (കരിങ്കൽ ചീളുകൾ) കൂട്ടിച്ചേർത്ത് കുഴച്ചാൽ അത് 'കോൺക്രീറ്റ് മിശ്രിതമായി' തീരുന്നു.


**മണൽ + സിമന്റ് = പരുക്കൻ**
**പരുക്കൻ + മെറ്റൽ = കോൺക്രീറ്റ് മിക്സ്**

ദൈവത്തോട് അനുസരണം കാണിച്ച് ദൈവേഷ്ടം ചെയ്ത് ജയം പ്രാപിച്ചാൽ, ജയിക്കുന്നവൻ മനുഷ്യനിൽ നിന്ന് ദൈവപുത്രനിലേക്ക് ഉയർത്തപ്പെടും.

ഇതുപോലെ തന്നെ ഭൂമിയിലെ പൂഴിയും, സ്വർഗ്ഗീയ ശ്വാസവും തമ്മിൽ കൂടിച്ചേർന്നപ്പോൾ മനുഷ്യനുണ്ടായി. ഈ മനുഷ്യൻ ദൈവത്തോട് അനുസരണം കാണിക്കുന്നതിൽ ജയം പ്രാപിച്ചാൽ ദൈവപുത്രനായി വെളിപ്പെടും. അതായത് ദൈവം ഭൂമിയിലെ പൊടി കൊണ്ട് മനുഷ്യരൂപമുണ്ടാക്കി, തന്റെ സ്വർഗ്ഗീയ ശ്വാസം അതിലേക്ക് ഊതിയപ്പോൾ മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു. തുടർന്ന് ദൈവം ഈ മനുഷ്യന്റെ മുമ്പിൽ വച്ചിരിക്കുന്ന പരീക്ഷയിൽ (Test-Ā) **ദൈവത്തോട് അനുസരണം കാണിച്ച് ദൈവേഷ്ടം ചെയ്ത് ജയം പ്രാപിച്ചാൽ, ജയിക്കുന്നവൻ മനുഷ്യനിൽ നിന്ന് ദൈവപുത്രനിലേക്ക് ഉയർത്തപ്പെടും.** നമ്മുടെ ഉദാഹരണത്തിലെ 'പരുക്കൻ' മെറ്റലുമായി ചേരുമ്പോൾ 'കോൺക്രീറ്റായി' മാറ്റപ്പെടുന്നതുപോലെ, ദേഹീ രൂപിയായ മനുഷ്യൻ ദൈവത്തോടുള്ള അനുസരണവുമായി ചേരുമ്പോഴാണ് ആത്മരൂപിയായ ദൈവപുത്രൻ വെളിപ്പെടുന്നത്.




(ചിത്രം-1)




(ചിത്രം-2)

**"യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു." (ഉല്പ. 2:7)**

**"ജയിക്കുന്നവന്നു ഇതു അവകാശമായി ലഭിക്കും; ഞാൻ അവന്നു ദൈവവും അവൻ എനിക്കു മകനുമായിരിക്കും." (വെളി. 21:7)**

| | | | | |
|---|---|---|---|---|
| പൊടി | + | ദൈവീകശ്വാസം | = | മനുഷ്യൻ (ദേഹീരൂപം) |
| മനുഷ്യൻ | + | ദൈവത്തോടുള്ള അനുസരണം | = | ദൈവപുത്രൻ (ആത്മരൂപം) |

## സൃഷ്ടിയുടെ മൂന്ന് പ്രധാന തലങ്ങൾ

ദൈവവചനം ഒരു മനുഷ്യനിൽ മൂന്ന് ഭാഗങ്ങൾ ഉണ്ടെന്ന് കാണിച്ചു തരുന്നു- ആത്മാവ്, ദേഹി, ദേഹം. അതായത് ആത്മാവ്, ദേഹി, ദേഹം ഇവ കൂടിച്ചേർന്ന ഒരു ദൈവീക സൃഷ്ടി ആകുന്നു മനുഷ്യൻ.

**ആത്മരൂപികൾ**:- ദൈവം ആത്മാവ് ആകുന്നു, ആത്മരൂപികളായി ദൈവം സൃഷ്ടിച്ചവരാണ് ദൈവദൂതന്മാർ.

**"ദൈവം ആത്മാവ് ആകുന്നു." (യോഹ. 4:24)**

**"യഹോവയുടെ വചനത്താൽ ആകാശവും അവന്റെ വായിലെ ശ്വാസത്താൽ അതിലെ സകല സൈന്യവും ഉളവായി." (സങ്കീ. 33:6)**

**ദേഹ (ജഡ) രൂപികൾ**:- ദൈവം ജഡത്തിന് പ്രാധാന്യം കൊടുത്ത് സൃഷ്ടിച്ചവരാണ് മൃഗങ്ങൾ. മനുഷ്യർ ഒരിക്കലും ഈ രൂപത്തിലേക്ക് വരുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. ദൈവം മൃഗങ്ങളെ ഉണ്ടാക്കിയത് മനുഷ്യർക്ക് പ്രയോജനകരമായിത്തീരാനാണ്. അവയ്ക്ക് മനുഷ്യനുള്ളതുപോലെ ആത്മാവ് മൃഗങ്ങൾക്ക് ഇല്ല എന്നതാണ് മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള വ്യത്യാസം. മൃഗങ്ങൾക്ക് മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള വ്യത്യാസം. മൃഗങ്ങൾക്ക് ഈ ആയുസ്സ് മാത്രമേയുള്ളൂ. തുടർന്ന് അവ നശിച്ച് പോകും. എന്നാൽ മനുഷ്യൻ ദൈവപുത്രനായി ഉയർത്തപ്പെട്ട് നിത്യമായി ജീവിക്കാനുള്ളവനാണ്. അതുകൊണ്ടാണ് ദൈവവചനം പറയുന്നത്, മനുഷ്യൻ ദൈവത്തെ അനുസരിച്ചില്ല എങ്കിൽ നശിച്ച് പോകുവാനിടയാകും എന്ന്.

**"മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്കു തുല്യനത്രേ." (സങ്കീ. 49:20)**

**ദേഹീരൂപികൾ**:- ദൈവം മനുഷ്യനെ ദേഹീരൂപത്തിലാണ് സൃഷ്ടിച്ചാക്കിയിരിക്കുന്നതെന്ന് ദൈവത്തിന്റെ വചനം പറയുന്നു. ഭൗതിക രൂപത്തിന്റെയും, ആത്മരൂപത്തിന്റെയും നടുവിലുള്ള തലമാണ് ദേഹീ

രൂപം. മനുഷ്യനെ ഭൗതികരൂപത്തിന്റെയും ആത്മരൂപത്തിന്റെയും നടുവിലാണ് ദൈവം നിർത്തിയിരിക്കുന്നത്. അതായത് ദൈവത്തിന്റെ സൃഷ്ടിയായ ഒന്നാം ആദാം തന്റെ വീഴ്ചയ്ക്ക് മുമ്പ് ഭൗതിക രീതിയിൽ 'മനുഷ്യപുത്രനുമാണ്', ആത്മരീതിയിൽ 'ദൈവപുത്രനുമാണ്'.

### *മനുഷ്യനും, ദൈവപുത്രനുമായ ആദാം*

താഴെ കൊടുത്തിരിക്കുന്ന ബൈബിൾ വാക്യങ്ങൾ ശ്രദ്ധിച്ചാൽ ആദാം ഒരേ സമയം മനുഷ്യനും ദൈവപുത്രനുമാണെന്ന് നമുക്ക് മനസ്സിലാക്കാം.

**"അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മൽസ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു." (ഉല്പ. 1:26)**

**"യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു." (ഉല്പ. 2:7)**

**"ഏനോശ് ശേത്തിന്റെ മകൻ, ശേത്ത് ആദാമിന്റെ മകൻ, ആദാം ദൈവത്തിന്റെ മകൻ." (ലൂക്കൊ. 3:38)**

### *മനുഷ്യപുത്രനും ദൈവപുത്രനുമായ യേശു*

ഒടുക്കത്തെ ആദാമായ യേശു ഭൂമിയിലേക്ക് വന്നപ്പോൾ 'ദൈവപുത്രനായും', 'മനുഷ്യപുത്രനായും' ആണ് കടന്നു വന്നത്.

ദേഹീരൂപികൾക്ക് വീഴ്ചയ്ക്ക് മുമ്പ് ആത്മാവുപയോഗിച്ച് ആത്മതലമായ ദൈവരാജ്യവുമായും, ശരീരം ഉപയോഗിച്ച് ഭൗതികലോകവുമായും ബന്ധപ്പെടാം. അതായത് അവർ ഒരേ സമയം ദൈവപുത്രന്മാരുമാണ്, മനുഷ്യപുത്രന്മാരുമാണ്.

**"അതിന്നു ദൂതൻ: പരിശുദ്ധാത്മാവു നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും." (ലൂക്കൊ. 1:35)**


**"അവർ നിലവിളിച്ചു: ദൈവപുത്രാ, ഞങ്ങൾക്കും നിനക്കും തമ്മിൽ എന്തു? സമയത്തിന്നു മുമ്പെ ഞങ്ങളെ ദണ്ഡിപ്പിപ്പാൻ ഇവിടെ വന്നുവോ എന്നു പറഞ്ഞു." (മത്താ. 8:29)**

**"യേശു അവനോടു: കുറുനരികൾക്കു കുഴികളും ആകാശത്തിലെ**

**പറവകൾക്കു കൂടുകളും ഉണ്ടു; മനുഷ്യപുത്രന്നോ തല ചായിപ്പാൻ ഇടം ഇല്ല എന്നു പറഞ്ഞു." (മത്താ. 8:20)**

**"എങ്കിലും ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന്നു അധികാരം ഉണ്ടു എന്നു നിങ്ങൾ അറിയേണ്ടതിന്നു അവൻ പക്ഷവാതക്കാരനോടു: എഴുന്നേറ്റു, കിടക്ക എടുത്തു വീട്ടിൽ പോക എന്നു പറഞ്ഞു." (മത്താ. 9:6)**

ദേഹീരൂപികൾക്ക് വീഴ്ചയ്ക്ക് മുമ്പ് ആത്മാവുപയോഗിച്ച് ആത്മതലമായ ദൈവരാജ്യവുമായും, ശരീരം ഉപയോഗിച്ച് ഭൗതികലോകവുമായും ബന്ധപ്പെടാം. അതായത് അവർ ഒരേ സമയം ദൈവപുത്രന്മാരുമാണ്, മനുഷ്യപുത്രന്മാരുമാണ്. ആത്മരൂപികളായ ദൈവദൂതന്മാരെപ്പോലെയല്ല, ജഡരൂപികളായ മൃഗങ്ങളെപ്പോലെയുമല്ല ദൈവം മനുഷ്യനെ സൃഷ്ടിച്ചത്, പകരം ഇതിന്റെ രണ്ടിന്റെയും മദ്ധ്യേയാണ്. അതുകൊണ്ട് ദൈവം സൃഷ്ടിച്ച മനുഷ്യൻ ആത്മലോകത്തും ഭൗതികലോകത്തും ഒരു പോലെ ജീവിക്കുവാൻ കഴിവുള്ളവനാണ്.




ഒരുപോലെ ആത്മലോകവും ഭൗതികലോകവുമായി ബന്ധപ്പെടുവാൻ കഴിഞ്ഞിരുന്ന തേജസ്സാൽ നിറയപ്പെട്ടിരുന്ന ആദാം (ദേഹി) (ചിത്രം-3)

ഒടുക്കത്തെ ആദാമായ യേശു ഈ ഭൂമിയിലേക്ക് കടന്നു വന്നത് ദേഹീരൂപത്തിലാണ്. തുടർന്ന് യേശു പിതാവിനെ അനുസരിച്ച് തികഞ്ഞവനായി, ജീവിപ്പിക്കുന്ന ആത്മാവായിത്തീർന്നുവെന്ന് ദൈവവചനം പറയുന്നു.

**"മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ടു അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി...." (എബ്രാ. 2:14)**

> ഒന്നാം ആദാം ജീവനുള്ള ദേഹിയാണ്, പക്ഷേ ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവായി തീർന്നു.

**"പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു." (എബ്രാ. 5:8-9)**

**"ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായി തീർന്നു എന്നു എഴുതിയിരിക്കുന്നുവല്ലോ, ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവായി." (1 കൊരി. 15:45)**

മനുഷ്യപുത്രനും, ദൈവപുത്രനുമായി കടന്നുവന്ന യേശു പിതാവിനോട് അനുസരണം കാണിച്ച് ദേഹീരൂപത്തിൽ നിന്ന് ആത്മരൂപത്തിലേക്ക് ഉയർത്തപ്പെട്ട് നമുക്കെല്ലാം മാതൃകയായിത്തീർന്നു, ആദ്യഫലമായി എടുക്കപ്പെട്ടു.

**"ഓരോരുത്തനും താന്താന്റെ നിരയിലത്രേ; ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ." (1 കൊരി. 15:23)**

തുടർന്ന് യേശുവിനെക്കുറിച്ച് ദൈവവചനം പറയുന്നത്, യേശു ഇപ്പോൾ ആത്മാവ് എന്നാണ്.

**"**Now the Lord is the Spirit: and where the Spirit of the Lord is, [there] is liberty.**" (2 Cor 3:17, KJV)**

**"കർത്താവു ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവുള്ളേടത്തു സ്വാതന്ത്ര്യം ഉണ്ടു." (2 കൊരി. 3:17)**

മലയാളം ബൈബിളിൽ ഇപ്പോൾ എന്ന പദം ചേർത്തിട്ടില്ല. ഒരു പക്ഷെ Translation-നിൽ വിട്ടുപോയതായിരിക്കാം. അപ്പോൾ ഒരു ചോദ്യം ഉദിക്കാം. ഇപ്പോൾ (ഉയിർപ്പിന് ശേഷം) കർത്താവ് ആത്മാവാണെന്ന് ദൈവവചനം പറയുന്നു, എങ്കിൽ നേരത്തെ കർത്താവ് ആരാണ്. ദൈവവചനം പറയുന്നു മക്കൾ ജഡരക്തങ്ങളോടു കൂടിയവർ) ആയതിനാൽ, ആത്മാവാകുന്ന കർത്താവും, തന്റെ ദൈവീക സ്ഥാനമെല്ലാം വിട്ട് താഴ്ന്ന മനുഷ്യരൂപത്തിലേക്ക് ഇറങ്ങി വന്നു. അതായത് ജഡരൂപിയായി ദേഹീതലത്തിലേക്ക് ഇറങ്ങി വന്നു.

**"മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ടു അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി." (എബ്രാ. 2:14)**

**"അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായിത്തീർന്നു." (ഫിലി. 2:6-8)**

താഴ്ന്ന മനുഷ്യരൂപത്തിലേക്ക് ഇറങ്ങിവന്ന കർത്താവ് മനുഷ്യർക്കെല്ലാം മാതൃകയായി, താൻ അനുഭവിച്ച കഷ്ടങ്ങളിലൂടെ പിതാവിനെ അനുസരിച്ച് തികഞ്ഞവനായി. ദേഹീരൂപത്തിൽ നിന്ന് ദൈവപുത്രന്മാരുടെ നിത്യതലമായ ആത്മരൂപത്തിലേക്ക് ഉയർത്തപ്പെടുകയും ചെയ്തു. അതുകൊണ്ടു ദൈവവചനം പറയുന്നു, ഒന്നാം ആദാം ജീവനുള്ള ദേഹിയാണ്, പക്ഷേ ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവായിത്തീർന്നു.

**"ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായിത്തീർന്നു എന്ന് എഴുതിയിരിക്കുന്നുവല്ലോ, ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവായി." (1 കൊരി.15:45)**

**"കർത്താവ് ആത്മാവ് ആകുന്നു; കർത്താവിന്റെ ആത്മാവുള്ളേടത്ത് സ്വാതന്ത്ര്യം ഉണ്ട്." (2 കൊരി.3:17)**

| ദൈവപുത്രന്മാർ | മനുഷ്യപുത്രന്മാർ | മൃഗങ്ങൾ |
|---|---|---|
| ആത്മതലം (ഒന്നാം തലം) | ദേഹീതലം (രണ്ടാം തലം) | ജഡതലം (മൂന്നാം തലം) |

മനുഷ്യരെ ദൈവപുത്രന്മാരുടെ തലമായ ആത്മതലത്തിൽ (ഒന്നാം തലം) നിന്ന് അല്പം മാത്രം താഴ്ത്തി ദേഹീതലത്തിൽ (രണ്ടാം തലം) സൃഷ്ടിച്ചതുകൊണ്ടാണ് ദൈവവചനം ഇപ്രകാരം പറയുന്നത്,

ദൈവത്തെക്കാൾ അല്പം മാത്രം താഴ്ത്തിയാണ് മനുഷ്യരെ സൃഷ്ടിച്ചതെന്ന്. ദൈവം ആത്മരൂപിയാണ് മനുഷ്യൻ ആത്മാവുള്ള ദേഹീരൂപിയാണ്.

> നാം ദൈവത്തോട് അനുസരണം കാണിച്ചാൽ ദൈവപുത്രന്മാരുടെ തലമായ ആത്മതലത്തിലേക്ക് ഉയർത്തപ്പെടാം.

**"നീ അവനെ ദൈവത്തെക്കാൾ അല്പം മാത്രം താഴ്ത്തി, തേജസ്സും**

**ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു." (സങ്കീ.8:5)**

ഇവിടെ നാം ദൈവത്തോട് അനുസരണം കാണിച്ചാൽ ദൈവപുത്രന്മാരുടെ തലമായ ആത്മതലത്തിലേക്ക് ഉയർത്തപ്പെടാം.

പ്രിയ സഹോദരങ്ങളേ, ദൈവപുത്രൻമാരുടെ നിർമ്മാണത്തിൽ പരിശുദ്ധാത്മാവിനോട് സഹകരിക്കുമ്പോൾ നാം ചെയ്തുപോരേണ്ടത് ഒന്നുമാത്രമാണ്. യേശു നമുക്ക് മുമ്പിൽ മാതൃകയായിരുന്നതുപോലെ പൂർണ്ണമായും ദൈവത്തെ അനുസരിക്കുക. ക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെട്ടവരായ നാം ഇന്ന് വീഴ്ചയ്ക്കു മുമ്പുള്ള ഒന്നാം ആദാമിനെപ്പോലെയും, ദൈവരൂപം വിട്ട് മനുഷ്യനായി ഇറങ്ങി ലോകത്തിലേക്ക് വന്ന യേശുവിനെപ്പോലെയും ഒരേ സമയത്ത് ദൈവപുത്രന്മാരുമാണ്, മനുഷ്യപുത്രന്മാരുമാണ്. ദൈവപുത്രന്മാർ നിത്യമായി ജീവിക്കുന്നവരും മനുഷ്യപുത്രന്മാർ താല്കാലികമായി ജീവിക്കുന്നവരുമാണ്. പിതാവിനോടുള്ള അനുസരണത്തിലൂടെ യേശുക്രിസ്തു, കാൽവരിക്രൂശിലെ തന്റെ യാഗത്തിലൂടെ നമുക്ക് നേടിത്തന്ന നിത്യജീവനെ, അതായത് 'ദൈവപുത്രന്മാർ' എന്ന സ്ഥാനത്തെ നമുക്ക് മുറുകെ പിടിക്കാം.

> ക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെട്ടവരായ നാം ഇന്ന് ഒരേ സമയത്ത് ദൈവപുത്രന്മാരുമാണ്, മനുഷ്യപുത്രന്മാരുമാണ്. ദൈവപുത്രന്മാർ നിത്യമായി ജീവിക്കുന്നവരും മനുഷ്യപുത്രന്മാർ താല്കാലികമായി ജീവിക്കുന്നവരുമാണ്.

**"...നിത്യജീവനെ പിടിച്ചുകൊൾക...." (1 തിമൊ.6:12)**

**"ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. <u>ജയിക്കുന്നവനു</u> ഞാൻ ദൈവത്തിന്റെ പറുദീസയിൽ ഉള്ള <u>ജീവവൃക്ഷത്തിന്റെ ഫലം</u> തിന്മാൻ കൊടുക്കും." (വെളി.2:7)**



## പ്രാർത്ഥന



ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, അനുസരണത്തിലൂടെ മനുഷ്യപുത്രന്മാർ ദൈവപുത്രന്മാർ ആകുന്നതെങ്ങനെയെന്ന് മനസ്സിലാക്കിത്തന്നതിനായി നന്ദി. പരിശുദ്ധാത്മാവിനെ അനുസരിച്ച് ദേഹീരൂപത്തിൽ നിന്ന് ആത്മരൂപത്തിലേക്ക് കടന്നുവരുവാൻ, ദൈവപുത്രന്മാരായി ജയം പ്രാപിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.... യേശുവിൻ നാമത്തിൽ തന്നെ. ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ദൈവത്തോട് അനുസരണം കാണിച്ച് ദൈവേഷ്ടം ചെയ്ത് ജയം പ്രാപിച്ചാൽ, ജയിക്കുന്നവൻ മനുഷ്യനിൽ നിന്ന് ദൈവപുത്രനിലേക്ക് ഉയർത്തപ്പെടും.
2. ദേഹീരൂപികൾക്ക് വീഴ്ചയ്ക്ക് മുമ്പ് ആത്മാവുപയോഗിച്ച് ആത്മതലമായ ദൈവരാജ്യവുമായും, ശരീരം ഉപയോഗിച്ച് ഭൗതികലോകവുമായും ബന്ധപ്പെടാം. അതായത് അവർ ഒരേ സമയം ദൈവപുത്രന്മാരുമാണ്, മനുഷ്യപുത്രന്മാരുമാണ്.
3. ഒന്നാം ആദാം ജീവനുള്ള ദേഹിയാണ്, പക്ഷേ ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവായിത്തീർന്നു.
4. നാം ദൈവത്തോട് അനുസരണം കാണിച്ചാൽ ദൈവപുത്രന്മാരുടെ തലമായ ആത്മതലത്തിലേക്ക് ഉയർത്തപ്പെടാം.
5. ക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെട്ടവരായ നാം ഇന്ന് ഒരേ സമയത്ത് ദൈവപുത്രന്മാരുമാണ്, മനുഷ്യപുത്രന്മാരുമാണ്. ദൈവപുത്രന്മാർ നിത്യമായി ജീവിക്കുന്നവരും മനുഷ്യപുത്രന്മാർ താല്കാലികമായി ജീവിക്കുന്നവരുമാണ്.



# അദ്ധ്യായം 3

## ദൈവപുത്രന്മാരുടെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ

"അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്നു അവന്റെ സ്വരൂപത്തോടു അനുരൂപരാകുവാൻ മുന്നിയമിച്ചുമിരിക്കുന്നു."
(റോമർ. 8:29)

ഭൂമിയിലെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് **(Project)** മനുഷ്യർ പലരും മനസ്സിലാക്കിയിട്ടില്ലാത്ത സ്രഷ്ടാവായ ദൈവത്തിന്റെ "ദൈവപുത്രന്മാരുടെ നിർമ്മാണം".

### നിർമ്മാണത്തിന്റെ നല്ല നാളുകളും പ്രതിസന്ധികളും

ദൈവപുത്രന്മാരുടെ നിർമ്മാണം മൂന്ന് ഘട്ടങ്ങളായി തിരിക്കപ്പെട്ടു. താഴെ എഴുതിയിരിക്കുന്നതിലൂടെ ഇത് നമുക്ക് മനസ്സിലാക്കാം. ഒരു രാജ്യത്തിൽ മനോഹരമായി മുന്നോട്ട് പൊയ്ക്കൊണ്ടിരുന്നതും, അനേകർക്ക് തൊഴിൽ ലഭിക്കുന്നതുമായ ഒരു വ്യാവസായിക നഗരത്തിന്റെ നിർമ്മാണം ചില അട്ടിമറി ശ്രമങ്ങൾ മൂലം മുടങ്ങിപ്പോകുവാൻ ഇടയായി എന്ന് കേട്ടിട്ടുണ്ട്. വളരെ നാളുകൾ ഈ പദ്ധതി മുടങ്ങിക്കിടന്നു. തുടർന്ന് അനേകം ചർച്ചകൾ കൊണ്ടും, രാജ്യസ്നേഹികളായ ചില വ്യക്തികളുടെ ഇടപെടൽ കൊണ്ടും, നിർമ്മാണം മുടങ്ങിപ്പോകുവാനുള്ള കാരണത്തിന് പരിഹാരം കാണുകയും, മുടങ്ങിപ്പോയ പദ്ധതി പുനരാരംഭിക്കുകയും ചെയ്തു.

> ദൈവം മനുഷ്യനായി വന്ന് യേശുവിന്റെ കാൽവരി ക്രൂശിലെ യാഗത്തിലൂടെ 'ദൈവപുത്രന്മാരുടെ നിർമ്മാണം' <u>വീണ്ടും</u> ആരംഭിച്ചു.

ഇതുപോലെ തന്നെയാണ് ദൈവത്തിന്റെ 'ദൈവപുത്രന്മാരെ നിർമ്മിക്കുന്ന പദ്ധതിയും' മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. ഉല്പത്തി പുസ്തകം 1, 2 അദ്ധ്യായങ്ങളിൽ ദൈവത്തിന്റെ പദ്ധതി (Project) വളരെ നന്നായി പൊയ്ക്കൊണ്ടിരുന്നു. പിശാചിനെക്കുറിച്ച് അവിടെ

പറയുന്നില്ല. പാപവും, ശാപവും, മരണവും, ദുഃഖവും, കലാപങ്ങളും മറ്റ് യാതൊരു തിന്മകളും ഇല്ലാത്ത സമയം. രക്ഷയോ, രക്ഷകനായ യേശുവോ, സുവിശേഷമോ വേണ്ടാത്ത സമയം. ആദാമും ഹവ്വയും ഏദെൻ (ആനന്ദം) പറുദീസയിൽ ദൈവത്തെ അനുസരിച്ച്, ദൈവ സാന്നിധ്യത്തിൽ ആനന്ദിക്കുന്ന സമയം. ഈ സമയത്താണ് ദൈവീക പദ്ധതിയെ അട്ടിമറിക്കാൻ പിശാച് സർപ്പത്തിലൂടെ ഏദെൻ തോട്ടത്തിൽ കയറിയത്. മനുഷ്യരെ വഞ്ചിച്ച്, ദൈവത്തിന്റെ പദ്ധതിയായ ദൈവപുത്രന്മാരുടെ നിർമ്മാണത്തെ അട്ടിമറിച്ചത്. എന്നാൽ ലോകം കണ്ട ഏറ്റവും നല്ല മാനേജരായ സ്രഷ്ടാവായ ദൈവം, ഒരു വിദഗ്ദ്ധശില്പിയെപ്പോലെ മുടങ്ങിപ്പോയ തന്റെ പദ്ധതി മറ്റൊരു രീതിയിൽ പുനരാരംഭിച്ചു. അതേ, ദൈവം മനുഷ്യനായി വന്ന് യേശുവിന്റെ കാൽവരി ക്രൂശിലെ യാഗത്തിലൂടെ 'ദൈവപുത്രന്മാരുടെ നിർമ്മാണം' വീണ്ടും ആരംഭിച്ചു.

> ഭൂമിയിലെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് (Project) മനുഷ്യർ പലരും മനസ്സിലാക്കിയിട്ടില്ലാത്ത സ്രഷ്ടാവായ ദൈവത്തിന്റെ "ദൈവപുത്രന്മാരുടെ നിർമ്മാണം".

> ലോകം കണ്ട ഏറ്റവും നല്ല മാനേജരായ സ്രഷ്ടാവായ ദൈവം, ഒരു വിദഗ്ദ്ധശില്പിയെപ്പോലെ മുടങ്ങിപ്പോയ തന്റെ പദ്ധതി മറ്റൊരു രീതിയിൽ പുനരാരംഭിച്ചു.

മറ്റൊരുരീതിയിൽ പറഞ്ഞാൽ, ഇന്നത്തെ ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കെട്ടിടമാണ് ദുബായിലെ ബുർജ്ജ് ഖലീഫ ബിൽഡിംഗ്. എന്നാൽ **ഭൂമിയിലെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് (Project) മനുഷ്യർ പലരും മനസ്സിലാക്കിയിട്ടില്ലാത്ത സ്രഷ്ടാവായ ദൈവത്തിന്റെ "ദൈവപുത്രന്മാരുടെ നിർമ്മാണം"**. വലിയ കെട്ടിടങ്ങൾ പണിയുമ്പോൾ പലയിടത്തും കണ്ടിട്ടുണ്ട് പണിയുടെ ഇടയിൽ ചിലർക്ക് അപകടം സംഭവിക്കുന്നത്, മുകളിൽ നിന്ന് താഴെ വീണ് മരിക്കുന്നത്, തുടർന്ന് കോടതി കേസിലേക്കും, മറ്റു നിയമനടപടികളിലേക്കും പോയി ദീർഘനാളുകൾ പണി തടയപ്പെടുന്നത്. എന്നാൽ കെട്ടിടം പണിയുന്ന വ്യക്തി ഒരു വക്കീലിനെ നിയമിച്ച് കോടതിയിൽ തന്റെ കേസ് പറഞ്ഞ് ജയിച്ച് അതിവേഗം തന്റെ കെട്ടിടനിർമ്മാണം പുനരാരംഭിക്കുന്നതും കണ്ടിട്ടുണ്ട്.

ഇതുപോലെയാണ് ദൈവത്തിന്റെ പദ്ധതിയായ ***'ദൈവപുത്രന്മാരുടെ നിർമ്മാണത്തിലും'*** സംഭവിച്ചത്. ഉല്പത്തി പുസ്തകം 1-ാം അദ്ധ്യായത്തിലും (ഒന്നാം നില), 2-ാം അദ്ധ്യായത്തിലും (രണ്ടാം നില) ദൈവത്തിന്റെ പദ്ധതി വളരെ ഭംഗിയായി നടന്നു. എന്നാൽ 3-ാം അദ്ധ്യായമായപ്പോൾ കെട്ടിടം പണിയുന്നതിനിടയിൽ ഒരാൾ മൂന്നാം നിലയിൽ നിന്ന് വീണ് മരിച്ചതുപോലെ അനുസരണക്കേടുമൂലം ആദാമും ഹവ്വയും മരിച്ചു, ദൈവത്തിന്റെ പദ്ധതി മുടങ്ങി. തുടർന്ന് ഈ ഭൂമിയിലെ ഏറ്റവും വലിയ പദ്ധതിയുടെ ഉടമയായ ദൈവം യേശുവെന്ന വക്കീലിനെ (Advocate) നിയമിച്ചു, യേശുക്രിസ്തു കടന്നുവന്ന് കാൽവരി ക്രൂശിൽ ദൈവീകപദ്ധതി പുനരാരംഭിക്കുവാനുള്ള സകല ക്രമീകരണങ്ങളും തിക യ്ക്കുകയും, 'ഇത് പൂർത്തിയായി (It's finished)', ദൈവത്തിന്റെ പദ്ധതി പുനരാരംഭിക്കാം എന്ന സന്ദേശം പിതാവിനോട് വിളിച്ചറിയിക്കുകയും ചെയ്തു. തുടർന്ന് നമുക്ക് വേണ്ടി പിതാവിന്റെ വലതുഭാഗത്ത്, നമ്മുടെ പക്ഷം പിടിച്ച് പിശാചിനെതിരെ വാദിച്ച് നമ്മെ ദൈവപുത്രന്മാരാക്കി വെളിപ്പെടുത്തുവാൻ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ് യേശുക്രിസ്തു.

> ദൈവപുത്രന്മാരുടെ നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തു റോക്ക്‌വൂൾ ഉണ്ടാക്കുവാൻ ഉപയോഗിക്കുന്ന പ്രത്യേകതരം പാറയല്ല, പകരം ദേഹീരൂപത്തിൽ ആത്മമണ്ഡലത്തിലും, ഭൗതികമണ്ഡലത്തിലും ഒരുപോലെ പ്രവർത്തിക്കാൻ കഴിയുന്ന മനുഷ്യരാണ്.

**"ഞാൻ നിനക്കും സ്ത്രീയ്ക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിയ്ക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. <u>അവൻ നിന്റെ തല തകർക്കും;</u> നീ അവന്റെ കുതികാൽ തകർക്കും." (ഉല്പ.3:15)**

**"അതുകൊണ്ടു താൻ മുഖാന്തിരമായി ദൈവത്തോടു അടുക്കുന്നവർക്ക് വേണ്ടി <u>പക്ഷവാദം ചെയ്‌വാൻ</u> സദാ ജീവിക്കുന്നവനാകയാൽ അവരെ <u>പൂർണ്ണമായി രക്ഷിപ്പാൻ</u> അവൻ <u>പ്രാപ്തനാകുന്നു</u>." (എബ്രാ.7:25)**

**"സകലത്തിന്നും ലാക്കും സകലത്തിന്നും കാരണഭൂതനുമായവൻ അനേകം പുത്രന്മാരെ തേജസ്സിലേക്കു നടത്തുമ്പോൾ അവരുടെ രക്ഷാനായകനെ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനാക്കുന്നതു യുക്തം ആയിരുന്നു." (എബ്രാ.2:10)**

മറ്റൊരുരീതിയിൽ പറഞ്ഞാൽ ഒന്നാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, എന്റെ സ്നേഹിതനും രണ്ട് പാർട്ട്ണർമാരും കൂടെ

രണ്ട് വർഷം കൊണ്ട് റോക്ക്വൂൾ ഉൽപാദിപ്പിക്കാനുള്ള ഫാക്ടറി പണി കഴിപ്പിച്ചു. റോക്ക്വൂൾ നിർമ്മാണം ആരംഭിക്കുവാൻ അസംസ്കൃതവസ്തുവായ പ്രത്യേകതരം പാറ മലയിൽ നിന്നും കൊണ്ടുവരണം. എന്നാൽ അസംസ്കൃതവസ്തു (Raw material) കൊണ്ടുവരുന്ന ട്രെയിൻ വഴിക്ക് വച്ച് കൊള്ളക്കാരാൽ പിടിക്കപ്പെട്ടു എന്ന് ചിന്തിക്കുക. തുടർന്ന് എന്റെ സ്നേഹിതനും കൂട്ടരും എന്ത് ചെയ്യും? കൊള്ളക്കാരെ തകർക്കുവാനുള്ള ഫോഴ്സിനെ നിയമിക്കുവാൻ ഗവൺമെന്റിനെ സമീപിക്കുകയും, തുടർന്ന് ഈ ഫോഴ്സിനെക്കൊണ്ട് കൊള്ളക്കാരെ തകർത്ത്, തങ്ങളുടെ പിടിക്കപ്പെട്ട അസംസ്കൃതവസ്തു ഫാക്ടറിയിൽ എത്തിക്കുകയും നിർമ്മാണം പുനരാരംഭിക്കുകയും ചെയ്യും.

ഇതുപോലെ തന്നെയാണ് ദൈവത്തിന്റെ "ദൈവപുത്രന്മാരുടെ നിർമ്മാണവും".ദൈവപുത്രന്മാരുടെ നിർമ്മാണത്തിനുള്ള അസംസ്കൃതവസ്തു റോക്ക്വൂൾ ഉണ്ടാക്കുവാൻ ഉപയോഗിക്കുന്ന പ്രത്യേകതരം പാറയല്ല, പകരം ദേഹീരൂപത്തിൽ ആത്മമണ്ഡലത്തിലും, ഭൗതികമണ്ഡലത്തിലും ഒരു പോലെ പ്രവർത്തിക്കാൻ കഴിയുന്ന മനുഷ്യരാണ്. മറ്റൊരുരീതിയിൽ പറഞ്ഞാൽ ആദാമും, ആദാമിന്റെ തലമുറകളുമായ മനുഷ്യരാണ്. റോക്ക്വൂൾ ഉണ്ടാക്കുവാനുള്ള അസംസ്കൃതവസ്തു പിടിക്കപ്പെട്ടതുപോലെ, ആദാം പിശാചിന്റെ തന്ത്രത്താൽ പിടിക്കപ്പെട്ടു, മരണത്തിന് കീഴിലായി, ദൈവപുത്രന്മാരുടെ നിർമ്മാണം മുടങ്ങി. തുടർന്ന് ഗവൺമെന്റ് ശക്തമായ ഫോഴ്സിനെക്കൊണ്ട് കൊള്ളക്കാരെ തകർത്ത് അസംസ്കൃതവസ്തു പിടിച്ചെടുത്തു നിർമ്മാണം പുനരാരംഭിച്ചതുപോലെ, സ്വർഗ്ഗീയ ഗവൺമെന്റ് രക്ഷകനായ യേശുവിനെ നിയമിച്ചയച്ചു. കാൽവരി ക്രൂശിൽ പിശാചിന്റെ പ്രവൃത്തികളെ തകർത്ത്, ദൈവപുത്രന്മാരുടെ നിർമ്മാണത്തിന് വേണ്ട അസംസ്കൃതവസ്തുവായ മനുഷ്യപുത്രന്മാരെ പിശാചിന്റെ കയ്യിൽ നിന്ന് രക്ഷിച്ചു, അവർക്ക് ജീവൻ കൊടുത്തു. ഇതാണ് നാം ഇന്ന് പ്രസംഗിക്കുന്ന "**രക്ഷ**".

## ദൈവീക പദ്ധതിയുടെ മൂന്ന് കാലങ്ങൾ

ഇതുവരെയുള്ള ദൈവീകപദ്ധതിയെ മൂന്ന് കാലങ്ങളായി തിരിച്ചാൽ, മുകളിൽ പറഞ്ഞിരിക്കുന്നതിനനുസരിച്ച്:

1. ***ദൈവീക പദ്ധതിയായ ദൈവപുത്രന്മാരുടെ നിർമ്മാണം ആരംഭിച്ച കാലം.***
2. ***ദൈവപുത്രന്മാരുടെ നിർമ്മാണം ആദാമിന്റെ അനുസര***

ണക്കേടുമൂലം മുടങ്ങിപ്പോയ കാലം.

3. ദൈവപുത്രന്മാരുടെ നിർമ്മാണം യേശുക്രിസ്തുവിന്റെ അനുസരണം മൂലം വീണ്ടും ആരംഭിച്ച കാലം.

## പ്രാർത്ഥന



എന്റെ സ്വർഗ്ഗീയപിതാവേ, ഭൂമിയിലെ പദ്ധതികളിൽ ഏറ്റവും പ്രാധാന്യമേറിയ പദ്ധതിയാണ് "ദൈവപുത്രന്മാരുടെ നിർമ്മാണമെന്നും", മനുഷ്യപുത്രനായ ഞാനാണ് യേശു കാണിച്ചു തന്നതുപോലെ അങ്ങയോടുള്ള അനുസരണത്തിലൂടെ ദൈവപുത്രനായി വെളിപ്പെടേണ്ടതെന്നും പഠിപ്പിച്ചതിനായി നന്ദി. ഇതിനായി എന്നെ സഹായിക്കണമേ. യേശുവിൻ നാമത്തിൽ തന്നേ...ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ഭൂമിയിലെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് (ജ്ഞീഷലരമ) മനുഷ്യർ പലരും മനസ്സിലാക്കിയിട്ടില്ലാത്ത സ്രഷ്ടാവായ ദൈവത്തിന്റെ "ദൈവപുത്രന്മാരുടെ നിർമ്മാണം".
2. ആദാമിന്റെ അനുസരണക്കേട് മൂലം ദൈവപുത്രന്മാരുടെ നിർമ്മാണം മുടങ്ങിപ്പോയി.
3. ദൈവം മനുഷ്യനായി വന്ന് യേശുവിന്റെ കാൽവരി ക്രൂശിലെ യാഗത്തിലൂടെ 'ദൈവപുത്രന്മാരുടെ നിർമ്മാണം' വീണ്ടും ആരംഭിച്ചു.
4. ദൈവപുത്രന്മാരുടെ നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തു റോക്ക്വൂൾ ഉണ്ടാക്കുവാൻ ഉപയോഗിക്കുന്ന പ്രത്യേകതരം പാറയല്ല, പകരം ദേഹീരൂപത്തിൽ ആത്മമണ്ഡലത്തിലും, ഭൗതികമണ്ഡലത്തിലും ഒരുപോലെ പ്രവർത്തിക്കാൻ കഴിയുന്ന മനുഷ്യരാണ്.
5. ദൈവപുത്രന്മാരുടെ നിർമ്മാണം ആരംഭിച്ച കാലം, ദൈവപുത്രന്മാരുടെ നിർമ്മാണം ആദാമിന്റെ അനുസരണക്കേടുമൂലം മുടങ്ങിപ്പോയ കാലം, ദൈവപുത്രന്മാരുടെ നിർമ്മാണം യേശുക്രിസ്തുവിന്റെ അനുസരണം മൂലം പുനരാരംഭിച്ച കാലം എന്നീ മൂന്ന് ഘട്ടങ്ങളായി ദൈവീകപദ്ധതി വേർതിരിക്കപ്പെട്ടിരിക്കുന്നു.

# അദ്ധ്യായം 4
# ദൈവപുത്രന്മാരും, കാലങ്ങളുടെ വിവേചനവും

"കപടഭക്തിക്കാരേ, ഭൂമിയുടെയും ആകാശത്തിന്റെയും ഭാവത്തെ വിവേചിപ്പാൻ നിങ്ങൾക്കു അറിയാം; എന്നാൽ ഈ കാലത്തെ വിവേചിപ്പാൻ അറിയാത്തതു എങ്ങനെ? ന്യായമായതു എന്തെന്നു നിങ്ങൾ സ്വയമായി വിധിക്കാത്തതും എന്തു?"(ലൂക്കൊ. 12:56-57)

***പ്രിയ*** സഹോദരങ്ങളേ, നാം കാലങ്ങളെക്കുറിച്ച് മനസ്സിലാക്കണമെന്നും അതിനെ തിരിച്ചറിയണമെന്നും ദൈവം ആഗ്രഹിക്കുന്നു. ഇതുകൊണ്ടാണ് കർത്താവ് യഹൂദന്മാരോട് പറഞ്ഞത്, "**കാലത്തെ വിവേചിക്കാൻ.**"

കുരുടൻ കുരുടനെ വഴി നടത്തിയാൽ ഇരുവരും കുഴിയിൽ വീഴും.

കാലത്തെ തിരിച്ചറിഞ്ഞ് ജീവിച്ചാൽ മാത്രമേ നമുക്ക് ആത്മീയമായി മുന്നേറുവാനും, മറ്റുള്ളവരെ അതിലേക്ക് നയിക്കുവാനും കഴിയുകയുള്ളൂ. യാത്ര ചെയ്യുന്ന ഒരു വ്യക്തി താൻ ഇപ്പോൾ എവിടെയാണെന്നും, ഇനി തനിക്ക് എങ്ങോട്ടാണ് പോകേണ്ടതെന്നും അറിഞ്ഞെങ്കിൽ മാത്രമേ ലക്ഷ്യബോധത്തോടെ മുന്നേറുവാനും, തനിക്ക് പുറകെയുള്ളവരെ അതേ ലക്ഷ്യത്തിലേക്ക് നയിക്കുവാനും കഴിയുകയുള്ളൂ. അല്ലെങ്കിൽ നാം നമ്മെത്തന്നെയും, നമ്മെ അനുഗമിക്കുന്നവരെയും ചതിക്കുന്നവരായിരിക്കും.

**"അവൻ ഒരു ഉപമയും അവരോടു പറഞ്ഞു: കുരുടന്നു കുരുടനെ വഴികാട്ടുവാൻ കഴിയുമോ? ഇരുവരും കുഴിയിൽ വീഴുകയില്ലയോ?" (ലൂക്കൊ. 6:39)**

ബൈബിളിലെ സംഭവങ്ങളെ പല കാലങ്ങളായിട്ട് തിരിക്കാമെങ്കിലും, ദൈവപുത്രന്മാരുടെ വെളിപ്പാടുമായുള്ള ബന്ധത്തിൽ ഇപ്പോൾ നാം മനസ്സിലാക്കുവാൻ ദൈവം എനിക്ക് വെളിപ്പെടുത്തി തന്നത് മൂന്ന് കാലങ്ങളായിട്ടാണ്.

**"കപടഭക്തിക്കാരേ, ഭൂമിയുടേയും ആകാശത്തിന്റേയും ഭാവത്തെ വിവേചിപ്പാൻ നിങ്ങൾക്ക് അറിയാം; എന്നാൽ ഈ കാലത്തെ വിവേചിപ്പാൻ അറിയാത്തത് എങ്ങനെ? ന്യായമായത് എന്തെന്ന് നിങ്ങൾ സ്വയമായി വിധിക്കാത്തതും എന്ത്?" (ലൂക്കൊ. 12:56-57)**




(ചിത്രം-4)

**ഒന്നാമത്തെ കാലം:-** 'ദൈവപുത്രന്മാരുടെ നിർമ്മാണപദ്ധതി' തുടങ്ങിയ കാലം (ഏദെനിലെ ജീവിതകാലം).

**രണ്ടാമത്തെ കാലം:-** 'ദൈവപുത്രന്മാരുടെ നിർമ്മാണപദ്ധതി' ആദാമിന്റെ പാപം നിമിത്തം പിശാചിനാൽ തകർക്കപ്പെട്ട കാലം (മനുഷ്യനെ ഏദെനിൽ നിന്ന് പുറത്ത് ലോകത്തിലാക്കിയ കാലം).


**മൂന്നാമത്തെ കാലം:-** 'ദൈവപുത്രന്മാരുടെ നിർമ്മാണം' യേശുവിന്റെ നീതി നിമിത്തം, യേശുവിനാൽ പുനരാരംഭിച്ച കാലം (രക്ഷിക്കപ്പെട്ടവരെ ഏദെന് പകരമായ സഭയോട് ചേർത്ത കാലം).

## ***ഒന്നാമത്തെ കാലത്തിലെ പിതാവിന്റെ പദ്ധതിയും, അതിനെതിരെയുള്ള പിശാചിന്റെ പദ്ധതിയും:-***

ദൈവം 'ദൈവപുത്രന്മാരുടെ' നിർമ്മാണപദ്ധതി നന്നായി തുടങ്ങിയ കാലമാണ് ഒന്നാമത്തെ കാലം.

ദൈവം നിത്യതയിലെ തന്റെ ചിന്തക്ക് തുടക്കം കുറിക്കുവാൻ ഭൂമിയിലെ ഇപ്പോഴുള്ള സമയത്തിന് തുടക്കം കുറിക്കുകയും, അഞ്ചര ദിവസം കൊണ്ട് ഭൂമിയെ പുനഃസൃഷ്ടിക്കുകയും ചെയ്തു. തുടർന്ന് ആറാം ദിവസം ദൈവപുത്രന്മാരുടെ നിർമ്മാണത്തിനായി മനുഷ്യനെ

ഉണ്ടാക്കി, താൻ പുനരുദ്ധരിച്ച ഭൂമിയുടെ കിഴക്ക് ഭാഗത്ത് ഏദെനിൽ ഈ മനുഷ്യന് പാർക്കുവാൻ വേണ്ട മനോഹരമായ ഒരു തോട്ടം ഉണ്ടാക്കി, മനുഷ്യനെ അവിടെ കൊണ്ടുചെന്നാക്കുകയും ചെയ്തു.




(ചിത്രം-5)

**"അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു." (ഉല്പ. 1:26)**

**"യഹോവയായ ദൈവം നിലത്തെ പൊടി കൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായിതീർന്നു." (ഉല്പ. 2:7)**

**"അനന്തരം യഹോവയായ ദൈവം കിഴക്ക് ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി." (ഉല്പ. 2:8)**

**"യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ട് പോയി ഏദെൻ തോട്ടത്തിൽ വേല ചെയ്‌വാനും അതിനെ കാപ്പാനും അവിടെ ആക്കി." (ഉല്പ. 2:15)**

## *നിർമ്മാണ യന്ത്രം*

ഏദെൻ തോട്ടത്തിലെ ദൈവപുത്രന്മാരെ നിർമ്മിക്കുന്ന സംവിധാനം

ഒരു ഫാക്ടറിയിലെ സാധനങ്ങൾ ഉണ്ടാക്കുവാൻ ഉപയോഗിക്കുന്ന യന്ത്രത്തിനു തുല്യമായി കണക്കാക്കാം. ഉദാഹരണമായി മണലും സിമന്റും ചേർത്ത് ഉണ്ടാക്കുന്ന പരുക്കൻ ചെറിയ കരിങ്കൽ ചീളുകളുമായി ചേരുമ്പോഴാണ് കോൺക്രീറ്റ് ഉണ്ടാകുന്നതെന്ന് നാം മുമ്പ് കണ്ടു. ഇതുപോലെ ഭൂമിയിലെ പൊടിയും, ദൈവീകശ്വാസവും ചേർന്നുണ്ടായ മനുഷ്യൻ ദൈവത്തോടുള്ള അനുസരണവുമായി കൂടിച്ചേരുമ്പോഴാണ് ദൈവപുത്രന്മാരുണ്ടാകുന്നത്. മനുഷ്യനെ ദൈവത്തോടുള്ള അനുസരണവുമായി കൂട്ടിച്ചേർക്കുവാൻ യന്ത്രതുല്യമായി ദൈവം ഏദെനിൽ ഒരുക്കിയ സംവിധാനമാണ് ഏദെൻ തോട്ടത്തിലെ രണ്ട് വൃക്ഷങ്ങൾ, ഒന്ന് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം, മറ്റൊന്ന് ജീവന്റെ വൃക്ഷം.

> ഭൂമിയിലെ പൊടിയും, ദൈവീകശ്വാസവും ചേർന്നുണ്ടായ മനുഷ്യൻ ദൈവത്തോടുള്ള അനുസരണവുമായി കൂടിച്ചേരുമ്പോഴാണ് ദൈവപുത്രന്മാരുണ്ടാകുന്നത്.

ഒരിക്കൽ തിരുവനന്തപുരത്ത് ഒരു മീറ്റിംഗിൽ ഒരു ദൈവദാസന്റെ ചോദ്യം ഇതായിരുന്നു, **"നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം ദൈവം എന്തുകൊണ്ടാണ് തോട്ടത്തിൽ നട്ടത്? നട്ടതുകൊണ്ടല്ലേ മനുഷ്യൻ പാപത്തിൽ വീണുപോവുകയും, മാനവരാശി പിശാചിന്റെ പിടിയിൽ ആയിപ്പോവുകയും ചെയ്തത്?"**

ദൈവം എനിക്ക് പ്രകാശിപ്പിച്ച് തന്ന ഉത്തരം വെളിച്ചെണ്ണ ആട്ടുന്ന ഒരു മില്ലിൽ നാം കൊപ്ര കൊണ്ടുപോയി ആട്ടിയാൽ, ആ യന്ത്രത്തിന്റെ ഒരു ഭാഗത്ത് നമുക്ക് ശുദ്ധമായ വെളിച്ചെണ്ണ ലഭിക്കും, മറുഭാഗത്ത് പിണ്ണാക്കും ലഭിക്കും. ഇതുപോലെ തന്നെ നെല്ല് കുത്തുന്ന യന്ത്രത്തിലേക്ക് നാം നെല്ല് ഇട്ട് കൊടുത്താൽ ഒരു ഭാഗത്ത് നല്ല അരി ലഭിക്കുവാൻ ഇടയാകും, മറുഭാഗത്ത് ഉമിയും ലഭിക്കും, ഉമി തീയിൽ ഇട്ട് ചുട്ടുകളയും, അരി ചാക്കുകളിൽ സൂക്ഷിച്ചു വച്ച് ഉപയോഗിക്കും. ഇതേ സംവിധാനമാണ് സ്വർഗ്ഗരാജ്യത്തിൽ ഉടനീളം കാണുന്നത്.

**"പിന്നെയും സ്വർഗ്ഗരാജ്യം കടലിൽ ഇടുന്നതും എല്ലാ വക മീനും പിടിക്കുന്നതുമായോരു വലയോടു സദൃശം. നിറഞ്ഞപ്പോൾ അവർ അത് വലിച്ചു കരെക്കു കയറ്റി, ഇരുന്നുകൊണ്ട് നല്ലതു പാത്രങ്ങളിൽ കൂട്ടിവെച്ചു, ചീത്ത എറിഞ്ഞു കളഞ്ഞു." (മത്താ. 13:47-48)**

ഭൂമിയാകുന്ന ഫാക്ടറിയിലെ പ്രൊഡക്ഷൻ റൂം ആണ് ഏദെൻ തോട്ടം, ഏദെൻ തോട്ടത്തിലെ പ്രൊഡക്ഷൻ യന്ത്രമാണ് അല്ലെങ്കിൽ

സംവിധാനമാണ് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും ജീവന്റെ വൃക്ഷവും.

**"കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഓരോ വൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തുനിന്നു മുളപ്പിച്ചു." (ഉല്പ.2:9)**

ഒന്നുകിൽ മനുഷ്യൻ ദൈവത്തോട് അനുസരണം കാണിക്കുന്നതിൽ ജയം പ്രാപിച്ച് ജീവവൃക്ഷത്തിന്റെ വഴിയിലൂടെ ദൈവപുത്രന്മാരായി വെളിപ്പെട്ട് ദൈവരാജ്യം അവകാശമാക്കണം, അല്ലെങ്കിൽ ദൈവത്തോട് അനുസരണം കാണിക്കുന്നതിൽ പരാജയപ്പെട്ട് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ വഴിയിലൂടെ മരണത്തിലേക്കും, തുടർന്ന് നിത്യനരകത്തിലേക്കും തള്ളപ്പെടുവാൻ ഇടയാകും. ഏദെൻ തോട്ടത്തിലെ ഈ രണ്ടു വൃക്ഷങ്ങൾ ജീവനിലേക്കും മരണത്തിലേക്കുമുള്ള രണ്ട് വഴികളാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ ദൈവേഷ്ടം ചെയ്താൽ സ്വർഗ്ഗത്തിലേക്കും, മനുഷ്യ ഇഷ്ടം ചെയ്താൽ നരകത്തിലേക്കും എത്തിച്ചേരും.

**ഏദെൻ തോട്ടത്തിലെ ഈ രണ്ടു വൃക്ഷങ്ങൾ ജീവനിലേററും മരണത്തിലേററുമുള്ള രണ്ട് വഴികളാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ ദൈവേഷ്ടം ചെയ്താൽ സ്വർഗ്ഗത്തിലേററും, മനുഷ്യ ഇഷ്ടം ചെയ്താൽ നരകത്തിലേററും.**

## ***നിർമ്മാണത്തിനുള്ള സംവിധാനങ്ങളും ശ്രദ്ധിക്കേണ്ട കാര്യങ്ങളും***


ആത്മരൂപിയായ ദൈവത്തെക്കാൾ അല്പം താഴ്ത്തി (സങ്കീ. 8:4-5) ദേഹീ രൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ ഏദെൻ തോട്ടം എന്ന പ്രൊഡക്ഷൻ സെന്ററിൽ വേല ചെയ്യുവാൻ, മാത്രമല്ല, അതിനെ സംരക്ഷിക്കുവാനും ദൈവം ഏല്പിച്ചു.

**"യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ട് പോയി ഏദെൻ തോട്ടത്തിൽ വേല ചെയ്‌വാനും അതിനെ കാപ്പാനും അവിടെ ആക്കി." (ഉൽപ:2-15)**

മനുഷ്യൻ ദൈവപുത്രനായി വെളിപ്പെടേണ്ടതിന് ചെയ്യേണ്ട രണ്ട് പ്രധാന കാര്യങ്ങളാണ്:- ദൈവം തന്നെ ഏല്പിച്ച സ്ഥലത്ത് ദൈവേഷ്ടം ചെയ്യുക, ദുഷ്ടന്റെ സ്വാധീനം ഒരു വിധത്തിലും അവിടേക്ക് വരാതെ

തടയുക. കാരണം ആദാം ഏദെൻതോട്ടത്തിൽ വേല ചെയ്താലേ, മറ്റൊരു രീതിയിൽ പറഞ്ഞാൽ ദൈവേഷ്ടം ചെയ്ത് ജയം പ്രാപിച്ചാലേ ഏദെൻ പറുദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം കഴിച്ച് ദേഹീരൂപത്തിൽ നിന്ന് ആത്മരൂപത്തിലേക്ക് ഉയർത്തപ്പെടുവാനും ദൈവപുത്രനായി വെളിപ്പെടുവാനും സാധിക്കുകയുള്ളൂ. ജയിക്കുന്നവനു മാത്രമേ ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കഴിയുകയുള്ളൂ.

**"ജയിക്കുന്നവനു ഞാൻ ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും."(വെളി. 2:7)**




(ചിത്രം-6)

എന്നാൽ ദൈവം പറഞ്ഞ രണ്ടാമത്തെ കാര്യമായ തോട്ടം സംരക്ഷിക്കുക എന്നതിന്റെ ഉദ്ദേശ്യം, "പിശാചിന്റെ സ്വാധീനം തോട്ടത്തിലേക്ക് കടന്നു വരാതിരിക്കുക എന്നുള്ളതാണ്". പിശാചിന്റെ സ്വാധീനം തോട്ടത്തിലേക്ക് കടന്നുവന്നാൽ സംഭവിക്കുന്നത്, പിശാച് മനുഷ്യനെ ദൈവേഷ്ടത്തിൽ നിന്നും സ്വന്ത ഇഷ്ടത്തിലേക്ക് കൊണ്ടുവരുകയും,

**പിശാചിന് ഇടം കൊടുക്കുക എന്നതിന്റെ,**

**ഒന്നാമത്തെ പടി: പിശാചിന്റെ സംസാരത്തിന് ചെവികൊടുക്കുക എന്നതും,**

**രണ്ടാമത്തെ പടി: പിശാചിനെ അനുസരിക്കുക എന്നതുമാണ്.**

തുടർന്ന് മനുഷ്യൻ അനുസരക്കേടിലൂടെ മരണം കൊയ്യുകയും ചെയ്യും.

ദൈവേഷ്ടം ചെയ്താൽ മനുഷ്യൻ ജീവവൃക്ഷത്തിലേക്ക് അടുക്കുമെങ്കിൽ, പിശാചിന് സ്വാധീനം അനുവദിച്ചാൽ അത് മനുഷ്യനെ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലേക്ക് അടുപ്പിക്കും. ജീവവൃക്ഷത്തിന്റെ ഫലം കഴിച്ചാൽ എന്നേക്കും ജീവിക്കുമെങ്കിൽ, നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം കഴിച്ചാൽ ജീവനുള്ള മനുഷ്യൻ മരിക്കും. മറ്റൊരുരീതിയിൽ പറഞ്ഞാൽ ജീവവൃക്ഷത്തിന്റെ അപ്പുറം നിത്യജീവനും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ അപ്പുറം മരണവുമാണ്.

ദൈവേഷ്ടം ചെയ്താൽ മനുഷ്യൻ ജീവവൃക്ഷത്തിലേക്ക് അടുക്കുമെങ്കിൽ, പിശാചിന് സ്വാധീനം അനുവദിച്ചാൽ, അത് മനുഷ്യനെ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലേക്ക് അടുപ്പിക്കും.

ജീവവൃക്ഷത്തിന്റെ ഫലം കഴിച്ചാൽ എന്നേക്കും ജീവിക്കുമെങ്കിൽ, നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം കഴിച്ചാൽ ജീവനുള്ള മനുഷ്യൻ മരിക്കും.

ദൈവേഷ്ടം ചെയ്താൽ നിത്യജീവൻ പ്രാപിക്കാം. പിശാചിന് ഇടം കൊടുത്താൽ നിത്യമരണം പ്രാപിക്കാം. മറ്റൊരുരീതിയിൽ പറഞ്ഞാൽ ദൈവപുത്രനായി വെളിപ്പെടുവാൻ എന്തു ചെയ്യണമെന്നും, എന്തു ചെയ്യരുതെന്നും വ്യക്തമായി ദൈവം ആദാമിനോട് പറഞ്ഞിരുന്നു.

ദൈവം ആദാമിനെ ജീവനുള്ള ദേഹിയായി സൃഷ്ടിച്ച് ജീവന്റെ മണ്ഡലത്തിൽ (മദ്ധ്യത്തിൽ) നിർത്തിയിരുന്നു. ആദാമിനെ നിർത്തിയിരുന്ന ജീവന്റെ മണ്ഡലത്തിന്റെ ഒരു ഭാഗത്ത് നിത്യജീവന്റെ മണ്ഡലവും, മറു ഭാഗത്ത് മരണത്തിന്റെ മണ്ഡലവുമാണ്. മറ്റൊരുരീതിയിൽ പറഞ്ഞാൽ ജീവനും മരണവും ആദാമിന്റെ മുമ്പിൽ ദൈവം വച്ചിരുന്നു, ആദാമിന് ഇഷ്ടമുള്ളത് തിരഞ്ഞെടുക്കാം. ദൈവപുത്രനായി വെളിപ്പെടണമെങ്കിൽ, ദൈവേഷ്ടം ചെയ്ത് നിത്യജീവൻ തിരഞ്ഞെടുത്തേ പറ്റൂ.

ദൈവേഷ്ടം ചെയ്താൽ നിത്യജീവൻ പ്രാപിക്കാം. പിശാചിന് ഇടം കൊടുത്താൽ നിത്യമരണം പ്രാപിക്കാം.

## പ്രാർത്ഥന



ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, അങ്ങ് തന്ന നല്ല ഉൾക്കാഴ്ചകൾക്കായി നന്ദി, ദൈവത്തെ അനുസരിക്കുന്ന വ്യക്തി ദൈവേഷ്ടം ചെയ്യു കയാണെന്നും, അത് ആ വ്യക്തിയെ ജീവവൃ ക്ഷത്തിലേക്ക് അടുപ്പിക്കുമെന്നും, പിശാചിന് ഇടം കൊടുത്താൽ, ദൈവം എന്ത് ചെയ്യരുതെന്ന് പറ ഞ്ഞിരിക്കുന്നുവോ അതിലേക്ക് പിശാച് അടുപ്പിക്കുകയും, ആ വ്യക്തി പിശാചിനാൽ വീഴ്ത്തപ്പെട്ട് നിത്യമരണത്തി ലേക്ക് പോകുമെന്നുമുള്ള ഉൾക്കാഴ്ച തന്നതിനായി നന്ദി. പിശാചിന് ചെവികൊടുക്കാതെ ദൈവത്തിന് ചെവി കൊടുക്കുകയും, അനുസരിക്കുകയും ചെയ്യുവാൻ ഞങ്ങൾക്ക് കൃപ തരേണമേ.. യേശുവിൻ നാമത്തിൽ തന്നേ...ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും


1. കുരുടൻ കുരുടനെ വഴി നടത്തിയാൽ ഇരുവരും കുഴി യിൽ വീഴും.
2. ഭൂമിയിലെ പൊടിയും, ദൈവീകശ്വാസവും ചേർന്നുണ്ടായ മനുഷ്യൻ ദൈവത്തോടുള്ള അനുസരണവുമായി കൂടി ച്ചേരുമ്പോഴാണ് ദൈവപുത്രന്മാരുണ്ടാകുന്നത്.
3. ഏദെൻ തോട്ടത്തിലെ രണ്ടു വൃക്ഷങ്ങൾ ജീവനിലേക്കും മരണത്തിലേക്കുമുള്ള രണ്ട് വഴികളാണ്. മറ്റൊരു രീതി യിൽ പറഞ്ഞാൽ ദൈവേഷ്ടം ചെയ്താൽ സ്വർഗ്ഗത്തി ലേക്കും, മനുഷ്യ ഇഷ്ടം ചെയ്താൽ നരകത്തിലേക്കും പോകും.
4. പിശാചിന് ഇടം കൊടുക്കുക എന്നതിന്റെ

   ഒന്നാമത്തെ പടി: പിശാചിന്റെ സംസാരത്തിന് ചെവി കൊടുക്കുക എന്നുള്ളതും,

   രണ്ടാമത്തെ പടി: പിശാചിനെ അനുസരിക്കുക എന്നു ള്ളതുമാണ്.
5. ദൈവേഷ്ടം മനുഷ്യനെ ജീവവൃക്ഷത്തിലേക്ക് അടുപ്പിക്കു

മെങ്കിൽ, പിശാചിന്റെ സ്വാധീനം മനുഷ്യനെ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലേക്ക് അടുപ്പിക്കും.


6. ജീവവൃക്ഷത്തിന്റെ ഫലം കഴിച്ചാൽ എന്നേക്കും ജീവിക്കുമെങ്കിൽ, നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം കഴിച്ചാൽ ജീവനുള്ള മനുഷ്യൻ മരിക്കും.
7. ദൈവേഷ്ടം ചെയ്താൽ നിത്യജീവൻ പ്രാപിക്കാം. പിശാചിന് ഇടം കൊടുത്താൽ നിത്യമരണം പ്രാപിക്കാം.



# അദ്ധ്യായം 5

# ഒന്നാം സ്റ്റേജിലെ ദൈവപുത്രന്മാരുടെ നിർമ്മാണത്തിനെതിരെയുള്ള 'പിശാചിന്റെ ആക്രമണവും ദൈവത്തിന്റെ പരിഹാരവും'

"പാമ്പു സ്ത്രീയോട്: നിങ്ങൾ മരിക്കയില്ല നിശ്ചയം." (ഉല്പത്തി. 3:4)




(ചിത്രം-7)

ദൈവപുത്രന്മാരെ ഉണ്ടാക്കുക എന്നതാണ് പിതാവിന്റെ പദ്ധതിയെങ്കിൽ, ദൈവപുത്രന്മാർ ഒരിക്കലും നിർമ്മിക്കപ്പെടരുത് എന്നതാണ് പിശാചിന്റെ പദ്ധതി.

ദൈവം ആദാമിനോട് എദെൻ തോട്ടത്തിൽ ചെയ്യുവാൻ പറഞ്ഞ രണ്ട് കാര്യങ്ങളെക്കുറിച്ച് നാം മനസ്സിലാക്കിയല്ലോ.

**"യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ട് പോയി ഏദെൻ തോട്ടത്തിൽ വേല ചെയ്‌വാനും അതിനെ കാപ്പാനും അവിടെ ആക്കി." (ഉല്പ. 2:15)**

1. തോട്ടത്തിൽ വേല ചെയ്യുക

2. തോട്ടം കാക്കുക

ഏദെൻ എന്ന വാക്കിന്റെ അർത്ഥം 'ആനന്ദം' എന്നാണ്. മറ്റൊരുരീതിയിൽ പറഞ്ഞാൽ ഏദെനിലെ ആനന്ദം ദൈവസാന്നിധ്യത്തിന്റെ ആനന്ദമാണ്. ഭൂമിയിൽ കിഴക്ക് ഏദെനിൽ ഒരു ഭാഗത്ത് മാത്രമേ തോട്ടം ഉള്ളൂ.

**"അനന്തരം യഹോവയായ ദൈവം കിഴക്ക് ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി." (ഉല്പ. 2:8)**

ആദാം ഏദെൻ തോട്ടത്തിൽ വേല ചെയ്യുന്നതിന്റെ ഉദ്ദേശ്യം ഏദെൻ തോട്ടം ഭൂമിയിലേക്ക് വർദ്ധിപ്പിക്കുവാനാണ്. അതായത് ഏദെനിലെ ദൈവീക സാന്നിധ്യം, ദൈവീക ഭരണം ആദാമിലൂടെ, ആദാമിന്റെ തലമുറകളിലൂടെ ഭൂമിയിൽ നിറയണം. പിതാവ് പറഞ്ഞ ഈ പ്രവൃത്തിയിൽ ജയിക്കുന്നവരാണ് ജീവവൃക്ഷത്തിന്റെ ഫലം ഭക്ഷിച്ച് ദൈവപുത്രന്മാരായി ഉയർത്തപ്പെടുന്നത്.

തോട്ടം കാക്കേണ്ടതിന്റെ ഉദ്ദേശ്യം, പിശാചിന്റെ സ്വാധീനം ഏദെൻ തോട്ടത്തിൽ ഉണ്ടാകാതിരിപ്പാനാണ്. പിശാചിന്റെ സ്വാധീനം ഉണ്ടായാൽ പിശാച് മനുഷ്യരെ ദൈവേഷ്ടത്തിൽ നിന്ന് അകറ്റി സ്വന്ത ഇഷ്ടത്തിലേക്ക് കൊണ്ടുവരികയും, മനുഷ്യനെ മരണത്തിലേക്ക് നയിക്കുകയും ചെയ്യും. അതോടെ ഇതുവരെ ദൈവത്തോടൊപ്പം നടന്ന മനുഷ്യൻ ദൈവത്തിൽ നിന്ന് ഒളിക്കാൻ തുടങ്ങും.

## ദൈവപുത്രന്മാരുടെ നിർമ്മാണം തടസ്സപ്പെടുന്നു, പിശാചിന്റെ 'മരണത്തിന്റെ പദ്ധതി' ആരംഭിക്കുന്നു!

ഏദെൻ തോട്ടത്തിൽ സംഭവിച്ചതും ഇതുപോലെയാണ്. പിശാച് തന്ത്രം ഉപയോഗിച്ചാണ് തന്റെ സ്വാധീനം ഏദെൻ തോട്ടത്തിൽ കൊണ്ടുവന്നതും, ആദാമിനെയും ഹവ്വയെയും മരണത്തിലേക്ക് നടത്തിയതും. പിശാച് ഒരിക്കലും നേരിട്ടല്ല ഹവ്വയുടെ അടുത്ത് വന്നത്. നേരിട്ട് വന്നിരുന്നെങ്കിൽ ഹവ്വ വീഴില്ലായിരുന്നു. ദൈവവചനം പറയുന്നു ഹവ്വ ചതിക്കപ്പെട്ടതാണെന്ന് (2 കൊരി 11:3). ഏദെൻ തോട്ടത്തിൽ പ്രവേശനമുള്ള പാമ്പ് ആത്മരൂപിയായ പിശാചിന് ഭൗതിക ശരീരം കൊടുക്കാൻ തയ്യാറായി. തുടർന്ന് പാമ്പിലൂടെയാണ് പിശാച് ഹവ്വയോടു സംസാരിച്ചതും, തന്റെ ഹൃദയത്തെ വിലക്കപ്പെട്ട കനിയിലേക്ക് ആകർഷിച്ചതും. ഹവ്വയെ ചതിച്ചക്കുവാനും ഇടയാക്കിയത്. താൻ ചതിക്കപ്പെട്ടതറിയാതെ ഹവ്വ പോയി തന്റെ ഭർത്താവായ ആദാമിനെ സ്വാധീനിക്കുകയും ഇരുവരും പിശാചിന്റെ സ്വാധീന വലയത്തിൽ വീഴുകയും, വിലക്കപ്പെട്ട കനി ഭക്ഷിച്ച് മരി

ക്കുകയും ഏദെൻ തോട്ടത്തിൽ നിന്ന് പുറത്താക്കപ്പെടുകയും ചെയ്തു. പിശാചിന്റെ സ്വാധീനത്തിൽ ആദാം വീഴുകയും, ജയിച്ച് ദൈവപുത്രനായിവെളിപ്പെടേണ്ട ആദാം മരിക്കുകയും, ദൈവപുത്രന്മാരുടെ നിർമ്മാണത്തിനുള്ള പദ്ധതി മുടങ്ങുകയും ചെയ്തു. അതോടുകൂടെ ഇതുവരെ മനോഹരമായി പൊയ്ക്കൊണ്ടിരുന്ന രക്ഷയോ, രക്ഷകനോ, രക്ഷയുടെ സുവിശേഷമോ വേണ്ടാതിരുന്ന ദൈവത്തിന്റെ ബിസിനസ്സിലെ ഒന്നാമത്തെ സ്റ്റേജ് അവസാനിച്ചു. ദൈവപുത്രന്മാരുടെ നിർമ്മാണം നിന്നുപോയി.

പിശാച് തന്റെ 'മരണത്തിന്റെ പദ്ധതി' മനുഷ്യരിൽ ആരംഭിക്കുകയും ചെയ്തു.

***ആദാമിന്റെ അനുസരണക്കേടിലൂടെ പിശാച് തന്റെ മരണത്തിന്റെ പദ്ധതി മനുഷ്യരിൽ ആരംഭിച്ചു.***

**"...ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു." (റോമ. 5:12)**

**"ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും." (1 കൊരി. 15:22)**

## ദൈവപുത്രന്മാരുടെ നിർമ്മാണം വീണ്ടും പ്ലാൻ ചെയ്യുന്നു

ആദാമിന്റെ അനുസരണക്കേട് മൂലം ദൈവപുത്രന്മാരുടെ നിർമ്മാണം മുടങ്ങി. 'റോക്ക് വൂൾ' ഉണ്ടാക്കാനുള്ള അസംസ്കൃത വസ്തു പിടിക്കപ്പെട്ടതുപോലെ, ദൈവപുത്രനായി വെളിപ്പെടാനുള്ളആദാം പിശാചിന്റെ പിടിയിൽ പെട്ട് മരിച്ചു. ഇനി ഈ ആദാമിന് ജീവൻ കിട്ടിയെങ്കിൽ മാത്രമേ ദൈവപുത്രന്മാരുടെ നിർമ്മാണം പുനരാരംഭിക്കാൻ കഴിയുകയുള്ളൂ.

## പ്രവചനത്തിന്റെയും പ്രവാചകന്മാരുടെയും ആരംഭം

ഉല്പത്തി 3:15 ൽ ബൈബിളിലെ ആദ്യത്തെ പ്രവചനത്തിൽ, പിശാചിനാൽ പിടിക്കപ്പെട്ട് മരണമടഞ്ഞ മനുഷ്യവർഗ്ഗത്തിന് ജീവൻ കൊടുത്ത് വീണ്ടെടുക്കുവാനുള്ള ദൈവത്തിന്റെ പദ്ധതിയാണ് വെളിപ്പെടുന്നത്. ദൈവത്തിന്റെ ഈ പ്രവർത്തനം ആധുനിക കാറുകളിലെ ജി.പി.എസ്സ്

> കാൽവരി ക്രൂശിലൂടെ, ക്രിസ്തുവിലുള്ള പുതിയ സൃഷ്ടിയിലൂടെ, ദൈവം ജീവന്റെ പദ്ധതി ക്രിസ്തുവിൽ വിശ്വസിക്കുന്ന മനുഷ്യരിൽ ആരംഭിച്ചു.

സിസ്റ്റത്തിലൂടെ (GPS) നമുക്ക് മനസ്സിലാക്കാം. ജി.പി.എസ്സ് സിസ്റ്റം (ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം) (Global Positioning System) ഒരു യാത്രക്കാരനെ താൻ ഉദ്ദേശിച്ച സ്ഥലത്ത്, അതായത് ലക്ഷ്യത്തിലെത്തുവാൻ സഹായിക്കുന്നു. ഉദാഹരണമായി കൊച്ചിയിലായിരിക്കുന്ന ഒരാൾക്ക് മുംബൈയിൽ പോകണമെങ്കിൽ അത് വാഹനത്തിലെ ജി.പി. എസ്സ് സിസ്റ്റത്തിൽ സെറ്റ് ചെയ്താൽ, മുംബൈയ്ക്ക് ഇത്ര കിലോമീറ്റർ ഉണ്ടെന്നും, ഇന്നിന്ന വഴികളിലൂടെ പോകണമെന്നും, ഇത്ര മണിക്കൂറുകൾ കൊണ്ട് അവിടെയെത്തുമെന്നുമുള്ള വിവരങ്ങൾ ജി.പി.എസ്സ് സിസ്റ്റത്തിന്റെ സ്ക്രീനിൽ തെളിഞ്ഞ് വരും. പക്ഷേ വണ്ടി ഓടിക്കുന്ന വ്യക്തി ജി.പി.എസ്സ് സിസ്റ്റത്തിൽ കാണിച്ച വഴിയിലൂടെ പോകാൻ മറന്നു പോയെങ്കിൽ, ജി.പി.എസ്സ് സിസ്റ്റം അത് മനസ്സിലാക്കി വേറെ വഴിയിലൂടെ മുംബൈയിലെത്തുവാൻ കണക്കുകൂട്ടുകയും, പുതിയ വഴി സ്ക്രീനിൽ കാണിച്ച് തരികയും ചെയ്യും. ഇതുപോലെ ആദാമിന് ദൈവപുത്രനായി വെളിപ്പെടാൻ ദൈവം ആദ്യം കാണിച്ചുകൊടുത്ത വഴിയിലൂടെ പോകുന്നതിൽ പരാജയപ്പെട്ടപ്പോൾ ദൈവം മറ്റൊരു 'വഴിയൊരുക്കി'. (ബൈബിളിലെ ആദ്യ പ്രധാന പ്രവചനം ഉല്പത്തി 3:15) ആ വഴിയാണ് യേശുവാകുന്ന വഴി (യോഹന്നാൻ 14:6). സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും. ഈ പ്രവചനമാണ് ബൈബിളിലെ അടിസ്ഥാന പ്രവചനം, ഇവിടെ നിന്നാണ് പ്രവാചകന്മാരുടെ ആരംഭവും, ഈ അടിസ്ഥാന പ്രവചനത്തിന്റെ മേലാണ് പ്രവാചകന്മാർ പ്രവചിച്ചിരിക്കുന്നത്. ദൈവപുത്രന്മാരുടെ നിർമ്മാണം നന്നായി ആരംഭിച്ച ഒന്നാമത്തെ പീരീഡിൽ പ്രവാചകന്മാരുടെ ആവശ്യം ഇല്ലായിരുന്നു. പ്രവാചകന്മാരുടെ പ്രധാന ഉദ്ദേശ്യം "ദൈവവചനം പറഞ്ഞ (ഉല്പത്തി 3:15) അടിസ്ഥാന പ്രവചനത്തിലെ സ്ത്രീയുടെ സന്തതിയായ രക്ഷകൻ അഥവാ മശിഹ വരുമെന്ന് ജനത്തെ ഓർമ്മിപ്പിക്കുക എന്നതാണ്." അതുകൊണ്ടാണ് പ്രവാചകന്മാരുടെ കാലം യോഹന്നാൻ വരെ

> ആദാമിന് ദൈവപുത്രനായി വെളിപ്പെടാൻ ദൈവം ആദ്യം കാണിച്ചുകൊടുത്ത വഴിയിലൂടെ പോകുന്നതിൽ പരാജയപ്പെട്ടപ്പോൾ ദൈവം മറ്റൊരു 'വഴിയൊരുക്കി'. (ബൈബിളിലെ ആദ്യ പ്രധാന പ്രവചനം ഉല്പത്തി 3:15) ആ വഴിയാണ് യേശുവാകുന്ന വഴി.

പ്രവാചകന്മാരുടെ പ്രധാന ഉദ്ദേശ്യം "ദൈവ വചനം പറഞ്ഞ (ഉല്പത്തി 3:15) അടിസ്ഥാന പ്രവചനത്തിലെ സ്ത്രീയുടെ സന്തതിയായ രക്ഷകൻ അഥവാ മശിഹ വരുമെന്ന് ജനത്തെ ഓർമ്മിപ്പിക്കുക എന്നതാണ്."

യെന്ന് വചനം പറയുന്നത്.

**"ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും കാലം യോഹന്നാൻ വരെ ആയിരുന്നു." (ലൂക്കൊ. 16:16)**

**"സകല പ്രവാചകന്മാരും ന്യായപ്രമാണവും യോഹന്നാൻ വരെ പ്രവചിച്ചു." (മത്താ. 11:13)**

## ന്യായപ്രമാണത്തിന്റെ ആരംഭം

ആദാമിന്റെ തലമുറയുടെ അനുസരണമില്ലായ്മ നിമിത്തം ദൈവം ജനങ്ങൾക്ക് കൊടുത്തതാണ് ന്യായപ്രമാണം. മോശയ്ക്ക് ദൈവം കൊടുത്ത പത്ത് കല്പനകളും ഏകദേശം 600-ൽ പരം ഉപനിയമങ്ങളും ചേർന്നതാണ് ന്യായപ്രമാണം.

**"എന്നാൽ ന്യായപ്രമാണം എന്തിന്? വാഗ്ദത്തം ലഭിച്ച സന്തതി വരുവോളം അതു ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതും ദൂതന്മാർ മുഖാന്തരം മദ്ധ്യസ്ഥന്റെ കയ്യിൽ ഏല്പിച്ചതുമത്രേ." (ഗലാ. 3:19)**

## ന്യായപ്രമാണത്തിന്റെ ഉദ്ദേശ്യം

പാപം നിമിത്തം ആത്മാവിൽ മരിച്ച്, പാപത്തെ തിരിച്ചറിയാൻ കഴിയാത്ത ജനങ്ങൾക്ക്, പാപത്തെക്കുറിച്ചുള്ള ബോധം കൊടുത്ത് പാപം ചെയ്യാതെ വിശുദ്ധജീവിതം നയിക്കുവാൻ സഹായിക്കാനാണ് ന്യായപ്രമാണം.

## ന്യായപ്രമാണം എപ്പോൾ വരെ

ഗലാത്യർ 3:19 - പ്രകാരം ബൈബിളിലെ ഒന്നാമത്തെ പ്രവചനത്തിലെ രക്ഷകനായ, വാഗ്ദത്ത സന്ത തിയായ യേശു വരുന്നതു വരെ യാണ് ന്യായപ്രമാണം. കാരണം യേശു വന്നാൽ ആത്മാവിൽ മരിച്ച മക്കളെ വീണ്ടും ജീവിപ്പിക്കും, വീണ്ടും ജനിച്ച ഒരു വ്യക്തിക്ക് പാപങ്ങളെ തിരിച്ചറിയാൻ കഴിയും. പാപം പ്രധാനമായും ബന്ധപ്പെട്ട് കിടക്കുന്നത് ആത്മാവുമായാണ്. ആത്മാവിൽ മരിച്ച ഒരു വ്യക്തിക്ക് പാപം തിരിച്ചറിയാൻ പ്രയാസമാണ്. ഉദാഹരണമായി, കുഷ്ഠരോഗികളെ കണ്ടിട്ടുള്ളവർക്കറിയാം അവരിൽ പലർക്കും കൈവിരലുകൾ നഷ്ടപ്പെട്ട അവസ്ഥയിലായിരിക്കും. കാരണം കുഷ്ഠരോഗം പ്രധാനമായും ബാധിക്കുന്നത് മനുഷ്യന്റെ ത്വക്കിനെയാണ്. കുഷ്ഠരോഗം ബാധിക്കുന്നിടത്തെല്ലാം ത്വക്ക് മരിക്കുകയും സ്പർശനശേഷി നശിക്കുകയും ചെയ്യും. അങ്ങനെയുള്ള

1. അടിമവീടായ മിസ്രയിം ദേശത്തു നിന്നു നിന്നെ കൊണ്ടുവന്ന യഹോവയായ ഞാൻ നിന്റെ ദൈവം ആകുന്നു. ഞാനല്ലാതെ അന്യ ദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്.
2. ഒരു വിഗ്രഹം ഉണ്ടാക്കരുത്; മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്ക് കീഴെ വെള്ളത്തിലെങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയും അരുത്...
3. നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുത്; തന്റെ നാമം വൃഥാ എടുക്കുന്നവനെ യഹോവ ശിക്ഷിക്കാതെ വിടുകയില്ല.
4. ശബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്കുക.
5. നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നിനക്ക് ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക.
6. കൊല ചെയ്യരുത്.
7. വ്യഭിചാരം ചെയ്യരുത്.
8. മോഷ്ടിക്കരുത്.
9. കൂട്ടുകാരന്റെ നേരെ കള്ള സാക്ഷ്യം പറയരുത്.
10. കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുത്; കൂട്ടുകാരന്റെ ഭാര്യയെയും അവന്റെ ദാസനെയും ദാസിയെയും അവന്റെ കാളയെയും കഴുതയെയും കൂട്ടുകാരനുള്ള യാതൊന്നിനെയും മോഹിക്കരുത്.


(ചിത്രം-8)

തുകൊണ്ട് ചൂടുള്ള ചട്ടിയിലോ, പാത്രത്തിലോ തൊട്ടാൽ, തീയിൽ പിടിച്ചാൽ, കത്തി കൊണ്ട് കൈ മുറിഞ്ഞാൽ കുഷ്ഠരോഗികൾക്ക് പ്രത്യേകിച്ച് പൊള്ളലോ വേദനയോ തോന്നുകയില്ല. പക്ഷേ ക്ഷതമേറ്റ കൈവിരലുകൾ നഷ്ടപ്പെട്ട് പോകും. ഇതുപോലെ ആത്മാവിൽ മരിച്ച വ്യക്തികൾക്ക് പാപം തിരിച്ചറിയാൻ കഴിയുകയില്ലെങ്കിലും പാപം ചെയ്താൽ പാപത്തിന്റെ പരിണിതഫലമായ നഷ്ടങ്ങൾ ആ വ്യക്തിയുടെ ജീവിതത്തിലുണ്ടാകും. ഇതൊഴിവാക്കാനാണ് ന്യായപ്രമാണം കൊടുത്തിരിക്കുന്നത്.

ഒരു കുഷ്ഠരോഗിക്ക്, തീയിലും ചൂടുള്ളതിലും കത്തിയിലും തൊട്ടും പിടിച്ചും അപകടം ഉണ്ടാകാതിരിക്കുവാൻ ഒരു നിയമം എഴുതിക്കൊടുക്കുകയാണെങ്കിൽ അതിങ്ങനെയായിരിക്കും,

1. **തീയുടെ അടുക്കൽ പോകരുത്.**
2. **കത്തി ഉപയോഗിക്കരുത്.**
3. .....
4. .....

ഇതുപോലെയാണ് ദൈവം ജനങ്ങൾക്ക് കൊടുത്ത ന്യായപ്രമാണം.

എന്നാൽ ചിന്തിക്കുക, കുഷ്ഠരോഗിയുടെ രോഗം സൗഖ്യമായി എങ്കിൽ ഇനി കുഷ്ഠരോഗിയ്ക്ക് നിയമം എഴുതിക്കൊടുക്കേണ്ട ഒരു ആവശ്യവും ഇല്ല. കാരണം തീയുടെ അടുക്കൽ ചെല്ലുമ്പോഴേ തന്റെ ത്വക്കിന് ജീവൻ തിരിച്ചുകിട്ടിയതുകൊണ്ട് ആ വ്യക്തിക്ക് തീയുടെ ചൂട് അനുഭവപ്പെടും. അതോടെ താൻ തീയുടെ അടുക്കൽ നിന്ന് മാറിപ്പോവുകയും അപകടത്തിൽ നിന്നും ഒഴിവാകുകയും ചെയ്യും. ഇതുപോലെ തന്നെ യേശു ക്രിസ്തുവിനാൽ ആത്മാവിൽ വീണ്ടും ജനിക്കപ്പെട്ട ഒരു വ്യക്തിക്ക് പാപം തിരിച്ചറിയുവാൻ കഴിയും. ഒരു പാപ പ്രവൃത്തിയിലേക്ക് അടുത്തുവരുമ്പോഴേക്കും ആ വ്യക്തിയുടെ ഉള്ളിലെ ദൈവീകസമാധാനത്തിന് ഇളക്കം തട്ടുവാനും, അതിലേക്ക് പോകരുത് എന്ന പരിശുദ്ധാത്മാവിന്റെ മൃദുലസ്വരം താൻ കേൾക്കുവാനും തുടങ്ങുന്നു. ഇതാണ് 'ആത്മാവിന്റെ നിയമം'. ഇങ്ങനെ പരിശുദ്ധാത്മാവിന്റെ സ്വരം കേട്ട് ജീവിക്കുന്നവർക്ക് പിന്നെ പരിശുദ്ധാത്മാവിനാൽ തന്നെ കൽപലകയിൽ എഴുതപ്പെട്ട ന്യായപ്രമാണത്തിന്റെ ആവശ്യം ഇല്ല. കാരണം ഇപ്പോൾ ആ വ്യക്തി പരിശുദ്ധാത്മാവിനാൽ എഴുതപ്പെട്ട അക്ഷരം നോക്കിയല്ല ജീവിക്കുന്നത്, അതിനേക്കാൾ ഉപരി പരിശുദ്ധാത്മാവിനെ നേരിട്ട് കേട്ടാണ് ജീവിക്കുന്നത്.

> 'ന്യായപ്രമാണം' ലോകത്തിലുള്ളവർക്കും, 'ആത്മാവിന്റെ പ്രമാണം' ലോകത്തിൽ നിന്ന് സ്വർഗ്ഗീയഭവനത്തിലേക്ക് യാത്ര ചെയ്യുന്നവർക്കും വേണ്ടിയുള്ളതാണ്.

**"ആത്മാവിനെ അനുസരിച്ച് നടക്കുന്നു എങ്കിൽ നിങ്ങൾ ന്യായപ്രമാണത്തിൻ കീഴുള്ളവരല്ല."** (ഗലാ. 5:18)

ആത്മാവിന്റെ സ്വരം കേൾക്കാൻ കഴിയാത്ത വ്യക്തികൾ വീണ്ടും ന്യായപ്രമാണം അനുസരിച്ച് ജീവിക്കേണ്ടിവരും. പരിശുദ്ധാത്മാവിനാൽ

എഴുതപ്പെട്ട നിയമങ്ങൾ വായിച്ച് നോക്കി ജീവിക്കുന്നതിനെയാണ് 'ന്യായ പ്രമാണപ്രകാരമുള്ള' ജീവിതമെന്ന് പറയുന്നത്. എന്നാൽ ആത്മാവിൽ വീണ്ടും ജനിച്ചപ്പോൾ ആ വ്യക്തിയുടെ അകത്തുവന്ന പരിശുദ്ധാത്മാവിന്റെ സ്വരം കേട്ട് ജീവിക്കുന്നതിനെയാണ് 'ആത്മാവിന്റെ നിയമപ്രകാരമുള്ള' ജീവിതം എന്ന് പറയുന്നത്. അതുകൊണ്ടാണ് യേശുക്രിസ്തു വരുന്നതുവരെ മാത്രമേ എഴുതപ്പെട്ട ന്യായപ്രമാണത്തിന്റെ ആവശ്യകതയുള്ളൂവെന്ന് തിരുവചനം പറയുന്നത്.

പരിശുദ്ധാത്മാവിനാൽ എഴുതപ്പെട്ട നിയമങ്ങൾ വായിച്ചു നോക്കി ജീവിക്കുന്നതിനെയാണ് 'ന്യായപ്രമാണപ്രകാരമുള്ള' ജീവിതമെന്ന് പറയുന്നത്. എന്നാൽ ആത്മാവിൽ വീണ്ടും ജനിച്ചപ്പോൾ ആ വ്യക്തിയുടെ അകത്തുവന്ന പരിശുദ്ധാത്മാവിന്റെ സ്വരം കേട്ട് ജീവിക്കുന്നതിനെയാണ് 'ആത്മാവിന്റെ നിയമപ്രകാരമുള്ള' ജീവിതം എന്ന് പറയുന്നത്.

**"എന്നാൽ ന്യായപ്രമാണം എന്തിന്? വാഗ്ദത്തം ലഭിച്ച സന്തതി വരുവോളം അതു ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതും ദൂതന്മാർ മുഖാന്തരം മദ്ധ്യസ്ഥന്റെ കയ്യിൽ ഏല്പിച്ചതുമത്രേ." (ഗലാ. 3:19)**

**"ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടേയും കാലം യോഹന്നാൻ വരെ ആയിരുന്നു; അന്നുമുതൽ ദൈവരാജ്യത്തെ സുവിശേഷിച്ചു വരുന്നു; എല്ലാവരും ബലാൽക്കാരേണ അതിൽ കടപ്പാൻ നോക്കുന്നു."**

**(ലൂക്കൊ. 16:16)**

എന്നാൽ ആത്മാവിന്റെ സ്വരം കേട്ട് ജീവിക്കാതിരിക്കുന്ന ഒരു വ്യക്തി എഴുതപ്പെട്ട ന്യായപ്രമാണത്തിൽ നിന്ന് ഒഴിവുള്ളവനല്ല. ആ വ്യക്തി വീണ്ടും ലോകരീതിയിൽ ജീവിക്കുന്നതുകൊണ്ട്, ആത്മാവിന്റെ നിയമത്തിൽ പ്രവേശിച്ച് ക്രിസ്തുവിനെ അനുഗമിച്ച് പിതാവിലേക്ക് മടക്കയാത്ര ചെയ്യുന്നതുവരെ ന്യായപ്രമാണത്തിൻ കീഴുള്ളവനാണ്. ഇതുകൊണ്ടാണ് ന്യായപ്രമാണത്തെ ശിശുപാലകനെന്ന് വിളിക്കുന്നത്. ഒരു ബേബിസിറ്റിംഗിലെ ആയ കുട്ടികളെ നോക്കുന്നത്, ആ കുട്ടികളുടെ അമ്മ വരുന്നത് വരെയാണ്. ഇതുപോലെ ന്യായപ്രമാണം ഒരു വ്യക്തിയെ സൂക്ഷിക്കുന്നത്, ആ വ്യക്തിയുടെ അമ്മയും അപ്പനുമായ ക്രിസ്തുവിന്റെ ആത്മാവിന്റെ അടുത്ത് എത്തിക്കുന്നതുവരെയാണ്.

**"അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന്നു ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്ക് നടത്തുവാൻ നമുക്ക് ശിശുപാലകനായി ഭവിച്ചു." (ഗലാ. 3:24)**

അതുകൊണ്ട് ആത്മാവിനെ അനുസരിച്ച് ജീവിക്കാൻ തയ്യാറുള്ള

വ്യക്തിക്ക് ന്യായപ്രമാണത്തിന്റെ കാലം വീണ്ടും ജനിക്കുന്നത് വരെ മാത്രമേ ഉള്ളൂ. അല്ലാത്ത വ്യക്തികൾ തുടർന്നും ഒരിക്കലും മാറിപ്പോകാത്ത ന്യായപ്രമാണത്തിന്റെ കീഴിലാണ് ആയിരിക്കുന്നത്.

**"സത്യമായിട്ട് ഞാൻ നിങ്ങളോട് പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്ന് ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരു നാളും ഒഴിഞ്ഞുപോകയില്ല." (മത്താ. 5:18)**

ഫാദേഴ്സ് ബിസിനസ്സ് വാല്യം 1-ൽ എഴുതിയിട്ടുള്ള ധൂർത്തപുത്രന്റെ കഥയുമായി ബന്ധപ്പെടുത്തി നാം പറയുകയാണെങ്കിൽ ധൂർത്തപുത്രന് '**സുബോധം**' ലഭിക്കുന്നതിന് മുമ്പുള്ള നിയമമാണ് '**ന്യായപ്രമാണം**', '**സുബോധം**' ലഭിച്ചതിന് ശേഷമുള്ള നിയമമാണ് 'ആത്മാവിന്റെ നിയമം'. മറ്റൊരുരീതിയിൽ പറഞ്ഞാൽ തന്നെക്കുറിച്ച് സുബോധമില്ലാത്ത, ആത്മാവിൽ മരിച്ച മനുഷ്യന് '**ന്യായപ്രമാണവും**' സുബോധമുള്ള മനുഷ്യന് '**ആത്മാവിന്റെ നിയമവും**'.

ഇതു മനസ്സിലാക്കുവാൻ എന്റെ സുവിശേഷയാത്രയിൽ ഞാൻ കണ്ട ഒരു സംഭവം എഴുതട്ടെ, ഇന്ത്യയിലെ ഒരു സ്റ്റേറ്റിലൂടെ മറ്റൊരു വ്യക്തിയുമായി ഞാൻ മീറ്റിംഗ് സ്ഥലത്തേക്ക് കാറിൽ പോകുമ്പോൾ ഒരു സ്ഥലത്തെത്തിയപ്പോൾ പെട്ടെന്ന് ഓടിച്ചിരുന്ന വ്യക്തി തന്റെ സീറ്റ് ബെൽറ്റ് ഊരി. ഞാൻ ചോദിച്ചു, എന്ത് പറ്റി, എന്തിനാണ് സീറ്റ് ബെൽറ്റ് ഊരിയത് ? അദ്ദേഹം പറഞ്ഞു 'ഓ ഇനി പോലീസില്ല, സീറ്റ് ബെൽറ്റ് ഇട്ടില്ലെങ്കിൽ ആരും പിടിക്കത്തില്ല'. തുടർന്ന് ഞാനും സീറ്റ് ബെൽറ്റ് ഊരുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു. പക്ഷേ ഞാൻ സീറ്റ് ബെൽറ്റ് ഊരിയില്ല. ഇവിടെ നമുക്ക് രണ്ട് വ്യക്തികളെ കാണാം. ഒന്ന് സീറ്റ് ബെൽറ്റ് ഇട്ടിട്ട് ഊരിയ വ്യക്തിയും, രണ്ട് സീറ്റ് ബെൽറ്റ് ഊരാത്ത വ്യക്തിയും. സീറ്റ് ബെൽറ്റ് ഇട്ടിട്ട് പിന്നീട് ഊരിക്കളഞ്ഞ വ്യക്തി സീറ്റ് ബൽറ്റ് ഇടാൻ കാരണം പോലീസിന്റെ നാട്ടിലുള്ള നിയമത്തെ പേടിച്ചാണ്. എന്നാൽ ഞാൻ സീറ്റ് ബെൽറ്റ് ഊരാത്തതിന്റെ കാരണം പുറത്തുള്ള പോലീസിന്റെ നിയമത്തെ പേടിച്ചിട്ടല്ല. പകരം എന്റെ സുരക്ഷിതത്വത്തിന് ഈ സീറ്റ് ബെൽറ്റ് നല്ലതാണെന്നുള്ള 'സുബോധം' എന്റെ ഉള്ളിൽ ഉള്ളതുകൊണ്ടാണ്. ഇതിൽ നിന്ന് നമുക്ക് മനസ്സിലാകുന്നത് സുബോധമില്ലാത്ത വ്യക്തിയെ സംരക്ഷിക്കണമെങ്കിൽ നിയമങ്ങൾ ആവശ്യമാണ്, സുബോധമുള്ള വ്യക്തി തന്നെത്താൻ സൂക്ഷിക്കുന്നു.

**"ദൈവത്തിൽ നിന്നും ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല എന്നും നാം അറിയുന്നു; ദൈവത്തിൽ നിന്നും ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു; ദുഷ്ടൻ അവനെ തൊടുന്നതുമില്ല." (1 യോഹ. 5:18)**




(ചിത്രം-9)

പോലീസിന്റെ നിയമത്തെ പേടിച്ച് ബെൽറ്റിടുന്ന വ്യക്തി പുറമെ, ലോകത്തിൽ നിന്ന് നിയന്ത്രിക്കപ്പെടുന്നു. തന്റെ സുബോധത്തിൽ നിന്ന് തന്റെ സുരക്ഷിതത്വത്തിനായി ബെൽറ്റ് ഇട്ട വ്യക്തി അകമെ തന്റെ ഹൃദയത്തിൽ നിന്ന് നിയന്ത്രിക്കപ്പെടുന്നു. ഇതുപോലെതന്നെയാണ് 'ന്യായപ്രമാണവും ആത്മാവിന്റെ നിയമവും' പ്രവർത്തിക്കുന്നത്. പാപബോധം നഷ്ടപ്പെട്ട മനുഷ്യരെ ലോകത്തിൽ നിന്ന് ന്യായപ്രമാണത്താൽ നിയന്ത്രിക്കുന്നു. എന്നാൽ ദൈവരാജ്യത്തിന്റെ സുവിശേഷം കേട്ട് താൻ ആരെന്നുള്ള 'സുബോധം' വരികയും വീണ്ടും ജനിക്കുകയും ചെയ്ത മനുഷ്യനെ തന്റെ ഉള്ളിൽ നിന്ന് ദൈവാത്മാവ് നയിക്കുന്നു.

ന്യായപ്രമാണം ലോകത്തിൽ നിന്ന് നിയന്ത്രിക്കുമ്പോൾ 'ആത്മാവിന്റെ പ്രമാണം' മനുഷ്യന്റെ ആത്മാവിൽ നിന്ന്, ദൈവരാജ്യത്തിൽ നിന്ന് മനുഷ്യനെ നയിക്കുന്നു.

> സുബോധമില്ലാത്ത വ്യക്തിയെ സംരക്ഷിക്കണമെങ്കിൽ നിയമങ്ങൾ ആവശ്യമാണ്, സുബോധമുള്ള വ്യക്തി തന്നെത്താൻ സൂക്ഷിക്കുന്നു.

'സുബോധം' വന്ന ധൂർത്തപുത്രൻ തനിക്ക് ലഭിച്ച സുബോധത്താൽ തന്റെ പഴയ വഴിയെ ഉപേക്ഷിച്ച്, പുതിയ വഴിയിലൂടെ (മടക്കയാത്ര) നടക്കാൻ തുട

ങ്ങിയതുപോലെ, 'സുബോധം' ലഭിച്ച വ്യക്തി, തനിക്ക് സുബോധം ലഭിച്ചതിനാൽ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടി ഉപേക്ഷിച്ച് പുതിയ മനുഷ്യനെ തന്റെ ദേഹിയിലേക്ക് ധരിക്കുന്നു.

**"... നിങ്ങൾ പഴയമനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ" (കൊലൊ. 3:9-10)**

> പാപബോധം നഷ്ടപ്പെട്ട മനുഷ്യരെ ലോകത്തിന്റെ നിയമം ന്യായപ്രമാണത്താൽ നിയന്ത്രിക്കുന്നു. എന്നാൽ ദൈവരാജ്യത്തിന്റെ സുവിശേഷം കേട്ട് താൻ ആരെന്നുള്ള സുബോധം വരികയും വീണ്ടും ജനിക്കുകയും ചെയ്ത മനുഷ്യനെ തന്റെ ഉള്ളിൽ നിന്ന് ദൈവാത്മാവ് നയിക്കുന്നു.

യേശുക്രിസ്തു വന്ന് പിശാചിൽ നിന്ന് രക്ഷിച്ചിട്ടും സ്വർഗ്ഗീയഭവനത്തിലേക്ക് മടക്കയാത്ര പോകാതെ ലോകപ്രകാരം ജീവിക്കുന്ന ഒരു വ്യക്തി വീണ്ടും ന്യായപ്രമാണത്തിൻ കീഴിലാണ്. എന്നാൽ യേശുവിനെ അനുഗമിച്ച്, ആത്മാവിന്റെ സ്വരം കേട്ട്, സ്വർഗ്ഗരാജ്യത്തിലേക്ക് മടക്കയാത്ര ചെയ്യുന്നവർ 'ആത്മാവിന്റെ നിയമത്തിൻ കീഴിലാണ്'. മറ്റൊരുരീതിയിൽ പറഞ്ഞാൽ 'ന്യായപ്രമാണം' ലോകത്തിലുള്ളവർക്കും, 'ആത്മാവിന്റെ പ്രമാണം' ലോകത്തിൽ നിന്ന് സ്വർഗ്ഗീയഭവനത്തിലേക്ക് യാത്ര ചെയ്യുന്നവർക്കും വേണ്ടി ഉള്ളതാണ്.

> പഴയമനുഷ്യനെ ഉപേക്ഷിച്ച് പുതിയ മനുഷ്യനെ ധരിക്കാൻ കാരണം പുറമേയുള്ള ഒരു നിയമമല്ല പകരം തനിക്ക് ലഭിച്ച സുബോധമാണ്, അഥവാ താൻ ആരെന്നുള്ള ബോധമാണ്.

വചനം പറയുന്നു, ആത്മാവിനെ അനുസരിച്ച് നടക്കുന്നവരാണ് ദൈവത്തിന്റെ മക്കൾ.

**"ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു." (റോമ. 8:14)**

ആദാമിന്റെ അനുസരണക്കേടിലൂടെ പിശാച് ദൈവപുത്രന്മാരുടെ നിർമ്മാണപദ്ധതി തകർത്ത് മരണത്തിന്റെ പദ്ധതിക്ക് തുടക്കം കുറിച്ചു എങ്കിലും ദൈവം രക്ഷകനായ യേശുവിനെ വാഗ്ദത്തം ചെയ്ത് ക്രിസ്തുവിലുള്ള പുതിയ സൃഷ്ടിയിലൂടെ ദൈവപുത്രന്മാരുടെ നിർമ്മാണം പുനരാരംഭിക്കുവാനുള്ള വഴിയൊരുക്കി.

## പ്രാർത്ഥന



ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, വ്യക്തമായി ന്യായപ്രമാണത്തെയും ആത്മാവിന്റെ പ്രമാണത്തെയും, മനസ്സലാക്കിത്തന്നതിനായി നന്ദി. ആത്മാവിനെ അനുസരിച്ച് ജീവിച്ച് സ്വർഗ്ഗരാജ്യം അവകാശമാക്കുവാൻ ഞങ്ങളെ സഹായിക്കണമേ..യേശുവിൻ നാമത്തിൽ തന്നേ...ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ആദാമിന്റെ അനുസരണക്കേടിലൂടെ പിശാച് തന്റെ മരണത്തിന്റെ  പദ്ധതി മനുഷ്യരിൽ ആരംഭിച്ചു.
2. കാൽവരി ക്രൂശിലൂടെ ക്രിസ്തുവിലുള്ള പുതിയ സൃഷ്ടിയിലൂടെ, ദൈവം ജീവന്റെ പദ്ധതി ക്രിസ്തുവിൽ വിശ്വസിക്കുന്ന മനുഷ്യരിൽ ആരംഭിച്ചു.
3. പരിശുദ്ധാത്മാവിനാൽ എഴുതപ്പെട്ട നിയമങ്ങൾ വായിച്ച് നോക്കി ജീവിക്കുന്നതിനെയാണ് 'ന്യായപ്രമാണപ്രകാരമുള്ള' ജീവിതമെന്ന് പറയുന്നത്. എന്നാൽ ആത്മാവിൽ വീണ്ടും ജനിച്ചപ്പോൾ ആ വ്യക്തിയുടെ അകത്തുവന്ന പരിശുദ്ധാത്മാവിന്റെ സ്വരം കേട്ട് ജീവിക്കുന്നതിനെയാണ് 'ആത്മാവിന്റെ നിയമപ്രകാരമുള്ള' ജീവിതം എന്ന് പറയുന്നത്.
4. 'ന്യായപ്രമാണം' ലോകത്തിലുള്ളവർക്കും, 'ആത്മാവിന്റെ പ്രമാണം' ലോകത്തിൽ നിന്ന് സ്വർഗ്ഗീയഭവനത്തിലേക്ക് യാത്ര ചെയ്യുന്നവർക്കും വേണ്ടിയുള്ളതാണ്.
5. ആദാമിന് ദൈവപുത്രനായി വെളിപ്പെടാൻ ദൈവം ആദ്യം കാണിച്ചുകൊടുത്ത വഴിയിലൂടെ പോകുന്നതിൽ പരാജയപ്പെട്ടപ്പോൾ ദൈവം മറ്റൊരു 'വഴിയൊരുക്കി'. (ബൈബിളിലെ ആദ്യ പ്രധാന പ്രവചനം ഉല്പത്തി 3:15) ആ വഴിയാണ് യേശുവാകുന്ന വഴി.
6. പ്രവാചകന്മാരുടെ പ്രധാന ഉദ്ദേശ്യം "ദൈവവചനം പറഞ്ഞ (ഉല്പത്തി 3:15) അടിസ്ഥാന പ്രവചനത്തിലെ സ്ത്രീയുടെ സന്തതിയായ രക്ഷകൻ അഥവാ മശിഹ വരുമെന്ന് ജനത്തെ ഓർമ്മിപ്പിക്കുക എന്നതാണ്."

7. സുബോധമില്ലാത്ത വ്യക്തിയെ സംരക്ഷിക്കണമെങ്കിൽ നിയമങ്ങൾ ആവശ്യമാണ്, സുബോധമുള്ള വ്യക്തി തന്നെത്താൻ സൂക്ഷിക്കുന്നു.

8. പാപബോധം നഷ്ടപ്പെട്ട മനുഷ്യരെ ലോകത്തിൽ നിന്ന് ന്യായപ്രമാണത്താൽ നിയന്ത്രിക്കുന്നു. എന്നാൽ ദൈവരാജ്യത്തിന്റെ സുവിശേഷം കേട്ട് താൻ ആരെന്നുള്ള സുബോധം വരികയും വീണ്ടും ജനിക്കുകയും ചെയ്ത മനുഷ്യനെ തന്റെ ഉള്ളിൽ നിന്ന് ദൈവാത്മാവ് നിയന്ത്രിക്കുന്നു.

9. ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരു വ്യക്തി പഴയമനുഷ്യനെ ഉപേക്ഷിച്ച് പുതിയ മനുഷ്യനെ ധരിക്കാൻ കാരണം പുറമെയുള്ള ഒരു നിയമമല്ല, പകരം തനിക്ക് ലഭിച്ച സുബോധമാണ്, അഥവാ താൻ ആരെന്നുള്ള ബോധമാണ്.



# അദ്ധ്യായം 6

## “ബ്ലൂ പ്രിന്റ് നിർമ്മാണം”

## ദൈവപുത്രന്മാരുടെ നിർമ്മാണം തടസ്സപ്പെട്ട രണ്ടാം ഭാഗത്തിലെ പ്രധാന ദൈവീക പ്രവർത്തനം

“എങ്കിലും അവരിൽ മിക്കപേരിലും ദൈവം പ്രസാദിച്ചില്ല, അവരെ മരുഭൂമിയിൽ തള്ളിയിട്ടു കളഞ്ഞു എന്ന് നിങ്ങൾ അറിയാതിരിക്കരുത് എന്നു ഞാൻ ആഗ്രഹിക്കുന്നു. ഇതു നമുക്കു ദൃഷ്ടാന്തമായി സംഭവിച്ചു; അവർ മോഹിച്ചതുപോലെ നാമും ദുർമ്മോഹികൾ ആകാതിരിക്കേണ്ടതിനു തന്നേ.” (1 കൊരി. 10:5-6)

**മനുഷ്യൻ** പാപം നിമിത്തം ആത്മാവിൽ മരിച്ച്, ദൈവപുത്രന്മാരുടെ നിർമ്മാണം നിന്നുപോയതാണ് രണ്ടാം ഭാഗമെന്ന് നാം മനസ്സിലാക്കിയല്ലോ. ദൈവപുത്രന്മാരുടെ നിർമ്മാണവുമായുള്ള ബന്ധത്തിൽ ഈ സമയം ദൈവം എന്തുചെയ്യുകയായിരുന്നു എന്നതാണ് ഇവിടെ നാം മനസ്സിലാക്കാൻ പോകുന്നത്.

### ബ്ലൂ പ്രിന്റ് നിർമ്മാണം

യേശുക്രിസ്തു ലോകത്തിലേക്ക് വരുന്ന കാലയളവു വരെ ആത്മാവിൽ മരിച്ച്, ലോകത്തിൽ പിശാചിന്റെ കീഴിൽ കുടുങ്ങിപ്പോയ ജനങ്ങളെ ദൈവം സൂക്ഷിച്ചത് ന്യായപ്രമാണത്തിലൂടെയും, പ്രവാചകന്മാരുടെ പ്രവചനത്തിലൂടെയുമാണ്.

ദൈവപുത്രന്മാരുടെ നിർമ്മാണം പുനരാരംഭിക്കാൻ, പിതാവിന്റെ വാഗ്ദാനപ്രകാരം യേശുക്രിസ്തു ലോകത്തിലേക്ക് വരുന്ന കാലയളവു വരെ ആത്മാവിൽ മരിച്ച്, ലോകത്തിൽ പിശാചിന്റെ കീഴിൽ കുടുങ്ങിപ്പോയ ജനങ്ങളെ ദൈവം സൂക്ഷിച്ചത് ന്യായപ്രമാണത്തിലൂടെയും, പ്രവാചകന്മാരുടെ പ്രവചനത്തിലൂടെയുമാണ്. ഇങ്ങനെ ദൈവം ജനത്തെ സൂക്ഷിക്കുമ്പോൾ തന്നെ യേശുക്രിസ്തുവിലൂടെ ‘ദൈവപുത്രന്മാരുടെ’ നിർമ്മാണം പുനരാരംഭിക്കുന്നത് എങ്ങനെയെന്ന് ജനത്തിന് മനസ്സിലാക്കികൊടുക്കുവാൻ തക്കവണ്ണം വിദഗ്ദ്ധശില്പിയായ

ദൈവം യിസ്രായേൽ മക്കളുടെ ജീവിതത്തിലൂടെ ഒരു ബ്ലൂ പ്രിന്റ് വരയ്ക്കുകയായിരുന്നു. അതുകൊണ്ടാണ് ഇന്ന് നമുക്ക് പഴയനിയമം നിഴലും, പുതിയനിയമം പൊരുളുമായിരിക്കുന്നത്.

## ബ്ലൂ പ്രിന്റിന്റെ ഉദ്ദേശ്യം

ഒരു കെട്ടിടത്തിന്റെ നിർമ്മാണം തുടങ്ങുന്നതിനു മുമ്പ് വരയ്ക്കുന്ന പ്ലാൻ ആണ് ബ്ലൂ പ്രിന്റ്. തുടർന്ന് ഈ പ്ലാൻ നോക്കി ചിന്താക്കുഴപ്പങ്ങൾ ഒഴിവാക്കി വളരെ വേഗം കെട്ടിടം നിർമ്മിക്കാൻ കഴിയും. ഇതുപോലെ തന്നെയാണ് ദൈവപുത്രന്മാരുടെ നിർമ്മാണം പൂർത്തിയാക്കി അവർ ദൈവരാജ്യം അവകാശമാക്കുന്നത്. ഈ പ്രവർത്തനം ആത്മീയമായതുകൊണ്ട് ഭൗതിക കണ്ണുകൊണ്ട് കണ്ട് മനസ്സിലാക്കുവാൻ കഴിയുകയില്ല, എന്നാൽ സർവ്വജ്ഞാനിയായ ദൈവം ഈ പ്രവർത്തനത്തിന്റെ രൂപരേഖ എങ്ങനെയെന്ന് യിസ്രായേൽ മക്കളുടെ ജീവിതത്തിലൂടെ വരയ്ക്കുകയായിരുന്നു.

ഫറവോയുടെ കീഴിൽ ഈജിപ്റ്റിൽ അടിമകളായി പോയ യിസ്രായേൽ മക്കളെ ദൈവം മോശവഴി വിടുവിച്ചതിലൂടെ, പുതിയനിയമത്തിൽ യേശുകിസ്തുവിലൂടെയുള്ള ദൈവപുത്രന്മാരുടെ നിർമ്മാണത്തിന്റെ ഒരു രൂപരേഖ ദൈവം വരയ്ക്കുകയായിരുന്നു. അതുകൊണ്ട് ഇന്ന് നമുക്ക് പഴയനിയമം നിഴലും പുതിയനിയമം പൊരുളുമാണ്.

ആദാമും ആദാമിന്റെ ഉള്ളിൽ ഉണ്ടായിരുന്ന സകലതലമുറകളും ദൈവരാജ്യത്തിന്റെ നിഴലായ ഏദെൻ തോട്ടത്തിൽ ആയിരുന്നെങ്കിലും പാപത്താൽ ലോകത്തിലേക്ക് തള്ളപ്പെടുകയും ലോകത്തിൽ മരണത്തിന്റെ അധികാരിയായ പിശാചിന്റെ തടവുകാരായി മാറ്റപ്പെടുകയും ചെയ്തു. ഇതുപോലെ തന്നെ അബ്രഹാം കനാൻ ദേശം അവകാശമാക്കുമെന്ന വാഗ്ദത്തം ദൈവത്തിൽ നിന്ന് പ്രാപിച്ചു എങ്കിലും അതിന് മുമ്പ് മറ്റൊരു രാജ്യത്തിന്റെ (ഈജിപ്റ്റിന്റെ) അടിമകളായി തീരുമെന്ന് ദൈവം പറയുകയുണ്ടായി.

**"പിന്നെ അവനോട്: ഈ ദേശത്തെ നിനക്കു അവകാശമായി തരുവാൻ കൽദയപട്ടണമായ ഊരിൽ നിന്നു നിന്നെ കൂട്ടിക്കൊണ്ടു വന്ന യഹോവ ഞാൻ ആകുന്നു എന്നു അരുളിച്ചെയ്തു. കർത്താവായ യഹോവേ, ഞാൻ അതിനെ അവകാശമാക്കുമെന്നുള്ളതു എനിക്കു എന്തൊന്നിനാൽ അറിയാം എന്നു അവൻ ചോദിച്ചു." (ഉല്പ. 15:7-8)**


**"അപ്പോൾ അവൻ അബ്രാമിനോടു: നിന്റെ സന്തതി സ്വന്തമല്ലാത്ത**

**ദേശത്തു നാനൂറു സംവത്സരം പ്രവാസികളായിരുന്നു ആ ദേശക്കാരെ സേവിക്കും; അവർ അവരെ പീഡിപ്പിക്കുമെന്നു നീ അറിഞ്ഞുകൊൾക. എന്നാൽ അവർ സേവിക്കുന്ന ജാതിയെ ഞാൻ വിധിക്കും; അതിന്റെ ശേഷം അവർ വളരെ സമ്പത്തോടും കൂടെ പുറപ്പെട്ടു പോരും."**

**(ഉല്പ. 15:13-14)**

ദൈവം പറഞ്ഞതുപോലെ തന്നെ അബ്രഹാമിന്റെ തലമുറയായ യിസ്രായേൽ ജനം ഈജിപ്റ്റിൽ ഫറവോയുടെ അടിമകളായി പിടിക്കപ്പെട്ടു. ഈ സംഭവം ആദാമും തലമുറകളും ഏദെനിൽ നിന്ന് തള്ളപ്പെട്ട് ലോകത്തിൽ പിശാചിന്റെ തടവുകാരായി പിടിക്കപ്പെട്ടതിനെ ചിത്രീകരിക്കുന്നു. തുടർന്നുള്ള യിസ്രായേൽ ജനത്തിന്റെ ഈജിപ്റ്റിലെ ജീവിതവും, വിടുതലും, മരുഭൂയാത്രയും, കനാൻദേശം അവകാശമാക്കലുമെല്ലാം പിശാചിന്റെ കീഴിൽ കിടക്കുന്ന ജനത്തെ ദൈവം യേശുക്രിസ്തുവിലൂടെ വിടുവിച്ച് അവർ ജീവനിൽ കടക്കുന്നതിന്റെ, അല്ലെങ്കിൽ ദൈവരാജ്യം അവകാശമാക്കുന്നതിന്റെ നിഴലാണ് അഥവാ ബ്ലൂപ്രിന്റാണ്.


## രണ്ടാം സ്റ്റേജിൽ പിതാവിന്റെ പദ്ധതിക്കെതിരെയുള്ള പിശാചിന്റെ പദ്ധതി.




(ചിത്രം-10)

ദൈവപുത്രന്മാരുടെ നിർമ്മാണം മുടങ്ങിക്കിടന്ന രണ്ടാം സ്റ്റേജിൽ പിശാച് യിസ്രായേൽ ജനത്തെ അവരുടെ അവകാശത്തിൽ നിന്ന് മൂന്ന് രീതികൾ അഥവാ മൂന്ന് ശക്തികൾ ഉപയോഗിച്ചാണ് വേർപെടു

ത്തിയിരുന്നത്. ഈ മൂന്ന് ശക്തികൾ ദൈവത്തിനെതിരെയുള്ള പിശാചിന്റെ ബിസിനസ്സിലെ പങ്കുകാരാണ്. അതുകൊണ്ട് തന്നെ ഈ മൂന്ന് ശക്തികളെ കീഴ്പ്പെടുത്തിയെങ്കിൽ മാത്രമേ യിസ്രായേൽ ജനത്തിന് അവരുടെ വാഗ്ദത്ത ദേശമായ കനാനിൽ എത്തുവാൻ കഴിയുകയുള്ളൂ.





(ചിത്രം-11)

യിസ്രായേൽ ജനം വാഗ്ദത്ത ദേശമായ കനാൻ അവകാശമാക്കണമെങ്കിൽ മൂന്ന് ശക്തികളെ ജയിക്കേണ്ടതായിട്ടുണ്ട് എന്ന് മുകളിൽ കാണിച്ചിരിക്കുന്ന ചിത്രത്തിലൂടെ നമുക്ക് മനസ്സിലാക്കാം. ആദ്യം അവർ ജയിക്കേണ്ടത് ഫറവോനെയാണ്, രണ്ടാമത് ജയിക്കേണ്ടത് അവരുടെ ഹൃദയത്തിലുള്ള ഈജിപ്റ്റിനെയാണ്, അതായത് ഈജിപ്റ്റിന്റെ സംസ്കാരത്തെയാണ്. മൂന്നാമതായി അവർ തോൽപ്പിക്കേണ്ടത് കനാൻ ദേശത്തെ ഏഴ് രാക്ഷസജാതികളെയാണ്. എങ്കിൽ മാത്രമേ അവർക്ക് കനാൻ ദേശം അവകാശമാക്കുവാൻ കഴിയുകയുള്ളൂ. ഇത് യിസ്രായേൽ മക്കൾക്ക്

> ഫറവോയിൽ നിന്ന് ജനത്തെ വിടുവിക്കുവാൻ മോശയും, ഈജിപ്റ്റിന്റെ സംസ്കാരത്തിൽ നിന്ന് ജനത്തെ വിടുവിക്കുവാൻ 'മരുഭൂയാത്രയും', കനാനിലെ രാക്ഷസജാതികളെ തോൽപ്പിക്കുവാൻ യോശുവയും ദൈവത്താൽ നിയമിക്കപ്പെട്ടു.

സ്വയം ചെയ്യുവാൻ കഴിയുകയില്ല.

പിശാച് തന്റെ പദ്ധതിയിലൂടെ യിസ്രായേൽ ജനത്തെ അവരുടെ വാഗ്ദത്തത്തിൽ നിന്ന് മൂന്ന് ശക്തികളെ ഉപയോഗിച്ച് അകറ്റി നിർത്തിയിരുന്നുവെങ്കിൽ ദൈവം പിശാചിന്റെ ഈ തന്ത്രത്തിൽ നിന്ന് യിസ്രായേൽ ജനത്തെ വിടുവിച്ച് വാഗ്ദത്ത ദേശത്ത് എത്തിക്കുവാൻ വേറെ മൂന്ന് ശക്തികളെ നിയമിച്ചു. ഫറവോയിൽ നിന്ന് ജനത്തെ വിടുവിക്കുവാൻ മോശയും, ഈജിപ്റ്റിന്റെ സംസ്കാരത്തിൽ നിന്ന് ജനത്തെ വിടുവിക്കുവാൻ 'മരുഭൂയാത്രയും', കനാനിലെ രാക്ഷസജാതികളെ തോൽപ്പിക്കുവാൻ യോശുവയും ദൈവത്താൽ നിയമിക്കപ്പെട്ടു.




(ചിത്രം-12)

മോശ യിസ്രായേൽ ജനത്തെ ഫറവോയുടെ അടിമത്തത്തിൽ നിന്ന് വിടുവിച്ചു എങ്കിലും, വിടുവിക്കപ്പെട്ട ജനത്തിന്റെ ഹൃദയത്തിൽ ഈജിപ്റ്റിന്റെ സംസ്കാരം ആയിരുന്നതുകൊണ്ട് അവരുടെ ഹൃദയം ഈജിപ്റ്റിന്റെ വെള്ളുള്ളിയും, ഉരുളക്കിഴങ്ങും, ഇറച്ചിക്കലവും, പരിപ്പിൻ കലവും അന്വേഷിച്ചു കൊണ്ടിരിക്കുകയായിരുന്നു. മറ്റൊരുരീതിയിൽ പറഞ്ഞാൽ ഫറവോയിൽ നിന്നും, ഈജിപ്റ്റിൽ നിന്നും മോശ യിസ്രായേൽ ജനത്തെ വിടുവിച്ചു എങ്കിലും, ജനം ഇപ്പോഴും ഈജിപ്റ്റിന്റെ സംസ്കാരത്തിൽ നിന്നും വിടുവിക്കപ്പെട്ടിരുന്നില്ല. അതുകൊണ്ട് ജനത്തിന്റെ അകത്തുള്ള ഈജിപ്റ്റിന്റെ സംസ്ക്കാരത്തിൽ നിന്നും വിടു

വിക്കുവാനാണ് ദൈവം ഏകദേശം 40 വർഷത്തോളം മരുഭൂയാത്ര യിസ്രായേൽ ജനത്തിന് ഒരുക്കിയത്. ഈ സമയം കൊണ്ട്, അല്ലെങ്കിൽ ഈ ശുശ്രൂഷയിലൂടെ ഈജിപ്റ്റിന്റെ സംസ്കാരമുള്ള ജനം മരുഭൂമിയിൽ മരിച്ച് വീഴുകയും ഈജിപ്റ്റിന്റെ സംസ്കാരമില്ലാത്ത പുതിയ തലമുറ മരുഭൂമിയിൽ വച്ച് ജനിച്ച് വളരുകയും ചെയ്തു.

ജനത്തിന്റെ അകത്തുള്ള ഈജിപ്റ്റിന്റെ സംസ്കാരത്തിൽ നിന്നും വിടുവിക്കാനാണ് ദൈവം ഏകദേശം 40 വർഷത്തോളം മരുഭൂയാത്ര യിസ്രായേൽ ജനത്തിന് ഒരുക്കിയത്.

ഈജിപ്റ്റിന്റെ സംസ്കാരമില്ലാത്ത പുതിയ തലമുറയെ മാത്രമാണ് ദൈവം കനാൻ ദേശം അവകാശമാക്കുവാൻ യോഗ്യരായി കണ്ടത്. അവരുടെ ജീവിതത്തിലാണ് തുടർന്ന് യോശുവയുടെ ശുശ്രൂഷ ആരംഭിക്കുന്നത്. അവർ മാത്രമാണ് യോശുവയോട് ചേർന്നു കൊണ്ട് കനാൻ ദേശത്തിലെ രാക്ഷസജാതികളെ കീഴടക്കിയത്.

ഈജിപ്റ്റിന്റെ സംസ്കാരമില്ലാത്ത പുതിയ തലമുറയെ മാത്രമാണ് ദൈവം കനാൻ ദേശം അവകാശമാക്കുവാൻ യോഗ്യരായി കണ്ടത്.

മുകളിൽ വിവരിച്ചിരിക്കുന്നത് പിതാവിന്റെ ബിസിനസ്സിന് എതിരെയുള്ള പിശാചിന്റെ ബിസിനസ്സിന്റെ നിഴൽ രൂപം അല്ലെങ്കിൽ ബ്ലൂ പ്രിന്റ് പഴയനിയമത്തിൽ കൊടുത്തിരിക്കുന്നതാണ്. പഴയനിയമത്തിൽ കാണുന്ന നിഴൽ രൂപത്തിലൂടെ പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്ന മനുഷ്യക്കണ്ണുകൾക്ക് കാണുവാൻ കഴിയാത്ത പിതാവിന്റെ ബിസിനസ്സ് നമുക്ക് മനസ്സിലാക്കാം. മറ്റൊരുരീതിയിൽ പറഞ്ഞാൽ ദൈവപുത്രന്മാരുടെ നിർമ്മാണം എങ്ങനെയെന്ന് മനസ്സിലാക്കാം.

### പ്രാർത്ഥന



***ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, പഴയനിയമത്തിലെ സംഭവത്തിലൂടെ പുതിയനിമത്തിലെ ഞങ്ങളുടെ ഉള്ളിൽ നടക്കുന്ന ദൈവീകപ്രവർത്തനം വെളിപ്പെടുത്തി തരുന്നതിനായി നന്ദി. തുടർന്നും ഞങ്ങളുടെ ഉൾക്കണ്ണുകളെ തുറന്ന് തരേണമേ. യേശുവിൻ നാമത്തിൽ തന്നേ...ആമേൻ.***

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. യേശുക്രിസ്തു ലോകത്തിലേക്ക് വരുന്ന കാലയളവു വരെ ആത്മാവിൽ മരിച്ച്, ലോകത്തിൽ പിശാചിന്റെ കീഴിൽ കുടുങ്ങിപ്പോയ ജനങ്ങളെ ദൈവം സൂക്ഷിച്ചത് ന്യായപ്രമാണത്തിലൂടെയും, പ്രവാചകന്മാരുടെ പ്രവചനത്തിലൂടെയുമാണ്.
2. ഫറവോയുടെ കീഴിൽ ഈജിപ്റ്റിൽ അടിമകളായി പോയ യിസ്രായേൽ മക്കളെ ദൈവം മോശവഴി വിടുവിച്ചതിലൂടെ, പുതിയനിയമത്തിൽ യേശുകിസ്തുവിലൂടെയുള്ള ദൈവപുത്രന്മാരുടെ നിർമ്മാണത്തിന്റെ ഒരു രൂപരേഖ ദൈവം വരയ്ക്കുകയായിരുന്നു. അതുകൊണ്ട് ഇന്ന് നമുക്ക് പഴയനിയമം നിഴലും പുതിയനിയമം പൊരുളുമാണ്.
3. ഫറവോയിൽ നിന്ന് ജനത്തെ വിടുവിക്കുവാൻ മോശയും, ഈജിപ്റ്റിന്റെ സംസ്കാരത്തിൽ നിന്ന് ജനത്തെ വിടുവിക്കുവാൻ 'മരുഭൂയാത്രയും', കനാനിലെ രാക്ഷസജാതികളെ തോൽപ്പിക്കുവാൻ യോശുവയും ദൈവത്താൽ നിയമിക്കപ്പെട്ടു.
4. ജനത്തിന്റെ അകത്തുള്ള ഈജിപ്റ്റിന്റെ സംസ്കാരത്തിൽ നിന്നും വിടുവിക്കാനാണ് ദൈവം ഏകദേശം 40 വർഷത്തോളം മരുഭൂയാത്ര യിസ്രായേൽ ജനത്തിന് ഒരുക്കിയത്.
5. ഈജിപ്റ്റിന്റെ സംസ്കാരമില്ലാത്ത പുതിയ തലമുറയെ മാത്രമാണ് ദൈവം കനാൻ ദേശം അവകാശമാക്കുവാൻ യോഗ്യരായി കണ്ടത്.



# അദ്ധ്യായം 7

## ബ്ലൂ പ്രിന്റിന്റെ സഹായത്തോടുകൂടി മൂന്നാം ഘട്ടമായ ഇപ്പോൾ നടക്കുന്ന 'ദൈവപുത്രന്മാരുടെ നിർമ്മാണം'


"ഇതു ദൃഷ്ടാന്തമായിട്ടു അവർക്കു സംഭവിച്ചു, ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്കു ബുദ്ധ്യുപദേശത്തിന്നായി എഴുതിയുമിരിക്കുന്നു." (1 കൊരി. 10:11)

***ദൈവപുത്രന്മാരുടെ*** നിർമ്മാണം പുനരാരംഭിച്ച കാലമാണ് മൂന്നാം ഘട്ടം. എന്നാൽ കഴിഞ്ഞ അദ്ധ്യായത്തിലെ ബ്ലൂ പ്രിന്റിൽ കണ്ട തുപോലെ ദൈവത്തിന്റെ പദ്ധതിക്കെതിരെ പിശാച് പദ്ധതിയൊരുക്കി. ദൈവത്തോടുള്ള അനുസരണത്തിലൂടെ ദൈവപുത്രന്മാരെ വെളിപ്പെ ടുത്തുകയാണ് ദൈവത്തിന്റെ പദ്ധതിയെങ്കിൽ, മനുഷ്യനെ അനുസ രണക്കേടിൽ കുടുക്കി ദൈവപുത്രന്മാർ വെളിപ്പെടാതെ തടയുകയാണ് പിശാചിന്റെ പദ്ധതി.


> ദൈവത്തോടുള്ള അനുസരണത്തിലൂടെ ദൈവപുത്രന്മാരെ വെളിപ്പെടുത്തുകയാണ് ദൈവത്തിന്റെ പദ്ധതിയെങ്കിൽ, മനുഷ്യനെ അനുസരണക്കേടിൽ കുടുക്കി ദൈവപുത്രന്മാർ വെളിപ്പെടാതെ തടയുകയാണ് പിശാചിന്റെ പദ്ധതി.

പഴയനിയമത്തിലെ ദൈവത്തിന്റെ പദ്ധതിക്കെതിരെയുള്ള പിശാചിന്റെ പദ്ധതിയുടെ ബ്ലൂ പ്രിന്റിൽ പിശാച് ഉപയോഗിച്ച മൂന്ന് രീതികൾ അല്ലെങ്കിൽ മൂന്ന് ശക്തികൾ ഫറവോ, ഈജിപ്റ്റ്, കനാൻ ദേശത്തിലെ ഏഴ് ജാതികൾ എന്നിവയായിരുന്നെങ്കിൽ, പുതിയനിയമത്തിലെ ദൈവപുത്രന്മാരുടെ നിർമ്മാണത്തെ തടയുവാൻ പിശാച് ഉപയോഗിക്കുന്ന യഥാർത്ഥ ശക്തികൾ, 'പിശാച്, ലോകസംസ്കാരം, ജഡം' എന്നിവയാണ്.

പഴയനിയമത്തിലെ ദൈവത്തിന്റെ പദ്ധതിയുടെ ബ്ലൂ പ്രിന്റിൽ (നിഴലിൽ) ദൈവം മോശയെയും, മരുഭൂയാത്രയെയും, യോശുവയെയും ആണ് ഉപയോഗിച്ചതെങ്കിൽ യഥാർത്ഥ നിർമ്മാണത്തിൽ (പൊരുളിൽ) ദൈവം ഉപയോഗിക്കുന്നത് മോശയ്ക്ക് പകരം 'യേശുവിനെയും' മരുഭൂയാത്രയ്ക്ക് പകരം 'ഇടുക്കുവഴിയെയും' യോശുവയ്ക്ക് പകരം 'പരിശുദ്ധാത്മാവിനെയുമാണ്.'




(ചിത്രം-13)




(ചിത്രം-14)

## പിശാചിന്റെ പദ്ധതിയെ തകർത്തുകൊണ്ടുള്ള ദൈവത്തിന്റെ 'ദൈവപുത്രന്മാരുടെ' നിർമ്മാണം:-

പഴയനിയമത്തിൽ യിസ്രായേൽ മക്കൾ ഈജിപ്റ്റിൽ ഫറവോയുടെ അടിമകൾ ആയിരുന്നതുപോലെ, പുതിയനിയമത്തിൽ പിശാച് ദൈവ

ജനത്തെ അവരുടെ പാപം മൂലം ലോകമാകുന്ന ജയിലിൽ അടിമകളാക്കിയിരിക്കുകയാണ്. പിശാച് ദൈവജനത്തെ അവരുടെ വാഗ്ദത്തത്തിൽ നിന്ന് മൂന്ന് ശക്തികൾ, അല്ലെങ്കിൽ മൂന്ന് രീതികൾ ഉപയോഗിച്ച് വേർപെടുത്തിയിരിക്കുകയാണ്. അവയാണ് പിശാച്, ലോക സമ്പ്രദായം, ജഡചിന്തകൾ എന്നിവ എന്ന് മുകളിൽ കാണിച്ചിരിക്കുന്ന ചിത്രത്തിലൂടെ നമുക്ക് മനസ്സിലാക്കാം. എന്നാൽ അതിന് പരിഹാരമായി ദൈവം ചെയ്തത്, പാപം മൂലം പിശാചിന്റെ പിടിയിലായിപ്പോയ ജനത്തെ വിടുവിക്കുവാൻ പാപപരിഹാരത്തിനായി യേശുവിനെയും ലോക സമ്പ്രദായത്തിൽ നിന്ന് വിടുവിക്കുവാൻ 'ഇടുക്കുവഴിയെയും' ജഡചിന്തകളിൽ നിന്ന് വിടുവിക്കുവാൻ പരിശുദ്ധാത്മാവിനെയും ഒരുക്കി.

മോശ യിസ്രായേൽ ജനത്തെ ഫറവോയുടെ അടിമത്തത്തിൽ നിന്ന് വിടുവിച്ചതുപോലെ യേശു ദൈവജനത്തെ കാൽവരി ക്രൂശിലെ തന്റെ പാപപരിഹാര യാഗത്തിലൂടെ ഈ ദുഷ്ടലോകത്തിൽ നിന്നും വിടുവിച്ചു.

**"പിതാവായ ദൈവത്തിങ്കൽ നിന്നും നമ്മുടെ ദൈവവും പിതാവുമായവന്റെ ഇഷ്ടപ്രകാരം ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ നിന്നു നമ്മെ വിടുവിക്കേണ്ടതിനു നമ്മുടെ പാപങ്ങൾ നിമിത്തം തന്നെത്താൻ ഏല്പിച്ചുകൊടുത്തവനായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും......" (ഗലാ. 1:3-4)**

പഴയനിയമത്തിൽ കാണുന്ന യിസ്രായേൽ മക്കളുടെ മരുഭൂയാത്രയിലൂടെ ജനം ഈജിപ്റ്റിലെ ഫറവോയിലാശ്രയിക്കുന്ന അടിമ മനോഭാവം വിട്ട്, അല്ലെങ്കിൽ ഈജിപ്റ്റിന്റെ സംസ്കാരം വിട്ട് ദൈവത്തിൽ പൂർണ്ണമായും ആശ്രയിക്കണമെന്നായിരുന്നു ദൈവത്തിന്റെ ആഗ്രഹം.

മോശയെ അനുഗമിച്ച ജനം മരുഭൂമിയിലൂടെ കനാൻ ദേശത്തേക്ക് യാത്രയായെങ്കിലും അവരിൽ മിക്കവരുടെയും ഹൃദയം ഈജിപ്റ്റിന്റെ സംസ്കാരത്തിൽ തന്നെ തുടർന്നുകൊണ്ടേയിരുന്നു. അതുകൊണ്ടത്രേ ദൈവം അവരുടെ മരുഭൂയാത്ര ദീർഘമാക്കിയത്. ഇന്ന് യേശുവിനെ ഏറ്റുപറഞ്ഞ് ജനം ദൈവരാജ്യത്തിൽ വീണ്ടും ജനിക്കുന്നുവെങ്കിലും അവരിലുള്ള ലോകാനുരൂപത നീക്കിക്കളയുവാനാണ്

ദൈവം 'ഇടുക്കുവഴി' എന്ന ശുശ്രൂഷയെ ഉപയോഗിക്കുന്നത്. ഈ ശുശ്രൂഷയിൽ ജനം ദൈവരാജ്യത്തിന്റെ വചനം കേട്ട് ഓരോ നിമിഷവും ലോകാനുരൂപതയുള്ള മനസ്സ് ദൈവാനുരൂപതയിലേക്ക് മാറ്റേണ്ടതുണ്ട്. ഇങ്ങനെ ഈ യാത്രയിൽ ജനം ദൈവത്തിലാശ്രയിക്കാൻ പഠിക്കും. ഇതുവരെയും യിസ്രായേൽ ജനം തങ്ങളുടെ വിശപ്പിന് പരിഹാരമായി ഫറവോയുടെ ഇറച്ചിക്കലത്തിലേക്കാണ് നോക്കിയതെങ്കിൽ, മരുഭൂമിയിൽ വച്ച് അവർ ഹൃദയം കൊണ്ട് ഫറവോയുടെ ഇറച്ചിക്കലം വിട്ട് ദൈവത്തിലേക്ക് നോക്കുവാനും, അങ്ങനെ ദൈവത്തിലുള്ള ആശ്രയം അവരുടെ മനസ്സിനെ ഈജിപ്റ്റിന്റെ സംസ്കാരത്തിൽ നിന്ന് ദൈവികരീതിയിലേക്ക് മാറ്റുവാനും ഇടയായി. എന്നാൽ ഈജിപ്റ്റിന്റെ ഇറച്ചിക്കലം ഹൃദയത്തിൽ കണ്ടുകൊണ്ട്, മനസ്സ് പുതുക്കാതെ ദൈവത്തിനെതിരെ പിറുപിറുത്ത ജനം മരുഭൂമിയിൽ വീഴുവാൻ ഇടയായിത്തീർന്നു. ഇതുപോലെ വീണ്ടും ജനിച്ചവരുടെ ജീവിതത്തിൽ യിസ്രായേൽ മക്കൾക്ക് മരുഭൂമിയിൽ വച്ച് സംഭവിച്ചതുപോലെ അപ്പത്തിന്റെയും, ഇറച്ചിയുടെയും, വെള്ളത്തിന്റെയും, മറ്റു പലതിന്റെയും കുറവ് അനുഭവപ്പെടാം. എന്നാൽ ഇത് സ്വർഗ്ഗത്തിൽ ക്ഷാമം ഉണ്ടായതുകൊണ്ടോ, നമ്മുടെ ദൈവത്തിന്റെ കൈ കുറുകിപ്പോയതുകൊണ്ടോ അല്ല പകരം നമ്മുടെ മനസ്സ് ലോകാനുരൂപതയിൽ നിന്ന് ദൈവാനുരൂപതയിലേക്ക്, മറ്റൊരുരീതിയിൽ പറഞ്ഞാൽ ലോകാശ്രയത്തിൽ നിന്ന് ദൈവാശ്രയത്തിലേക്ക് മാറ്റുന്ന ദൈവത്തിന്റെ 'ഇടുക്കുവഴി' എന്ന ശുശ്രൂഷയാണ്. ഈ ശുശ്രൂഷയിലൂടെ കടക്കുമ്പോൾ പിശാചിന്റെ രണ്ടാമത്തെ ശക്തികേന്ദ്രമായ "ലോകാനുരൂപതയെ" തകർത്ത് നാം ദൈവരാജ്യമെന്ന വാഗ്ദത്തത്തിലേക്ക് മുന്നേറുകയാണ്.

വീണ്ടും ജനിച്ചവരുടെ ജീവിതത്തിൽ യിസ്രായേൽ മക്കൾക്ക് മരുഭൂമിയിൽ വച്ച് സംഭവിച്ചതുപോലെ അപ്പത്തിന്റെയും, ഇറച്ചിയുടെയും, വെള്ളത്തിന്റെയും, മറ്റുപലതിന്റെയും കുറവ് അനുഭവപ്പെടാം. ഇത് സ്വർഗ്ഗത്തിൽ ക്ഷാമം ഉണ്ടായതുകൊണ്ടോ, നമ്മുടെ ദൈവത്തിന്റെ കൈ കുറുകിപ്പോയതുകൊണ്ടോ അല്ല, പകരം നമ്മുടെ മനസ്സ് ലോകാനുരൂപതയിൽ നിന്ന് ദൈവാനുരൂപതയിലേക്ക്, മറ്റൊരുരീതിയിൽ പറഞ്ഞാൽ ലോകാശ്രയത്തിൽ നിന്ന് ദൈവാശ്രയത്തിലേക്ക് മാറ്റുന്ന ദൈവത്തിന്റെ 'ഇടുക്കുവഴി' എന്ന ശുശ്രൂഷയാണ്.

മരുഭൂയാത്ര കഴിയുന്നതോടെ ജനം മോശയുടെ ശുശ്രൂഷ വിട്ട് യോശുവയുടെ ശുശ്രൂഷയിലേക്ക് കടക്കുകയാണ്. അതായത് 'ഇടു

ക്കുവഴി' ശുശ്രൂഷയിൽ മുന്നേറുന്നതിനനുസരിച്ച് ഒരു വ്യക്തി പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലൂടെ പിശാചിന്റെ മൂന്നാമത്തെ ശക്തികേന്ദ്രമായ മനുഷ്യന്റെ ഉള്ളിൽ നിക്ഷേപിക്കപ്പെട്ട ജഡചിന്തകളെ തകർക്കുവാൻ തയ്യാറാവുകയാണ്. യോശുവ കനാൻ ദേശത്തെ ഏഴ് ജാതികളെ തകർത്ത് വാഗ്ദത്തദേശം യിസ്രായേൽ ജനത്തിന് അവകാശമായി കൊടുത്തതുപോലെ നമ്മൾ പരിശുദ്ധാത്മാവിനോട് സഹകരിക്കുന്നു എങ്കിൽ പരിശുദ്ധാത്മാവ് നമ്മിലുള്ള ജഡചിന്തകളെ തകർത്ത് ദൈവരാജ്യമെന്ന വാഗ്ദത്തത്തിലേക്ക് നമ്മെ എത്തിക്കും.

പുതിയനിയമത്തിൽ കാണുന്ന 'ഇടുക്കുവഴി' എന്ന യാത്രയുടെ ഉദ്ദേശ്യം ജനം പിശാചിന്റെ കീഴിൽ കിടക്കുന്ന ഈ ലോകാനുരൂപത വിട്ട്, മറ്റൊരു രീതിൽ പറഞ്ഞാൽ ലോകത്തിൽ, സ്വയത്തിൽ ആശ്രയിക്കുന്നത് വിട്ട്, ദൈവത്തിൽ പൂർണ്ണമായും ആശ്രയിക്കണമെന്നാണ്.

## പ്രാർത്ഥന



***ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, പഴയനിയമത്തിലെ യിസ്രായേൽ മക്കളുടെ ജീവിതത്തിലൂടെ, ഞങ്ങൾ ദൈവപുത്രന്മാരായി വെളിപ്പെട്ട്, ദൈവരാജ്യം അവകാശമാക്കുവാൻ പഠിപ്പിക്കുന്നതിനായി നന്ദി. ഇത് പരിശുദ്ധാത്മാവിനോട് സഹകരിച്ച് ഞങ്ങളുടെ ജീവിതത്തിൽ കൊണ്ടുവരുവാൻ ഞങ്ങളെ സഹായിക്കണമേ.. യേശുവിൻ നാമത്തിൽ തന്നെ...ആമേൻ.***

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ***ദൈവത്തോടുള്ള അനുസരണത്തിലൂടെ ദൈവപുത്രന്മാരെ വെളിപ്പെടുത്തുകയാണ് ദൈവത്തിന്റെ പദ്ധതിയെങ്കിൽ, മനുഷ്യനെ അനുസരണക്കേടിൽ കുടുക്കി ദൈവപുത്രന്മാർ വെളിപ്പെടാതെ തടയുകയാണ് പിശാചിന്റെ പദ്ധതി.***
2. ***പഴയനിയമത്തിൽ കാണുന്ന യിസ്രായേൽ മക്കളുടെ മരു***

ഭൂയാത്രയിലൂടെ, ജനം ഈജിപ്റ്റിലെ ഫറവോയിലാശ്രയിക്കുന്ന അടിമ മനോഭാവം വിട്ട്, അല്ലെങ്കിൽ ഈജിപ്റ്റിന്റെ സംസ്കാരം വിട്ട് ദൈവത്തിൽ പൂർണ്ണമായും ആശ്രയിക്കണമെന്നായിരുന്നു ദൈവത്തിന്റെ ആഗ്രഹം.

3. വീണ്ടും ജനിച്ചവരുടെ ജീവിതത്തിൽ യിസ്രായേൽ മക്കൾക്ക് മരുഭൂമിയിൽ വച്ച് സംഭവിച്ചതുപോലെ അപ്പത്തിന്റെയും, ഇറച്ചിയുടെയും, വെള്ളത്തിന്റെയും, മറ്റുപലതിന്റെയും കുറവ് അനുഭവപ്പെടാം. ഇത് സ്വർഗ്ഗത്തിൽ ക്ഷാമം ഉണ്ടായതുകൊണ്ടോ നമ്മുടെ ദൈവത്തിന്റെ കൈ കുറുകിപ്പോയതുകൊണ്ടോ അല്ല പകരം നമ്മുടെ മനസ്സ് ലോകാനുരൂപതയിൽ നിന്ന് ദൈവാനുരൂപതയിലേക്ക്, മറ്റൊരുരീതിയിൽ പറഞ്ഞാൽ ലോകാശ്രയത്തിൽ നിന്ന് ദൈവാശ്രയത്തിലേക്ക് മാറ്റുന്ന ദൈവത്തിന്റെ 'ഇടുക്കുവഴി' എന്ന ശുശ്രൂഷയാണ്.

4. പുതിയനിയമത്തിൽ കാണുന്ന 'ഇടുക്കുവഴി' എന്ന യാത്രയുടെ ഉദ്ദേശ്യം ജനം പിശാചിന്റെ കീഴിൽ കിടക്കുന്ന ഈ ലോകാനുരൂപത വിട്ട്, മറ്റൊരു രീതിൽ പറഞ്ഞാൽ ലോകത്തിൽ, സ്വയത്തിൽ ആശ്രയിക്കുന്നത് വിട്ട് ദൈവത്തിൽ പൂർണ്ണമായും ആശ്രയിക്കണമെന്നാണ്.



# അദ്ധ്യായം 8
# മൂന്നാം ഘട്ടത്തിലെ 'ദൈവപുത്രന്മാരുടെ നിർമ്മാണത്തിനെതിരെയുള്ള' പിശാചിന്റെ ആക്രമണം

"നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്ന പോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു."
(1 പത്രൊ. 5:8)

***കഴിഞ്ഞ*** അദ്ധ്യായങ്ങളിൽ നിന്ന് നാം മനസ്സിലാക്കിയത് ഓർക്കുന്നുവല്ലോ? യിസ്രായേൽ മക്കൾക്ക് തങ്ങളുടെ വാഗ്ദത്തദേശമായ കനാൻ അവകാശമാക്കുവാൻ മൂന്ന് തടസ്സങ്ങളെ തരണം ചെയ്യണമായിരുന്നു. ഒന്നാമത്തേത് 'ഫറവോ', രണ്ടാമത്തേത് അവരുടെ ഹൃദയത്തിലുള്ള 'ഈജിപ്റ്റിന്റെ സംസ്കാരം', മൂന്നാമത്തേത് കനാൻ ദേശത്തിലെ 'രാക്ഷസജാതികൾ'.

> ദൈവപുത്രന്മാരായി വെളിപ്പെടുന്നവർക്കുള്ള വാഗ്ദത്തം കനാൻ ദേശമല്ല പകരം 'ദൈവരാജ്യമാണ്'. മറ്റൊരുരീതിയിൽ പറഞ്ഞാൽ നിത്യമായി ദൈവീക കുടുംബത്തിൽ ദൈവമക്കളാകാനുള്ള അംഗത്വമാണ്.

ബ്ലൂ പ്രിന്റിൽ ഇങ്ങനെയാണെങ്കിൽ, ദൈവപുത്രന്മാരുടെ നിർമ്മാണം പുനരാരംഭിച്ച മൂന്നാം ഘട്ടത്തിൽ ദൈവപുത്രന്മാരായി വെളിപ്പെടുന്നവർക്കുള്ള വാഗ്ദത്തം കനാൻ ദേശമല്ല പകരം 'ദൈവരാജ്യമാണ്'. മറ്റൊരുരീതിയിൽ പറഞ്ഞാൽ നിത്യമായി ദൈവീക കുടുംബത്തിൽ ദൈവമക്കളാകാനുള്ള അംഗത്വമാണ്. ഇതിന് ഒരു വ്യക്തി തരണം ചെയ്യേണ്ട മൂന്ന് തടസ്സങ്ങളിൽ ഒന്നാമത്തേത് പിശാച്, രണ്ടാമത്തേത് ആ വ്യക്തിയുടെ ഹൃദയത്തിലുള്ള 'ലോകാനുരൂപത', മൂന്നാമത്തേത് ആ വ്യക്തിയുടെ ഉള്ളിലുള്ള ജഡികചിന്തകൾ. ദൈവപുത്രന്മാരുടെ നിർമ്മാണത്തിനെതിരെ പ്രവർത്തിക്കുന്ന ശത്രുക്കളാണ് ഇവ മൂന്നും. മറ്റൊരുരീതിയിൽ പറഞ്ഞാൽ പിശാചും, പിശാച് ഒരുക്കിയിരിക്കുന്ന പിശാചിന്റെ ബിസിനസ്സിലെ പങ്കാളികളും.

## പഴയ മനുഷ്യനും, പുതിയ മനുഷ്യനും

ബൈബിളിലെ പുതിയനിയമ പുസ്തകങ്ങൾ വായിക്കുമ്പോൾ പഴയമനുഷ്യനെന്നും പുതിയ മനുഷ്യനെന്നും ഇടക്കിടയ്ക്ക് കാണുവാൻ സാധിക്കും. എന്നാൽ നല്ലൊരു പങ്ക് വിശ്വാസികൾക്കും ഇതിനെക്കുറിച്ച് വ്യക്തമായ ഒരു അറിവില്ല. ഇതെന്താണെന്ന് മനസ്സിലാക്കിപ്പോയെങ്കിലേ മനുഷ്യനിൽ നടക്കുന്ന '**പിശാചിന്റെ മരണത്തിന്റെ പദ്ധതിയെക്കുറിച്ചും**', '**ദൈവത്തിന്റെ ജീവന്റെ പദ്ധതിയെക്കുറിച്ചും**' വ്യക്തമായ ഒരു ധാരണ ലഭിക്കുകയുള്ളൂ.

**"...നിങ്ങൾ <u>പഴയ മനുഷ്യനെ</u> അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു. തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിന്നായി പുതുക്കം പ്രാപിക്കുന്ന <u>പുതിയ മനുഷ്യനെ</u> ധരിച്ചിരിക്കുന്നുവല്ലോ." (കൊലൊ. 3:9-10)**

**"മുമ്പിലത്തെ നടപ്പു സംബന്ധിച്ചു ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന <u>പഴയ മനുഷ്യനെ</u> ഉപേക്ഷിച്ചു..." (എഫെ. 4:22)**

**"സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട <u>പുതുമനുഷ്യനെ</u> ധരിച്ചുകൊൾവിൻ" (എഫെ. 4:24)**

ഈ വചനങ്ങളിൽ പഴയ മനുഷ്യനെന്നും പുതിയ മനുഷ്യനെന്നും എഴുതിയിരിക്കുന്നത് നമുക്ക് കാണുവാൻ സാധിക്കും. ഇത് മനസ്സിലാക്കാൻ നാം ആദ്യ സൃഷ്ടിയും, പുതിയ സൃഷ്ടിയും മനസ്സിലാക്കേണ്ടതുണ്ട്.

## പഴയ സൃഷ്ടിയും, പുതിയ സൃഷ്ടിയും

മനുഷ്യവർഗ്ഗത്തെ സംബന്ധിച്ച് രണ്ട് സൃഷ്ടികളാണ് തിരുവചനത്തിൽ നാം കാണുന്നത്. അതിൽ ഒന്നാണ് ഉല്പത്തി 1-ാം അദ്ധ്യായത്തിൽ കാണുന്ന ആദാമിന്റെ സൃഷ്ടി. ആദാമിനെ അനുസരണക്കേടിൽ കുടുക്കിയാണ് പിശാച് മനുഷ്യരിൽ തന്റെ 'മരണത്തിന്റെ പദ്ധതിക്ക്' തുടക്കം കുറിച്ചത്. ഈ മരണത്തിൽ നിന്ന് മനുഷ്യരെ രക്ഷിക്കുവാൻ, ഇതിന് പരിഹാരമായാണ് പിതാവായ ദൈവം കാൽവരി ക്രൂശിലെ യാഗത്തിലൂടെ ക്രിസ്തുവിൽ ഒരു 'പുതിയ സൃഷ്ടികർമ്മം' നടത്തി ആദാമിൽ മരിച്ചവരെയെല്ലാം ക്രിസ്തുവിൽ പുതിയ സൃഷ്ടികളാക്കിയത്.

**"ക്രിസ്തു സമാധാനം ഉണ്ടാക്കിക്കൊണ്ടു ഇരുപക്ഷത്തെയും തന്നിൽ ഒരേ <u>പുതുമനുഷ്യനാക്കി</u> സൃഷ്ടിപ്പാനും..." (എഫെ. 2:15)**

ഈ സദ്‌വാർത്ത കേട്ട് വിശ്വസിച്ച് ഏറ്റെടുക്കുന്ന ഏതൊരു വ്യക്തിക്കും ദൈവരാജ്യത്തിൽ ദൈവത്തിന്റെ മകനായി ക്രിസ്തുവിൽ ജനിക്കാവുന്നതാണ്.

**"അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു." (യോഹ. 1:12)**

> ആദാമിലുള്ളവർ പഴയ മനുഷ്യരും ക്രിസ്തുവിലുള്ളവർ പുതിയ മനുഷ്യരുമാണ്.

ഏകദേശം 6000 വർഷങ്ങൾക്ക് മുമ്പ് നടന്ന, പഴയ സൃഷ്ടിയായ ആദാമിൽ നിന്ന് ജനിച്ച വ്യക്തികളെയാണ് പഴയ മനുഷ്യരെന്ന് വചനം വിളിക്കുന്നത്. എന്നാൽ 2000 വർഷങ്ങൾക്ക് മുമ്പ് കാൽവരി ക്രൂശിൽ ക്രിസ്തുവിൽ നടന്ന പുതിയ സൃഷ്ടിയിൽ നിന്ന് ജനിച്ചവരെയാണ് പുതിയ മനുഷ്യരെന്ന് പറയുന്നത്. അതായത് ആദാമിലുള്ളവർ പഴയ മനുഷ്യരും ക്രിസ്തുവിലുള്ളവർ പുതിയ മനുഷ്യരുമാണ്.


ആദാമിലുള്ളവരുടെ ജനനം ജഡത്താലുള്ള ജനനമാണ്. ക്രിസ്തുവിലുള്ളവരുടെ ജനനം ആത്മാവിനാലുള്ള ജനനമാണ്.

**"ജഡത്താൽ ജനിച്ചത് ജഡം ആകുന്നു; ആത്മാവിനാൽ ജനിച്ചതു ആത്മാവ് ആകുന്നു." (യോഹ. 3:6)**


ആദാമിലുള്ള എല്ലാ മനുഷ്യരും, അഥവാ എല്ലാ പഴയ മനുഷ്യരും 'പിശാചിന്റെ മരണത്തിന്റെ പദ്ധതിയുടെ' കീഴിലാണ്. ക്രിസ്തുവിലുള്ളവർ 'ദൈവത്തിന്റെ ജീവന്റെ പദ്ധതിക്ക്' കീഴിലും,

വീണ്ടും ജനിച്ച ഒരു വ്യക്തിയിൽ പഴയ മനുഷ്യനും, പുതിയ മനുഷ്യനും ഉണ്ട്. അതിനാൽ വീണ്ടും ജനിച്ചവരിൽ 'പിശാചിന്റെ മരണത്തിന്റെ പദ്ധതി' പഴയ മനുഷ്യനിലും, 'ദൈവത്തിന്റെ ജീവന്റെ പദ്ധതി'പുതിയ മനുഷ്യനിലും നടക്കുന്നുണ്ട്. നാം ഇവിടെ ചെയ്യേണ്ടത് മരണത്തിന്റെ പദ്ധതി നടക്കുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ച് ജീവന്റെ പദ്ധതി നടക്കുന്ന പുതിയ മനുഷ്യനെ നമ്മുടെ ദേഹിയിൽ ധരിക്കുകയാണ്.

ഇങ്ങനെ പുതിയ മനുഷ്യനെ ദേഹിയിലേക്ക് ധരിക്കുമ്പോഴാണ് നാം ദൈവത്തിന്റെ പുത്രന്മാരായി വെളിപ്പെടുന്നത്, അഥവാ ജീവനിൽ കടക്കുന്നത്. ഈ ദൈവപുത്രന്മാരുടെ നിർമ്മാണമാണ് ദൈവത്തിന്റെ പദ്ധതി അഥവാ 'ദൈവേഷ്ടം'.


പഴയ സൃഷ്ടി
(ആദാമിൽ)
ആദാമിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യർ (പഴയ മനുഷ്യർ)
മനുഷ്യപുത്രൻ
പിശാചിന്റെ മരണത്തിന്റെ പദ്ധതിയുടെ കീഴിലുള്ള പഴയ മനുഷ്യർ
പുതിയ സൃഷ്ടി
(ക്രിസ്തുവിൽ)
ക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യർ (പുതിയ മനുഷ്യർ)
ദൈവപുത്രൻ
ദൈവത്തിന്റെ ജീവന്റെ പദ്ധതിയുടെ കീഴിലുള്ള പുതിയ മനുഷ്യർ
ആദാമിന്റെ സൃഷ്ടിയിൽ നിന്നും ആരംഭിച്ചിരിക്കുന്ന പഴയ മനുഷ്യർ പിശാചിന്റെ മരണത്തിന്റെ പദ്ധതിയുടെ കീഴിലും, ക്രിസ്തുവിലുള്ള സൃഷ്ടിയിൽ നിന്നും ആരംഭിച്ചിരിക്കുന്ന പുതിയ മനുഷ്യർ ദൈവത്തിന്റെ ജീവന്റെ പദ്ധതിക്ക് കീഴിലും

(ചിത്രം-15)


ദേഹിയുടെ തീരുമാനം അനുസരിച്ച്, ദേഹിക്ക് ശരീരത്തിൽ നടക്കുന്ന പിശാചിന്റെ മരണത്തിന്റെ പദ്ധതിയിലോ ആത്മാവിൽ നടക്കുന്ന ദൈവത്തിന്റെ ജീവന്റെ പദ്ധതിയിലോ ചേരാം
ദൈവരാജ്യം
ആത്മാവ് ദൈവത്തിന്റെ ജീവന്റെ പദ്ധതിക്ക് കീഴിൽ
ജീവനിൽ വാഴുന്ന പുതിയ സൃഷ്ടിയായ ആത്മാവ്
ആത്മാവ്
ദേഹി
ഭൂമി
ശരീരം പിശാചിന്റെ മരണത്തിന്റെ പദ്ധതിക്ക് കീഴിൽ
ദിവസവും മരിച്ച് കൊണ്ടിരിക്കുന്ന പഴയ സൃഷ്ടിയിലുള്ള ശരീരം
ശരീരം

(ചിത്രം-16)

## *വീണ്ടും ജനനവും, വീണ്ടും മരണവും*

എന്നാൽ ക്രിസ്തുയേശുവിനാൽ 'ദൈവത്തിന്റെ ജീവന്റെ പദ്ധതിയിൽ' കടന്ന ഒരുവൻ ജീവന്റെ പദ്ധതിയിൽ പ്രവർത്തിക്കാതെ വീണ്ടും 'പിശാചിന്റെ മരണത്തിന്റെ പദ്ധതിയിൽ' പ്രവർത്തിച്ചാൽ ജീവൻ പ്രാപിച്ച ആ വ്യക്തി 'വീണ്ടും മരിക്കും'. റോമാ ലേഖനം എഴുതിയത് വീണ്ടും ജനിച്ച വിശുദ്ധന്മാർക്കാണെന്ന് വചനം പറയുന്നു.

> പിശാചിന്റെ 'മരണത്തിന്റെ പദ്ധതിയിൽ', പിശാച് മനുഷ്യ വർഗ്ഗത്തിനെതിരെ ഉപയോഗിക്കുന്ന രണ്ട് ആയുധങ്ങളാണ് 'ലോകസമ്പ്രദായവും, ജഡചിന്തകളും'.

**"റോമയിൽ ദൈവത്തിന്നു പ്രിയരും വിളിക്കപ്പെട്ട വിശുദ്ധരുമായ എല്ലാവർക്കും എഴുതുന്നത്:" (റോമ. 1:3)**

എന്നാൽ ജീവനിൽ കടന്ന ഈ വ്യക്തികളോട് ദൈവവചനം പറയുകയാണ്, "നിങ്ങളുടെ പഴയ ജീവിതരീതിയിൽ തന്നെ നിങ്ങൾ തുടർന്നാൽ, അതായത് ജഡത്തെ അനുസരിച്ച് ജീവിച്ചാൽ, 'വീണ്ടും ജനിച്ച' നിങ്ങൾ 'വീണ്ടും മരിക്കും" എന്ന്.

**"നിങ്ങൾ ജഡത്തെ അനുസരിച്ച് ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം;" (റോമ.8:13)**

> 'വീണ്ടും മരണം' ഒഴിവാക്കുവാനും, മനുഷ്യർ 'സമൃദ്ധമായ ജീവനിൽ' കടക്കുവാനും, ദൈവപുത്രന്മാരായി വെളിപ്പെടുവാനുമാണ് ദൈവം സ്വർഗ്ഗീയവിദ്യാഭ്യാസം ഒരുക്കിയിരിക്കുന്നത്.

ഈ 'വീണ്ടും മരണം' ഒഴിവാക്കുവാനും, യോഹന്നാൻ 10:10 ൽ പറയുന്നതുപോലെ സമൃദ്ധമായ ജീവനിൽ കടക്കുവാനുമാണ് സ്വർഗ്ഗീയ പിതാവ് വീണ്ടും ജനിച്ചവർക്ക് സഭയിൽ സ്വർഗ്ഗീയവിദ്യാഭ്യാസം ഒരുക്കിയിരിക്കുന്നത്. തുടർന്നുള്ള അദ്ധ്യായങ്ങളിൽ നമുക്കത് മനസ്സിലാക്കാവുന്നതാണ്.

### *ദൈവപുത്രന്മാരുടെ നിർമ്മാണത്തിനെതിരെയുള്ള ത്രിമൂർത്തികൾ:-*

1. പിശാച്
2. ലോക സമ്പ്രദായം
3. ജഡിക ചിന്തകൾ

## ദൈവപുത്രന്മാരുടെ നിർമ്മാണത്തിനെതിരെ ഒന്നാമത്തെ ശത്രുവായ പിശാചിന്റെ അധികാരപത്രം:-

### *പിശാചിന് മനുഷ്യനിലുള്ള അധികാരം എന്ത്?*

ആദാമിനെ സൃഷ്ടിച്ച് ഏദെൻ തോട്ടത്തിലാക്കിയ ദൈവം, ആദാമിന് കൊടുത്ത താക്കീതാണ് "നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷ ഫലം കഴിച്ചാൽ ആദാം മരിക്കും എന്നുള്ളത്".

**"എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും. (ഉല്പ. 2:17)**

ദൈവകല്പന ലംഘിച്ചതുമൂലം ആദാമിന്റെ മേലുള്ള കുറ്റപത്രമാണ് ആദാം മരിക്കണമെന്നുള്ളത്. ദൈവകല്പന ലംഘിച്ചതുമൂലമുണ്ടായ ഈ കുറ്റപത്രപ്രകാരം മരണദൂതന് ആദാമിന്റെ മേൽ അധികാരം കിട്ടുകയും, ആദാമിന്റെ ഭരണത്തിൻ കീഴിൽ ദൈവം ഏല്പിച്ചുകൊടുത്ത ലോകത്തിൽ തന്നെ മരണദൂതൻ ആദാമിനെ മരണത്തിനായി തടവുകാരനാക്കുകയും ചെയ്തു.

> ദൈവകല്പന ലംഘിച്ചതുമൂലം ആദാമിന്റെ മേലുള്ള കുറ്റപത്രമാണ് ആദാം മരിക്കണമെന്നുള്ളത്.

**"അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു." (റോമ. 5:12)**

ഗലാത്യലേഖനം 1:3-ൽ ക്രിസ്തു കാൽവരിക്രൂശിലെ യാഗത്തിലൂടെ മനുഷ്യരെ വിടുവിക്കുന്നതിന് മുമ്പ് മനുഷ്യരെല്ലാം ദുഷ്ടനായ പിശാച് ഭരിക്കുന്ന ഈ ലോകത്തിൽ തടവിലായിരുന്നു എന്ന് പറയുന്നു.

> ദൈവകല്പന ലംഘിച്ചതുമൂലമുണ്ടായ കുറ്റപത്രപ്രകാരം മരണദൂതന് ആദാമിന്റെ മേൽ അധികാരം കിട്ടുകയും, ആദാമിന്റെ ഭരണത്തിൻ കീഴിൽ ദൈവം ഏല്പിച്ചുകൊടുത്ത ലോകത്തിൽ തന്നേ മരണദൂതൻ ആദാമിനെ മരണത്തിനായി തടവുകാരനാക്കുകയും ചെയ്തു.

**"പിതാവായ ദൈവത്തിങ്കൽ നിന്നും നമ്മുടെ ദൈവവും പിതാവുമായവന്റെ ഇഷ്ടപ്രകാരം <u>ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ നിന്നു നമ്മെ വിടുവിറേണ്ടതിനു....</u>" (ഗലാ. 1:3)**

പാപത്തിന്റെ ഫലമായി ആദാം ആത്മാവിൽ മരിക്കുകയും തുടർന്ന് 930 വർഷക്കാലം ലോകത്തിൽ മരണദൂതന്റെ തടവിൽ ആയിരിക്കു


കയും, ഈ സമയം കൊണ്ട് മരണദൂതൻ ആദാമിന്റെ ശരീരത്തെയും ദേഹിയെയുമെല്ലാം കൊല്ലുകയും ചെയ്തു. അങ്ങനെ ദൈവത്തിന്റെ ഒരു ദിവസത്തിനുള്ളിൽ തന്നെ ആദാമിന്റെ ആത്മാവും ദേഹിയും ശരീരവുമെല്ലാം മരിച്ചു. ഒരു മനുഷ്യനെന്ന് പറഞ്ഞാൽ ആത്മാവ് മാത്രമല്ലെന്നും ദേഹിയും ശരീരവും കൂടിയതാണെന്നും ദൈവവചനം പറയുന്നു. മാത്രമല്ല ദൈവത്തിന് ഒരു ദിവസം 1000 വർഷം പോലെയാണെന്നും ദൈവവചനം പറയുന്നു. 1000-ന് മുകളിൽ പോകാതെ 930 വർഷം കൊണ്ട് ആദാമിന്റെ മരണശിക്ഷ പിശാച് നടപ്പിലാക്കി. ഏറ്റവും കൂടുതൽ കാലം ജീവിച്ച മെഥൂശലഹ് പോലും 969 വർഷമേ ജീവിച്ചിരുന്നുള്ളൂ.

ഉല്പത്തി 2:17 ലെ ദൈവത്തിന്റെ താക്കീത് ലംഘിച്ചതു മൂലമുണ്ടായ കുറ്റപത്രത്താൽ ആദാമും തലമുറകളും ജീവപര്യന്തം മരണത്തിന് അടിമകളായിത്തീർന്നു.

**"സമാധാനത്തിന്റെ ദൈവം തന്നെ നിങ്ങളെ മുഴുവനും ശുദ്ധീകരി ¡ pandml s«; \ rs§ f ps S ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ."** (1 തെസ്സ. 5:23)

**"എന്നാൽ പ്രിയമുള്ളവരേ, കർത്താവിന്നു ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയും ഇരിക്കുന്നു എന്നീ കാര്യം നിങ്ങൾ മറക്കരുത്."** (2 പത്രൊ. 3:8)

അങ്ങനെ ഉല്പത്തി 2:17 ലെ ദൈവത്തിന്റെ താക്കീത് ലംഘിച്ചതു മൂലമുണ്ടായ കുറ്റപത്രത്താൽ ആദവും തലമുറകളും ജീവപര്യന്തം മരണത്തിന് അടിമകളായിത്തീർന്നു, ലോകമാകുന്ന ജയിലിൽ അടക്കപ്പെട്ടു.




(ചിത്രം-17)

ഇങ്ങനെ സകല മാനവരാശിയും മരണത്തിനായി ജീവപര്യന്തം പിശാചിന്റെ കീഴിൽ ലോകമാകുന്ന തടവറയിൽ അടയ്ക്കപ്പെട്ട കാലമായിരുന്നു ദൈവപുത്രന്മാരുടെ നിർമ്മാണം മുടങ്ങിപ്പോയ രണ്ടാമത്തെ കാലഘട്ടം. ഉൽപ്പത്തി 2:17 പ്രകാരം പാപം ചെയ്ത മനുഷ്യനെതിരെയുള്ള ദൈവത്തിന്റെ കുറ്റപത്രമായിരുന്നു പിശാചിന്റെ ബലം. മനുഷ്യവർഗ്ഗത്തിനെതിരെയുള്ള ഈ കയ്യെഴുത്ത് പ്രകാരമാണ് പിശാച് സകല മനുഷ്യരെയും ജീവപര്യന്തം മരണത്തിന് അടിമകളാക്കിയത്. എന്നാൽ യേശുക്രിസ്തു കാൽവരി ക്രൂശിലെ തന്റെ മരണത്തിലൂടെ, മനുഷ്യർക്ക് വിരോധമായ ഈ കുറ്റപത്രത്തെയാണ് ക്രൂശിൽ തറച്ച് നീക്കിക്കളഞ്ഞത്. അതോടുകൂടെ മനുഷ്യവർഗ്ഗത്തിനെതിരായ പിശാചിന്റെ ആയുധമായ ഈ കുറ്റപത്രം പിശാചിന് താഴെവെച്ച് കീഴടങ്ങേണ്ടി വന്നു.

**"മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ട് അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു." (എബ്രാ. 2:14-15)**

**"അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ചു ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ തറെച്ചു നടുവിൽ നിന്നു നീക്കിക്കളഞ്ഞു; വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി."**

**(കൊലൊ. 2:14-15)**

**"പിതാവായ ദൈവത്തിങ്കൽ നിന്നും നമ്മുടെ ദൈവവും പിതാവുമായവന്റെ ഇഷ്ടപ്രകാരം ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ നിന്നും നമ്മെ വിടുവിക്കേണ്ടതിനു..." (ഗലാ. 1:3)**

അതുകൊണ്ട് ഇനി ആരെയും പിശാചിന് ലോകമാകുന്ന ജയിലിൽ പിടിച്ചുവയ്ക്കാൻ കഴിയുകയില്ല. കർത്താവ് കാൽവരിക്രൂശിലെ തന്റെ മരണത്തിലൂടെ ഈ ദുഷ്ടലോകമാകുന്ന തടവറ തുറന്നു. ഇനി അത് അടയ്ക്കാൻ ആർക്കും കഴിയുകയില്ല. അതുകൊണ്ട് യേശുവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവർക്കും പിശാച് എന്ന ഒന്നാം

തടസ്സം നീക്കി പിശാചിന്റെ അടിമത്തത്തിൽ നിന്ന് പുറത്ത് വരാവുന്നതാണ്. ഇതിന് വേണ്ടിയാണ് നാം രക്ഷയുടെ സുവിശേഷം അറിയിക്കുന്നത്.

## അധികാരപത്രം നഷ്ടപ്പെട്ട പിശാചിന്റെ തന്ത്രം

ജീവിതത്തിൽ പല ഭാരങ്ങളും, പ്രയാസങ്ങളും, സാമ്പത്തിക നഷ്ടങ്ങളും കൊണ്ടുവന്ന് കൂടുതൽ സമയം ജോലിയെടുപ്പിച്ചുകൊണ്ട് മനുഷ്യരെ സ്വതന്ത്രമാക്കുന്ന സുവിശേഷസത്യങ്ങൾ കേൾക്കുവാനുള്ള സമയം പിശാച് അപഹരിക്കുന്നു.

> മോശയുടെ വാക്ക് കേൾക്കാൻ ജനം പോകാതിരിക്കാനായി ജനത്തിന് ജീവിതക്ലേശം കൊടുത്ത് അവരുടെ സമയത്തെ മോഷ്ടിക്കുകയാണ് ഫറവോ ചെയ്തത്.

ദൈവപുത്രന്മാരെ നിർമ്മിക്കുന്നതിന്റെ ബ്ലൂ പ്രിന്റിൽ ഫറവോയാണ് പിശാചിനെ പ്രതിനിധീകരിക്കുന്നതെന്ന് നാം മനസ്സിലാക്കിയല്ലോ. കനാൻ ദേശത്തേക്ക് യാത്ര പോകുവാൻ ഉള്ള സുവിശേഷവുമായി ഈജിപ്റ്റിലേക്ക് കടന്നുവന്ന മോശയുടെ പ്രസംഗം കേൾക്കാതിരിപ്പാൻ ഫറവോ യിസ്രായേൽ ജനത്തിന് ഇഷ്ടികയുണ്ടാക്കുന്ന വൈക്കോൽ നിർത്തുകയും, എന്നാൽ ഇഷ്ടികയുടെ കണക്കിൽ ഒട്ടും കുറവുണ്ടാകാൻ പാടില്ലെന്ന് കല്പ്പിക്കുകയും ചെയ്തു. മോശയുടെ വാക്ക് കേൾക്കാൻ ജനം പോകുന്നതു തടയുവാൻ വേണ്ടിയാണ് ഫറവോ ഇങ്ങനെ ചെയ്തത്. ഇവിടെ ജനത്തിന് ജീവിതക്ലേശം കൊടുത്ത് അവരുടെ സമയത്തെ മോഷ്ടിക്കുകയാണ് ഫറവോ ചെയ്തത്.

**"ഇഷ്ടിക ഉണ്ടാക്കുവാൻ ജനത്തിന്നു മുമ്പിലത്തെപ്പോലെ ഇനി വൈക്കോൽ കൊടുക്കരുതു; അവർ തന്നേ പോയി വൈക്കോൽ ശേഖരിക്കട്ടെ. എങ്കിലും ഇഷ്ടികയുടെ കണക്ക് മുമ്പിലത്തെപ്പോലെ തന്നേ അവരുടെ മേൽ ചുമത്തണം; ഒട്ടും കുറെയ്ക്കരുതു; അവർ മടിയന്മാർ; അതുകൊണ്ടാകുന്നു: ഞങ്ങൾ പോയി ഞങ്ങളുടെ ദൈവത്തിന്നു യാഗം കഴിക്കട്ടെ എന്നു നിലവിളിക്കുന്നതു. അവരുടെ വേല അതിഭാരമായിരിക്കട്ടെ; അവർ അതിൽ കഷ്ടപ്പെടട്ടെ; അവർ വ്യാജവാക്കുകൾ കേൾക്കരുത്."**

**(പുറ. 5:7-9)**

ഈ പ്രവൃത്തികളിലൂടെയെല്ലാമുള്ള ഫറവോയുടെ ലക്ഷ്യം, യിസ്രായേൽ ജനത്തെ ഈജിപ്റ്റിൽ നിന്ന് വിടാതെ വീണ്ടും അടിമകളായി ഉപയോഗിക്കുക എന്നതാണ്. എന്നാൽ ദൈവം മോശയെ ഉപയോ

ഗിച്ച് യിസ്രായേൽ ജനത്തോട് ഈജിപ്റ്റ് വിട്ട് കനാൻ ദേശത്തേയ്ക്ക് പോകുന്നതിനെക്കുറിച്ച് പ്രസംഗിക്കുകയും, ഈജിപ്റ്റിൽ ഫറവോയുടെ മുമ്പിൽ ചെയ്ത 10 അടയാളങ്ങളിലൂടെ (ബാധകൾ) ഫറവോയെക്കൊണ്ട് യിസ്രായേൽ ജനം ഈജിപ്റ്റ് വിട്ട് പോകുവാൻ സമ്മതിപ്പിക്കുകയും ചെയ്തു. തുടർന്ന് ജനം ഫറവോയെന്ന ഒന്നാമത്തെ തടസ്സത്തെ തരണം ചെയ്ത് ഈജിപ്റ്റിൽ നിന്ന് മരുഭൂമിയിലൂടെ വാഗ്ദത്ത കനാൻ ദേശത്തേക്ക് യാത്രയായി. ഇതുപോലെ തന്നെയാണ് ഇന്ന് അത്ഭുതങ്ങളാലും അടയാളങ്ങളാലും ഉറപ്പിക്കുന്ന ദൈവരാജ്യത്തിന്റെ സുവിശേഷം കേട്ട് ജനം പിശാചിന്റെ ആധിപത്യത്തിൽ നിന്ന് രക്ഷപ്പെടുകയും, തുടർന്ന് യേശുവിനെ അനുഗമിച്ച് ഇടുക്കുവഴിയിലൂടെ ദൈവരാജ്യം അവകാശമാക്കുവാൻ യാത്രയാകുകയും ചെയ്യുന്നത്.

> യിസ്രായേൽ ജനത്തെ ഈജിപ്റ്റിൽ നിന്ന് വിടാതെ വീണ്ടും അടിമകളായി ഉപയോഗിക്കുക എന്നതാണ് ഫറവോയുടെ ലക്ഷ്യം.

### പ്രാർത്ഥന



***ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, ഞങ്ങളുടെ പൂർവ്വപിതാവായ ആദാമിന്റെ പാപം മൂലം മനുഷ്യവർഗ്ഗത്തിനെതിരെ പിശാചിന് ലഭിച്ച കുറ്റപത്രത്തെ യേശുക്രിസ്തുവിന്റെ കാൽവരിക്രൂശിലെ യാഗത്തിലൂടെ നീക്കിക്കളഞ്ഞ്, ജീവപര്യന്തം അടിമകളായിരുന്ന ഞങ്ങളെ അങ്ങ് പിശാചിന്റെ അടിമത്തത്തിൽ നിന്ന് വിടുവിച്ചതിനായി നന്ദി. തുടർന്ന് ദൈവരാജ്യം അവകാശമാക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. യേശുവിൻ നാമത്തിൽ തന്നേ...ആമേൻ.***

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. *'വീണ്ടും മരണം' ഒഴിവാക്കുവാനും, മനുഷ്യർ 'സമൃദ്ധമായ ജീവനിൽ' കടക്കുവാനും, അങ്ങനെ ദൈവപുത്രന്മാരായി വെളിപ്പെടുവാനുമാണ് ദൈവം സ്വർഗ്ഗീയവിദ്യാഭ്യാസം ഒരുക്കിയിരിക്കുന്നത്.*
2. *'പിശാചിന്റെ മരണത്തിന്റെ പദ്ധതിയിൽ', പിശാച് മനുഷ്യവർഗ്ഗത്തിനെതിരെ ഉപയോഗിക്കുന്ന രണ്ട് ആയുധങ്ങളാണ് 'ലോകസമ്പ്രദായവും, ജഡചിന്തകളും'.*
3. *ദൈവപുത്രന്മാരായി വെളിപ്പെടുന്നവർക്കുള്ള വാഗ്ദത്തം*

കനാൻ ദേശമല്ല പകരം 'ദൈവരാജ്യമാണ്'. മറ്റൊരുരീതി യിൽ പറഞ്ഞാൽ നിത്യമായി ദൈവീക കുടുംബത്തിൽ ദൈവമക്കളായുള്ള അംഗത്വമാണ്.

4. ദൈവകല്പന ലംഘിച്ചതുമൂലം ആദാമിന്റെ മേലുള്ള കുറ്റ പത്രമാണ് ആദാം മരിക്കണമെന്നുള്ളത്.

5. ദൈവകല്പന ലംഘിച്ചതുമൂലമുണ്ടായ കുറ്റപത്രപ്രകാരം മരണദൂതന് ആദാമിന്റെ മേൽ അധികാരം കിട്ടുകയും, ആദാമിന്റെ ഭരണത്തിൻ കീഴിൽ ദൈവം ഏല്പിച്ചു കൊടുത്ത ലോകത്തിൽ തന്നേ മരണദൂതൻ ആദാമിനെ മരണത്തിനായി തടവുകാരനാക്കുകയും ചെയ്തു.

6. ഉൽപത്തി 2:17 പ്രകാരം പാപം ചെയ്ത മനുഷ്യനെ തിരെയുള്ള പിശാചിന്റെ കുറ്റപത്രമായിരുന്നു പിശാചിന്റെ ബലം.

7. ഉല്പത്തി 2:17 ലെ ദൈവത്തിന്റെ താക്കീത് ലംഘിച്ചതു മൂലമുണ്ടായ കുറ്റപത്രത്താൽ ആദാമും തലമുറകളും ജീവ പര്യന്തം മരണത്തിന് അടിമകളായിത്തീർന്നു, ലോകമാകുന്ന ജയിലിൽ അടയ്ക്കപ്പെട്ടു.

8. ആദാമിലുള്ളവർ പഴയ മനുഷ്യരും ക്രിസ്തുവിലുള്ളവർ പുതിയ മനുഷ്യരുമാണ്.

9. കർത്താവായ യേശുക്രിസ്തു കാൽവരിക്രൂശിലെ തന്റെ മരണത്തിലൂടെ മനുഷ്യർക്ക് വിരോധമായ ഈ കുറ്റപ ത്രത്തെ ക്രൂശിൽ തറച്ച് നീക്കിക്കളഞ്ഞു, ഈ ദുഷ്ടലോ കമാകുന്ന തടവറ തുറന്നു.

10. യേശുവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവർക്കും പിശാച് എന്ന ഒന്നാം തടസ്സം നീക്കി പിശാചിന്റെ അടിമത്തത്തിൽ നിന്ന് പുറത്തു വരാവുന്നതാണ്. ഇതിനുവേണ്ടിയാണ് നാം രക്ഷയുടെ സുവിശേഷം അറിയിക്കുന്നത്.

11. അധികാര പത്രം നഷ്ടപ്പെട്ട പിശാചിന്റെ തന്ത്രം, മനുഷ്യ രുടെ ജീവിതത്തിൽ പല ഭാരങ്ങളും, പ്രയാസങ്ങളും, സാമ്പ ത്തിക നഷ്ടങ്ങളും കൊണ്ടുവന്ന് കൂടുതൽ സമയം ജോലി യെടുപ്പിച്ചുകൊണ്ട് മനുഷ്യരെ സ്വതന്ത്രമാക്കുന്ന സുവി ശേഷസത്യങ്ങൾ കേൾക്കുവാനുള്ള സമയം അപഹരിക്കു കയാണ്.

12. മോശെയുടെ വാക്ക് കേൾക്കുവാൻ ജനം പോകാതിരി ക്കുവാൻ വേണ്ടി ജനത്തിന് ജീവിതക്ലേശം കൊടുത്ത് അവ രുടെ സമയത്തെ മോഷ്ടിക്കുകയാണ് ഫറവോ ചെയ്ത ത്.

13. യിസ്രായേൽ ജനത്തെ ഈജിപ്റ്റിൽ നിന്നും വിടാതെ വീണ്ടും അടിമകളായി ഉപയോഗിക്കുക എന്നതാണ് ഫറവോയുടെ ലക്ഷ്യം.

# അദ്ധ്യായം 9

# ദൈവപുത്രന്മാരുടെ നിർമ്മാണത്തിനെതിരെ ലോകസമ്പ്രദായം

## “രക്ഷിച്ചിട്ടും രക്ഷപ്പെടാത്തവർ!”

“ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നു എങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല.” (1 യോഹ. 2:15)

***‘വീണ്ടും മരണം’*** ഒഴിവാക്കാനും ജനം ‘സമൃദ്ധമായ ജീവനിൽ’ കടക്കാനുമായി ദൈവം ഒരുക്കിയിരിക്കുന്ന ‘സ്വർഗ്ഗീയ വിദ്യാഭ്യാസത്തെ ക്കുറിച്ച്’ അറിയാത്തതിനാൽ വിശ്വാസികളിൽ നല്ല ശതമാനവും ദൈവം അവരെ ‘രക്ഷിച്ചിട്ടും രക്ഷപ്പെടാത്തവരായി’ തുടരുകയാണ്.

### *പുറമെയുള്ള ഫറവോയും അകമെയുള്ള ഫറവോയും*

ജനം ഈജിപ്റ്റ് ഭരിക്കുന്ന ഫറവോയിൽ നിന്ന് രക്ഷപ്പട്ട് മരുഭൂമിയിലൂടെ യാത്രയായി എങ്കിലും, ഈജിപ്റ്റ് അവരുടെ ഉള്ളിൽ അതായത് ഹൃദയത്തിൽ നിറഞ്ഞ് നിന്നിരുന്നു. മറ്റൊരുരീതിയിൽ പറഞ്ഞാൽ പുറമെ ജനം ഈജിപ്റ്റിൽ നിന്ന് സ്വതന്ത്രരായി എങ്കിലും അവരുടെ അകമെ, ഹൃദയത്തിലുള്ള ഈജിപ്റ്റിൽ നിന്ന് അവർ സ്വതന്ത്രരായിരുന്നില്ല.

പുറമെ ജനം ഈജിപ്റ്റിൽ നിന്ന് സ്വതന്ത്രരായി എങ്കിലും അവരുടെ അകമെയുള്ള ഈജിപ്റ്റിൽ നിന്ന് അവർ സ്വതന്ത്രരായിരുന്നില്ല.

**ജനം രക്ഷിക്കപ്പെട്ട പുറമെയുള്ള ഈജിപ്റ്റ് ഭരിച്ചിരുന്ന രാജാവ് ഫറവോ ആയിരുന്നെങ്കിൽ, ജനം രക്ഷിക്കപ്പടാത്ത ഓരോ മനുഷ്യന്റെയും അകമെയുള്ള ഈജിപ്റ്റ് ഭരിക്കുന്ന രാജാക്കന്മാർ അവരവർ തന്നെ ആയിരുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ മനുഷ്യൻ തന്നെ മനുഷ്യന്റെ ഫറവോ!**

ജനം രക്ഷിക്കപ്പെട്ട പുറമെയുള്ള ഈജിപ്റ്റ് ഭരിച്ചിരുന്ന രാജാവ് ഫറവോ ആയിരുന്നെങ്കിൽ, ജനം രക്ഷിക്കപ്പെടാത്ത ഓരോ മനുഷ്യന്റെയും അകമെയുള്ള ഈജിപ്റ്റ് ഭരിക്കുന്ന രാജാക്കന്മാർ അവരവർ തന്നെ ആയിരുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ മനുഷ്യൻ തന്നെ മനുഷ്യന്റെ ഫറവോ!

## മനുഷ്യൻ തന്നെ മനുഷ്യന്റെ ഫറവോ!

മനുഷ്യന്റെ ഹൃദയത്തിനകത്ത് നിറഞ്ഞിരിക്കുന്ന ഈജിപ്റ്റിന്റെ ഫറവോ മനുഷ്യൻ തന്നെയാണ്. ഈ ഫറവോയുടെ സ്വഭാവം എന്താണ്?

> 'ജനം വാഗ്ദത്തദേശം അവകാശമാക്കുവാൻ പോകാതവണ്ണം ജനത്തെ ഈജിപ്റ്റിന്റെ അടിമത്തത്തിൽ തന്നെ പിടിച്ചുവയ്ക്കുകയായിരുന്നു' പുറമെയുള്ള ഫറവോയുടെ സ്വഭാവം.

ഈ ഫറവോയുടെ സ്വഭാവം മനസ്സിലാക്കാൻ പുറമെയുള്ള ഈജിപ്റ്റിലെ ഫറവോയുടെ സ്വഭാവം മനസ്സിലാക്കിയാൽ മതി. 'ജനം വാഗ്ദത്തദേശം അവകാശമാക്കുവാൻ പോകാതവണ്ണം ജനത്തെ ഈജിപ്റ്റിന്റെ അടിമത്തത്തിൽ തന്നെ പിടിച്ചുവയ്ക്കുകയായിരുന്നു' പുറമെയുള്ള ഫറവോയുടെ സ്വഭാവം. 'ജനത്തെ ഈജിപ്റ്റിൽ നിന്ന് വിട്ട് കൊടുക്കാതിരിക്കുക'. ഈ സ്വഭാവം തന്നെയാണ് അകമെയുള്ള ഫറവോയുടെ സ്വഭാവവും.

> മനുഷ്യരെ കനാൻ ദേശത്തേക്ക് പോകുവാൻ സമ്മതിക്കാതെ ഈജിപ്റ്റിന്റെ സംസ്കാരത്തിൽ തന്നെ പിടിച്ചു കെട്ടുന്ന മനുഷ്യന്റെ അകമെയുള്ള ഫറവോയെ കൊല്ലുവാനാണ് ദൈവം യിസ്രായേൽ ജനത്തിന്റെ മുമ്പിൽ മരുഭൂയാത്ര ഒരുക്കിയത്.

മനുഷ്യരെ കനാൻ ദേശത്തേക്ക് പോകുവാൻ സമ്മതിക്കാതെ ഈജിപ്റ്റിന്റെ സംസ്കാരത്തിൽ തന്നെ പിടിച്ചു കെട്ടുന്ന മനുഷ്യന്റെ അകമെയുള്ള ഫറവോയെ കൊല്ലുവാനാണ് ദൈവം യിസ്രായേൽ ജനത്തിന്റെ മുമ്പിൽ മരുഭൂയാത്ര ഒരുക്കിയത്. നാല്പത് വർഷം നീണ്ടുനിന്ന മരുഭൂയാത്രയിൽ ഈജിപ്റ്റ് ഹൃദയത്തിലുള്ള പഴയ തലമുറ മരുഭൂമിയിൽ മരിച്ച് വീഴുകയും, മരുഭൂമിയിൽ വച്ച് ജനിച്ച പുതിയ തലമുറ രണ്ടാമത്തെ തടസ്സമായ അവരുടെ ഹൃദയത്തിലുള്ള 'ഈജിപ്റ്റിന്റെ സംസ്കാരത്തെ' തോല്പിച്ചുകൊണ്ട് യോശുവയോടുകൂടെ മൂന്നാമത്തെ തടസ്സമായ 'കനാനിലെ രാക്ഷസജാതികളെ' തോല്പിക്കാൻ ചേർന്നു.

## അകത്തെ ഫറവോ = 'ഈജിപ്റ്റിനെ സ്നേഹിക്കുന്ന സ്വയം'

ഇതിന്റെ അർത്ഥം ജനത്തിന്റെ ഉള്ളിലെ അവരവരുടെ സ്വയമായ ഈ ഫറവോയെ കൊല്ലാതെ ജനം ഈജിപ്റ്റിന്റെ സംസ്കാരത്തിൽ നിന്ന് പുറത്ത് വരികയില്ലായെന്നും, ഈജിപ്റ്റിന്റെ സംസ്കാരത്തിൽ നിന്ന് പുറത്ത് വരാതെ യോശുവയോട് ചേർന്ന് മൂന്നാമത്തെ തടസ്സത്തെ നീക്കി വാഗ്ദത്തം പ്രാപിക്കുവാൻ കഴിയുകയില്ലെന്നുമാണ്. ഈജിപ്റ്റിന്റെ സംസ്കാരത്തെ വിട്ടുകളയാതെ, അതിനെ സ്നേഹിച്ച് മരുഭൂമിയിൽ മരിച്ച് വീണ ജനത്തെ ഓർക്കുമ്പോൾ അവരെ മോശ 'രക്ഷിച്ചിട്ടും രക്ഷപ്പെടാത്തവർ ആയിരുന്നു'. അതായത് മോശ അവരെ ഫറവോന്റെ കീഴിലെ പുറമെയുള്ള ഈജിപ്റ്റിൽ നിന്നും രക്ഷിച്ചിട്ടും അവരുടെ ഹൃദയത്തിനകത്തുള്ള ഈജിപ്റ്റിൽ നിന്ന് രക്ഷപ്പെടുവാൻ അവർക്ക് കഴിഞ്ഞില്ല.

**"രക്ഷിച്ചിട്ടും രക്ഷപ്പെടാത്തവർ"**
**യിസ്രായേൽ പാളയത്തിലെ ഈജിപ്റ്റിന്റെ**
**തടവുകാർ!**

രക്ഷിച്ചിട്ടും, രക്ഷപ്പെടാത്ത അവർ യിസ്രായേൽ ജനത്തോടുകൂടെ യാത്ര ചെയ്യുന്നവരെങ്കിലും, 'യിസ്രായേൽ പാളയത്തിലെ ഈജിപ്റ്റിന്റെ തടവുകാരായി' തുടരുകയും, നഷ്ടപ്പെടുകയും ചെയ്തു.

ഇത്രത്തോളം നാം മനസ്സിലാക്കിയത് ബ്ലൂ പ്രിന്റിൽ മാത്രമാണ്. ഇനി ഈ ബ്ലൂ പ്രിന്റിന്റെ സഹായത്തോടെ ദൈവപുത്രന്മാരുടെ നിർമ്മാണത്തിൽ ഇത് എങ്ങനെയെന്ന് നോക്കാം.

## *രക്ഷിച്ചിട്ടും രക്ഷപ്പെടാത്തവർ സഭയിൽ*

**"പിതാവായ ദൈവത്തിങ്കൽ നിന്നും നമ്മുടെ ദൈവവും പിതാവുമാ b ħsâ Cj ß[] ł nc w ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ നിന്നു നമ്മെ വിടുവിക്കേണ്ടതിന്നു..." (ഗലാ. 1:3)**

ഒരു പക്ഷേ പ്രിയ വായനക്കാർക്ക് ഒരു ചോദ്യമുണ്ടാകാം, എങ്ങനെയാണ് ജനം സഭയിൽ ലോകത്തിന്റെ തടവുകാരായി തുടരുന്നത്?

ഈജിപ്റ്റിൽ നിന്ന് വിടുവിക്കപ്പെട്ട ജനം ഭൂരിപക്ഷവും യിസ്രായേൽ പാളയത്തിൽ ഹൃദയം കൊണ്ട് നോക്കിയത് കനാനിലേക്കല്ല പകരം ഈജിപ്റ്റിലേക്കാണ്, അതായത് അവരുടെ ദർശനം (Vision) ഈജിപ്റ്റായിരുന്നു. ഈജിപ്റ്റിലെ വെള്ളുള്ളിയും, സവാളയും, ഉരുളക്കിഴങ്ങും, ഇറച്ചിക്കലവും ചുരുക്കിപ്പറഞ്ഞാൽ ഈജിപ്റ്റിന്റെ

ഫറവോയുടെ അടിമത്തത്തിലുള്ള ഈജിപ്റ്റിൽ നിന്ന് രക്ഷിച്ചിട്ടും, ജനം യിസ്രായേൽ പാളയത്തിൽ തങ്ങളുടെ ഹൃദയത്തിലുള്ള ഈജിപ്റ്റിന്റെ തടവുകാരായി തുടരുന്നതുപോലെയാണ്, ഇന്ന് യേശുക്രിസ്തു ജനത്തെ പിശാചിന്റെ കീഴിലുള്ള ലോകമാകുന്ന തടവറയിൽ നിന്ന് രക്ഷിച്ചിട്ടും ജനം സഭയിൽ തങ്ങളുടെ ഹൃദയത്തിലുള്ള ലോകത്തിന്റെ തടവുകാരായി തുടരുന്നത്.

തിരുവനന്തപുരത്തേക്ക് ദർശനം (Vision) വച്ച് പോകുന്ന ബസ്സ് ഡൽഹിയിൽ എത്താത്തതുപോലെ, ലോകത്തിലേക്ക് ദർശനം വച്ച് പോകുന്ന ഒരു വ്യക്തി ദൈവരാജ്യത്തിലെത്തുകയില്ല.


സംസ്കാരമായിരുന്നു അവരുടെ ഹൃദയത്തിൽ, അവർ അതിനായി ദാഹിച്ചു. ഇതുപോലെ യേശുക്രിസ്തു ജനത്തെ ലോകത്തിൽ നിന്ന് വിടുവിച്ചെങ്കിലും മുമ്പെ ദൈവരാജ്യം അന്വേഷിക്കാൻ പറഞ്ഞെങ്കിലും, ജനത്തിന്റെ ഹൃദയം നിറയെ ലോകമായതുകൊണ്ട്



(ചിത്രം-18)

ജനം വീണ്ടും അന്വേഷിക്കുന്നത് ലോകമാണ്. അതായത് അവരുടെ ദർശനം യേശു പഠിപ്പിച്ചതുപോലെ ദൈവരാജ്യമല്ല, ലോകമാണ്. ഇങ്ങനെയുള്ളവരെ നോക്കിയാണ് ദൈവരാജ്യത്തിന്റെ വചനം പറയുന്നത് 'ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളത് അന്വേഷിപ്പിൻ' എന്ന്.

**"ആകയാൽ നിങ്ങൾ ക്രിസ്തുവിനോടു കൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നിടമായ <u>ഉയരത്തിലുള്ളത് അന്വേഷിപ്പിൻ.</u> <u>ഭൂമിയിലുള്ളതല്ല</u> ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ." (കൊലൊ. 3:1)**




യേശു ജനങ്ങളെ ലോകമാകുന്ന ജയിലിൽ നിന്ന് സ്വതന്ത്രമാക്കി എങ്കിലും ജനം യേശു വാഗ്ദത്തം ചെയ്ത ദൈവരാജ്യത്തെക്കാൾ അധികമായി ലോകത്തെ സ്നേഹിക്കുന്നതുകൊണ്ട് ജനങ്ങൾ യേശുവിനെ അനുഗമിക്കുവാൻ തയ്യാറാകുന്നില്ല. (ചിത്രം-19)

ലോകത്തെ സ്നേഹിക്കരുതെന്ന് ദൈവവചനം പറയുന്നുവെങ്കിലും ദർശനം ദൈവരാജ്യമല്ല, ലോകമായിരിക്കുന്നിടത്തോളം കാലം ജനം ലോകത്തെ സ്നേഹിക്കുകയാണ്. അവരുടെ അനുഗ്രഹമെന്ന് പറയുന്നത് ലോകത്തിൽ വളരുന്നത് മാത്രമാണ്. ലോകത്തിന്റെ സമ്പ്രദായം ഒരുവന് കൊടുക്കുന്ന ദർശനമെന്ന് പറയുന്നത് ലോകത്തിൽ വലുതാവുക, മറ്റൊരുരീതിയിൽ പറഞ്ഞാൽ 'ലോകത്തെ നേടുക' എന്ന

**ദൈവരാജ്യമല്ല ലോകമാണ് സഭയിലെ രക്ഷിക്കപ്പെട്ട ഒരുവൻ അന്വേഷിക്കുന്നതെങ്കിൽ, ആ വ്യക്തിയുടെ ഹൃദയം മുഴുവൻ ലോകമായതിനാൽ ആ വ്യക്തിയെ യേശു ലോകത്തിൽ നിന്നും രക്ഷിച്ചിട്ടും ഹൃദയം കൊണ്ട് ലോകമാകുന്ന തടവറയിൽ നിന്ന് രക്ഷപ്പെടാത്തവനാണ്, അതായത്, 'രക്ഷിച്ചിട്ടും രക്ഷപെടാത്തവൻ' ആണ്.**

താണ്. എന്നാൽ ദൈവവചനം പറയുന്നത് ലോകത്തെ സ്നേഹിക്കാതെ, ലോകത്തിൽ ഉൺമാനും ഉടുപ്പാനും മാത്രമുണ്ടെങ്കിൽ മതി എന്നു വിചാരിക്കുകയും, ദൈവരാജ്യം അന്വേഷിച്ച്, അത് അവകാശമാക്കുകയും ചെയ്യുക എന്നതാണ്.

ലോകത്തെ സ്നേഹിക്കരുതെന്ന് ദൈവവചനം പറയുന്നുവെങ്കിലും ദർശനം ദൈവരാജ്യമല്ല ലോകമായിരിക്കുന്നിടത്തോളം കാലം ജനം ലോകത്തെ സ്നേഹിക്കുകയാണ്. അവരുടെ അനുഗ്രഹമെന്ന് പറയുന്നത് ലോകത്തിൽ വളരുന്നത് മാത്രമാണ്.

**"ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക."**
**(1 തിമൊ. 6:8)**

അതായത് ജീവിതത്തിൽ തങ്ങളുടെ ആവശ്യങ്ങൾക്ക് വേണ്ടി മാത്രം അധ്വാനിക്കാൻ സമയം ചിലവഴിച്ചുകൊണ്ട്, ബാക്കിയുള്ള സമയമെല്ലാം ദൈവരാജ്യം അന്വേഷിക്കാൻ, തന്റെ ജീവൻ ദൈവരാജ്യത്തിലേക്ക് നേടാൻ ഉപയോഗിക്കുക. ഇതിനെ ബന്ധപ്പെടുത്തി ഒരു ഉപമ പറഞ്ഞാൽ "കാർ ഓടാൻ ഏതാനും ലിറ്റർ പെട്രോൾ പോരേ, പെട്രോൾ പമ്പ് മുഴുവനും വേണ്ടല്ലോ?"

'താഴേക്ക് പോയിക്കൊണ്ട്' ഒരു വ്യക്തിക്ക് '**മുകളിലേക്ക് പോകാൻ**' കഴിയാത്തതുപോലെ ലോകം അന്വേഷിച്ചു കൊണ്ട് ദൈവരാജ്യം അന്വേഷിക്കാൻ കഴിയുകയില്ല. You can't **'go up'** by **'going down'** similarly, you can't seek the Kingdom by seeking the world.

**"ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല."**
**(1 യോഹ. 2:15)**

മറ്റൊരുരീതിയിൽ പറഞ്ഞാൽ തിരുവനന്തപുരത്തേക്ക് ദർശനം (Vision) വച്ച് പോകുന്ന ബസ്സ് ഡൽഹിയിൽ എത്താത്തതുപോലെ, ലോകത്തിലേക്ക് ദർശനം വച്ച് പോകുന്ന ഒരു വ്യക്തി ദൈവരാജ്യത്തിലെത്തുകയില്ല. അതുകൊണ്ട് നിശ്ചയമായും സഭയിലുള്ള ഒരു വ്യക്തി ഹൃദയം കൊണ്ട് അന്വേഷിക്കേണ്ടത് യേശു പഠിപ്പിച്ചതുപോലെ ദൈവരാജ്യമായിരിക്കണം.

ലോകത്തിന്റെ സമ്പ്രദായം ഒരുവന് കൊടുക്കുന്ന ദർശനമെന്ന് പറയുന്നത് ലോകത്തിൽ വലുതാവുക, മറ്റൊരുരീതിയിൽ പറഞ്ഞാൽ 'ലോകത്തെ നേടുക' എന്നതാണ്.

മനുഷ്യൻ തന്നെത്തന്നെ തോല്പ്പിക്കാതെ 'ലോകസമ്പ്രദായത്തിൽ' നിന്ന് മനുഷ്യന് മോചനമില്ല.

**"മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടു കൂടെ ഇതൊ ക്കെയും നിങ്ങൾക്കു കിട്ടും."**

**(മത്താ. 6:33)**

## മനുഷ്യൻ തന്നെ മനുഷ്യന്റെ ഫറവോ!
## (മനുഷ്യൻ തന്നെ മനുഷ്യന്റെ ശത്രു)




ചതി മോഹത്താൽ വഷളായിപ്പോയ പഴയ മനുഷ്യൻ, മനുഷ്യന്റെ ദേഹിയെ ലോകത്തിൽ നിന്ന് ദൈവരാജ്യത്തിലേക്ക് വിട്ട് കൊടുക്കാതെ പിടിച്ചുവയ്ക്കുന്നു. (ചിത്രം-20)

യിസ്രായേൽ പാളയത്തിൽ ഹൃദയത്തിൽ ഈജിപ്റ്റ് തേടി നടന്നവർ അങ്ങനെ ചെയ്തത് അവർ ഹൃദയം കൊണ്ട് ഈജിപ്റ്റിനെ സ്നേഹിച്ചതുകൊണ്ടാണ്. ഇതുപോലെ ക്രിസ്തീയ സഭയിൽ ലോകം അന്വേഷിച്ച് ലോകത്തിൽ വലുതാകാൻ വേണ്ടി അന്വേഷിക്കുന്നവർ ഹൃദയം കൊണ്ട് ലോകത്തെ സ്നേഹിക്കുന്നതു കൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. അങ്ങനെ ആ വ്യക്തികൾ അവർ പോലും അറിയാതെ ലോകസംസ്കാരത്തിന് ഇരയായി, തങ്ങളെത്തന്നെ ലോകമാകുന്ന തടവറയിൽ പിടിച്ചുകെട്ടുകയും തങ്ങൾക്ക് ദൈവം നല്കിയ വാഗ്ദത്തമായ ദൈവരാജ്യത്തിലേക്ക് പോകാതിരിക്കുകയുമാണ് ചെയ്യുന്നത്.

> ലോകത്തിൽ നിന്ന് രക്ഷിക്കപ്പെട്ട മനുഷ്യന്റെ 'ഹൃദയത്തിലുള്ള ലോകത്തിന്റെ' ഫറവോ അഥവാ രാജാവ് ആ മനുഷ്യൻ തന്നെയാണ്. അതായത് ആ മനുഷ്യൻ തന്നെയാണ് അവനെ ലോകത്തിൽ നിന്ന് വിട്ടുകൊടുക്കാത്തത്.

**"ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടരുതു: നിങ്ങളുടെ പിതാവു <u>രാജ്യം നിങ്ങൾക്കു നല്കുവാൻ</u> പ്രസാദിച്ചിരിക്കുന്നു." (ലൂക്കൊ. 12:32)**

പഴയനിയമത്തിലെ ബ്ലൂ പ്രിന്റിൽ, മനുഷ്യഹൃദയത്തിലുള്ള ഈജിപ്റ്റിന്റെ ഫറവോയായ മനുഷ്യൻ തന്നെ ഈജിപ്റ്റിൽ നിന്ന് വിട്ടുപോകാൻ അനുവദിക്കാത്തതുപോലെ, ലോകത്തിൽ നിന്ന് രക്ഷിക്കപ്പെട്ട മനുഷ്യന്റെ <u>'ഹൃദയത്തിലുള്ള ലോകത്തിന്റെ' ഫറവോ അഥവാ രാജാവ് ആ മനുഷ്യൻ തന്നെയാണ്.</u> അതായത് ആ മനുഷ്യൻ തന്നെയാണ് അവനെ ലോകത്തിൽ നിന്ന് വിട്ടുകൊടുക്കാത്തത് അങ്ങനെ 'ലോക സമ്പ്രദായത്തിലൂടെ' പിശാച് മനുഷ്യനെ, മനുഷ്യന്റെ തന്നെ ശത്രുവാക്കിത്തീർക്കുന്നു.

> 'ലോക സമ്പ്രദായത്തിലൂടെ' പിശാച് മനുഷ്യനെ മനുഷ്യന്റെ തന്നെ ശത്രുവാക്കിത്തീർക്കുന്നു.

ഇനി ആ മനുഷ്യന് രക്ഷപ്പെടണമെങ്കിൽ ആ മനുഷ്യനിലുള്ള ലോകസ്നേഹത്തിന് കാരണമായ ഫറവോയെ ആ മനുഷ്യൻ തന്നെ തോല്പിക്കണം. അതായത് മനുഷ്യൻ മനുഷ്യനെ തോല്പിക്കാതെ 'ലോക സമ്പ്രദായത്തിൽ' നിന്ന് മനുഷ്യന് മോചനമില്ല. ഇതുകൊണ്ടാണ് യേശുക്രിസ്തു പറഞ്ഞത് ഒരുവൻ യേശുവിനെ അനുഗമിക്കാൻ ഇച്ഛിച്ചാൽ, ആ വ്യക്തി തന്നെത്താൻ തോല്പിക്കണമെന്ന്, അഥവാ തന്നെത്താൻ ത്യജിക്കണമെന്ന്.

**"പിന്നെ അവൻ എല്ലാവരോടും പറഞ്ഞതു: എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു നാൾതോറും തന്റെ ക്രൂശ് എടുത്തുംകൊണ്ട് എന്നെ അനുഗമിക്കട്ടെ." (ലൂക്കൊ. 9:23)**

അങ്ങനെ മനുഷ്യന്റെ ഹൃദയത്തിലുള്ള ലോകസ്നേഹത്തെ ത്യജിച്ച് ലോകാനുരൂപതയിൽ നിന്ന് രക്ഷപ്പെടുന്നുവെങ്കിൽ മാത്രമേ, ജനം യോശുവയോടു ചേർന്ന് കനാൻ ദേശത്തെ രാക്ഷസജാതികളെ തോല്പിച്ച് വാഗ്ദത്തം അവകാശമാക്കിയതുപോലെ നമുക്ക് പരിശുദ്ധാത്മാവിനോടു ചേർന്ന് പരിശുദ്ധാത്മാവിനെ അനുസരിച്ച് ചിന്തകളെ കീഴടക്കി ദൈവരാജ്യം അവകാശമാക്കുവാൻ കഴിയുകയുള്ളൂ.

അതിനാൽ വീണ്ടും നാം 'പിശാചിന്റെ മരണത്തിന്റെ പദ്ധതിയിൽ' പങ്കാളികളാകാതെ, പരിശുദ്ധാത്മാവിനാൽ നടത്തപ്പെട്ട്, 'ദൈവത്തിന്റെ ജീവന്റെ പദ്ധതിയിൽ' പങ്കാളികളാകാം.

**"നിങ്ങൾ ജഡത്തെ അനുസരിച്ച് ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും." (റോമ. 8:13)**

## പ്രാർത്ഥന



*ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, ഞങ്ങൾ സ്വർഗ്ഗരാജ്യത്തിലേക്ക് അടുക്കുവാൻ, സ്വർഗ്ഗരാജ്യം അവകാശമാക്കുവാൻ തടസ്സമായി നിൽക്കുന്ന പ്രധാന ശക്തി ഞങ്ങളുടെ സ്വയം തന്നെയാണെന്ന് മനസ്സിലാക്കി തന്നതിനായി നന്ദി. ഞങ്ങളുടെ സ്വയത്തെ ത്യജിച്ച് ദൈവേഷ്ടം ചെയ്ത് ദൈവരാജ്യം അവകാശമാക്കുവാൻ ഞങ്ങളെ സഹായിക്കണമേ...യേശുവിൻ നാമത്തിൽ തന്നെ...ആമേൻ.*

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. *'വീണ്ടും മരണം' ഒഴിവാക്കാനും ജനം 'സമൃദ്ധമായ ജീവനിൽ' കടക്കാനുമായി ദൈവം ഒരുക്കിയിരിക്കുന്ന 'സ്വർഗ്ഗീയ വിദ്യാഭ്യാസത്തെക്കുറിച്ച്' അറിയാത്തതിനാൽ വിശ്വാസികളിൽ നല്ല ശതമാനവും ദൈവം അവരെ 'രക്ഷിച്ചിട്ടും രക്ഷപ്പെടാത്തവരായി' തുടരുകയാണ്.*
2. *പുറമെ ജനം ഈജിപ്റ്റിൽ നിന്ന് സ്വതന്ത്രരായി എങ്കിലും*

അവരുടെ അകമെയുള്ള ഈജിപ്റ്റിൽ നിന്ന് അവർ സ്വതന്ത്രരായിരുന്നില്ല.

3. രക്ഷിക്കപ്പെട്ട ജനത്തിന്റെ പുറമെയുള്ള ഈജിപ്റ്റ് ഭരിച്ചിരുന്ന രാജാവ് ഫറവോ ആയിരുന്നെങ്കിൽ, രക്ഷിക്കപ്പെടാത്ത ഓരോ മനുഷ്യന്റെയും അകമെ ഹൃദയത്തിലുള്ള ഈജിപ്റ്റ് ഭരിക്കുന്ന രാജാക്കന്മാർ അവരവർ തന്നെ ആയിരുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ 'മനുഷ്യൻ തന്നെ മനുഷ്യന്റെ ഫറവോ!'

4. 'ജനം വാഗ്ദത്തദേശം അവകാശമാക്കുവാൻ പോകാതവണ്ണം ജനത്തെ ഈജിപ്റ്റിന്റെ അടിമത്തത്തിൽ തന്നെ പിടിച്ചുവയ്ക്കുകയായിരുന്നു' പുറമെയുള്ള ഫറവോയുടെ സ്വഭാവം.

5. മനുഷ്യരെ കനാൻ ദേശത്തേക്ക് പോകുവാൻ സമ്മതിക്കാതെ ഈജിപ്റ്റിന്റെ സംസ്കാരത്തിൽ തന്നെ പിടിച്ചുകെട്ടുന്ന മനുഷ്യന്റെ അകമെയുള്ള ഫറവോയെ കൊല്ലുവാനാണ് ദൈവം യിസ്രായേൽ ജനത്തിന്റെ മുമ്പിൽ മരുഭൂയാത്ര ഒരുക്കിയത്.

6. ഫറവോയുടെ അടിമത്തത്തിലുള്ള ഈജിപ്റ്റിൽ നിന്ന് രക്ഷിച്ചിട്ടും, ജനം യിസ്രായേൽ പാളയത്തിൽ തങ്ങളുടെ ഹൃദയത്തിലുള്ള ഈജിപ്റ്റിന്റെ തടവുകാരായി തുടരുന്നതുപോലെയാണ്, ഇന്ന് യേശുക്രിസ്തു ജനത്തെ പിശാചിന്റെ കീഴിലുള്ള ലോകമാകുന്ന തടവറയിൽ നിന്ന് രക്ഷിച്ചിട്ടും ജനം സഭയിൽ തങ്ങളുടെ ഹൃദയത്തിലുള്ള ലോകത്തിന്റെ തടവുകാരായി തുടരുന്നത്.

7. തിരുവനന്തപുരത്തേക്ക് ദർശനം (ഢശെഷീ) വച്ച് പോകുന്ന ബസ്സ് ഡൽഹിയിൽ എത്താത്തതുപോലെ, ലോകത്തിലേക്ക് ദർശനം വച്ച് പോകുന്ന ഒരു വ്യക്തി ദൈവരാജ്യത്തിലെത്തുകയില്ല.

8. ലോകത്തെ സ്നേഹിക്കരുതെന്ന് ദൈവവചനം പറയുന്നുവെങ്കിലും ദർശനം ദൈവരാജ്യമല്ല, ലോകമായിരിക്കുന്നിടത്തോളം കാലം ജനം ലോകത്തെ സ്നേഹിക്കുകയാണ്. അവരുടെ അനുഗ്രഹമെന്ന് പറയുന്നത് ലോകത്തിൽ വളരുന്നത് മാത്രമാണ്.

9. **'താഴേക്ക് പോയിക്കൊണ്ട്** ഒരു വ്യക്തിക്ക് **'മുകളിലേക്ക്**

**പോകാൻ**' കഴിയാത്തതുപോലെ ലോകം അന്വേഷിച്ച് കൊണ്ട് ദൈവരാജ്യം അന്വേഷിക്കാൻ കഴിയുകയില്ല. (You can't **'go up'** by **'going down'.** Similarly, you can't seek the Kingdom by seeking the world).

10. ലോകത്തിന്റെ സമ്പ്രദായം ഒരുവന് കൊടുക്കുന്ന ദർശനമെന്ന് പറയുന്നത് ലോകത്തിൽ വലുതാവുക, മറ്റൊരുരീതിയിൽ പറഞ്ഞാൽ 'ലോകത്തെ നേടുക' എന്നതാണ്.

11. ലോകമാണ് സഭയിലെ രക്ഷിക്കപ്പെട്ട ഒരുവൻ അന്വേഷിക്കുന്നതെങ്കിൽ, ആ വ്യക്തിയുടെ ഹൃദയം മുഴുവൻ ലോകമായതിനാൽ ആ വ്യക്തിയെ യേശു ലോകത്തിൽ നിന്നും രക്ഷിച്ചിട്ടും ഹൃദയം കൊണ്ട് ലോകമാകുന്ന തടവറയിൽ നിന്ന് രക്ഷപ്പെടാത്തവനാണ്, അതായത് രക്ഷിച്ചിട്ടും രക്ഷപ്പെടാത്തവൻ ആണ്.

12. ലോകത്തിൽ നിന്ന് രക്ഷിക്കപ്പെട്ട മനുഷ്യന്റെ 'ഹൃദയത്തിലുള്ള ലോകത്തിന്റെ' ഫറവോ അഥവാ രാജാവ് ആ മനുഷ്യൻ തന്നെയാണ്. ആ മനുഷ്യൻ തന്നെയാണ് അവനെ ലോകത്തിൽ നിന്ന് വിട്ടുകൊടുക്കാത്തത്.

13. 'ലോക സമ്പ്രദായത്തിലൂടെ' പിശാച് മനുഷ്യനെ മനുഷ്യന്റെ തന്നെ ശത്രുവാക്കിത്തീർക്കുന്നു. എങ്ങനെയെന്നാൽ ലോക സമ്പ്രദായത്തിലൂടെ രക്ഷിക്കപ്പെട്ട മനുഷ്യനെ വീണ്ടും, മനുഷ്യനറിയാതെ 'പിശാചിന്റെ മരണത്തിന്റെ പദ്ധതിയിൽത്തന്നെ കുടുക്കുന്നു.'

14. മനുഷ്യൻ തന്നെത്തന്നെ തോല്പിക്കാതെ 'ലോക സമ്പ്രദായത്തിൽ' നിന്ന് മനുഷ്യന് മോചനമില്ല.



# അദ്ധ്യായം 10
## ചതിക്കുന്ന ലോകസമ്പ്രദായം

"ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവ ഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ."
(റോമ.12:2)

**മനുഷ്യർ ചതിക്കപ്പെട്ടിരിക്കുന്നു:** നിത്യാഗ്നിയിൽ നിന്ന് രക്ഷപ്പെട്ട് നിത്യജീവൻ നേടുവാൻ ദൈവം കൊടുത്ത സമയം നശ്വരലോകം നേടുവാനാണ് ചതിക്കപ്പെട്ട മനുഷ്യർ ഉപയോഗിക്കുന്നത്.

***പിശാച്*** ആവിഷ്കരിച്ച ലോക സമ്പ്രദായത്തിന്റെ ലക്ഷ്യം മനുഷ്യരെ ചതിക്കുക എന്നതാണ്. അതായത് വീണ്ടും 'പിശാചിന്റെ മരണത്തിന്റെ പദ്ധതിയിൽ' കൊണ്ടുവരിക എന്നതാണ്. ഈ ചതിയിൽ വീഴുന്ന മനുഷ്യർക്ക് ദൈവേഷ്ടം തിരിച്ചറിയാൻ കഴിയാതെ ദൈവം തരുവാൻ ആഗ്രഹിക്കുന്ന പരമപ്രധാനമായ ദൈവരാജ്യം നഷ്ടമാകുന്നു. രണ്ട് രീതിയിലാണ് 'ലോകസമ്പ്രദായം' മനുഷ്യരെ ചതിക്കുന്നത്.

1. **മനുഷ്യരെ കുരുടാക്കുന്നു**
2. **മനുഷ്യരുടെ സമയത്തെ അപഹരിക്കുന്നു**

### മനുഷ്യരെ കുരുടാക്കുന്നു

ദൈവം മനുഷ്യർക്ക് കൊടുക്കുവാൻ ആഗ്രഹിക്കുന്ന സ്വർഗ്ഗരാജ്യത്തെ മറയ്ക്കുവാൻ തക്കവണ്ണം ലോകസമ്പ്രദായം കൊണ്ട് പിശാച് മനുഷ്യരെ കുരുടാക്കുന്നു.

സ്വർഗ്ഗരാജ്യം മനുഷ്യരിൽ നിന്ന് പിശാച് ഒളിപ്പിക്കുന്നതെങ്ങനെ?

ഉത്തരം:- 'ലോക സമ്പ്രദായം' മനുഷ്യരുടെ മനസ്സുകളിൽ നിറച്ച് മനുഷ്യരുടെ മനസ്സ് കുരുടാക്കിയാണ് ഒളിപ്പിക്കുന്നത്.

**"സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവെച്ച നിധിയോടു സദൃശം. അതു ഒരു മനുഷ്യൻ കണ്ടു മറെച്ചിട്ടു, തന്റെ സന്തോഷത്താൽ ചെന്നു തനിക്കുള്ള തൊക്കെയും വിറ്റു ആ വയൽ വാങ്ങി." (മത്താ. 13:44)**

**"വയൽ ലോകം" (മത്താ. 13:37)**

**"ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി." (2 കൊരി. 4:4)**

## *മനുഷ്യന്റെ സമയത്തെ അപഹരിക്കുന്നു*

ലോകസമ്പ്രദായത്തിലൂടെ ജനത്തെ ലോകസ്നേഹത്തിൽ കുടുക്കി, ലോകത്തിൽ വലുതാകാനുള്ള ദർശനം കൊടുത്ത്, അതിന് വേണ്ടി അഭ്യസിപ്പിച്ച്. പാപത്തിലും, രോഗത്തിലും, കടത്തിലും, ശണ്ഠയിലും, ജീവിത സമ്മർദ്ദങ്ങളിലും കുടുക്കി ദൈവരാജ്യത്തിലേക്ക് തന്റെ ജീവൻ നേടാനായി ദൈവം കൊടുത്ത വിലയേറിയ സമയത്തെ അപഹരിക്കുന്നു.

> ലോകസമ്പ്രദായം മനുഷ്യമനസ്സുകളെ കുരുടാക്കി, ദൈവം, ജീവനെ നേടുവാൻ മനുഷ്യർക്ക് കൊടുത്തിരിക്കുന്ന "സമയത്തെ" അപഹരിക്കുന്നു.

**"ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ." (എഫെ. 5:16)**

എന്തിന് വേണ്ടിയാണ് സമയം തക്കത്തിൽ ഉപയോഗിക്കുവാൻ ദൈവവചനം പറയുന്നത്?

1. **നാം ദൈവേഷ്ടം തിരിച്ചറിയുവാനും** (ദൈവപുത്രന്മാരായി വെളിപ്പെട്ട് ദൈവരാജ്യം അവകാശമാക്കുക)
2. **ദൈവേഷ്ടം ചെയ്യുവാനും**

### *ദൈവേഷ്ടം തിരിച്ചറിയുവാൻ*

**"ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന് ഗ്രഹിച്ചുകൊൾവിൻ." (എഫെ. 5:17)**

### *ദൈവേഷ്ടം ചെയ്യുവാൻ*

**"എന്നോട് കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല,**

**സ്വർഗ്ഗസ്ഥനായ എന്റെ <u>പിതാവിന്റെ ഇഷ്ടം</u> ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്." (മത്താ. 7:21)**

**"ജയിക്കുന്നവന്നു ഇത് അവകാശമായി ലഭിക്കും; ഞാൻ അവന് ദൈവവും <u>അവൻ എനിക്ക് മകനുമായിരിക്കും</u>." (വെളി. 21:7)**

**"രാജാവ് തന്റെ വലത്തുള്ളവരോടു അരുളിച്ചെയ്യും: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന <u>രാജ്യം അവകാശമാക്കിക്കൊൾവിൻ</u>." (മത്താ. 25:34)**

## *ലോക സമ്പ്രദായത്തിന്റെ പ്രവർത്തനരീതി*

പിതാവ് തരുവാൻ ആഗ്രഹിക്കുന്ന ദൈവരാജ്യം മനുഷ്യൻ അറിയാതിരിക്കുവാൻ <u>മനുഷ്യനെ</u> കുരുടാക്കുകയും, അതിന് വേണ്ടി പിതാവ് കൊടുത്ത സമയത്തെ അപഹരിക്കുകയും, അതുവഴി മനുഷ്യനെ തീപ്പൊയ്കയിലേക്ക് തള്ളിയിടുകയുമാണ് പിശാച് ആവിഷ്കരിച്ചിരിക്കുന്ന ലോക സമ്പ്രദായം ചെയ്യുന്നത്. പിശാച് ലോക സമ്പ്രദായത്തിലൂടെ ദൈവം ആവിഷ്കരിച്ച ദൈവരാജ്യത്തിന്റെ സമ്പ്രദായത്തെ തലതിരിച്ചിരിക്കുന്നു. ദൈവം ജനത്തിന് ദൈവരാജ്യം കൊടുക്കുവാൻ പ്രസാദിച്ചു എന്ന് യേശു ജനത്തോട് പറയുമ്പോൾ, പിശാച് യേശുവിന് കൊടുക്കാമെന്ന് പറയുന്നത് ലോകവും, ലോകത്തിന്റെ മഹത്വവും ആണ്. എല്ലാ രീതിയിലും ദൈവീക സമ്പ്രദായത്തിന്റെ നേരെ തല തിരിഞ്ഞ സമ്പ്രദായമാണ് പിശാചിന്റെ ലോക സമ്പ്രദായം.

> ദൈവം ജനത്തിന് ദൈവരാജ്യം വാഗ്ദത്തം ചെയ്യുമ്പോൾ, പിശാച് ജനത്തിന് ലോകരാജ്യം വാഗ്ദത്തം ചെയ്യുന്നു.

> പിതാവ് തരുവാൻ ആഗ്രഹിക്കുന്ന ദൈവരാജ്യം മനുഷ്യൻ അറിയാതിരിക്കുവാൻ മനുഷ്യനെ കുരുടാക്കുകയും, അതിന് വേണ്ടി പിതാവ് മനുഷ്യന് കൊടുത്ത സമയത്തെ അപഹരിക്കുകയും അതുവഴി മനുഷ്യനെ തീപ്പൊയ്കയിലേക്ക് തള്ളിയിടുകയുമാണ് പിശാച് ആവിഷ്കരിച്ചിരിക്കുന്ന ലോക സമ്പ്രദായം ചെയ്യുന്നത്.

**"ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടരുതു: നിങ്ങളുടെ പിതാവു <u>രാജ്യം നിങ്ങൾക്കു നല്കുവാൻ</u> പ്രസാദിച്ചിരിക്കുന്നു." (ലൂക്കൊ. 12:32)**

**"പിന്നെ പിശാച് അവനെ (യേശുവിനെ) ഏറ്റവും ഉയർന്നോരു മലമേൽ കൂട്ടിക്കൊണ്ടുപോയി ലോകത്തിലുളള സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും കാണിച്ചു; വീണു എന്നെ നമസ്കരിച്ചാൽ ഇതൊക്കെയും നിനക്കു തരാം എന്നു അവനോടു പറഞ്ഞു." (മത്താ. 4:8-9)**

എന്നാൽ ക്രിസ്തുവിന്റെ യഥാർത്ഥ ദാസന്മാർ ദൈവം വച്ച ദൈവ രാജ്യവ്യവസ്ഥയിലേക്ക് ലോകത്തെ തിരിച്ചുകൊണ്ടുവരുന്നവരാണ്. ഏകദേശം 2000 വർഷങ്ങൾ പുറകിലേക്ക് നോക്കിയാൽ പൗലൊസിന്റെ സുവിശേഷീകരണ വേളയിൽ പൗലൊസിനെയും ശീലാസിനെയും കുറിച്ച് പറഞ്ഞത് 'ഭൂലോകത്തെ തലകീഴായി മറിക്കുന്നവർ' എന്നാണ്.

> ദൈവീക സമ്പ്രദായത്തിന്റെ നേരെ തല തിരിഞ്ഞ സമ്പ്രദായമാണ് പിശാചിന്റെ ലോക സമ്പ്രദായം.

**"..........ഭൂലോകത്തെ തലകീഴായി മറിച്ചവർ ഇവിടെയും എത്തി."**
**(അപ്പോ. 17:6) KJV**

**"These that have turned the world upside down are come hither also;" (Act 17:6) KJV**

എന്തുകൊണ്ട് ഭൂലോകത്തെ തലകീഴായി തിരിക്കണം? തലകീഴായി തിരിക്കുകയല്ല, മനുഷ്യഹൃദയത്തിൽ 'ലോക സമ്പ്രദായത്തിലൂടെ' പിശാച് തലകീഴാക്കിയ ലോകത്തെ നേരെയാക്കുകയാണ് അപ്പൊസ്തലന്മാർ ചെയ്തത്.

## ചതിക്കുന്ന തലകീഴായ ലോക സമ്പ്രദായം!

ദൈവം വച്ച വ്യവസ്ഥയ്ക്ക് നേരെ എതിരെ ഓടുന്ന സമ്പ്രദായമാണ് പിശാചിന്റെ 'ഈ ലോക സമ്പ്രദായം'.

ആദാം പാപം ചെയ്ത് ആത്മാവിൽ മരിച്ചതോടുകൂടെ അവൻ സുബോധമില്ലാത്തവനായി തീർന്നു, അതേത്തുടർന്ന് പിശാച് ദൈവം ലോകത്തിൽ വച്ച ദൈവീക സംവിധാനത്തെ മനുഷ്യഹൃദയങ്ങളിൽ തലതിരിച്ചു. അതിനാൽ ആത്മാവിൽ മരിച്ച മാനവകുലം മുഴുവൻ ദൈവത്തിന്റെ ദൃഷ്ടിയിൽ സുബോധമില്ലാത്തവരും, ഭോഷന്മാരുമാണ്. അതുകൊണ്ടാണ് ധൂർത്തപുത്രന്റെ കഥയിൽ ധൂർത്തപുത്രന് സുബോധം വന്നപ്പോൾ പിതാവിന്റെ ഭവനത്തെക്കുറിച്ച് ഓർത്തു എന്ന് എഴുതിയിരിക്കുന്നത്.

**"അപ്പോൾ സുബോധം വന്നിട്ടു അവൻ: എന്റെ അപ്പന്റെ എത്ര കൂലി**

**ക്കാർ ഭക്ഷണം കഴിച്ചു ശേഷിപ്പിക്കുന്നു; ഞാനോ വിശപ്പുകൊണ്ടു നശിച്ചു പോകുന്നു." (ലൂക്കൊ. 15:17)**

## *ലോകത്തിലൂടെ തീപ്പൊയ്കയിലേക്ക്*

ജനത്തെ ദൈവരാജ്യത്തിലേക്ക് കൊണ്ടുപോകാനാണ് ദൈവം ആഗ്രഹിക്കുന്നതെങ്കിൽ, ജനത്തെ തീപ്പൊയ്കയിലേക്ക് തള്ളുവാനാണ് പിശാച് ആഗ്രഹിക്കുന്നത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ 'ജനത്തെ ക്രിസ്തുവാകുന്ന വഴിയിലൂടെ ദൈവപുത്രന്മാരായി ദൈവരാജ്യത്തിലേക്ക് കൊണ്ടുപോകുവാൻ ദൈവം ആഗ്രഹിക്കുമ്പോൾ, ജനത്തെ ലോകമാകുന്ന വഴിയിലൂടെ തീപ്പൊയ്കയിലേക്ക് കൊണ്ടുപോകാനാണ് പിശാച് ലോക സമ്പ്രദായത്തിലൂടെ ആഗ്രഹിക്കുന്നത്.'

ജനത്തെ ദൈവരാജ്യത്തിലേക്ക് കൊണ്ടുപോകാനാണ് ദൈവം ആഗ്രഹിക്കുന്നതെങ്കിൽ, ജനത്തെ തീപ്പൊയ്ക യിലേക്ക് തള്ളുവാനാണ് പിശാച് ആഗ്രഹിക്കുന്നത്.

**ദൈവത്തിന്റെ ആഗ്രഹം:- ജനം ക്രിസ്തുവിലൂടെ ദൈവരാജ്യത്തിലേക്ക്.**

**പിശാചിന്റെ ആഗ്രഹം:- ജനം ലോകത്തിലൂടെ തീപ്പൊയ്കയിലേക്ക്.**

പക്ഷെ സുബോധം നഷ്ടപ്പെട്ട മനുഷ്യന്റെ മുമ്പിൽ പിശാച് 'ലോകം' തീപ്പൊയ്കയിലേക്കുള്ള (രണ്ടാം മരണത്തിലേക്കുള്ള) വഴിയാണെന്ന് മറച്ചുവച്ച്, മീനിനെ പിടിക്കാൻ ചൂണ്ടയിൽ കൊളുത്തിയിടുന്ന ഇരപോലെ ലോകത്തെ ഉപയോഗിക്കുന്നു.

30 വെള്ളിക്കാശ് കൊളുത്തിയിട്ടപ്പോൾ യൂദാസ് ആ ചൂണ്ടയിൽ കൊളുത്തി നാശത്തിലേക്ക് പോയി. എന്നാൽ യേശുവിന്റെ മുമ്പിൽ പിശാച് കൊളുത്തിയ ഇര ലോകവും ലോകത്തിലുള്ള സകല മഹത്വവും ആണ്. പക്ഷേ യേശു അതിൽ വീണില്ല.

**"നിങ്ങൾ എന്തു തരും? ഞാൻ അവനെ കാണിച്ചു തരാം എന്നു പറഞ്ഞു: അവർ അവന്നു <u>മുപ്പതു വെള്ളിക്കാശു</u> തൂക്കിക്കൊടുത്തു." (മത്താ. 26:15)**

**"പിന്നെ പിശാചു അവനെ ഏറ്റവും ഉയർന്നോരു മലമേൽ കൂട്ടിക്കൊണ്ടുപോയി <u>ലോകത്തിലുള്ള സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും</u> കാണിച്ചു:" (മത്താ. 4:8)**




(ചിത്രം-21)

ഈ ലോക സമ്പ്രദായത്തിന്റെ മുമ്പിൽ യേശുവിനെ മുട്ടുകുത്തിക്കാൻ പിശാച് പല തന്ത്രങ്ങൾ നോക്കിയെങ്കിലും യേശു അവിടെയെല്ലാം ജയം പ്രാപിക്കാൻ ഇടയായി.

**"........പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളതു." (എബ്രാ. 4:15)**


**"നിങ്ങൾക്കു എന്നിൽ സമാധാനം ഉണ്ടാകേണ്ടതിന് ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു; ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്നു പറഞ്ഞു." (യോഹ. 16:33)**

## *ദൈവീക സംവിധാനം*

തല തിരിഞ്ഞ് ഓടുവാൻ ശ്രമിക്കുന്ന റോക്കറ്റ് പോലെയാണ് പിശാച് ആവിഷ്കരിച്ചിരിക്കുന്ന ഈ ലോക സമ്പ്രദായം. ഇത് നാം മനസ്സിലാക്കണമെങ്കിൽ, 'ദൈവപുത്രന്മാരും കാലങ്ങളുടെ വിവേചനവും' എന്ന മുൻ അദ്ധ്യായത്തിൽ കൊടുത്തിരിക്കുന്ന മൂന്ന് മണ്ഡലങ്ങളെക്കുറിച്ച് നാം വീണ്ടും മനസ്സിലാക്കേണ്ടതുണ്ട്. ജീവവൃക്ഷവും (നിത്യജീവന്റെ മണ്ഡലം), മദ്ധ്യത്തിൽ ജീവനുള്ള ദേഹിയായി ആദാമും (ജീവന്റെ മണ്ഡലം) നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും (മരണത്തിന്റെ, ലോകത്തിന്റെ മണ്ഡലം) ചേർന്ന മൂന്ന് മണ്ഡലങ്ങൾ (Zone)

ഉണ്ടാക്കപ്പെട്ടു എന്നു നാം മനസ്സിലാക്കിയല്ലോ. ആദാമിനെ നിർത്തിയിരുന്ന ജീവന്റെ മണ്ഡലത്തിന്റെ ഒരു ഭാഗത്ത് നിത്യജീവന്റെ മണ്ഡലവും, മറുഭാഗത്ത് മരണത്തിന്റ, ലോകത്തിന്റെ മണ്ഡലവുമാണ്.

എന്നാൽ ലോകത്തിനപ്പുറം 4-ാ മത് ഒരു മണ്ഡലം (Zone) കൂടെയുണ്ട്, അതാണ് തീപ്പൊയ്ക. അങ്ങോട്ടാണ് രക്ഷിക്കപ്പെട്ട ജനത്തെ ലോകസമ്പ്രദായത്തിലൂടെ മയക്കി പിശാച് വീഴിക്കുന്നത്.




(ചിത്രം-22)

ദൈവം ആദാമിനെ ജീവനുള്ള ദേഹിയായി ഏദെനിലാണ് (ജീവന്റെ മേഖല) നിർത്തിയതെന്ന് നാം മനസ്സിലാക്കിയല്ലോ.

**"യഹോവയായ ദൈവം നിലത്തെ പൊടി കൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു. അനന്തരം യഹോവയായ ദൈവം കിഴക്കു ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി." (ഉല്പ. 2:7-8)**

ദേഹീതലത്തിൽ ദൈവത്തെക്കാൾ അല്പം മാത്രം താഴ്ത്തി (സങ്കീ. 8:5) സൃഷ്ടിച്ച് ദൈവം ഏദെനിൽ നിർത്തിയിരുന്ന ആദാം അവിടെ ദൈവത്തോട് അനുസരണം കാണിച്ച്, ദൈവേഷ്ടം ചെയ്ത്


അനുസരണക്കേടിലൂടെ തന്റെ അധികാരസീമയിലായിരുന്ന ലോകം തന്റെ തന്നെ ജയിലായി മാറിയത് സുബോധം നഷ്ടപ്പെട്ട ആദാമും തലമുറകളും ഇന്നും അറിഞ്ഞിട്ടില്ല.

ജയം പ്രാപിച്ചാൽ, ജയിക്കുന്നവന് ലഭിക്കുന്ന ജീവവൃക്ഷത്തിന്റെ ഫലം (വെളി. 2:7) കഴിക്കാൻ ലഭിക്കുകയും ദൈവത്തിന്റെ മണ്ഡലത്തിലേക്ക് പൂർണ്ണമായി ഉയർത്തപ്പെടുകയും ചെയ്തേനെ. അതായത് മനുഷ്യ പുത്രന്മാർ ആത്മതലത്തിലേക്ക് ഉയരുകയും ദൈവപുത്രന്മാരായി നിത്യം ജീവിക്കുകയും ചെയ്തേനെ. ഇതിനാണ് ദൈവം മനുഷ്യനെ മുന്നിയമിച്ചിരിക്കുന്നത് (റോമ. 8:29). പക്ഷേ അതിലേക്ക് വരണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നത് മനുഷ്യനാണ്. ദൈവത്തെ അനുസരിച്ചാൽ ദൈവീകമണ്ഡലമായ ദൈവരാജ്യത്തിലേക്ക് കടന്നുവരാം. അല്ലെങ്കിൽ തല തിരിഞ്ഞ ദിശയിലേക്ക് പോവുകയും, ലോകത്തിലൂടെ പിശാചിന് വേണ്ടി ഒരുക്കിയിരിക്കുന്ന തീപ്പൊയ്കയിലേക്ക് ചെന്നുവീഴുകയും ചെയ്യും. മനുഷ്യർ അങ്ങനെ ചെന്ന് വീഴണമെന്ന് ദൈവം ഒരിക്കലും ആഗ്രഹിക്കുന്നില്ല. അനുസരണക്കേടിലൂടെ മനുഷ്യർ സ്വയം തിരഞ്ഞെടുക്കുന്നതാണ് ആ മാർഗ്ഗം.

> ഇന്ന് ലോകം മനുഷ്യനെ കൊല്ലുവാനിട്ടിരിക്കുന്ന ജയിലാണ്.

> ദൈവത്തെ അനുസരിൺനു ദൈവീകമണ്ഡലമായ ദൈവരാജ്യത്തിലേററ് കടങ്ക ുവരാം. അസ്റ്റെക്കിനു തല തിരിബ്ല ദിശയിലേററ് പോവുകയും, ലോകത്തിലൂടെ പിശാചിന് വേണ്ടി ഒരുററിയിരിററുങ്ക തീപ്പൊയ്കയിലേററ് ചെങ്ക ുവീഴുകയും ചെർ ും.

**ലോകമാകുന്ന ജയിൽ**



**ലോകമാകുന്ന ജയിലിൽ അടയ്ക്കപ്പെട്ട മനുഷ്യൻ**

(ചിത്രം-23)

എന്നാൽ ആദാം പിശാചിന്റെ തന്ത്രത്തിൽ കുടുങ്ങുകയും അനുസരണക്കേടിനാൽ ദൈവം ആഗ്രഹിച്ച ദിശയ്ക്ക് വിപരീതമായി പോവുകയും മരണശിക്ഷയായി ലോകമെന്ന ജയിലിൽ പിശാചിനാൽ അകപ്പെടുകയും ചെയ്തു. അനുസരണക്കേടിലൂടെ തന്റെ അധികാരസീമയിലായിരുന്ന ലോകം തന്റെ തന്നെ ജയിലായി മാറിയത് സുബോധം നഷ്ടപ്പെട്ട ആദാമും തലമുറകളും ഇന്നും അറിഞ്ഞിട്ടില്ല. തുടർന്ന് 930 വർഷം കൊണ്ട് മരണദൂതൻ ആദാമിന്റെ മേലുള്ള ഒന്നാം മരണം പൂർത്തിയാക്കി. ആദാമിന്റെ തലമുറകളും ഇന്ന് സുബോധം നഷ്ടപ്പെട്ട് ഈ പാതയിൽ തന്നെ തുടരുകയാണ്. എന്നാൽ സ്വർഗ്ഗീയപിതാവ് യേശുക്രിസ്തുവിലൂടെ മാനവകുലത്തെ മരണശിക്ഷയിൽ നിന്ന്, അതായത് ലോകമാകുന്ന ജയിലിൽ നിന്ന് രക്ഷിച്ചിട്ടും ഇന്നു സുബോധം ലഭിക്കാതെ ജനം പിശാചിന്റെ ലോകസമ്പ്രദായത്തിൽ കുടുങ്ങി ലോകമെന്ന ജയിലിൽത്തന്നെ കഴിയുകയാണ്.

> സ്വർഗ്ഗീയപിതാവ് യേശുക്രിസ്തുവിലൂടെ മാനവകുലത്തെ മരണശിക്ഷയിൽ നിന്ന്, അതായത് ലോകമാകുന്ന ജയിലിൽ നിന്ന് രക്ഷിച്ചിട്ടും ഇന്നും സുബോധം ലഭിക്കാതെ ജനം പിശാചിന്റെ ലോകസമ്പ്രദായത്തിൽ കുടുങ്ങി ലോകമെന്ന ജയിലിൽത്തന്നെ കഴിയുകയാണ്.

## മനുഷ്യന്റെ പ്രവർത്തനരീതിയെ തലതിരിച്ചു.

മനുഷ്യൻ ദൈവത്തിൽ നിന്ന് ആരംഭിച്ച് ലോകത്തിൽ പ്രവർത്തിക്കുക എന്നതായിരുന്നു ദൈവം മനുഷ്യനിൽ വച്ചിരുന്ന പ്രവർത്തനരീതി. എന്നാൽ ആദാമിന്റെ ആത്മമരണം സംഭവിച്ചതോടുകൂടി പിശാച് ഇതിനെ തലതിരിച്ച് ദൈവവുമായുള്ള ബന്ധം വേർപെടുത്തി, മനുഷ്യൻ കാഴ്ചയാൽ ലോകത്തിൽ നിന്ന് ആരംഭിച്ച് ലോകത്തിൽ പ്രവർത്തിക്കുന്നവനാക്കി മാറ്റി.

> പിശാച് ആദാമിനെ ശരീരത്തിലൂടെ, അതായത് കാഴ്ചയിലൂടെ ലോകത്തിൽ നിന്നാരംഭിച്ച് ലോകത്തിൽ പ്രവർ ത്തിക്കുന്ന ലോകസമ്പ്രദായത്തിലേക്ക് മാറ്റി.

അല്പം കൂടി വിശദീകരിച്ച് പറഞ്ഞാൽ ഏദെനിൽ വസിച്ചിരുന്ന ആദാം തന്റെ ആത്മാവിലൂടെ ദൈവത്തിന്റെ ചിന്തകൾ മനസ്സിലാക്കുകയും, തന്റെ ശരീരം ഉപയോഗിച്ച് ആ

ചിന്തകൾ ലോകത്തിലെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയും ചെയ്യ ണമായിരുന്നു. എന്നാൽ ആത്മാവിൽ മരിച്ച ആദാമിന് ആത്മാവിലൂടെ ദൈവീക ചിന്തകൾ പ്രാപിക്കുവാൻ കഴിയാതെയായി, പിശാച് ആദാമിനെ ശരീരത്തിലൂടെ, അതായത് കാഴ്ചയിലൂടെ ലോകത്തിൽ നിന്നാരംഭിച്ച് ലോകത്തിൽ പ്രവർത്തിക്കുന്ന ലോകസമ്പ്രദായത്തിലേക്ക് മാറ്റി. അതായത് ദൈവീക സംവിധാനത്തെ തലതിരിച്ച് കളഞ്ഞു. അതു കൊണ്ടാണ് വീണ്ടും ജനിച്ചവരോട് ദൈവവചനം പറയുന്നത് ഇനി ലോക സമ്പ്രദായത്തിലല്ല, ദൈവീകസമ്പ്രദായത്തിൽ പോകുവാൻ. അതായത് മനുഷ്യന്റെ പ്രവൃത്തികൾ ഇനി ലോകത്തിൽ നിന്ന് ആരം ഭിക്കാതെ വിശ്വാസത്താൽ ദൈവത്തിൽ നിന്ന് ആരംഭിക്കണമെന്ന്.

**"കാഴ്ചയാൽ അല്ല വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നത്."**
**(2 കൊരി. 5:7)**

ലോകത്തിൽ നിന്ന് ആരംഭിച്ച് ലോകത്തിൽ പ്രവർത്തിക്കുന്നതാണ് ലോകസമ്പ്രദായമെങ്കിൽ, ദൈവത്തിൽ നിന്ന് ആരംഭിച്ച് ലോകത്തിൽ പ്രവർത്തി ക്കുന്നതാണ് ദൈവീകസമ്പ്രദായം.

ദൈവീകസമ്പ്രദായത്തിൽ മനുഷ്യൻ ദൈവാത്മാവ് പറയുന്നത് കേട്ട് ശരീരം ഉപയോഗിച്ച് ലോകത്തിൽ പ്രവർത്തിക്കുന്നു. ഇതുകൊണ്ടാണ് വെളിപ്പാട് പുസ്തകത്തിൽ ഏഴ് സഭകൾക്ക് ദൂതെഴുതുമ്പോൾ ഏഴു സഭകളോടും പറയുന്നത്, "**ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെയെന്ന്.**"

**"ആത്മാവ് സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ." (വെളി. 2:7,11,17,29,3:6,13,22)**

പിശാച് തല കീഴാക്കിയ ദൈവീകസമ്പ്രദായത്തെ തിരിച്ചുകൊണ്ടുവ രികയാണ് പരിശുദ്ധാത്മാവ് ചെയ്യുന്നത്. നമുക്കും പരിശുദ്ധത്മാ വിനോട് ചേർന്ന് ദൈവീകസമ്പ്രദായത്തിൽ പ്രവർത്തിക്കാം. മാത്രമല്ല ലോകത്തെ ദൈവരാജ്യത്തിന്റെ വചനത്തിലൂടെ ദൈവീക സമ്പ്രദായ ത്തിലേക്ക് മടക്കിക്കൊണ്ട് വരാം.

## ദൈവത്തിന്റെ പരീക്ഷാഹാളിനെ തലതിരിച്ചു.

'ഭൂമി' മനുഷ്യനെ പരീക്ഷിക്കുവാൻ ദൈവം ഉപയോഗിക്കുന്ന പരീക്ഷാഹാളാണ്. എന്നാൽ പിശാച് 'ഭൂമി' മനുഷ്യൻ ദൈവത്തെ പരീ ക്ഷിക്കാനുള്ള പരീക്ഷാഹാളാക്കി മാറ്റുകയാണ്.

ദൈവം മനുഷ്യന് ഭൂമിയിൽ പരീക്ഷ അനുവദിക്കുന്നത് മനുഷ്യനെ നശിപ്പിക്കാനല്ല. പകരം മനുഷ്യൻ ആ പരീക്ഷയിൽ ദൈവത്തെ അനുസരിച്ച് കൊള്ളാകുന്നവനായി തെളിയുവാനാണ്. അങ്ങനെ ദൈവത്തോടുള്ള അനുസരണം തെളിയിക്കുന്നവർക്ക് അവരുടെ ഈ ലോക വാസത്തിന് ശേഷം അവരുടെ അനുസരണത്തിന് അനുസരിച്ച് ദൈവത്തിൽ നിന്ന് പ്രതിഫലം ലഭിക്കും.

**''അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു." (യോഹ. 1:12)**

ദൈവം അനുവദിക്കുന്ന എല്ലാ പരീക്ഷകളോടും കൂടെ പോക്കുവഴിയും ദൈവം ഒരുക്കിയിട്ടുണ്ടാകും.

**"മനുഷ്യർക്ക് നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിന്നു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും." (1 കൊരി. 10:13)**

ദൈവം മനുഷ്യന് പരീക്ഷ അനുവദിക്കുന്നത് മനുഷ്യനെ ഉയർത്താനാണെങ്കിൽ പിശാച് മനുഷ്യനോട് ദൈവത്തെ പരീക്ഷിക്കാൻ പറയുന്നത് മനുഷ്യനെ നശിപ്പിക്കാനാണ്.

ഇന്ന് പിശാച് മനുഷ്യരെ ദൈവത്തിലുള്ള വിശ്വാസത്തിൽ നിന്നും തള്ളിമാറ്റി അവരെ നശിപ്പിക്കുന്ന ഒരു മാർഗ്ഗമാണിതെന്ന് അനേകരും അറിയുന്നില്ല. യേശുവിന്റെ അടുക്കൽ പിശാച് കടന്നുവന്ന് സങ്കീർത്തനപുസ്തകത്തിലെ ഒരു വചനം പറഞ്ഞ് ദൈവപുത്രനെന്ന് തെളിയിക്കുവാൻ ആവശ്യപ്പെട്ടു.

ദൈവാത്മാവിന്റെ പ്രേരണയാലല്ലാതെ അശുദ്ധാത്മാവിന്റെ പ്രേരണയാൽ നാം എഴുതപ്പെട്ട വചനം ഉപയോഗിച്ചാൽ അതിനെ ദൈവം താങ്ങുകയില്ല, നാം അപകടത്തിൽ ആകും.

**''നീ ദൈവപുത്രൻ എങ്കിൽ താഴത്തോട്ടു ചാടുക; നിന്നെക്കുറിച്ചു അവൻ തന്റെ ദൂതന്മാരോടു കല്പിക്കും; അവൻ നിന്റെ കാൽ കല്ലിനോടു തട്ടാതവണ്ണം നിന്നെ കയ്യിൽ താങ്ങിക്കൊള്ളും എന്നു എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു." (മത്താ. 4:6)**

യഥാർത്ഥത്തിൽ ദൈവപുത്രനെന്ന് തെളിയിക്കാനല്ല പകരം

ദൈവത്തെ പരീക്ഷിക്കാനാണ് പിശാച് യേശുവിനോട് ആവശ്യപ്പെട്ട തെന്ന് യേശുവിന്റെ മറുപടിയായി നമുക്ക് മനസ്സിലാക്കാൻ കഴിയും.

**"നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്നും കൂടെ എഴുതിയിരിക്കുന്നു എന്നു പറഞ്ഞു." (മത്താ. 4:7)**

ദുരാത്മാവ് പറയുന്ന വചനത്തിലൂടെ തിരിച്ചറിവില്ലാതെ നാം ദൈവത്തെ പരീക്ഷിക്കാൻ പോയാൽ, വചനം പ്രാവർത്തികമാകാത്തതുകൊണ്ട് ഈ വചനം വെറുതെ എഴുതി വച്ചിരിക്കുന്നതാണെന്ന് ചിന്തിച്ചുകൊണ്ട് നാം ദൈവത്തെ അവിശ്വസിക്കുകയും അത് നമ്മുടെ നാശത്തിലേക്ക് വഴിതുറക്കുകയും ചെയ്യും.

പിശാചിനാൽ അല്ല വചനം പ്രവർത്തിപ്പിക്കേണ്ടത്, പകരം വചനം എഴുതിയ ദൈവാത്മാവിനാൽ തന്നെ വചനം പ്രവർത്തിപ്പിക്കപ്പെടേണ്ടതായിട്ടുണ്ട്.

ദൈവാത്മാവിന്റെ പ്രേരണയാലല്ലാതെ അശുദ്ധാത്മാവിന്റെ പ്രേരണയാൽ നാം എഴുതപ്പെട്ട വചനം ഉപയോഗിച്ചാൽ അതിനെ ദൈവം താങ്ങുകയില്ല നാം അപകടത്തിൽ ആകും. കാരണം നാം ദൈവത്തെ പരീക്ഷിക്കാൻ പിശാച് നമ്മെ ഉപയോഗിക്കുകയാണ്. അതായത് പിശാചിന്റെ വാക്ക് കേട്ട് യേശു ദൈവാലയത്തിന്റെ അഗ്രത്തിൽ നിന്ന് ചാടിയിരുന്നെങ്കിൽ യേശു താഴെ വീണ് മരിച്ച് പോയേനെ; പിശാചിനാൽ അല്ല വചനം പ്രവർത്തിപ്പിക്കേണ്ടത് പകരം വചനം എഴുതിയ ദൈവാത്മാവിനാൽ തന്നെ വചനം പ്രവർത്തിപ്പിക്കപ്പെടേണ്ടതായിട്ടുണ്ട്. ദൈവാത്മാവ് പറയുന്നതാണ് ചെവിയുള്ളവൻ കേൾക്കേണ്ടത്, അല്ലാതെ ദുരാത്മാവ് പറയുന്നതല്ല.

പ്രായോഗികജീവിതത്തിൽ ദൈവത്തെ പരീക്ഷിക്കാനുള്ള പല ചിന്തകളും പിശാച് കൊണ്ടുവരും. ചിന്തകൾ ദൈവത്തിൽ നിന്നാണെന്ന് ഉറപ്പ് വന്നതിന് ശേഷം മാത്രമേ അത് ഉപയോഗിച്ച് പ്രവർത്തിക്കുവാൻ പാടുള്ളൂ. അല്ലെങ്കിൽ നാം ദൈവത്തെ പരീക്ഷിക്കുന്നവരാകും, വിശ്വാസം നഷ്ടപ്പെട്ട് നശിക്കുവാനിടയായിത്തീരും.

**"ഇങ്ങനെയുള്ളവർ കള്ളയപ്പൊസ്തലന്മാർ, കപടവേലക്കാർ, ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരിക്കുന്നവരത്രേ; അതു ആശ്ച**

**ര്യവുമല്ല; സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ."** **(2 കൊരി. 11:13-14)**

**"എന്നാൽ ഭാവികാലത്തു ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു ഭോഷ്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്നു ആത്മാവു തെളിവായി പറയുന്നു. അവർ സ്വന്തമനസ്സാക്ഷിയിൽ ചൂടുവെച്ചവരായി വിവാഹം വിലക്കുകയും സത്യത്തെ ഗ്രഹിച്ചിരിക്കുന്ന വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിപ്പാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വർജ്ജിക്കേണം എന്നു കല്പിക്കയും ചെയ്യും." (1 തിമൊ. 4:1-3)**

ഭൂതങ്ങളുടെ ഉപദേശം ദൈവവചനം കൊണ്ട് തന്നെയാണ്, പക്ഷേ അതിന്റെ അനന്തരഫലമായി സ്വന്തമനസ്സാക്ഷിയിൽ ചൂടുവച്ചവരായി ജനം പ്രവർത്തിക്കുകയും ജനത്തിന്റെ ഹൃദയത്തിൽ വിശ്വാസത്യാഗം നടക്കുകയും ചെയ്യും.

**"എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സു ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു." (2 കൊരി. 11:3)**

## മരണദിവസത്തിന് പ്രാധാന്യം കൊടുക്കാതെ ജനനദിവസത്തിന് പ്രാധാന്യം കൊടുത്ത് ഉയർത്തിക്കാണിക്കുന്നു.

ഹാപ്പി ബെർത്ത്ഡേ, ഹാപ്പി ബെർത്ത്ഡേ (Happy Birthday) എന്ന സ്വരം മാത്രമേ നാം ലോകത്തിൽ കേൾക്കാറുള്ളൂ. ശാരീരിക മരണത്തെ സന്തോഷമായി ലോകം കണക്കിടാറില്ല. എന്നാൽ ദൈവസന്നിധിയിൽ ജനനദിവസത്തെക്കാൾ ദൈവം മൂല്യം കൊടുത്തിരിക്കുന്നത് മനുഷ്യന്റെ മരണദിവസത്തിനാണ്.

> ദൈവത്തെ അനുസരിച്ച് ഈ ലോകത്തിൽ ജീവിച്ച് മരിക്കുന്ന ഏതൊരു വ്യക്തിക്കും മരണദിവസം ജനനദിവസത്തെക്കാൾ ഉത്തമമാണ്.

**"......മരണദിവസം ജനനദിവസത്തെക്കാളും ഉത്തമം." (സഭാ. 7:1)**

ഇതിന്റെ കാരണം നാം മുൻപ് മനസ്സിലാക്കിയതുപോലെ 'ഭൂമി' മനുഷ്യർ ദൈവത്തെ അനുസരിക്കുമോ ഇല്ലയോ എന്ന് പരീക്ഷിക്കുവാൻ മനുഷ്യർക്ക് വേണ്ടിയുള്ള ദൈവത്തിന്റെ പരീക്ഷാഹാളാണ്, ആ പരീക്ഷാ ഹാളിലേക്ക് ഒരു വ്യക്തി പ്രവേശിക്കുന്നത് ആ വ്യക്തിയുടെ ജനനദിവസത്തോടുകൂടിയാണ്.

**നമ്മുടെ മരണദിവസം യഥാർത്ഥത്തിൽ നമ്മുടെ ഗ്രാജ്വേഷൻ ദിവസമാണ്. അതുകൊണ്ടാണ് ബൈബിൾ പറയുന്നത് നമ്മുടെ ജനനദിവസത്തെക്കാൾ നമ്മുടെ മരണദിവസമാണ് നല്ലത് എന്ന്.**



(ചിത്രം-24)

പരീക്ഷ കഴിഞ്ഞ് പരീക്ഷാഫലം വാങ്ങാൻ ദൈവസന്നിധിയിലേക്ക് മടങ്ങുന്ന ദിവസമാണ് ആ വ്യക്തിയുടെ മരണദിവസം. ദൈവത്തെ അനുസരിച്ച് ഈ ലോകത്തിൽ ജീവിച്ച് മരിക്കുന്ന ഏതൊരു വ്യക്തിക്കും മരണദിവസം ജനനദിവസത്തെക്കാൾ ഉത്തമമാണ്. പ്രതിഫലം വാങ്ങുവാൻ ദൈവസന്നിധിയിലേക്ക് മടങ്ങിവരുന്ന ദിവസമായതുകൊണ്ടാണ് സ്വർഗ്ഗത്തിൽ ജനനദിവസത്തെക്കാൾ മരണദിവസം നല്ലതായിരിക്കുന്നത്. ദൈവവചനം പറയുന്നു ഒരു കാര്യത്തിന്റെ ആരംഭത്തെക്കാൾ അതിന്റെ അവസാനമാണ് കൂടുതൽ നല്ലത് എന്ന്. ഡിഗ്രിക്ക് പഠിക്കാൻ ചേരുന്ന ദിവസം നല്ലതാണ്, എന്നാൽ അതിനെക്കാൾ നല്ലതാണ് ഡിഗ്രി പാസ്സായി സർട്ടിഫിക്കറ്റുമായി വരുന്ന ദിവസം. വിവാഹത്തിന് മുന്നോടിയായിട്ടുള്ള വിവാഹനിശ്ചയദിവസം നല്ലതാണ്. എന്നാൽ അതിനെക്കാൾ നല്ലതാണ് തുടർന്ന് വരുന്ന വിവാഹദിവസം. വിവാഹം നടക്കാതെ 'മനസമ്മതം' മാത്രം നടന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. ഇന്ന് സഭയിലായിരിക്കുന്ന നമുക്ക് യേശുക്രിസ്തുവുമായിട്ടുള്ള വിവാഹനിശ്ചയം (മനസ്സമ്മതം) മാത്രമേ കഴിഞ്ഞി

**ജനന ദിവസം കോളേജിനു അഡ്മിഷൻ കിട്ടിയ ദിവസം പോലെയും, മരണ ദിവസം ഗ്രാജ്വേഷൻ ദിവസം പോലെയും ആണ്.**

ട്ടുള്ളൂ. മണവാളനായ യേശുവിന് വേണ്ടി ഒരുങ്ങുന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കാത്തവർ വിവാഹത്തിൽ നിന്ന് തള്ളപ്പെടുകയും, കൂടാതെ അപകടത്തിലാകുകയും ചെയ്യും.

> ഒരു യഥാർത്ഥ ദൈവ പൈതലിന് മരണം ഒരു ദുരന്തം അല്ല, പകരം ലാഭമാണ്. അതിനാൽ സന്തോഷവുമാണ്.

**"ഞാൻ നിങ്ങളെക്കുറിച്ചു ദൈവത്തിന്റെ എരിവോടെ എരിയുന്നു; ഞാൻ ക്രിസ്തു എന്ന ഏകപുരുഷന്നു നിങ്ങളെ നിർമ്മലകന്യകയായി ഏല്പിപ്പാൻ <u>വിവാഹനിശ്ചയം ചെയ്തിരിക്കുന്നു</u>. എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു." (2 കൊരി. 11:2-3)**

വിദേശനാട്ടിൽ പഠിക്കാൻ പോയിരുന്ന മകൻ പഠനം കഴിഞ്ഞ് ഉയർന്ന മാർക്കോടെ വീട്ടിൽ തിരിച്ചുവരുമ്പോൾ ആ മകന്റെ മാതാപിതാക്കന്മാർക്ക് ഉണ്ടാകുന്ന സന്തോഷത്തിനുപരിയാണ് ഒരു മനുഷ്യന്റെ ശാരീരികമരണത്തോടെ ഭൂമിയിലെ ആ വ്യക്തിയുടെ പരീക്ഷ കഴിഞ്ഞ് ജയത്തോടെ ദൈവസന്നിധിയിലേക്ക് മടങ്ങിചെല്ലുമ്പോൾ സ്വർഗ്ഗീയപിതാവിന് ഉണ്ടാകുന്നത്. ഇതുകൊണ്ടാണ് ദൈവവചനം പറയുന്നത് തന്റെ ഭക്തന്റെ മരണം യഹോവയ്ക്ക് വളരെ വിലയേറിയതാണെന്ന്, മറ്റൊരുരീതിയിൽ പറഞ്ഞാൽ സ്വർഗ്ഗത്തിൽ "ഹാപ്പി ഡെത്ത് ഡേ" (Happy Death day) ആണെന്ന്.

> ലോകസമ്പ്രദായത്തിൽ ജനനദിവസം നല്ലതും, മരണദിവസം ദുരന്തവുമാണ്. എന്നാൽ ദൈവീകസമ്പ്രദായത്തിൽ ജനനദിവസത്തെക്കാൾ നല്ലത് മരണദിവസമാണ്.

**"തന്റെ ഭക്തന്മാരുടെ മരണം യഹോവെക്കു <u>വിലയേറിയതാകുന്നു</u>." (സങ്കീ. 116:15)**

ഇതുകൊണ്ടാണ് യഥാർത്ഥ ഭക്തന്മാർ ശാരീരികമരണത്തിൽ ഭയപ്പെടാതെ അതിനെ സന്തോഷത്തോടെ നേരിടുന്നത്. ഭൂമിയിൽ വച്ച് മരിക്കുന്നതിൽ സന്തോഷം പ്രകടിപ്പിക്കുന്നത്. പൗലൊസ് പറയുന്നത് ശ്രദ്ധിക്കൂ, ശരീരം വിട്ട് കർത്താവിനോട് കൂടെ ആയിരിക്കുന്നത് അദ്ദേഹത്തിന്റെ ജീവിതത്തിൽ അത്യുത്തമമാണെന്നാണ് അദ്ദേഹം പറയുന്നത്. അതായത് ശാരീരിക മരണത്തിൽ അദ്ദേഹം ഭയപ്പെടുന്നില്ല, സന്തോഷിക്കുന്നതേയുള്ളൂ.

**"ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ടു <u>ശരീരം വിട്ട്</u> കർത്താവിനോടുകൂടെ**

**വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു." (2 കൊരി. 5:8)**

**"....വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടു കൂടെ ഇരിപ്പാൻ എനിക്ക് കാംക്ഷയുണ്ട്; അത് അത്യുത്തമമല്ലോ." (ഫിലി. 1:23)**

മാത്രമല്ല ഒരു ബിസിനസ്സുകാരൻ ലാഭം കാണുമ്പോൾ സന്തോഷിക്കുന്നതുപോലെ താൻ യേശുവിനുവേണ്ടി ജീവിച്ചതുകൊണ്ട് തന്റെ മരണം ഒരു ലാഭമായാണ് പൗലോസ് കാണുന്നത്.

**"എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു." (ഫിലി. 1:21)**

മുകളിൽ എഴുതിയിരിക്കുന്ന വചനങ്ങളിലൂടെ നാം കാണുന്നത് ഒരു യഥാർത്ഥ ദൈവപൈതലിന് മരണം ഒരു ദുരന്തം അല്ല. പകരം ലാഭമാണ് അതിനാൽ സന്തോഷവുമാണ്. ദൈവത്തിനും തന്റെ ഭക്തന്റെ ശാരീരികമരണം വിലയേറിയതാണ്. എന്നാൽ ഭൂമിയിൽ ഇതിനെ പിശാച് തന്റെ ചതിക്കുന്ന ലോകസമ്പ്രദായം കൊണ്ട് മറച്ചിരിക്കുകയാണ്, ദൈവീകസമ്പ്രദായത്തെ തലതിരിച്ചിരിക്കുകയാണ്. ലോകസമ്പ്രദായത്തിൽ ജനനദിവസം നല്ലതും, മരണദിവസം ദുരന്തവുമാണ്. എന്നാൽ ദൈവീകസമ്പ്രദായത്തിൽ ജനനദിവസത്തെക്കാൾ നല്ലത് മരണദിവസമാണ്. മാത്രമല്ല ദൈവം തന്റെ ഭക്തന്റെ മരണത്തെ വിലയേറിയതായി കാണുന്നു.

> ലോകസമ്പ്രദായത്തിലുള്ള ജനം മരണത്തെ ഒരു ദുരന്തമായി കണ്ട് ഭയപ്പെടുവാനുള്ള കാരണം, എന്തിനാണ് ദൈവം മനുഷ്യന് ഈ ജീവിതം കൊടുത്തതെന്നും, മനുഷ്യൻ എന്താണ് ഇവിടെ ചെയ്യേണ്ടതെന്നും, മരണശേഷം എങ്ങോട്ടാണ് പോകുന്നതെന്നും അറിയാത്തതുകൊണ്ടാണ്.

പ്രിയരേ, നമുക്ക് നമ്മുടെ സ്വർഗ്ഗീയപിതാവിന്റെ സമ്പ്രദായത്തിലേക്ക് മടങ്ങിച്ചെല്ലാം. ഈ സത്യം വെളിപ്പെടുത്തിക്കൊണ്ട് നമ്മുടെ സഹോദരങ്ങളെയും കൂടെ കൊണ്ടുപോകാം. പക്ഷേ എന്തുകൊണ്ട് മനുഷ്യന് മരണം ഭയമായിരിക്കുന്നു? അത് പിശാചിന്റെ മറ്റൊരു തലതിരിഞ്ഞ ലോകസമ്പ്രദായമാണ്.

## മരണത്തെ ദുരന്തമായി ചിത്രീകരിക്കുന്നു!

ലോകസമ്പ്രദായത്തിലുള്ള ജനം മരണത്തെ ഒരു ദുരന്തമായി കണ്ട് ഭയപ്പെടുവാനുള്ള കാരണം, എന്തിനാണ് ദൈവം മനുഷ്യന് ഈ ജീവിതം കൊടുത്തതെന്നും, മനുഷ്യൻ എന്താണ് ഇവിടെ ചെയ്യേണ്ട

തെന്നും, മരണശേഷം എങ്ങോട്ടാണ് പോകുന്നതെന്നും അറിയാത്തതുകൊണ്ടാണ്. ദൈവീകകുടുംബമായ ദൈവരാജ്യത്തിലേക്ക് ദൈവമക്കളെ നിർമ്മിക്കുകയാണ് ദൈവത്തിന്റെ ഭൂമിയിലെ പദ്ധതിയുടെ ലക്ഷ്യമെന്നും, അതിനാണ് മനുഷ്യനെ ലോകമാകുന്ന പരീക്ഷാഹാളിൽ ആക്കിവെച്ചിരിക്കുന്നതെന്നും, ഈ പരീക്ഷയിൽ മനുഷ്യൻ എഴുതേണ്ട, അല്ലെങ്കിൽ തങ്ങളുടെ ജീവിതത്തിലൂടെ ചെയ്യേണ്ട സിലബസ്സ് 'ദൈവേഷ്ടമാണെന്നും', ആ ദൈവേഷ്ടം തങ്ങൾ ദൈവപുത്രന്മാരായി വെളിപ്പെടണമെന്നുള്ളതാണെന്നും അറിയിക്കാതെ പിശാച് തന്റെ ലോകസമ്പ്രദായം കൊണ്ട് ദൈവീകസമ്പ്രദായത്തെ മറയ്ക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ലോകസമ്പ്രദായത്തിലുള്ള ജനങ്ങൾക്ക് മരണം എന്ന് കേൾക്കുമ്പോൾ പരീക്ഷ ഉഴപ്പി എഴുതിയ കുട്ടികൾ പരീക്ഷാഫലം വരുമ്പോൾ ഭയപ്പെടുന്നതു പോലെയാണ്. കാരണം തങ്ങൾ തോറ്റു പോകും എന്നുള്ള അവരുടെ ഉള്ളിലെ ബോധമാണ് ഈ ഭയത്തിന്റെ കാരണം. എന്നാൽ പരീക്ഷ നന്നായി എഴുതി റാങ്ക് പ്രതീക്ഷിക്കുന്ന കുട്ടികൾ പരീക്ഷാഫലം എത്രയും പെട്ടെന്ന് വരുവാൻ കാത്തിരിക്കുന്നതുപോലെയാണ് പൗലോസിനെപ്പോലുള്ള യഥാർത്ഥ ദൈവഭക്തന്മാർ.

> ലോകസമ്പ്രദായത്തിലുള്ള ജനങ്ങൾക്ക് മരണം എന്ന് കേൾക്കുമ്പോൾ പരീക്ഷ ഉഴപ്പി എഴുതിയ കുട്ടികൾ പരീക്ഷാഫലം വരുമ്പോൾ ഭയപ്പെടുന്നതുപോലെയാണ്. കാരണം തങ്ങൾ തോറ്റുപോകും എന്നുള്ള അവരുടെ ഉള്ളിലെ ബോധമാണ് ഈ ഭയത്തിന്റെ കാരണം.

> മനുഷ്യർ 'ദൈവപുത്രന്മാരായി വെളിപ്പെട്ട്' ദൈവരാജ്യം അവകാശമാക്കരുത് എന്നതാണ് ലോക സമ്പ്രദായത്തിന്റെ ലക്ഷ്യം.

**"ഞാൻ നല്ല പോർ പൊരുതു; ഓട്ടം തികെച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നല്കും; എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയിൽ പ്രിയംവെച്ച ഏവർക്കും കൂടെ." (2 തിമൊ. 4:7-8)**

എന്തുകൊണ്ട് പിശാചിന്റെ ചതിക്കുന്ന ലോകസമ്പ്രദായത്തിൽ മനുഷ്യർ ദൈവേഷ്ടം തിരിച്ചറിയുന്നില്ല?

ദൈവീകവാഗ്ദത്തമായ ദൈവരാജ്യം മനുഷ്യഹൃദയങ്ങളിൽ നിന്ന് മറയ്ക്കുകയും, അതുവഴി മനുഷ്യർ ദൈവേഷ്ടം തിരിച്ചറിയുന്നത് തടയുകയും, ദൈവേഷ്ടം ചെയ്ത് വാഗ്ദത്തം പ്രാപിക്കുവാൻ മനു

ഷ്യരെ അനുവദിക്കാതിരിക്കുകയുമാണ് ലോകസമ്പ്രദായത്തിന്റെ ലക്ഷ്യം.

**"ദൈവേഷ്ടം ചെയ്ത് വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണുത നിങ്ങൾക്ക് ആവശ്യം." (എബ്രാ. 10:36)**

**പിശാചിന്റെ ചതിക്കുന്ന ലോകസമ്പ്രദായം ആരംഭിക്കുന്നത് ദൈവത്തിൽ നിന്നല്ല, പകരം പിശാചിനാൽ മലിനമാക്കപ്പെട്ട മനുഷ്യന്റെ സ്വയത്തിൽ നിന്നാണ്. മറ്റൊരുരീതിയിൽ പറഞ്ഞാൽ എപ്പോഴെല്ലാം മനുഷ്യൻ തന്റെ സ്വയത്തിൽ നിന്ന് ജീവിതം ആരംഭിക്കുന്നുവോ, അപ്പോഴെല്ലാം മനുഷ്യൻ പിശാചിന്റെ ഭരണത്തിൻ കീഴിലാണ്.**

ലോകസമ്പ്രദായത്തിലെ ഒരു ഉയർന്ന വിദ്യാഭ്യാസമാണല്ലോ മെഡിക്കൽ സയൻസ്. മനുഷ്യശരീരത്തെക്കുറിച്ച് ആഴമായി പഠിക്കുന്നവരാണ് മെഡിക്കൽ വിദ്യഭ്യാസം ചെയ്യുന്നവർ. കണ്ണ്, മൂക്ക്, ത്വക്ക്, പല്ല്, എല്ല് തുടങ്ങിയ ഓരോ ശരീരഭാഗത്തെക്കുറിച്ചും പലരും വിദഗ്ദ്ധ വിദ്യാഭ്യാസം നേടുന്നുണ്ട്. അതുകൊണ്ട് മെഡിക്കൽ കോളേജിൽ പഠിക്കുന്നവരോട് ചോദിച്ചാൽ മനുഷ്യന്റെ ഓരോ ശരീരഭാഗത്തിന്റെയും ധർമ്മം എന്താണെന്നും, അതിന്റെ പ്രവർത്തനം എന്താണെന്നും അവർ ഭംഗിയായി പറഞ്ഞു തരും. അവർ അതെല്ലാം പഠിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള ഒരു മെഡിക്കൽ വിദ്യാർത്ഥിനിയോട്, അതായത് എം.ബി.ബി.എസ്സ് കഴിഞ്ഞ്, എം.ഡിക്ക് പഠിക്കുന്ന ഒരു മെഡിക്കൽ വിദ്യാർത്ഥിനിയോട് ഒരിക്കൽ മനുഷ്യശരീരത്തെക്കുറിച്ചുള്ള പല ചോദ്യങ്ങൾ ചോദിക്കുവാൻ എനിക്കൊരവസരം കിട്ടി. മനുഷ്യശരീരത്തിലെ പല അവയവങ്ങളെക്കുറിച്ചും ചോദിച്ചു. ആ വിദ്യാർത്ഥിനി അതിനെല്ലാം നന്നായി ഉത്തരം പറഞ്ഞു. കണ്ണിനെയും, കൈയെയും, കാലിനെയും,

"ഭക്ഷണം മനുഷ്യന്റെ ശരീരത്തിന് വേണ്ടിയുള്ളതാണ്, എന്നാൽ ശരീരം ദൈവത്തിന് വേണ്ടിയുള്ളതാണ്."

മൂക്കിനെയും മറ്റുശരീരഭാഗങ്ങളെയും കുറിച്ച് നന്നായി പറഞ്ഞുതരാൻ കഴിവുള്ള ആ ഡോക്ടറോട് ഞാൻ പറഞ്ഞു, 'ശരീരഭാഗങ്ങളെക്കുറിച്ച് പറഞ്ഞുതന്നതിന് നന്ദി, പക്ഷെ ഈ അവയവങ്ങളെല്ലാം കൂടിച്ചേർന്നുള്ള മനുഷ്യശരീരം എന്തിനാണെന്ന് ഡോക്ടർക്ക് അറിയാമോ?'.

> എന്നാൽ പിശാചിന്റെ ചതിക്കുന്ന ലോകസമ്പ്രദായം മനുഷ്യൻ എന്തിനാണെന്നുള്ള, മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം മറച്ചുകളഞ്ഞിരിക്കുന്നു.

"തികഞ്ഞ നിശബ്ദത, ഞാൻ എന്തോ ഊരാക്കുടുക്ക് ചോദ്യം ചോദിച്ചതുപോലെ!" ആ നിശബ്ദതയുടെ അർത്ഥം എനിക്ക് മനസ്സിലായത് ഇങ്ങനെയാണ്. ലോകസമ്പ്രദായത്തിലുള്ള ഞങ്ങളുടെ മെഡിക്കൽ വിദ്യാഭ്യാസത്തിൽ മനുഷ്യശരീരത്തിലെ അവയവങ്ങളെക്കുറിച്ച് മാത്രമേ പഠിപ്പിക്കുന്നുള്ളൂ. ആ അവയവങ്ങൾ എല്ലാം ചേർന്നുണ്ടാകുന്ന മനുഷ്യൻ എന്തിനാണെന്ന് പഠിപ്പിക്കുന്നില്ല !

> മനുഷ്യൻ മനുഷ്യന്റെ സ്വയത്തിൽ നിന്ന് ആരംഭിക്കുന്നതുകൊണ്ട് മനുഷ്യൻ ഉപയോഗിക്കുന്ന എല്ലാറ്റിനെക്കുറിച്ചും മനുഷ്യന് അറിയാം. എന്നാൽ മനുഷ്യൻ ആർക്കാണ് ഉപയോഗപ്രദമായിത്തീരേണ്ടതെന്ന് മനുഷ്യനറിയില്ല.

കണ്ണുകൾ - കാണാൻ

ചെവികൾ - കേൾക്കാൻ

കൈകൾ - പ്രവർത്തിക്കാൻ

കാലുകൾ - നടക്കാൻ

മൂക്ക് - ശ്വസിക്കാൻ


മറ്റ് അവയവങ്ങൾ - ഇതിനോട് ചേർന്ന് പ്രവർത്തിക്കാൻ

ഈ അവയവങ്ങൾ എല്ലാം കൂടി ചേർന്നുണ്ടായ മനുഷ്യൻ - **?**


## എന്തിനാണെന്ന് മനുഷ്യർക്ക് അറിയില്ല.....!

എപ്പോഴും ഭക്ഷണം കഴിക്കുന്ന മനുഷ്യനെ കണ്ട് ഒരിക്കൽ ഒരു വ്യക്തി ഫലിതരൂപേണ ഇങ്ങനെ പറഞ്ഞു, മനുഷ്യന്റെ ഉദ്ദേശ്യമെന്ന് പറയുന്നത്, **"തിന്ന് തിന്ന് തിന്ന് മരിക്കാനാണ് മനുഷ്യൻ"**.

എന്നാൽ ലോകസമ്പ്രദായത്തിലുള്ള മെഡിക്കൽ സയൻസിനോ, ലോകത്തിലെ ജ്ഞാനികൾക്കോ മനുഷ്യന് ദൈവം ഈ ശരീരം കൊടുത്ത് ലോകത്തിൽ ആക്കി വച്ചിരിക്കുന്നത് എന്തിനെന്ന് അറിയാതെയിരിക്കുമ്പോൾ, ബൈബിൾ മനുഷ്യശരീരം എന്തിനെന്നും, മനു


ശ്വസിക്കാൻ
രുചിക്കാൻ
പ്രവർത്തിക്കാൻ
കാണാൻ
കേൾക്കാൻ
നടക്കാൻ
ബ്ലഡ് പമ്പ് ചെയ്യാൻ
----
----
?
മനുഷ്യാ... ഉദ്ദേശ്യങ്ങളുടെ പല അവയവങ്ങൾ കൊണ്ട്
നിന്നെ നിർമ്മിച്ചിരിക്കുന്നു നിന്റെ ഉദ്ദേശ്യം എന്താണ്?
മനുഷ്യൻ

(ചിത്രം-23)


ആഹാരം മനുഷ്യന്റെ
വയറിന് വേണ്ടിയാണ്
മനുഷ്യൻ കർത്താവിന്
വേണ്ടിയാണ്
ആഹാരം
Foods for the stomach...but
body is for the Lord; and the
Lord for the body:
[1 Cor.6:13]

(ചിത്രം-24)

ഷ്യന് വേണ്ടി ദൈവം ഭൂമിയിൽ ഒരുക്കിയിരിക്കുന്ന ആഹാരപദാർത്ഥ ങ്ങൾ എന്തിനെന്നും വ്യക്തമായി പറയുന്നു.

"ഭക്ഷണം മനുഷ്യന്റെ ശരീരത്തിന് വേണ്ടിയുള്ളതാണ്, എന്നാൽ ശരീരം ദൈവത്തിന് വേണ്ടിയുള്ളതാണ്."

**"ഭോജ്യങ്ങൾ വയറ്റിന്നും വയറു ഭോജ്യങ്ങൾക്കും ഉള്ളതു; എന്നാൽ ദൈവം ഇതിനെയും അതിനെയും ഇല്ലായ്മയാക്കും. ശരീരമോ ദുർന്നട പ്പിന്നല്ല കർത്താവിന്നത്രേ; കർത്താവ് ശരീരത്തിന്നും." (1 കൊരി. 6:13)**

നമ്മെ ദൈവം ഭക്ഷണവും, പ്രാണവായുവും എല്ലാം തന്ന് ഈ ഭൂമിയിൽ വച്ചിരിക്കുന്നത്, നാം ദൈവേഷ്ടം ചെയ്ത് ദൈവരാജ്യ മെന്ന വാഗ്ദത്തം പ്രാപിക്കുവാനാണ്. എന്നാൽ പിശാചിന്റെ ചതിക്കുന്ന ലോകസമ്പ്രദായം മനുഷ്യൻ എന്തിനാണെന്നുള്ള, മനുഷ്യനെക്കുറി ച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം മറച്ചുകളഞ്ഞിരിക്കുന്നു. ഇതിന് പിശാ ച് ഉപയോഗിച്ചിരിക്കുന്ന തത്വം മനുഷ്യന്റെ പ്രവർത്തനം ദൈവത്തിൽ നിന്ന് ആരംഭിക്കാതെ മനുഷ്യന്റെ സ്വയത്തിൽ നിന്ന് ആരംഭിപ്പിക്കുക എന്നതാണ്. മനുഷ്യൻ മനുഷ്യന്റെ സ്വയത്തിൽ നിന്ന് ആരംഭിക്കുന്ന തുകൊണ്ട് മനുഷ്യൻ ഉപയോഗിക്കുന്ന എല്ലാറ്റിനെക്കുറിച്ചും മനുഷ്യന് അറിയാം. എന്നാൽ മനുഷ്യൻ ആർക്കാണ് ഉപയോഗപ്രദമായിത്തീരേ ണ്ടതെന്ന് മനുഷ്യനറിയില്ല. മറ്റൊരുരീതിയിൽ പറഞ്ഞാൽ മനുഷ്യൻ ഉപയോഗിക്കുന്ന എല്ലാറ്റിനെക്കുറിച്ചും മനുഷ്യനറിയാം, എന്നാൽ മനു ഷ്യനെ ഉണ്ടാക്കിയത് ദൈവത്തിന് ഉപയോഗിക്കാനാണെന്ന് മനുഷ്യന റിഞ്ഞുകൂടാ. എന്നാൽ ഇന്ന് പിശാച് ലോകസമ്പ്രദായത്തിൽ മറച്ച് വച്ചിരിക്കുന്ന സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷം പരിശുദ്ധാത്മാവ് ദൈ വഭക്തന്മാരിലൂടെ പുറത്തുകൊണ്ടുവരികയാണ്. ദൈവരാജ്യത്തിന്റെ സുവിശേഷം പുളിച്ചമാവിൽ പുളിപ്പ് വ്യാപരിച്ച് മാവിനെ കീഴടക്കുന്ന തുപോലെ ലോകസമ്പ്രദായത്തെ പരിപൂർണ്ണമായി കീഴടക്കും.

**"......സ്വർഗ്ഗരാജ്യം പുളിച്ചമാവിനോടു സദൃശം; അതു ഒരു സ്ത്രീ എടുത്തു മൂന്നു പറ മാവിൽ എല്ലാം പുളിച്ചുവരുവോളം അടക്കിവെച്ചു."**

**(മത്താ. 13:33)**

പരിശുദ്ധാത്മാവിനോടു ചേർന്ന് ദൈവരാജ്യത്തിന്റെ സുവിശേഷം ലോകത്തിന് വെളിപ്പെടുത്തി, പിശാചിന്റെ ചതിക്കുന്ന ലോകസമ്പ്രദാ യത്തിൽ നിന്ന് അഥവാ 'വീണ്ടും മരണത്തിന്റെ പദ്ധതിയിൽ' നിന്ന് നമുക്ക് മുക്തി നേടാം. തുടർന്ന് നമ്മുടെ സഹോദരങ്ങളെയും സഹാ യിക്കാം.

മനുഷ്യൻ ഉപയോഗിക്കുന്ന എല്ലാറ്റിനെക്കുറിച്ചും മനുഷ്യനറിയാം. എന്നാൽ മനുഷ്യനെ ഉണ്ടാക്കിയത് ദൈവത്തിന് ഉപയോഗിക്കാനാണെന്ന് മനുഷ്യനറിഞ്ഞുകൂടാ.

**പ്രാർത്ഥന**

*ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, ചതിക്കുന്ന ലോകസമ്പ്രദായത്തെക്കുറിച്ച് മനസ്സിലാക്കാനും, അതിൽ നിന്ന് രക്ഷപ്പെടുവാനും, വെളിപ്പെടുത്തി തന്ന വചനത്തിനായി നന്ദി. മനുഷ്യജീവിതത്തെ തലതിരിച്ച് കളഞ്ഞിരിക്കുന്ന ലോക സമ്പ്രദായത്തിൽ നിന്ന് രക്ഷപ്പെട്ട്, അങ്ങേക്ക് ഉപയോഗപ്രദമായി തീരുവാനും, ദൈവപുത്രന്മാരായി വെളിപ്പെടുവാനും ഞങ്ങളെ സഹായിക്കണമേ...യേശുവിൻ നാമത്തിൽ തന്നെ..ആമേൻ.*

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ചതിക്കപ്പെട്ട മനുഷ്യർ: ജീവൻ നേടിക്കൊണ്ട് പിശാചിന്റെ മരണത്തിന്റെ പദ്ധതിയിൽ നിന്ന് രക്ഷപ്പെടുവാൻ ദൈവം കൊടുത്ത സമയം ലോകം നേടുവാനാണ് ചതിക്കപ്പെട്ട മനുഷ്യർ ഇന്ന് ഉപയോഗിക്കുന്നത്.
2. സ്വർഗ്ഗരാജ്യം മനുഷ്യരിൽ നിന്ന് പിശാച് ഒളിപ്പിക്കുന്നതെങ്ങനെ?

   ഉത്തരം:- 'ലോക സമ്പ്രദായം' മനുഷ്യരുടെ മനസ്സുകളിൽ നിറച്ച് മനുഷ്യരുടെ മനസ്സ് കുരുടാക്കിയാണ് ഒളിപ്പിക്കുന്നത്.
3. *ദൈവം ജനത്തിന് ദൈവരാജ്യം വാഗ്ദത്തം ചെയ്യുമ്പോൾ, പിശാച് ജനത്തിന് ലോകരാജ്യം വാഗ്ദത്തം ചെയ്യുന്നു.*
4. *ദൈവീക സമ്പ്രദായത്തിന്റെ നേരെ തല തിരിഞ്ഞ സമ്പ്രദായമാണ് പിശാചിന്റെ ലോക സമ്പ്രദായം.*
5. *ജനത്തെ ദൈവരാജ്യത്തിലേക്ക് കൊണ്ടുപോകാനാണ് ദൈവം ആഗ്രഹിക്കുന്നതെങ്കിൽ, ജനത്തെ തീപ്പൊയ്കയിലേക്ക് തള്ളുവാനാണ് പിശാച് ആഗ്രഹിക്കുന്നത്.*
6. *അനുസരണക്കേടിലൂടെ തന്റെ അധികാരസീമയിലായിരുന്ന* ലോകം തന്റെതന്നെ ജയിലായി മാറിയത് സുബോധം

നഷ്ടപ്പെട്ട ആദാമും തലമുറകളും ഇന്നും അറിഞ്ഞിട്ടില്ല. അവർ ഒരു ലാഭവുമില്ലാത്ത 'ലോകം' അന്വേഷിച്ച് ഓടുകയാണ്.

7. ദൈവത്തെ അനുസരിച്ചാൽ ദൈവീകമണ്ഡലമായ ദൈവരാജ്യത്തിലേക്ക് കടന്നുവരാം. അല്ലെങ്കിൽ തല തിരിഞ്ഞ ദിശയിലേക്ക് പോവുകയും, ലോകത്തിലൂടെ പിശാചിന് വേണ്ടി ഒരുക്കിയിരിക്കുന്ന തീപ്പൊയ്കയിൽ ചെന്നുവീഴുകയും ചെയ്യും.

8. ഇന്ന് ലോകം മനുഷ്യനെ കൊല്ലുവാനിട്ടിരിക്കുന്ന ജയിലാണ്.

9. പിശാച് ആദാമിനെ ശരീരത്തിലൂടെ, അതായത് കാഴ്ചയിലൂടെ ലോകത്തിൽ നിന്നാരംഭിച്ച് ലോകത്തിൽ പ്രവർ ത്തിക്കുന്ന ലോകസമ്പ്രദായത്തിലേക്ക് മാറ്റി.

10. ലോകത്തിൽ നിന്ന് ആരംഭിച്ച് ലോകത്ത് പ്രവർത്തിക്കുന്നതാണ് ലോകസമ്പ്രദായമെങ്കിൽ ദൈവത്തിൽ നിന്ന് ആരംഭിച്ച് ലോകത്തിൽ പ്രവർത്തിക്കുന്നതാണ് ദൈവീകസമ്പ്രദായം.

11. ദൈവം മനുഷ്യന് പരീക്ഷ അനുവദിക്കുന്നത് മനുഷ്യനെ ഉയർത്താനാണെങ്കിൽ പിശാച് മനുഷ്യനോട് ദൈവത്തെ പരീക്ഷിക്കാൻ പറയുന്നത് മനുഷ്യനെ നശിപ്പിക്കാനാണ്.

12. ദൈവാത്മാവിന്റെ പ്രേരണയാലല്ലാതെ അശുദ്ധാത്മാവിന്റെ പ്രേരണയാൽ നാം എഴുതപ്പെട്ട വചനം ഉപയോഗിച്ചാൽ അതിനെ ദൈവം താങ്ങുകയില്ല, പകരം നാം അപകടത്തിൽ ആകും.

13. പിശാചിനാൽ അല്ല വചനം പ്രവർത്തിപ്പിക്കേണ്ടത്, പകരം വചനം എഴുതിയ ദൈവാത്മാവിനാൽ തന്നെ വചനം പ്രവർത്തിപ്പിക്കപ്പെടേണ്ടതായിട്ടുണ്ട്.

14. ദുരാത്മാവ് പറയുന്ന വചനത്തിലൂടെ തിരിച്ചറിവില്ലാതെ നാം ദൈവത്തെ പരീക്ഷിക്കാൻ പോയാൽ, വചനം പ്രാവർത്തികമാകാത്തതുകൊണ്ട് ഈ വചനം വെറുതെ എഴുതി വച്ചിരിക്കുന്നതാണെന്ന് ചിന്തിച്ചുകൊണ്ട് നാം ദൈവത്തെ അവിശ്വസിക്കുകയും അത് നമ്മുടെ നാശത്തിലേക്ക് വഴിതുറക്കുവാൻ ഇടയാവുകയും ചെയ്യും.

15. ജനന ദിവസം കോളേജിൽ അഡ്മിഷൻ കിട്ടിയ ദിവസം പോലെയും, മരണദിവസം ഗ്രാജ്വേഷൻ ദിവസം പോലെയും ആണ്.

16. ദൈവത്തെ അനുസരിച്ച് ഈ ലോകത്തിൽ ജീവിച്ച് മരിക്കുന്ന ഏതൊരു വ്യക്തിക്കും മരണദിവസം ജനനദിവസത്തെക്കാൾ ഉത്തമമാണ്.

17. ഒരു യഥാർത്ഥ ദൈവപൈതലിന് മരണം ഒരു ദുരന്തം അല്ല, പകരം ലാഭമാണ്. അതിനാൽ സന്തോഷവുമാണ്.

18. ലോകസമ്പ്രദായത്തിൽ ജനനദിവസം നല്ലതും, മരണദിവസം ദുരന്തവുമാണ്. എന്നാൽ ദൈവീകസമ്പ്രദായത്തിൽ ജനനദിവസത്തെക്കാൾ നല്ലത് മരണദിവസമാണ്. മാത്രമല്ല ദൈവം തന്റെ ഭക്തന്റെ മരണത്തെ വിലയേറിയതായി കാണുന്നു.

19. ലോകസമ്പ്രദായത്തിലുള്ള ജനം മരണത്തെ ഒരു ദുരന്തമായി കണ്ട് ഭയപ്പെടുവാനുള്ള കാരണം, എന്തിനാണ് ദൈവം മനുഷ്യന് ഈ ജീവിതം കൊടുത്തതെന്നും, മനുഷ്യൻ എന്താണ് ഇവിടെ ചെയ്യേണ്ടതെന്നും, മരണശേഷം എങ്ങോട്ടാണ് പോകുന്നതെന്നും അറിയാത്തതുകൊണ്ടാണ്.

20. ലോകസമ്പ്രദായത്തിലുള്ള ജനങ്ങൾക്ക് മരണം എന്ന് കേൾക്കുമ്പോൾ പരീക്ഷ ഉഴപ്പി എഴുതിയ കുട്ടികൾ പരീക്ഷാഫലം വരുമ്പോൾ ഭയപ്പെടുന്നതുപോലെയാണ്. കാരണം തങ്ങൾ തോറ്റുപോകും എന്നുള്ള അവരുടെ ഉള്ളിലെ ബോധമാണ് ഈ ഭയത്തിന്റെ കാരണം.

21. പിശാചിന്റെ ചതിക്കുന്ന ലോകസമ്പ്രദായം ആരംഭിക്കുന്നത് ദൈവത്തിൽ നിന്നല്ല, പകരം പിശാചിനാൽ മലിനമാക്കപ്പെട്ട മനുഷ്യന്റെ സ്വയത്തിൽ നിന്നാണ്. മറ്റൊരുരീതിയിൽ പറഞ്ഞാൽ എപ്പോഴെല്ലാം മനുഷ്യൻ തന്റെ സ്വയത്തിൽ നിന്ന് ജീവിതം ആരംഭിക്കുന്നുവോ അപ്പോഴെല്ലാം മനുഷ്യൻ പിശാചിന്റെ ഭരണത്തിൻ കീഴിലാണ്.

22. മനുഷ്യർ 'ദൈവപുത്രന്മാരായി വെളിപ്പെട്ട് ദൈവരാജ്യം അവകാശമാക്കരുത് എന്നതാണ് ലോക സമ്പ്രദായത്തിന്റെ ലക്ഷ്യം.

23. "ഭക്ഷണം മനുഷ്യന്റെ ശരീരത്തിന് വേണ്ടിയുള്ളതാണ്,

എന്നാൽ ശരീരം ദൈവത്തിന് വേണ്ടിയുള്ളതാണ്."

24. എന്നാൽ പിശാചിന്റെ ചതിക്കുന്ന ലോകസമ്പ്രദായം മനുഷ്യൻ എന്തിനാണെന്നുള്ള, മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം മറച്ചുകളഞ്ഞിരിക്കുന്നു.

25. മനുഷ്യൻ, മനുഷ്യന്റെ സ്വയത്തിൽ നിന്ന് ആരംഭിക്കുന്നതുകൊണ്ട് മനുഷ്യൻ ഉപയോഗിക്കുന്ന എല്ലാ വസ്തുക്കളെക്കുറിച്ചും മനുഷ്യന് അറിയാം. എന്നാൽ മനുഷ്യൻ ആർക്കാണ് ഉപയോഗപ്രദമായിത്തീരേണ്ടതെന്ന് മനുഷ്യൻ അറിയുന്നില്ല.

എപ്പോൾ മനുഷ്യൻ, മനുഷ്യനിൽ നിന്ന്, അതായത് തന്റെ സ്വയത്തിൽ നിന്ന് ആരംഭിക്കാതെ ദൈവത്തിൽ നിന്ന് ആരംഭിക്കുന്നുവോ, അപ്പോൾ മനുഷ്യൻ താൻ ദൈവത്തിന് വേണ്ടി ഉള്ളതാണെന്ന് തിരിച്ചറിയാൻ തുടങ്ങും.



# *അദ്ധ്യായം 11*

# ദൈവം ആവിഷ്കരിച്ച കുടുംബജീവിതം പിശാചിനാൽ തലതിരിക്കപ്പെട്ടു!

Then He said to the woman, "I will sharpen the pain of your pregnancy, and in pain you will give birth, And you will desire to control your husband, but he will rule over you" (Gen. 3:16 New Living Translation)

***പിശാചിന്റെ*** ചതിക്കുന്ന ലോകസമ്പ്രദായം ജ്ഞാനരഹിതവും, ദൈവീകമായ ഉദ്ദേശ്യങ്ങൾക്ക് എതിരുമാണ്. അതിന്റെ ആത്യന്തിക ലക്ഷ്യം എന്ന് പറയുന്നത് മനുഷ്യന്റെ മേൽ മരണശിക്ഷാവിധി നടപ്പിലാക്കുക എന്നതാണ്.

**കുടുംബം എങ്ക ചിട്ട ആദ്യം ഉദിണ്ത് ദൈവത്തിലാണ്. ദൈവമാണ് ആദ്യ കുടുംബമായ ആദാം ഹണ്ണ ദമ്പതികളെ കൂശ്ലേണ്ടല്ലത്ത. ദൈവം കുടുംബത്തെ ഉണ്ടാററിയതിന്റെ ഉദ്ദേശ്യം കുടുംബം ഒരുമിണ്ൽദൈവേഷ്ടം ഭൂമിയിനു ചെർുക എങ്ക താണ്.**

ഒരിക്കൽ ഒരു മീറ്റിംഗിൽ ദൈവം ആവിഷ്കരിച്ച കുടുംബജീവിതത്തെക്കുറിച്ച് പ്രസംഗിച്ച് കഴിഞ്ഞപ്പോൾ ആ മീറ്റിംഗിൽ പങ്കെടുത്ത ഒരു പ്രായമുള്ള ദൈവദാസൻ വന്നിട്ട് എന്നോടു പറഞ്ഞു; ഇപ്പോഴാണ് എന്റെ കുടുംബജീവിതത്തിലെ ഇന്നത്തെ പ്രശ്നങ്ങൾക്ക് കാരണം എനിക്ക് മനസ്സിലായത്, ഞാൻ വിശ്വസിക്കുന്നു ഇന്നുമുതൽ എന്റെ കുടുംബത്തിന് വിടുതലാണെന്ന്. "അതെ, സഹോദരങ്ങളേ സത്യം അറിയുമ്പോൾ സത്യം നിങ്ങളെ സ്വതന്ത്രമാക്കും." പിശാചിനാൽ തലതിരിയപ്പെട്ട കുടുംബങ്ങളെ നേരെയാക്കും.

**"സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും."**
**(യോഹ. 8:32)**

കുടുംബം എന്ന ചിന്ത ആദ്യം ഉദിച്ചത് ദൈവത്തിലാണ്. ദൈവമാണ് ആദ്യ കുടുംബമായ ആദാം ഹവ്വ ദമ്പതികളെ കൂട്ടിച്ചേർത്തത്. ദൈവം കുടുംബത്തെ ഉണ്ടാക്കിയതിന്റെ ഉദ്ദേശ്യം കുടുംബം ഒരുമിച്ച് ദൈവേഷ്ടം ഭൂമിയിൽ ചെയ്യുക എന്നതാണ്. എന്നാൽ പിശാചിന്റെ ചതിക്കുന്ന ലോകസമ്പ്രദായം ദൈവത്തിന്റെ ഉദ്ദേശ്യങ്ങളെ മറയ്ക്കു

ന്നതാണ്. അതിനാൽ ഇന്ന് ലോകസമ്പ്രദായത്തിൽ വിവാഹം നടക്കുമ്പോൾ വിവാഹത്തിലൂടെ ദൈവം ആഗ്രഹിച്ച യഥാർത്ഥ ഉദ്ദേശ്യം മനസ്സിലാക്കാതെയാണ് നടക്കുന്നത്. ക്രിസ്തീയ സഭകളിൽ നടക്കുന്ന വിവാഹത്തിൽ പോലും പല നിബന്ധനകൾ പറഞ്ഞ് സ്ത്രീയെയും, പുരുഷനെയും തമ്മിൽ കൂട്ടിച്ചേർക്കുന്നു എങ്കിലും എന്തിനാണ് ഈ വിവാഹമെന്ന്, അതായത് വിവാഹത്തിൽ ദൈവം ആഗ്രഹിക്കുന്ന ഉദ്ദേശ്യമെന്താണെന്ന് പറയുന്നില്ല. വിവാഹവേദിയിൽ ദൈവദാസന്മാർ വരനും വധുവിനും ചൊല്ലിക്കൊടുത്ത് ഏറ്റുപറയിക്കുന്നത് വെറും തീരുമാനങ്ങൾ മാത്രമാണ്. പക്ഷേ എന്തിന് വേണ്ടിയാണ് ഈ തീരുമാനങ്ങൾ എടുത്തതെന്ന് പറയുന്നില്ല. അതുകൊണ്ട് വിവാഹിതരാവുന്നവർ വിവാഹത്തിലൂടെയുള്ള ദൈവീക ഉദ്ദേശ്യം മനസ്സിലാക്കുന്നില്ല,

ക്രിസ്തീയ സഭകളിൽ നടക്കുന്ന വിവാഹത്തിൽ പോലും പല നിബന്ധനകൾ പറഞ്ഞ് സ്ത്രീയെയും പുരുഷനെയും തമ്മിൽ കൂട്ടിച്ചേർക്കുന്നു എങ്കിലും എന്തിനാണ് ഈ വിവാഹമെന്ന്, അതായത് വിവാഹത്തിൽ ദൈവം ആഗ്രഹിക്കുന്ന ഉദ്ദേശ്യമെന്താണെന്ന് പറയുന്നില്ല.

**തീരുമാനങ്ങൾ:-**

**വരന്റെ ഉടമ്പടി:-** മേരിയാകുന്ന നിന്നെ ചാക്കോയാകുന്ന ഞാൻ എന്റെ വിവാഹ ഭാര്യയായി സ്വീകരിക്കുന്നു. മരണം നമ്മെ വേർപെടുത്തും വരെ സുഖത്തിലും, ദുഃഖത്തിലും, സന്തോഷത്തിലും, സന്താപത്തിലും, സമ്പത്തിലും, ദാരിദ്ര്യത്തിലും, രോഗത്തിലും, അനാരോഗ്യത്തിലും നിന്നെ സ്നേഹിച്ച് ബഹുമാനിച്ച് ഒരു വിശ്വസ്ത ഭർത്താവിന്റെ കടമ നിറവേറ്റി പോറ്റി പുലർത്തിക്കൊള്ളാമെന്ന് ദൈവത്തിന്റെയും ദൈവത്തിന്റെ തിരുസഭയുടെയും മുമ്പാകെ ഉഭയസമ്മതം ചെയ്യുന്നു.

**(തീരുമാനങ്ങൾ ഉണ്ട്, പക്ഷേ ഈ തീരുമാനങ്ങൾ എടുക്കുന്നിന്റെ ഉദ്ദേശ്യം എന്താണെന്ന് ഈ വിവാഹ ഉടമ്പടിയിൽ പറയുന്നില്ല.)**

**വധുവിന്റെ ഉടമ്പടി:-**

ചാക്കോയാകുന്ന അങ്ങയെ മേരിയാകുന്ന ഞാൻ എന്റെ വിവാഹ ഭർത്താവായി സ്വീകരിക്കുന്നു. മരണം നമ്മെ വേർപെടുത്തും വരെ സുഖത്തിലും, ദുഃഖത്തിലും, സന്തോഷത്തിലും, സന്താപത്തിലും, സമ്പത്തിലും, ദാരിദ്ര്യത്തിലും, രോഗത്തിലും, അനാരോഗ്യത്തിലും അങ്ങയെ സ്നേഹിച്ച് ബഹുമാനിച്ച് ജീവിതത്തിലെ ഏതു സാഹചര്യത്തിലും

ഒരു വിശ്വസ്ത ഭാര്യയുടെ കടമ നിറവേറ്റി അങ്ങേയ്ക്ക് കീഴടങ്ങിയിരുന്നുകൊള്ളാമെന്ന് ദൈവത്തിന്റെയും ദൈവത്തിന്റെ തിരുസഭയുടെയും മുമ്പാകെ ഉഭയസമ്മതം ചെയ്യുന്നു.

**(വധു ചെയ്യുന്ന ഈ ഉടമ്പടിയിലും, തീരുമാനങ്ങൾ മാത്രമേയുള്ളൂ. എന്നാൽ ഈ തീരുമാനം എടുത്തതിന്റെ ഉദ്ദേശ്യമെന്തെന്ന് വിവാഹ ഉടമ്പടിയിൽ പറയുന്നില്ല.)**

പിശാചിന്റെ ചതിക്കുന്ന ലോകസമ്പ്രദായങ്ങളെല്ലാം ദൈവീക ഉദ്ദേശ്യങ്ങളെ മറയ്ക്കുന്നവയാണ്.

പിശാചിന്റെ ചതിക്കുന്ന ലോകസമ്പ്രദായങ്ങളെല്ലാം ദൈവീക ഉദ്ദേശ്യങ്ങളെ മറെയ്ക്കുന്നതാണ്.

വിവാഹ ഉടമ്പടിയിൽ ദൈവത്തിന് വിവാഹത്തെക്കുറിച്ചുള്ള ഉദ്ദേശ്യം എന്താണെന്ന് പറയാത്തതുകൊണ്ട് യൗവ്വനം തുടിച്ചുനില്ക്കുന്ന വരന്റെയും വധുവിന്റെയും മനസ്സിൽ വിവാഹത്തിന്റെ ഉദ്ദേശ്യം അവരുടെ ലൗകീകതാല്പര്യങ്ങളുടെ സാക്ഷാത്കാരമാണ്. എന്നാൽ ഇവരുടെ മാതാപിതാക്കന്മാർ കാണുന്നത്, തങ്ങളുടെ മക്കൾക്ക് വിവാഹത്തിലൂടെ പരസ്പരം സഹായിക്കാനുള്ള തുണ ലഭിച്ചു എന്നാണ്. അത് അവരുടെ എല്ലാ ജീവിതസാഹചര്യങ്ങളിലും, പ്രത്യേകിച്ച് വാർദ്ധക്യത്തിലും അവർക്ക് ഒരു സഹായമായിത്തീരും. ഇതെല്ലാം മനുഷ്യഹൃദയത്തിൽ തോന്നുന്ന വിവാഹത്തിന്റ ഉദ്ദേശ്യമാണ്, ഇതെല്ലാം ശരിയുമാണ്. എന്നാൽ വിവാഹത്തെക്കുറിച്ച് ദൈവം ആഗ്രഹിച്ച യഥാർത്ഥ ഉദ്ദേശ്യം എന്താണ്?

## ദൈവം വച്ചിരിക്കുന്ന വിവാഹത്തിന്റെ ഉദ്ദേശ്യം

കുടുംബം ഒരുമിച്ച് ദൈവേഷ്ടം ചെയ്യുക എന്നതാണ് വിവാഹത്തിന്റെ ഉദ്ദേശ്യം. മറ്റൊരുരീതിയിൽ പറഞ്ഞാൽ ഭാര്യയും ഭർത്താവും ഒരുമിച്ച് "ദൈവപുത്രന്മാരെ ജനിപ്പിക്കുകയും വെളിപ്പെടുത്തുകയും ചെയ്യുന്ന" ദൈവത്തിന്റെ ബിസിനസ്സിൽ പ്രവർത്തിക്കുകയാണ് കുടുംബജീവിതത്തിൽ ദൈവം വച്ചിരിക്കുന്ന ഉദ്ദേശ്യം.

കുടുംബം ഒരുമിച്ച് ദൈവേഷ്ടം ചെയ്യുക എന്നതാണ് വിവാഹത്തിന്റെ ഉദ്ദേശ്യം.

ഉല്പത്തി 2:7-ൽ ദൈവം ആദാമിനെ സൃഷ്ടിച്ചു, തുടർന്ന് ഏദെൻ തോട്ടത്തിൽ കൊണ്ടുചെന്നാക്കി.

**"യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള**

**ദേഹിയായിതീർന്നു. അനന്തരം യഹോവയായ ദൈവം കിഴക്കു ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി." (ഉല്പ. 2:7-8)**

തുടർന്ന് ദൈവം ആദാമിന് ഏദെൻ തോട്ടത്തിൽ വേല കൊടുത്തു, ആദാമിന് കഴിക്കാൻ വേണ്ടതെല്ലാം കൊടുത്തു. എന്തു ചെയ്യണമെന്നും എന്തു ചെയ്യരുതെന്നും ദൈവം പറഞ്ഞു കൊടുത്തു. ഈ സമയത്തൊന്നും ദൈവം ഹവ്വയെ സൃഷ്ടിച്ചില്ല. അതായത് ദൈവം ആദാമിന് ഭാര്യയെ കൊടുക്കുന്നതിന് മുമ്പ് കൊടുത്തത് 'വേലയാണ്'.

**"യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദെൻ തോട്ടത്തിൽ വേല ചെയ്‌വാനും അതിനെ കാപ്പാനും അവിടെ ആക്കി. യഹോവയായ ദൈവം മനുഷ്യനോട് കല്പിച്ചതു എന്തെന്നാൽ: തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിനക്കു ഇഷ്ടം പോലെ തിന്നാം. എന്നാൽ നന്മതിന്മകളെക്കുറിച്ചുളള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുതു; തിന്നുന്ന നാളിൽ നീ മരിക്കും." (ഉല്പ. 2:15-17)**

അങ്ങനെ ഏദെനിൽ ആദാം ഏകനായി ദൈവം ഏല്പിച്ച വേല ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് ദൈവത്തിന്റെ ഉള്ളിൽ ആദാം ഏകനായി പ്രവർത്തിക്കുന്നതിനെക്കാൾ നല്ലത് അവന് ഒരു സഹായിയെ കൂടെ കൊടുക്കുന്നതാണെന്ന് തോന്നിയത്. ദൈവം ആദാമിന്റെ വാരിയെല്ലിൽ നിന്ന് ഹവ്വയെ സൃഷ്ടിക്കുകയും ആദാമിന്റെ അടുക്കൽ കൊണ്ടുചെല്ലുകയും ചെയ്തു. ഇതത്രേ ആദ്യത്തെ വിവാഹം, ഇത് നടത്തിക്കൊടുത്തത് ദൈവമാണ്.

**"അനന്തരം യഹോവയായ ദൈവം: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; ഞാൻ അവന്നു തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കും എന്നു അരുളിച്ചെയ്തു." (ഉല്പ. 2:18)**

**"ആകയാൽ യഹോവയായ ദൈവം മനുഷ്യന്നു ഒരു ഗാഢനിദ്ര വരുത്തി; അവൻ ഉറങ്ങിയപ്പോൾ അവന്റെ വാരിയെല്ലുകളിൽ ഒന്നു എടുത്തു അതിന്നു പകരം മാംസം പിടിപ്പിച്ചു. യഹോവയായ ദൈവം മനുഷ്യനിൽ നിന്നു എടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി, അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു." (ഉല്പ. 2:21-22)**

## *ബൈബിൾ പ്രകാരം പുരുഷനും സ്ത്രീക്കും വിവാഹത്തിന് വേണ്ട പക്വത*

ഉല്പത്തി 2:18-ൽ ഹവ്വയെ ദൈവം തുണയെന്നാണ് പറയുന്നത്, അതിന്റെ അർത്ഥം സഹായി (Help) എന്നാണ്. എപ്പോഴാണ് നമുക്ക്

ഒരു സഹായി വേണ്ടത്? നാം ഒരു ജോലി, അല്ലെങ്കിൽ പ്രൊജക്റ്റ് ചെയ്യുമ്പോഴാണ്. ആദാം ഏകനായി ദൈവം കൊടുത്ത ജോലി ഏദെനിൽ ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് ദൈവം പറയുന്നത് ആദാം ഏകനായിരിക്കുന്നത് നല്ലതല്ല, അവന് ഒരു സഹായി വേണമെന്ന്. ആദാമിന് ജോലി കൊടുത്തതിന് ശേഷമാണ് ദൈവം ഹവ്വയെ ആദാമിന്റെ കൈയ്യിൽ ഏല്പിക്കുന്നത്. (ഉൽപത്തി 2:15,18) ഇതിൽ നിന്നും മനസ്സിലാക്കേണ്ടത് ദൈവം തന്നെ ഏല്പിച്ച പ്രൊജക്റ്റ് അഥവാ തന്റെ വിളി (Calling) മനസ്സിലാക്കി പ്രവർത്തിക്കുന്ന ഏതൊരു പുരുഷനും വിവാഹത്തിനുള്ള പക്വത പ്രാപിച്ചവനാണ്. ഒരു ഇലക്ട്രീഷ്യൻ നിങ്ങളുടെ പുതിയ വീട്ടിൽ ഫാനുകൾ ഫിറ്റ് ചെയ്യാൻ വന്നു എന്നിരിക്കട്ടെ. ഓരോ പ്രാവശ്യവും ഫാൻ ഫിറ്റ് ചെയ്യുവാൻ ഏണിയിലൂടെ മുകളിൽ കയറുകയും, വീണ്ടും പണിയായുധങ്ങൾ എടുക്കുവാൻ താഴെ ഇറങ്ങുകയും, വീണ്ടും കയറുകയും, അങ്ങനെ ഓരോ സാധനങ്ങൾ എടുക്കുവാൻ കയറുകയും ഇറങ്ങുകയും ചെയ്യുന്ന ഇലക്ട്രീഷ്യനെ കാണുമ്പോൾ ഒരു പക്ഷെ നിങ്ങൾക്ക് തോന്നാം, 'ഈ വ്യക്തി ഇങ്ങനെ ഒറ്റക്ക് വേല ചെയ്യുന്നത് നല്ലതല്ല, ഇവന് തക്കതായ ഒരു സഹായിയെ കൊടുത്താൽ പണി വേഗത്തിൽ നടക്കും എന്ന്'. സ്ത്രീയെ ഉണ്ടാക്കിയതിന്റെ കാരണം 'സഹായമാണ്'. ദൈവേഷ്ടം ചെയ്യുവാൻ ആദാമിനെ സഹായിക്കുകഎന്നതാണ് സ്ത്രീയിൽ ദൈവം നിക്ഷിപ്തമാക്കിയ ചുമതല. ഇത് മനസ്സിലാക്കി, ഇതനുസരിച്ച് പ്രവർത്തിക്കുവാൻ തീരുമാനമെടുക്കുന്ന ഏതൊരു വ്യക്തിയും പക്വത പ്രാപിച്ചവനാണ്.

ആദാമിന് ജോലി കൊടുത്തതിന് ശേഷമാണ് ദൈവം ഹവ്വയെ ആദാമിന്റെ കൈയ്യിൽ ഏല്പിക്കുന്നത്. (ഉൽപത്തി 2:15,18) ഇതിൽ നിന്നും മനസ്സിലാക്കേണ്ടത് ദൈവം തന്നെ ഏല്പിച്ച പ്രൊജക്റ്റ് അഥവാ തന്റെ വിളി (Calling) മനസ്സിലാക്കി പ്രവർത്തിക്കുന്ന ഏതൊരു പുരുഷനും വിവാഹത്തിനുള്ള പക്വത പ്രാപിച്ചവനാണ്.

സ്ത്രീയെ ഉണ്ടാക്കിയതിന്റെ കാരണം 'സഹായമാണ്'. ദൈവേഷ്ടം ചെയ്യുവാൻ ആദാമിനെ സഹായിക്കുകയാണ് സ്ത്രീയിൽ ദൈവം നിക്ഷിപ്തമാക്കിയ ചുമതല. ഇത് മനസ്സിലാക്കി, ഇതനുസരിച്ച് പ്രവർത്തിക്കുവാൻ തീരുമാനമെടുക്കുന്ന ഏതൊരു സ്ത്രീയും വിവാഹത്തിന് പക്വത പ്രാപിച്ചവളാണ്.

ദൈവേഷ്ടം ചെയ്യുവാനാണ് സ്ത്രീയേയും, പുരുഷനേയും കൂട്ടിച്ചേർക്കുന്നതെന്ന കാര്യം ദുഷ്ടൻ ഭരിക്കുന്ന ഈ ലോകത്തിലെ ലോകസമ്പ്രദായം മറച്ചു.

ഇതു തന്നെയാണ് ദൈവത്തിന്റെ ഹൃദയത്തിലും തോന്നിയത്. ദൈവത്തിന്റെ പ്രൊജക്റ്റ് വേഗത്തിൽ നടക്കുവാൻ ആദാമിന് ഒരു സഹായി, ഇതു തന്നെയാണ് വിവാഹത്തിന്റെ ഉദ്ദേശ്യം, ഭർത്താവും ഭാര്യയും ഒരുമിച്ച് ദൈവേഷ്ടം ചെയ്യുക. അതുകൊണ്ടാണ് ദൈവവചനം പറയുന്നത് ഒരു കാര്യം ചെയ്യാൻ ഒരുവനെക്കാൾ ഇരുവർ നല്ലത് എന്ന്.

**"ഒരുവനെക്കാൾ ഇരുവർ ഏറെ നല്ലതു; അവർക്കു തങ്ങളുടെ പ്രയത്നത്താൽ നല്ല പ്രതിഫലം കിട്ടുന്നു. വീണാൽ ഒരുവൻ മറ്റേവനെ എഴുന്നേൽപിക്കും; ഏകാകി വീണാലോ അവനെ എഴുന്നേല്പിപ്പാൻ ആരുമില്ലായ്കകൊണ്ടു അവന്നു അയ്യോ കഷ്ടം! രണ്ടുപേർ ഒന്നിച്ചു കിടന്നാൽ അവർക്കു കുളിർ മാറും; ഒരുത്തൻ തന്നേ ആയാലോ എങ്ങനെ കുളിർ മാറും? ഒരുത്തനെ ആരെങ്കിലും ആക്രമിച്ചാൽ രണ്ടുപേർക്കും അവനോടു എതിർത്തുനില്ക്കാം; മുപ്പിരിച്ചരടു വേഗത്തിൽ അറ്റുപോകയില്ല."**
**(സഭാ. 4:9-12)**

**"അനന്തരം അവൻ പന്തിരുവരെ അടുക്കെ വിളിച്ചു, അവരെ ഈരണ്ടായി അയച്ചു തുടങ്ങി,...." (മർക്കൊ. 6:7)**

യേശു ശിഷ്യന്മാരെ പ്രസംഗിക്കുവാൻ അയച്ചപ്പോഴും ഈരണ്ടു പേരെയാണ് അയച്ചത്. മാത്രമല്ല ഒരുവൻ ഒരു കാര്യം ചെയ്യുന്നതിന്റെ പല മടങ്ങ് വേഗത്തിൽ ഇരുവർക്ക് ഒരുമിച്ച് അത് ചെയ്തെടുക്കുവാൻ കഴിയും. ദൈവം ആദാമിന് കൊടുത്ത വേലയാണ് (പ്രൊജക്റ്റാണ്), ദൈവം ഹവ്വയെ നിർമ്മിക്കാനുള്ള കാരണം. അതു തന്നെയാണ് ആദ്യത്തെ വിവാഹത്തിന് കാരണവും. ദൈവേഷ്ടം ചെയ്യുവാനാണ് സ്ത്രീയെയും, പുരുഷനെയും കൂട്ടിച്ചേർക്കുന്നതെന്ന കാര്യം ദുഷ്ടൻ ഭരിക്കുന്ന ഈ ലോകത്തിലെ ലോകസമ്പ്രദായം മറച്ചു.

ആദാമിന് വിവാഹത്തിന് മുമ്പ് ഒരു ജോലി ഉണ്ടായിരുന്നു, ആ ജോലിയുടെ പേരാണ് 'ഏദെൻ തോട്ടത്തിൽ ദൈവേഷ്ടം ചെയ്യുക'. വിവാഹം കഴിക്കാൻ പോകുന്ന ഹവ്വയ്ക്കും ഒരു ജോലി ദൈവം കൊടുത്തു. 'ആദാമിന്റെ ജോലിയിൽ ആദാമിനെ സഹായിക്കുക'.

## ലോകസമ്പ്രദായത്തിലെ തലതിരിഞ്ഞ വിവാഹത്തെ നേരെയാക്കുക

എന്നാൽ ഇന്ന് വിവാഹവേദിയിലേക്ക് വരുന്ന ആദാമിന്റെ പിൻഗാമിയായ പുരുഷന് ഒരു ദൈവേഷ്ടം ഉണ്ടെന്നോ താനത് ചെയ്യണമെന്നോ അറിയില്ല. പകരം തന്റെ ജഡികസ്വപ്നങ്ങൾ നിവർത്തിക്കാനുള്ള വധുവിനെയും തേടിയാണ് വരൻ വിവാഹ വേദിയിലേക്ക് വരുന്നത്.

> വരന്റെയും വധുവിന്റെയും ചിന്തകൾ ആരംഭിക്കുന്നത് പിശാചിനാൽ മലിനമാക്കപ്പെട്ട മനുഷ്യന്റെ സ്വയത്തിൽ നിന്നാണ്, ദൈവത്തിൽ നിന്നല്ല. ദൈവേഷ്ടം നടത്തിയെടുക്കുവാനല്ല അവർ വിവാഹിതരാകുന്നത്, പകരം സ്വന്ത താല്പര്യങ്ങൾ നടത്തിയെടുക്കുവാനാണ്.

അതുപോലെ ഇന്ന് വിവാഹവേദിയിലേക്ക് വരുന്ന ഹവ്വയുടെ പിൻഗാമിയായ സ്ത്രീക്ക് അറിയില്ല തന്റെ ഭർത്താവാകാൻ പോകുന്ന വ്യക്തിക്ക് ദൈവം ചെയ്യാനേൽപ്പിച്ചിരിക്കുന്ന ദൈവേഷ്ടത്തിൽ സഹായിക്കാനാണ് ദൈവം എന്നെ വിവാഹത്തിലൂടെ ആ പുരുഷനുമായി കൂട്ടിയോജിപ്പിച്ച് ഒരു കുടുംബമാക്കുന്നത് എന്ന്. പകരം തന്റെ ജഡികസ്വപ്നങ്ങൾ നിവർത്തിച്ച്




മനുഷ്യന്റെ ഇഷ്ടങ്ങൾ സാധിച്ചെടുക്കുവാനുള്ള ലോകസമ്പ്രദായത്തിലെ വിവാഹം (ചിത്രം-25)

തരുവാനുള്ള തന്റെ സ്വപ്നവരനെയും തേടിയാണ് വധു വിവാഹ വേദിയിലേക്ക് വരുന്നത്. വരന്റെയും വധുവിന്റെയും ചിന്തകൾ ആരംഭിക്കുന്നത് പിശാചിനാൽ മലിനമാക്കപ്പെട്ട മനുഷ്യന്റെ സ്വയത്തിൽ നിന്നാണ്, ദൈവത്തിൽ നിന്നല്ല. ദൈവേഷ്ടം നടത്തിയെടുക്കുവാനല്ല അവർ വിവാഹിതരാകുന്നത്, പകരം സ്വന്ത താല്പര്യങ്ങൾ നടത്തിയെടുക്കുവാനാണ്.

ഇവിടെയാണ് വിവാഹം നടത്തിക്കൊടുക്കുന്ന ദൈവദാസന്മാരുടെ ജോലി ആരംഭിക്കുന്നത്. ദൈവവചനശുശ്രൂഷയിലൂടെ വരന്റെയും വധുവിന്റെയും ഹൃദയത്തിൽ ലോകസമ്പ്രദായം ഇട്ടിരിക്കുന്ന വിവാഹത്തെക്കുറിച്ചുള്ള ചിന്തകൾ താഴെയിറക്കി, വചനത്തിലൂടെ ദൈവസമ്പ്രദായത്തിലുള്ള വിവാഹത്തിന്റെ ഉദ്ദേശ്യം അവരുടെ ഹൃദയത്തിൽ നിറയ്ക്കുകയും ദൈവേഷ്ടം നിറവേറ്റുവാൻ തക്കവണ്ണം ആ കുടുംബത്തെ ഒരുക്കുകയുമാണ് ചെയ്യേണ്ടത്.




ദൈവവചനപ്രകാരം സുബോധമുള്ള ദൈവദാസന്റെ പ്രസംഗം, ദൈവവചനപ്രകാരമുള്ള ഒരു കുടുംബജീവിതം തുടങ്ങുവാൻ, അതായത് കുടുംബജീവിതത്തിലൂടെ ദൈവേഷ്ടം ചെയ്യുവാൻ നവദമ്പതികളെ സഹായിക്കുന്നു. (ചിത്രം-26)

## *തലതിരിഞ്ഞ കുടുംബജീവിതങ്ങൾ*

ആദാമിനെയാണ് ദൈവം ജോലി ഏല്പിച്ചത്, ഹവ്വയെ അപ്പോൾ സൃഷ്ടിച്ചിരുന്നില്ല. തുടർന്ന് ഹവ്വയെ ദൈവേഷ്ടം ചെയ്യുവാൻ ആദാ

മിന് സഹായി ആയിട്ടത്രേ സൃഷ്ടിച്ചത്.

**"പുരുഷൻ സ്ത്രീയ്ക്കായിട്ടല്ല സ്ത്രീ പുരുഷന്നായിട്ടല്ലോ സൃഷ്ടിക്കപ്പെട്ടതു." (1 കൊരി. 11:9)**

> കുടുംബജീവിതത്തിൽ പുരുഷൻ ദൈവേഷ്ടത്താൽ കുടുംബം ഭരിക്കുകയും ഭാര്യ അതിനെ സഹായിക്കുകയും ചെയ്യണമെന്നാണ് സ്രഷ്ടാവായ ദൈവം വച്ചിരിക്കുന്ന വ്യവസ്ഥ.

അതായത് ആദാമാണ് പ്രൊജക്റ്റിന്റെ മാനേജർ, ഹവ്വ സഹായി.

അതായത് കുടുംബജീവിതത്തിൽ പുരുഷൻ ദൈവേഷ്ടത്താൽ കുടുംബം ഭരിക്കുകയും ഭാര്യ അതിനെ സഹായിക്കുകയും ചെയ്യണമെന്നാണ് സ്രഷ്ടാവായ ദൈവം വച്ചിരിക്കുന്ന വ്യവസ്ഥ. എന്നാൽ പിശാച് അതിനെയും തല തിരിച്ചു! ആദാം ഹവ്വ ദമ്പതികൾ പാപം ചെയ്തതിന് ശേഷം ദൈവം ഹവ്വയോട് പറയുന്ന വാക്കുകളിൽ നിന്ന് നമുക്കത് മനസ്സിലാക്കാവുന്നതാണ്.

**"സ്ത്രീയോട് കല്പിച്ചത്: ഞാൻ നിനക്കു കഷ്ടവും ഗർഭധാരണവും ഏറ്റവും വർദ്ധിപ്പിക്കും; നീ വേദനയോടെ മക്കളെ പ്രസവിക്കും; നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോടു ആകും; അവൻ നിന്നെ ഭരിക്കും."**
**(ഉല്പ. 3:16)**

> ആദാമാണ് പ്രൊജക്റ്റിന്റെ മാനേജർ, ഹവ്വ സഹായി.

ഈ വാക്കിൽ "നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോട് ആകും" എന്ന് മലയാളത്തിൽ പറഞ്ഞിരിക്കുന്നത് അങ്ങനെതന്നെയായിരുന്നെങ്കിൽ എത്ര നന്നായിരുന്നു. എന്നാൽ ആ വാക്കിന്റെ തർജ്ജമ അങ്ങനെയല്ല. ഇംഗ്ലീഷിൽ ലിവിംഗ് ബൈബിളിൽ (Living Bible) രേഖപ്പെടുത്തിയിരിക്കുന്നത് *"നീ നിന്റെ ഭർത്താവിനെ നിയന്ത്രിക്കാൻ ആഗ്രഹിക്കുമെന്നാണ്,"* അല്ലാതെ നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോടാകും എന്നല്ല.

**Then he said to the woman, "I will sharpen the pain of your pregnancy, and in pain you will give birth, And *you will desire to control your husband*, but he will rule over you"**
**(Gen. 3:16 New Living Translation)**

**ഇതുകൊണ്ടാണ് ദൈവവചനം ആവർത്തിച്ച് സ്ത്രീകളോട് പറയുന്നത്. "നിങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങി**

**യിരിപ്പിൻ..." എന്ന്.**

'പുകവലി ആരോഗ്യത്തിന് ഹാനികരമെന്ന്'' ഗവൺമെന്റ് കൊടുക്കുന്ന താക്കീത് പോലെയാണിത്. എങ്കിലും ആ താക്കീതിനെ വകവെയ്ക്കാതെ അനേകരും പുകവലിക്ക് അടിമകളായിത്തന്നെ തുടരുന്നു. ഇതുപോലെ തന്നെയാണ് ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിപ്പിൻ എന്ന് ദൈവവചനം പല ആവർത്തി താക്കീത് നല്കിയിട്ടും അതിന് കഴിയാതെ ഇന്ന് അനേകം സ്ത്രീകളും അനുസരണക്കേട് കാണിക്കുന്നത്. ഇതിന്റെ കാരണം പിശാച് സ്ത്രീകളുടെ ചിന്തകളെ തല തിരിച്ചതാണ്.

ഇന്ന് പല കുടുംബങ്ങളിലും നടക്കുന്ന കുടുംബകലഹങ്ങളുടെ പ്രധാന കാരണം ഇതാണ്. "ഭർത്താവിന് കീഴടങ്ങി, ഭർത്താവിനെ സഹായിക്കാൻ ദൈവം നിർത്തിയ സ്ത്രീയുടെ (ഭാര്യയുടെ) ചിന്തയെ പിശാചിന്റെ ലോകസമ്പ്രദായം തലതിരിച്ചു. സഹായി ഇപ്പോൾ മാനേജറാകാനാണ് ആഗ്രഹിക്കുന്നത്." അതായത് പുരുഷനെ കയ്യിലെടുക്കുവാൻ, നിയന്ത്രിക്കുവാൻ, ഭാര്യ പറയുന്ന രീതിയിൽ ഭർത്താവ് പോകത്തക്കവണ്ണമുള്ള ചിന്തകളാൽ പിശാച് സ്ത്രീകളെ സ്വാധീനിച്ചുകഴിഞ്ഞു.

**"ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിപ്പിൻ;...."**
**(1 പത്രൊ. 3:1)**

**"ഭാര്യമാരേ, കർത്താവിന്നു എന്നപോലെ സ്വന്തഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ." (എഫെ. 5:22)**

**"ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്ക് കർത്താവിൽ ഉചിതമാകുംവണ്ണം കീഴടങ്ങുവിൻ." (കൊലൊ. 3:18)**

**"സ്ത്രീ മൗനമായിരുന്ന് പൂർണ്ണാനുസരണത്തോടും കൂടെ പഠിക്കട്ടെ. മൌനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെമേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല."**
**(1 തിമൊ. 2:11-12)**

**"എന്നാൽ ഏത് പുരുഷന്റെയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം എന്നു ഞാൻ ആഗ്രഹിക്കുന്നു." (1 കൊരി. 11:3)**

എന്നാൽ ദൈവത്തിന്റെ വചനം ഉൽപ്പത്തി 3:16 ൽ തുടർന്ന് പറയുകയാണ് എങ്കിലും **"അവൻ (ഭർത്താവ്) നിന്നെ ഭരിക്കും."**

ഇവിടെ പുരുഷന് കുടുംബത്തെ ഭരിക്കുവാനുള്ള കഴിവ് കൊടുത്തത് ദൈവമാണെങ്കിൽ, പാപത്തെ തുടർന്ന് സ്ത്രീക്ക് 'ഭർത്താവിനെ നിയന്ത്രിക്കുവാനുള്ള ആഗ്രഹത്താൽ' നിറച്ചത് പിശാചാണ്. അതായത് ദൈവരാജ്യത്തിന്റെ, 'കുടുംബം ഭരിക്കുവാനുള്ള' കഴിവ് പുരുഷന്റെ ഉള്ളിലും, പൈശാചികരാജ്യത്തിന്റെ, 'ഭർത്താവിനെ നിയന്ത്രിക്കാനുള്ള' ചിന്തകൾ സ്ത്രീയുടെ ഉള്ളിലും. ഇങ്ങനെയുള്ള സ്ത്രീയും പുരുഷനുമാണ് വിവാഹത്തിലൂടെ ഒന്നാകുന്നത്. ഇതിനാൽ ***ഭൂരിഭാഗം കുടുംബങ്ങളുടെ ഉള്ളിലും സമാധാനമില്ല, കാരണം ദൈവം തന്ന കഴിവ് കൊണ്ട് കുടുംബത്തെ ഭരിക്കാൻ നില്ക്കുന്ന ഭർത്താവും, പിശാചിന്റെ ചിന്തകൾ കൊണ്ട് ഭർത്താവിനെ നിയന്ത്രിക്കാൻ ശ്രമിക്കുന്ന ഭാര്യയും. കുടുംബങ്ങൾ, കുഴിയുള്ള റോഡിലൂടെ പതുക്കെ പതുക്കെ താണും പൊങ്ങിയും കുലുങ്ങിയും ചരിഞ്ഞും പോകുന്ന വണ്ടിപോലെ പല അഡ്ജസ്റ്റ്മെന്റുകളും ചെയ്ത് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള കുടുംബാന്തരീക്ഷത്തിൽ എങ്ങനെ ദൈവേഷ്ടത്തെക്കുറിച്ചു ചിന്തിക്കും, ചിന്തിച്ചാലല്ലേ അത് ചെയ്യൂ. ഇതത്രേ പിശാചിന്റെ തലതിരിഞ്ഞ ബുദ്ധി, ലോകസമ്പ്രദായത്തിലെ തല തിരിഞ്ഞ കുടുംബങ്ങൾ.*** അങ്ങനെ ദൈവദാസന്മാരുടെ കുടുംബങ്ങൾ പോലും പിശാചിന്റെ ഈ തന്ത്രം തിരിച്ചറിയാതെ വട്ടം തിരിയുകയാണ്. ദൈവീകവഴിയിൽ ഇതിനെല്ലാം പരിഹാരമുണ്ട്. പക്ഷേ യേശു പ്രസംഗിച്ച് തുടങ്ങിയ ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കാനും, അത് അനുസരിക്കാനും നമുക്ക് മനസ്സുണ്ടാകണം.

ബുദ്ധിഹീനരെപ്പോലെ ഈ ചുരുങ്ങിയ ലോകയാത്രയിൽ സ്വന്തരാജ്യം പണിയാനല്ല, പകരം ദൈവരാജ്യം പണിയുവാൻ നമുക്ക് ദൈവകൃപയ്ക്കായി യാചിക്കാം.

പുരുഷന് കുടുംബത്തെ ഭരിക്കുവാനുള്ള കഴിവ് കൊടുത്തത് ദൈവമാണെങ്കിൽ, പാപത്തെ തുടർന്ന് സ്ത്രീക്ക് 'ഭർത്താവിനെ നിയന്ത്രിക്കുവാനുള്ള ആഗ്രഹത്താൽ' നിറച്ചത് പിശാചാണ്. അതായത് ദൈവരാജ്യത്തിന്റെ, 'കുടുംബം ഭരിക്കുവാനുള്ള' കഴിവ് പുരുഷന്റെ ഉള്ളിലും, പൈശാചികരാജ്യത്തിന്റെ, 'ഭർത്താവിനെ നിയന്ത്രിക്കാനുള്ള' ചിന്തകൾ സ്ത്രീയുടെ ഉള്ളിലും.

## പ്രാർത്ഥന



ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, പിശാചിന്റെ തന്ത്രങ്ങളാൽ തലതിരിയപ്പെട്ട ഞങ്ങളുടെ കുടുംബജീവിതങ്ങളെ നേരെയാക്കാൻ അങ്ങു തന്ന വചനവെളിപ്പാടിനായി നന്ദി. കുടുംബ ജീവിതത്തിലൂടെ ദൈവേഷ്ടമായ "ദൈവപുത്രന്മാരുടെ നിർമ്മാണത്തിനായി" പ്രവർത്തിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. തുടർന്നും ഞങ്ങളെ പഠിപ്പിക്കണമേ. യേശുവിൻ നാമത്തിൽ തന്നെ. ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. പിശാചിന്റെ ചതിക്കുന്ന ലോകസമ്പ്രദായം ജ്ഞാനരഹിതവും, ദൈവീകമായ ഉദ്ദേശങ്ങൾക്ക് എതിരുമാണ്. അതിന്റെ ആത്യന്തിക ലക്ഷ്യം എന്ന് പറയുന്നത് മനുഷ്യന്റെ മേൽ മരണശിക്ഷാവിധി നടപ്പിലാക്കുക എന്നതാണ്.
2. കുടുംബം എന്ന ചിന്ത ആദ്യം ഉദിച്ചത് ദൈവത്തിലാണ്. ദൈവമാണ് ആദ്യ കുടുംബമായ ആദാം ഹവ്വ ദമ്പതികളെ കൂട്ടിച്ചേർത്തത്. ദൈവം കുടുംബത്തെ ഉണ്ടാക്കിയതിന്റെ ഉദ്ദേശ്യം കുടുംബം ഒരുമിച്ച് ദൈവേഷ്ടം ഭൂമിയിൽ ചെയ്യുക എന്നതാണ്.
3. പിശാചിന്റെ ചതിക്കുന്ന ലോകസമ്പ്രദായങ്ങളെല്ലാം ദൈവീക ഉദ്ദേശ്യങ്ങളെ മറെയ്ക്കുന്നവയാണ്.
4. കുടുംബം ഒരുമിച്ച് ദൈവേഷ്ടം ചെയ്യുക എന്നതാണ് വിവാഹത്തിന്റെ ഉദ്ദേശ്യം.
5. ആദാമിന് ജോലി കൊടുത്തതിന് ശേഷമാണ് ദൈവം ഹവ്വയെ ആദാമിന്റെ കൈയ്യിൽ ഏല്പിക്കുന്നത്. (ഉൽപത്തി 2:15,18) ഇതിൽ നിന്നും മനസ്സിലാക്കേണ്ടത് ദൈവം തന്നെ ഏല്പ്പിച്ച പ്രൊജക്റ്റ് അഥവാ തന്റെ വിളി (Calling) മനസ്സിലാക്കി പ്രവർത്തിക്കുന്ന ഏതൊരു പുരുഷനും വിവാഹത്തിനുള്ള പക്വത പ്രാപിച്ചവനാണ്.
6. സ്ത്രീയെ ഉണ്ടാക്കിയതിന്റെ കാരണം 'സഹായമാണ്'. ദൈവേഷ്ടം ചെയ്യുവാൻ ആദാമിനെ സഹായിക്കുകയാണ് സ്ത്രീയിൽ ദൈവം നിക്ഷിപ്തമാക്കിയ ചുമതല. ഇത് മനസ്സിലാക്കി, ഇതനുസരിച്ച് പ്രവർത്തിക്കുവാൻ തീരുമാന

മെടുക്കുന്ന ഏതൊരു സ്ത്രീയും വിവാഹത്തിന് പക്വത പ്രാപിച്ചവളാണ്.

7. ദൈവം ആദാമിന് കൊടുത്ത വേലയാണ് (പ്രൊജക്റ്റാണ്), ദൈവം ഹവ്വയെ നിർമ്മിക്കാൻ കാരണം. അതു തന്നെ യാണ് ആദ്യത്തെ വിവാഹത്തിന് കാരണവും.

8. ദൈവേഷ്ടം ചെയ്യുവാനാണ് സ്ത്രീയെയും, പുരുഷ നെയും കൂട്ടിച്ചേർക്കുന്നതെന്ന കാര്യം ദുഷ്ടൻ ഭരിക്കുന്ന ഈ ലോകത്തിലെ ലോകസമ്പ്രദായം മറച്ചു.

9. ലോക സമ്പ്രദായപ്രകാരമുള്ള വിവാഹ ജീവിതത്തിൽ വര ന്റെയും വധുവിന്റെയും ചിന്തകൾ ആരംഭിക്കുന്നത് പിശാ ചിനാൽ മലിനമാക്കപ്പെട്ട മനുഷ്യന്റെ സ്വയത്തിൽ നിന്നാ ണ്, ദൈവത്തിൽ നിന്നല്ല. ദൈവേഷ്ടം നടത്തിയെടുക്കു വാനല്ല അവർ വിവാഹിതരാകുന്നത്, പകരം സ്വന്ത താല്പ ര്യങ്ങൾ നടത്തിയെടുക്കുവാനാണ്.

10. ഈ ലോകജീവിതം ദൈവം നമുക്ക് നല്കിയത് സ്വന്ത രാജ്യം പണിയാനല്ല, പകരം ദൈവരാജ്യം പണിയാനാണ്.

11. ആദാമാണ് പ്രൊജക്റ്റിന്റെ മാനേജർ, ഹവ്വ സഹായി.

12. പുരുഷന് കുടുംബത്തെ ഭരിക്കുവാനുള്ള കഴിവ് കൊടുത്തത് ദൈവമാണെങ്കിൽ, പാപത്തെ തുടർന്ന് സ്ത്രീക്ക് 'ഭർത്താവിനെ നിയന്ത്രിക്കുവാനുള്ള ആഗ്രഹത്താൽ' നിറച്ചത് പിശാചാണ്. അതായത് ദൈവ രാജ്യത്തിന്റെ, 'കുടുംബം ഭരിക്കുവാനുള്ള' കഴിവ് പുരു ഷന്റെ ഉള്ളിലും, പൈശാചികരാജ്യത്തിന്റെ, 'ഭർത്താവിനെ നിയന്ത്രിക്കാനുള്ള' ചിന്തകൾ സ്ത്രീയുടെ ഉള്ളിലും.

13. ഭൂരിഭാഗം കുടുംബങ്ങളുടെ ഉള്ളിലും സമാധാന മില്ലാത്തതിന്റെ കാരണം ദൈവം തന്ന കഴിവ് കൊണ്ട് കുടുംബത്തെ ഭരിക്കാൻ നില്ക്കുന്ന ഭർത്താവും, പിശാ ചിന്റെ ചിന്തകൾ കൊണ്ട് ഭർത്താവിനെ നിയന്ത്രിക്കാൻ ശ്രമിക്കുന്ന ഭാര്യയുമാണ്.



# അദ്ധ്യായം 12

# ദൈവപുത്രന്മാരെ വെളിപ്പെടുത്താത്ത ലോക സമ്പ്രദായത്തിലെ സുവിശേഷം

"ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭി ക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി."
(2 കൊരി. 4:4)

***ദൈവവചനം*** പറയുന്നു, ഒരു കാര്യത്തിന്റെ ആരംഭത്തെക്കാൾ നല്ലത് അതിന്റെ അവസാനമാണ്.

**"ഒരു കാര്യത്തിന്റെ ആരംഭത്തെക്കാൾ അതിന്റെ അവസാനം നല്ലതു."**
**(സഭാ. 7:8)**

### ആത്മീയ അബോർഷൻ

ഗർഭപാത്രത്തിൽ ഭ്രൂണമായി ധാരാളം കുഞ്ഞുങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഓരോ ദിവസവും ഉരുവാകുന്നുണ്ട്. എന്നാൽ അതിൽ നല്ലൊരു പങ്കു കുഞ്ഞുങ്ങളും ജനിക്കാതെ ഗർഭച്ഛിദ്രം വന്ന് പോകുന്നു. സ്വാഭാവികമായി സംഭവിക്കുന്നതും ഉണ്ട്. എന്നാൽ മാതാപിതാക്കൾ കരുതിക്കൂട്ടി കുഞ്ഞിനെ ഗർഭാശയത്തിലിട്ട് കൊന്നുകളയുന്നതുമുണ്ട്. **(അബോർഷൻ എന്ന് ലോക സമ്പ്രദായം അംഗീകരിച്ച് പേരിട്ടിരിക്കുന്ന സംവിധാനമാണ് ഈ കുരുന്നുകളെ കൊലപ്പെടുത്തുന്നത്.)** ഉരുവാകുന്ന കുഞ്ഞുങ്ങളിൽ 50 ശതമാനം വരെ അബോർഷൻ നടക്കുന്ന രാജ്യങ്ങളെ ലോക അബോർഷൻ പട്ടികയിൽ കാണാം.

> യഥാർത്ഥത്തിൽ ദൈവത്തെ സേവിക്കാൻ ആഗ്രഹിക്കുന്നവരുടെ ഇടയിൽ പിശാച് ഉപയോഗിക്കുന്ന ഉയർന്ന നിലവാരത്തിലുള്ള തന്ത്രമാണ് '<u>ആരംഭം കൊണ്ട് അവസാനത്തെ മറയ്ക്കുക</u>", അതായത് "<u>യേശുവിനെ കൊണ്ട് യേശുവിന്റെ സുവിശേഷത്തെ മറയ്ക്കുക.</u>"

ആത്മീയമായ അവസ്ഥ ഇതിനെക്കാൾ ഭയങ്കരമാണ്. ദൈവവചനം

പറയുന്നു. വിളിക്കപ്പെട്ടവർ അനേകരാണ്, തിരഞ്ഞെടുക്കപ്പെടുന്നവരോ ചുരുക്കം.

യഥാർത്ഥത്തിൽ ദൈവത്തെ സേവിക്കാൻ ആഗ്രഹിക്കുന്നവരുടെ ഇടയിൽ പിശാച് ഉപയോഗിക്കുന്ന ഉയർന്ന നിലവാരത്തിലുള്ള തന്ത്രമാണ് ഈ അദ്ധ്യായത്തിലൂടെ വിവരിക്കുന്നത്. അതിലൊന്നാണ് "ആരംഭം കൊണ്ട് അവസാനത്തെ മറയ്ക്കുക", അതായത് "യേശുവിനെക്കൊണ്ട് യേശുവിന്റെ സുവിശേഷത്തെ മറയ്ക്കുക."

## ആരംഭം കൊണ്ട് അവസാനത്തെ മറയ്ക്കുന്ന തന്ത്രം

**എന്താണ് ഒരു മനുഷ്യനിൽ യേശുവിന്റെ സുവിശേഷത്തിന്റെ ആരംഭം?**

ഉത്തരം:- യേശുവിനെ കർത്താവായി സ്വീകരിച്ച് വീണ്ടും ജനിക്കുന്നതാണ്.

**എന്താണ് ഒരു മനുഷ്യനിൽ യേശുവിന്റെ സുവിശേഷത്തിന്റെ അവസാനം?**

ഉത്തരം:- വീണ്ടും ജനിച്ച മനുഷ്യൻ ദൈവരാജ്യം അവകാശമാക്കുന്നതാണ്.

## ഭൗതിക ശിശു ലോകത്തിലേക്ക്

**എന്താണ് ഒരു ശിശു ലോകത്തിലേക്ക് വെളിപ്പെടുന്നതിന്റെ ആരംഭം?**

ഉത്തരം:- ഒരു സ്ത്രീയുടെ ഗർഭപാത്രത്തിൽ ശിശു ഭ്രൂണമായി ജനിക്കുന്നതാണ്.

**എന്താണ് ഒരു ശിശു ലോകത്തിലേക്ക് വെളിപ്പെടുന്നതിന്റെ അവസാനം?**

ഉത്തരം:- സ്ത്രീയുടെ ഗർഭപാത്രത്തിൽ ഭ്രൂണമായി ജനിച്ച കുഞ്ഞ് വളർച്ചപ്രാപിച്ച് ഗർഭപാത്രത്തിൽ നിന്ന് ലോകത്തിലേക്ക് പ്രസവിക്കപ്പെടുന്നതാണ്.

ഭൂമിയിലെ 'മനുഷ്യപുത്രന്മാർ' ഒരു സ്ത്രീയുടെ ഉള്ളിൽ ശിശുവായി ഉരുവായി, വളർന്ന് ലോകത്തിലേക്ക് വെളിപ്പെടുന്നു, എന്നാൽ 'ദൈവപുത്രന്മാർ' സഭയുടെ ഉള്ളിൽ ഉരുവായി, വളർന്ന് ദൈവരാജ്യത്തിലേക്ക് വെളിപ്പെടുന്നു.

<u>**ആത്മീയമനുഷ്യൻ ദൈവരാജ്യത്തിലേക്ക്**</u>

ഇന്ന് യേശു പ്രസംഗിച്ച് തുടങ്ങിയ ദൈവരാജ്യത്തിന്റെ സുവിശേഷം ലോകത്ത് പ്രസംഗിച്ച് കേൾക്കുന്നത് വളരെ വിരളം. കേൾക്കുന്നതെല്ലാം വീണ്ടും ജനനം മാത്രം. അതായത് ആരംഭത്തെ ക്കുറിച്ച് കേൾക്കുന്നുണ്ട്, അവസാനിക്കുന്നതിനെക്കുറിച്ച് കേൾക്കുന്നില്ല. ദൈവവചനം പറയുന്നു, "ഒരു കാര്യത്തിന്റെ ആരംഭത്തെക്കാൾ നല്ലത് അവസാനമാണ്." വീണ്ടും ജനിക്കുന്നത് നല്ലതാണ്. പക്ഷെ വീണ്ടും ജനിച്ചവർ ദൈവരാജ്യം അവകാശമാക്കിയില്ലെങ്കിൽ, വീണ്ടും ജനിച്ചതുകൊണ്ടു എന്തു ഫലമാണുള്ളത്. വിവാഹനിശ്ചയം നല്ലതാണ്. പക്ഷെ അതിന് ശേഷം വിവാഹം നടന്നില്ലെങ്കിൽ അതുകൊണ്ടു എന്തു പ്രയോജനമാണുള്ളത്.

വീണ്ടും ജനിക്കുന്നത് നല്ലതാണ്. പക്ഷെ വീണ്ടും ജനിച്ചവർ ദൈവരാജ്യം അവകാശമാക്കിയില്ലെകിൽ, വീണ്ടും ജനിച്ചതുകൊണ്ടു എന്തു ഫലമാണുള്ളത്.

ഇതുകൊണ്ടാണ് പൗലോസ് അപ്പൊസ്തലൻ കൊരിന്ത്യർക്ക് ലേഖനമെഴുതുമ്പോൾ ഭയത്തോടെ പറഞ്ഞത്.

**"ഞാൻ നിഗ്ഗ ളെററുറിണ്ട ദൈവത്തിന്റെ എരിവോടെ എരിയുങ്ക ു; ഞാൻ ക്രിസ്തു എങ്ക ഏകപുരുഷങ്ക ു നിഗ്ഗ ളെ നിഷ്ക്കളങ്കകന്യകയായി ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിററുങ്ക ു. എങ്ക ാന്ന സഹ്ലപ്പം ഹണ്ണയ ഉപായത്താന്ന ചതിണ്ടപോലെ നിഗ്ഗ ളുടെ മനസ്സു ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിഷ്ക്കളതയും വിശ്ലൂവഷളായിപ്പോകുമോ എങ്ക ു ഞാൻ <u>ഭയപ്പെടുങ്ക ു.</u>"**
**(2 കൊരി. 11:2-3)**

പൗലോസ് അപ്പൊസ്തലൻ ഇങ്ങനെ പറയാൻ കാരണം, 'താൻ മുഖാന്തരം വീണ്ടും ജനന അനുഭവത്തിലേക്ക് വന്നവരാണ് കൊരിന്ത്യസഭയിലുള്ളവർ, പക്ഷെ ഇനി അവർ ദൈവരാജ്യം അവകാശമാക്കേണ്ടതുണ്ട്. അതിനിടയിൽ ആരോ വന്ന് മറ്റൊരു യേശുവിനെ പ്രസംഗിച്ചതുകൊണ്ട് അവർ ദൈവരാജ്യം അവകാശമാക്കണമെന്ന ചിന്തയിൽ നിന്ന് മാറിപ്പോയി.' അതുകൊണ്ട് പൗലോസ് അപ്പൊസ്തലൻ അവരുടെ ആത്മീയ ഭാവിയെക്കുറിച്ച് ഭയപ്പെട്ട് അവരോട് പറയുകയാണ്, ക്രിസ്തുവുമായി നിങ്ങളുടെ വിവാഹനിശ്ചയമേ കഴിഞ്ഞിട്ടുള്ളൂ, വിവാഹം കഴിഞ്ഞിട്ടില്ല. ഇങ്ങനെ പോയാൽ വിവാഹം നടക്കുമോ എന്ന് ഞാൻ ഭയപ്പെടുകയാണ്.

വിവാഹനിശ്ചയം = വീണ്ടും ജനനം (ആരംഭം)

വിവാഹം = ദൈവരാജ്യം അവകാശമാക്കുന്നത് (അവസാനം)

പൗലോസ് അപ്പൊസ്തലൻ ഇവിടെ പറയുന്നതിന്റെ അർത്ഥം നിങ്ങൾ ദൈവരാജ്യവുമായുള്ള ബന്ധത്തിൽ ആരംഭിച്ചിട്ടേയുള്ളൂ (വീണ്ടും ജനിച്ചിട്ടേയുള്ളൂ), പക്ഷെ നിങ്ങൾ അത് അവസാനിപ്പിക്കുമോ (ദൈവരാജ്യം അവകാശമാക്കുമോ) എന്നു ഞാൻ ഭയപ്പെടുന്നു.

ഇന്ന് 'വീണ്ടും ജനനമായി' മാത്രം ആരംഭിക്കുന്ന സുവിശേഷമേ ലോകത്തെങ്ങും കേൾക്കാനുള്ളൂ, യേശു പ്രസംഗിച്ച് തുടങ്ങിയ ദൈവരാജ്യത്തിന്റെ സുവിശേഷം കേൾക്കുന്നത് വിരളം. ലോകം കൊണ്ട് പിശാച് ജനഹൃദയങ്ങളുടെ ഉള്ളിൽ 'ദൈവരാജ്യം' മറച്ചതുകൊണ്ട് ജനങ്ങൾക്ക് ദൈവരാജ്യം വെളിപ്പെടുന്നുമില്ല. മറ്റൊരുരീതിയിൽ പറഞ്ഞാൽ 'ആരംഭം കൊണ്ട് അവസാനത്തെ മറയ്ക്കുകയാണ്'' ഇവിടെ പിശാച് ചെയ്യുന്നത്. യേശുവും, പൗലോസും, ഫിലിപ്പൊസുമെല്ലാം പ്രസംഗിച്ചതുപോലെ നമുക്ക് ആരംഭത്തിൽ നിന്ന് ആരംഭിക്കാതെ, അവസാനത്തിൽ നിന്ന് ആരംഭിക്കാം. അതായത് ദൈവരാജ്യത്തിന്റെ സുവിശേഷം പറഞ്ഞുകൊണ്ട് യേശുവിനെ അവതരിപ്പിക്കാം.

> **'ലോകത്തിന്റെ ദഹ്ലനം' ജനത്തിന് കൊടുത്താണ് പിശാച് മനുഷ്യഹൃദയഗ്ഗളിനു 'ദൈവരാജ്യമെങ്ക ദഹ്ലനത്തെ' മറയ്ററുങ്കത്.**

## ***യേശുവിന്റെ പ്രസംഗം***

**യേശു പ്രസംഗിച്ച സുവിശേഷം 'സ്വർഗ്ഗരാജ്യം വരുന്നു' എന്നുള്ളതായിരുന്നു.**

**"അന്നുമുതൽ യേശു: സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്ന് പ്രസംഗിച്ചു തുടങ്ങി." (മത്താ. 4:17)**

**"അനന്തരം അവൻ ദൈവരാജ്യം പ്രസംഗിച്ചും സുവിശേഷിച്ചും കൊണ്ടു പട്ടണംതോറും സഞ്ചരിച്ചു." (ലൂക്കൊ.8:1)**

## ***ഫിലിപ്പൊസിന്റെ പ്രസംഗം***

**"ഫിലിപ്പൊസ് ശമര്യ പട്ടണത്തിൽ ചെന്നു അവരോട് ക്രിസ്തുവിനെ പ്രസംഗിച്ചു." (അപ്പൊ. 8:5)**

ഈ വാക്യത്തിൽ ഫിലിപ്പൊസ് 'ക്രിസ്തുവിനെയാണ് പ്രസംഗിച്ചത്'.

എങ്ങനെയാണ് 'ക്രിസ്തുവിനെ പ്രസംഗിച്ചതെന്ന്' അതിന്റെ താഴെയുള്ള വാക്യം 8:12 ൽ കൊടുത്തിരിക്കുന്നു. അതായത് 'ദൈവരാജ്യത്തിന്റെ സുവിശേഷം' പറഞ്ഞുകൊണ്ട് ഫിലിപ്പൊസ് യേശുവിനെ അറിയിച്ചു.

**ഫിലിപ്പൊസ്:- "എന്നാൽ ദൈവരാജ്യത്തെയും യേശുക്രിസ്തുവിന്റെ നാമത്തെയും കുറിച്ചുള്ള സുവിശേഷം അറിയിക്കുന്ന ഫിലിപ്പൊസിനെ അവർ വിശ്വസിച്ചപ്പോൾ........" (അപ്പൊ. പ്രവൃ 8:12)**

## പൗലൊസിന്റെ പ്രസംഗം

**"ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു;....." (1 കൊരി. 1:23)**

ഈ വാക്യത്തിൽ പൗലോസ് ക്രൂശിക്കപ്പെട്ട യേശുവിനെ പ്രസംഗിച്ചു എന്ന് കാണുന്നു. എങ്ങനെയാണ് പൗലൊസ് ക്രൂശിക്കപ്പെട്ട യേശുവിനെ പ്രസംഗിച്ചത്? ദൈവരാജ്യത്തിന്റെ സുവിശേഷം കൂടാതെയാണോ? അല്ലേ അല്ല, 'ദൈവരാജ്യത്തിന്റെ സുവിശേഷം' പറഞ്ഞുകൊണ്ടാണ് പൗലോസ് യേശുവിനെ അറിയിച്ചതെന്ന് താഴെ കൊടുത്തിരിക്കുന്ന വാക്കുകളിൽ കാണാം.

**പൗലൊസ്:- "പൂർണ്ണ പ്രാഗത്ഭ്യത്തോടെ വിഘ്നം കൂടാതെ ദൈവരാജ്യം പ്രസംഗിച്ചും കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചു ഉപദേശിച്ചും പോന്നു." (അപ്പൊ. പ്രവൃ 28:30)**

**"എന്നാൽ നിങ്ങളുടെ ഇടയിൽ ദൈവരാജ്യം പ്രസംഗിച്ചു കൊണ്ടു നടന്നവനായ എന്റെ മുഖം നിങ്ങൾ ആരും ഇനി കാണുകയില്ല എന്നു ഞാൻ അറിയുന്നു." (അപ്പൊ. പ്രവൃ 20:25)**

## പത്രൊസിന്റെ പ്രസംഗം

പത്രൊസും ഈ നിത്യദൈവരാജ്യത്തിലേക്കുള്ള മനുഷ്യന്റെ പ്രവേശത്തെക്കുറച്ചാണ് പ്രസംഗിച്ചത്.

**പത്രൊസ്:- "ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരു നാളും ഇടറിപ്പോകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും." (2 പത്രൊ. 1:11)**

## അപ്പൊസ്തലന്മാരുടെ പ്രസംഗം

യേശു തിരഞ്ഞെടുത്ത അപ്പൊസ്തലൻമാരോട് യേശു പ്രസംഗിക്കുവാൻ കല്പിച്ചതും ഈ സ്വർഗ്ഗരാജ്യത്തെക്കുറിച്ച് തന്നെയാണ്.

"നിങ്ങൾ പോകുമ്പോൾ: സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന് ഘോഷിപ്പിൻ. (മത്താ. 10:7)

## യേശുവിനെക്കൊണ്ട് യേശുവിന്റെ സുവിശേഷം മറയ്ക്കുന്ന പിശാചിന്റെ തന്ത്രം.

**"കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്നു പറഞ്ഞു." (മർക്കൊ. 1:15)**

**യേശുവിന്റെ സുവിശേഷമാണ് 'ദൈവരാജ്യം സമീപിച്ചിരിക്കുന്നു' എന്നത്.**

എന്നാൽ ഇന്ന് ലോകത്തിലെ ഭൂരിഭാഗം പ്രസംഗങ്ങളിലും പ്രസംഗിച്ച് കേൾക്കുന്നത് യേശുക്രിസ്തുവിനാലുള്ള വീണ്ടും ജനനം മാത്രം. അത് മാത്രം നാം പ്രസംഗിച്ച് നിർത്തിയാൽ, യേശുവിനെക്കൊണ്ട് യേശുവിന്റെ സുവിശേഷമായ '**ദൈവരാജ്യം**' മറയ്ക്കുന്നതിന് നാം അറിയാതെ തന്നെ സാത്താന്റെ കൈകളിലെ ആയുധമായി തീരും. യേശു മത്താ 4:17 - ൽ തുടങ്ങിവച്ച ദൈവരാജ്യത്തിന്റെ പ്രസംഗം നമുക്കും തുടരാം. പൗലോസും, ഫിലിപ്പൊസും, പത്രൊസും മറ്റു അപ്പൊസ്തലന്മാരും അത് തുടർന്നു എങ്കിൽ അവരെപ്പോലെ നമുക്കും വിളിച്ചുപറയാം യേശു തുടങ്ങിവച്ചത്.

**"അന്നുമുതൽ യേശു; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നു പ്രസംഗിച്ച് തുടങ്ങി." (മത്താ. 4:17)**

ഈ ദൈവരാജ്യത്തിന്റെ സുവിശേഷം നാം കേൾക്കുമ്പോൾ ജനത്തിന്റെ ഉള്ളിൽ ആഗ്രഹം വരും എങ്ങനെ എനിക്ക് ദൈവരാജ്യത്തിലേക്ക് (എന്റെ സ്വർഗ്ഗീയ പിതാവിന്റെ അടുക്കലേക്ക്) ചെല്ലാൻ കഴിയും?

ഈ ചോദ്യം ജനത്തിന്റെ ഉള്ളിൽ ജനിച്ചാൽ 'അതിനുള്ള വഴിയാണ്' യേശു കാൽവരി ക്രൂശിൽ ഒരുക്കിയതെന്ന് പറഞ്ഞ് യേശുവിനെ അവതരിപ്പിക്കുക. ജനം യേശുവിലൂടെ, യേശുവിനെ അനുഗമിച്ച് പിതാവിന്റെ അടുക്കൽ, ദൈവരാജ്യത്തിൽ എത്തുവാൻ ഇടയാകും.

**"യേശു അവനോടു: ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല." (യോഹ. 14:6)**

യേശുവാകുന്ന വഴിയിലൂടെ നമുക്ക് പിതാവിന്റെ അടുക്കൽ എത്തിച്ചേരാം. അതല്ലാതെ ലോകസമ്പ്രദായത്തിലുള്ള ഇന്നത്തെ സുവിശേഷം

തുടർന്നാൽ, "യേശുവിനെക്കൊണ്ട് യേശുവിന്റെ സുവിശേഷത്തെ മറയ്ക്കുന്ന" സാത്താന്റെ തന്ത്രത്തിന് നാം അറിയാതെ വഴിതുറന്ന് കൊടുക്കുന്നവരായി തീരും. അതായത് ഒരു വിവാഹത്തിന്റെ ആദ്യ പടിയാണ് 'വിവാഹനിശ്ചയം', രണ്ടാമതാണ് 'വിവാഹം'. വിവാഹം എന്താണെന്ന് അറിയാത്ത വധുവിനോട് മനസ്സമ്മതത്തോടെ വിവാഹചടങ്ങുകൾ തീർന്നുവെന്ന് വരുത്തിത്തീർത്ത്, 'മനസ്സമ്മതം' കൊണ്ട് 'വിവാഹത്തെ' മറയ്ക്കുന്നതുപോലെ, പിശാചിന്റെ ആരംഭം കൊണ്ട് അവസാനത്തെ മറയ്ക്കുന്ന തന്ത്രമാണ് 'വീണ്ടും ജനനത്തിന്റെ സന്ദേശം കൊണ്ട്' 'ദൈവരാജ്യം അവകാശമാക്കുന്നതിനുള്ള സന്ദേശത്തെ മറയ്ക്കുക' എന്നുള്ളത്.

| ആരംഭം | അവസാനം |
| --- | --- |
| വിവാഹനിശ്ചയം (ഒന്നാമത്) | വിവാഹം (രണ്ടാമത്) |
| വീണ്ടും ജനിക്കുന്നത് (ഒന്നാമത്) | ദൈവരാജ്യം അവകാശമാക്കുന്നത് (രണ്ടാമത്) |

യേശുവിനെക്കൊണ്ട്, യേശുവിന്റെ സുവിശേഷത്തെ മറയ്ക്കുന്ന പിശാചിന്റെ തന്ത്രമാണ് 'അത്ഭുതം ചെയ്യുന്ന യേശുവിനെ മാത്രം', 'വിടുതൽ കൊടുക്കുന്ന യേശുവിനെ മാത്രം' പ്രസംഗിച്ചുകൊണ്ട്, യേശുവിന്റെ സന്ദേശമായ 'ദൈവരാജ്യത്തെക്കുറിച്ച്' പറയാതിരിക്കുന്നത്. പിശാചിന്റെ ഈ രണ്ട് തന്ത്രവും, സാധാരണക്കാർക്ക് ആത്മീയമായി തോന്നുമെങ്കിലും ഇതിലൂടെയുള്ള പിശാചിന്റെ ലക്ഷ്യം 'ആത്മീയ അബോർഷനാണ്.'

യേശുവിനെക്കൊണ്ട്, യേശുവിന്റെ സുവിശേഷത്തെ മറയ്ക്കുന്ന പിശാചിന്റെ തന്ത്രമാണ് 'അത്ഭുതം ചെയ്യുന്ന യേശുവിനെ മാത്രം', 'വിടുതൽ കൊടുക്കുന്ന യേശുവിനെ മാത്രം' പ്രസംഗിച്ചുകൊണ്ട്, യേശുവിന്റെ സന്ദേശമായ 'ദൈവരാജ്യത്തെക്കുറിച്ച്' പറയാതിരിക്കുന്നത്.

അതായത് മുകളിൽ പറഞ്ഞിരിക്കുന്ന ആത്മീയപ്രവൃത്തികളുടെ ഫലമായി ദൈവരാജ്യത്തിൽ വീണ്ടും ജനനം നടക്കുമെങ്കിലും, യേശുവിന്റെ സുവിശേഷമായ ദൈവരാജ്യത്തിന്റെ വചനം ഇവർക്ക് ലഭിക്കാത്തതിനാൽ, ഈ വീണ്ടും ജനിച്ചവർ, വിളിക്കപ്പെട്ടവരുടെ കൂട്ടത്തിലുള്ളവരെങ്കിലും, തെരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടത്തിൽ ഉണ്ടാകാനിടയില്ല. കാരണം ഇവർ ആരംഭിക്കാനുള്ള വചനം കേട്ടു, വളരാനും, അവസാനിപ്പിക്കാനുമുള്ളത് കേട്ടില്ല. ആയതിനാൽ,

ക്രിസ്തുവിന്റെ അനുസരണത്താൽ ഇവർ 'വീണ്ടും ജനിച്ചു', പക്ഷേ സ്വന്ത അനുസരണക്കേടിനാൽ 'വീണ്ടും മരിച്ചു'. പിശാചിന്റെ തന്ത്ര ങ്ങളെ തിരിച്ചറിയുക.

**"ആരംഭത്തെക്കാൾ നല്ലത് അവസാനം."**

**(ബൈബിൾ)**

## പ്രാർത്ഥന




*ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, പിശാചിന്റെ തന്ത്രങ്ങളിൽ കുടുങ്ങാതെ ദൈവരാജ്യം അവകാശമാക്കുന്നതുമാത്രം ലക്ഷ്യമാക്കിവച്ചുകൊണ്ട്, ദൈവപുത്രന്മാരായി വെളിപ്പെടുവാൻ ഞങ്ങളെ സഹായിക്കണമേ...യേശുവിൻ നാമത്തിൽ തന്നെ. ആമേൻ.*

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. *യഥാർത്ഥത്തിൽ ദൈവത്തെ സേവിക്കാൻ ആഗ്രഹിക്കുന്നവരുടെ ഇടയിൽ പിശാച് ഉപയോഗിക്കുന്ന ഉയർന്ന നിലവാരത്തിലുള്ള തന്ത്രമാണ് "യേശുവിനെക്കൊണ്ട് യേശുവിന്റെ സുവിശേഷത്തെ മറയ്ക്കുക." അതായത് 'ആരംഭം കൊണ്ട് അവസാനത്തെ മറയ്ക്കുക",*
2. *ഭൂമിയിലെ 'മനുഷ്യപുത്രന്മാർ' ഒരു സ്ത്രീയുടെ ഉള്ളിൽ ശിശുവായി ഉരുവായി, വളർന്ന് ലോകത്തിലേക്ക് വെളിപ്പെടുന്നു, എന്നാൽ 'ദൈവപുത്രന്മാർ' സഭയുടെ ഉള്ളിൽ ഉരുവായി വളർന്ന്, ദൈവരാജ്യത്തിലേക്ക് വെളിപ്പെടുന്നു.*
3. *വീണ്ടും ജനിക്കുന്നത് നല്ലതാണ്. പക്ഷെ വീണ്ടും ജനിച്ചവർ ദൈവരാജ്യം അവകാശമാക്കിയില്ലെങ്കിൽ, വീണ്ടും ജനിച്ചതുകൊണ്ടു എന്തു ഫലമാണുള്ളത്.*
4. *'ലോകത്തിന്റെ ദർശനം' ജനത്തിന് കൊടുത്താണ് പിശാച് മനുഷ്യഹൃദയങ്ങളിൽ 'ദൈവരാജ്യമെന്ന ദർശനത്തെ' മറയ്ക്കുന്നത്.*
5. *യേശുവിനെക്കൊണ്ട്, യേശുവിന്റെ സുവിശേഷത്തെ മറ*

യ്ക്കുന്ന പിശാചിന്റെ തന്ത്രമാണ് 'അത്ഭുതം ചെയ്യുന്ന യേശുവിനെ മാത്രം', 'വിടുതൽ കൊടുക്കുന്ന യേശുവിനെ മാത്രം' പ്രസംഗിച്ചുകൊണ്ട്, യേശുവിന്റെ സന്ദേശമായ 'ദൈവരാജ്യത്തെക്കുറിച്ച്' പറയാതിരിക്കുന്നത്.

6. **വീണ്ടും ജനനവും, വീണ്ടും മരണവും: ക്രിസ്തുവിന്റെ അനുസരണത്താൽ 'വീണ്ടും ജനിച്ച' മനുഷ്യർ അനുസരണക്കേടിൽ തുടർന്നാൽ 'വീണ്ടും മരിക്കും'.**



# അദ്ധ്യായം 13

# 'ലാഭകരമായ വശത്തെ' 'ലാഭമില്ലാത്ത വശം' കൊണ്ട് മറയ്ക്കുന്ന തന്ത്രം.

"ജീവിപ്പിക്കുന്നത് ആത്മാവു ആകുന്നു; മാംസം ഒന്നിനും ഉപകരിക്കുന്നില്ല; ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു." (യോഹ. 6:63)

***'പിശാചിന്റെ മരണത്തിന്റെ പദ്ധതി'*** ലാഭകരമായ 'ദൈവത്തിന്റെ ജീവന്റെ പദ്ധതിയിൽ' മനുഷ്യൻ കടക്കാതെ 'ലോക സമ്പ്രദായം' കൊണ്ട് അതിനെ മറയ്ക്കുന്നു.

ലോകപ്രകാരം നിധി അമൂല്യമായ സമ്പത്തിനെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ ഇവിടെ സ്വർഗ്ഗരാജ്യം അമൂല്യമായത് മാത്രമല്ല, അവസാനമില്ലാത്ത രാജ്യം കൂടിയാണ്.

കർത്താവായ യേശു സ്വർഗ്ഗരാജ്യത്തെ ഉപമിക്കുന്ന വളരെ പ്രധാനപ്പെട്ട ഉപമയാണ് വയലിൽ മറയപ്പെട്ട നിധി. ഈ ഉപമയിലെ ആദ്യത്തെ മൂന്ന് പ്രധാനപ്പെട്ട ചോദ്യങ്ങളാണ്.....

1. എന്താണ് നിധി.
2. എന്താണ് വയൽ.
3. ആരാണ് നിധി വയലിൽ ഒളിച്ചുവച്ചിരിക്കുന്നത്, ആരിൽ നിന്ന്, എന്തുകൊണ്ട്?

## എന്താണ് നിധി?

സ്വർഗ്ഗരാജ്യത്തെയാണ് നിധിയോട് ഉപമിച്ചിരിക്കുന്നതെന്ന് ഈ വാക്യം വ്യക്തമാക്കുന്നു.

ദൈവത്തിന്റെ ഭരണത്തെ, മറ്റൊരുരീതിയിൽ പറഞ്ഞാൽ ദൈവത്തിന്റെ കുടുംബത്തെയാണ് സ്വർഗ്ഗരാജ്യം അഥവാ നിധി ഇവിടെ പ്രതിനിധീകരിക്കുന്നത്.

**"സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവെച്ച നിധിയോടു സദൃശ്യം. അതു ഒരു മനുഷ്യൻ കണ്ടു മറെച്ചിട്ടു, തന്റെ സന്തോഷത്താൽ ചെന്നു തനിക്കുള്ള തൊ കെയും വിറ്റു ആ വയൽ വാങ്ങി." (മത്താ. 13:44)**

ലോകപ്രകാരം നിധി അമൂല്യമായ സമ്പത്തിനെയാണ് സൂചിപ്പി

ക്കുന്നത്. എന്നാൽ ഇവിടെ സ്വർഗ്ഗരാജ്യം അമൂല്യമായത് മാത്രമല്ല, അവസാനമില്ലാത്ത രാജ്യം കൂടിയാണ്. ദൈവത്തിന്റെ ഭരണത്തെ, മറ്റൊരുരീതിയിൽ പറഞ്ഞാൽ ദൈവത്തിന്റെ കുടുംബത്തെയാണ് സ്വർഗ്ഗരാജ്യം അഥവാ നിധി ഇവിടെ പ്രതിനിധീകരിക്കുന്നത്.

## എന്താണ് വയൽ?

മത്തായി 13:37 പ്രകാരം വയൽ ലോകത്തെയാണ് പ്രതിനിധീകരിക്കുന്നത്.

**"........വയൽ ലോകം." (മത്താ. 13:37)**

> നിധി സമ്പത്തിനെ പ്രതിനിധാനം ചെയ്യുമ്പോൾ, വയൽ ലോകത്തിലെ പ്രവർത്തന മേഖലയെ പ്രതിനിധാനം ചെയ്യുന്നു.

ലോകപ്രകാരം വയലിലാണ് നാം കൃഷി ചെയ്യുന്നത്. അതായത് നിധി സമ്പത്തിനെ പ്രതിനിധാനം ചെയ്യുമ്പോൾ, വയൽ ലോകത്തിലെ പ്രവർത്തന മേഖലയെ പ്രതിനിധാനം ചെയ്യുന്നു. ഒരു കൃഷിക്കാരൻ തന്റെ വയലിൽ അധ്വാനിക്കുന്നതുപോലെ, മനുഷ്യർ സമയം പോലും മറന്ന് അധ്വാനിക്കുന്ന പ്രവർത്തന മേഖലയാണ് ലോകം.

## ആരാണ് നിധി വയലിൽ ഒളിപ്പിച്ചു വച്ചിരിക്കുന്നത്? ആരിൽ നിന്ന് ?

> സ്വർഗ്ഗത്തിലെ ദൈവത്തിന്റെ ചിന്തകൾ ഭൂമിയെ നിയന്ത്രിക്കേണ്ടതിന് പകരം മനുഷ്യരെ ദൈവത്തിൽ നിന്നു മറയ്ക്കുന്ന 'ലോക സമ്പ്രദായം' കൊണ്ടാണ് പിശാച് ലോകത്തെ നിയന്ത്രിക്കുന്നത്.

**സ്വർഗ്ഗരാജ്യത്തെ ലോകത്തിന്റെ പ്രവർത്തനതലം കൊണ്ട് ഒളിപ്പിച്ചിരിക്കുന്നത് പിശാചാണ്.** ലോകത്തിന്റെ പ്രവർത്തന തലം എന്ന മറയാണ് 'ലോകസമ്പ്രദായം'. സ്വർഗ്ഗരാജ്യത്തെ മനുഷ്യനിൽ നിന്ന് മറയ്ക്കാൻ ഈ ലോകസമ്പ്രദായം പിശാച് നിക്ഷേപിച്ചിരിക്കുന്നത് മനുഷ്യരുടെ ഹൃദയത്തിലാണ്.

**എങ്ങനെയാണ് പിശാച് 'ലോകസമ്പ്രദായം' കൊണ്ട് സ്വർഗ്ഗരാജ്യത്തെ മനുഷ്യരിൽ നിന്ന് മറയ്ക്കുന്നത്:-**

ഒരു പെട്രോൾ എൻജിനെ പെട്രോൾ പ്രവർത്തിപ്പിക്കുന്നതുപോലെ, മറ്റൊരുരീതിയിൽ പറഞ്ഞാൽ ഒരു കമ്പ്യൂട്ടർ പ്രോഗ്രാം കമ്പ്യൂട്ടറിനെ പ്രവർത്തിപ്പിക്കുന്നതുപോലെ സ്വർഗ്ഗരാജ്യത്തിന്റെ അഥവാ പിതാവിന്റെ

ഒരു പെട്രോൾ എൻജിനെ പെട്രോൾ പ്രവഌത്തിപ്പിററുങ്ക തുപോലെ, മറ്റൊരുരീതിയിനു പറ ബ്ല ാനു ഒരു കമ്പ്യൂശ്ലഌപ്രോഗ്രാം കമ്പ്യൂശ്ലിനെ പ്രവഌത്തിപ്പിററുങ്ക തുപോലെ സ്വഌത്താജ്യത്തിന്റെ അഥവാ പിതാവിന്റെ ചിട്ട ക ളാണ് ഭൂമിയിലെ പ്രവഌത്തന പഥത്തെ തിരിറേണ്ടതും നിയ ട്ട lറേണ്ടതും.

ചിന്തകളാണ് ഭൂമിയിലെ പ്രവർത്തന പഥത്തെ തിരിക്കേണ്ടതും നിയന്ത്രിക്കേണ്ടതും. എന്നാൽ പെട്രോൾ എൻജിൻ പെട്രോളിന് പകരം മണ്ണെണ്ണ ഒഴിച്ച് ഓടുന്നതുപോലെ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ ചിന്തകൾ ഭൂമിയെ നിയന്ത്രിക്കേണ്ടതിന് പകരം മനുഷ്യരെ ദൈവത്തിൽ നിന്നു മറയ്ക്കുന്ന 'ലോക സമ്പ്രദായം' കൊണ്ടാണ് പിശാച് ലോകത്തെ നിയന്ത്രിക്കുന്നത്. വാഹനത്തിന്റെ പെട്രോൾ ടാങ്കിൽ മണ്ണെണ്ണ നിറച്ച് ഓടിക്കുന്നതുപോലെ, മനുഷ്യന്റെ ഹൃദയത്തിൽ 'ലോക സമ്പ്രദായം നിറച്ചാണ്' പിശാച് ലോകത്തെ നിയന്ത്രിക്കുന്നതും, മനുഷ്യനിൽ നിന്ന് സ്വർഗ്ഗരാജ്യത്തെ മറയ്ക്കുന്നതും.




(ചിത്രം-27)

സ്വർഗ്ഗരാജ്യം ഈ ലോകത്തിലെ മനുഷ്യരെ നിയന്ത്രിച്ചെങ്കിൽ മാത്രമേ ദൈവത്തിന്റെ ഉദ്ദേശ്യം, യേശുവിന്റെ ഭാഷയിൽ പറഞ്ഞാൽ 'ദൈവത്തിന്റെ ബിസിനസ്സ്' (ലൂക്കോസ്. 2:49) ഭൂമിയിൽ നടക്കുകയും (മത്തായി 6:10) ദൈവരാജ്യത്തിൽ വസിക്കേണ്ട ദൈവപുത്രന്മാർ വെളിപ്പെടുകയും ചെയ്യുകയുള്ളൂ. പകരം പിശാച് ആവിഷ്കരിച്ചിരിക്കുന്ന

ഈ ലോക സംവിധാനം ഈ ലോകത്തെ നിയന്ത്രിച്ചാൽ മനുഷ്യർ മനുഷ്യപുത്രന്മാരായി ജനിക്കുകയും, തിന്നാനും, കുടിക്കാനും, സുഖിക്കാനും വേണ്ടി മാത്രം അദ്ധ്വാനിച്ച് ബലഹീന നായി മരിച്ച്, ദേഹി രണ്ടാം മരണത്തിൽ പ്രവേശിക്കുകയും ചെയ്യും.

> പിശാച് ആവിഷ്കരിച്ചിരിക്കുന്ന ഈ ലോക സംവിധാനം ഈ ലോകത്തെ നിയന്ത്രിച്ചാൽ മനുഷ്യർ മനുഷ്യ പുത്രന്മാരായി ജനിക്കുകയും, തിന്നാനും, കുടിക്കാനും, സുഖിക്കാനും വേണ്ടി മാത്രം അദ്ധ്വാനിച്ച് ബലഹീനനായി മരിച്ച് പോവുകയും ചെയ്യും.

**"മാനത്തോടിരിററുങ്ക മനുഷ്യൻ വിവേകഹീനനായാന്ദ നശിങ്ങുപോകുങ്ക മൃഗ ഗ്ഗ ൾററു തുല്യനത്രേ." (സങ്കീ. 49:20)**

ഈ ലോകസംവിധാനം മനുഷ്യരുടെ ശരീരത്തെ പരിപോഷിപ്പിക്കുന്ന 'പരിപാലന' (maintenance) സംവിധാനം മാത്രമാണ്. ഈ സംവിധാനത്തിൽ മാത്രം നിർത്തി, മനുഷ്യരെ വെറും ഭോഷന്മാരാക്കി നശിപ്പിച്ചുകളയുകയാണ് പിശാച് ചെയ്യുന്നത്. ഇങ്ങനെ മനുഷ്യനെ നശിപ്പിച്ച് കളയാൻ വേണ്ടിയാണ് പിശാച് ലോകസംവിധാനത്തിലൂടെ സ്വർഗ്ഗരാജ്യത്തെ മനുഷ്യരിൽ നിന്ന് മറയ്ക്കുന്നത്.

> ഈ ലോകസംവിധാനം മനുഷ്യരുടെ ശരീരത്തെ പരിപോഷിപ്പിക്കുന്ന 'പരിപാലന' (maintenance) സംവിധാനം മാത്രമാണ്. മനുഷ്യനെ നശിപ്പിച്ച് കളയാൻ വേണ്ടിയാണ് പിശാച് ലോകസംവിധാനത്തിലൂടെ സ്വർഗ്ഗരാജ്യത്തെ മനുഷ്യരിൽ നിന്ന് മറയ്ക്കുന്നത്.

പിശാചിന്റെ ഇഷ്ടം ലോകത്തിൽ നിറവേറ്റുന്ന ഈ ലോക സംവിധാനത്തെ ഇവിടെ നിന്ന് മാറ്റി ദൈവത്തിന്റെ ഇഷ്ടം ഈ ലോകത്തിൽ നിറവേറേണ്ടതായിട്ടുണ്ട്. അതുകൊണ്ടാണ് കർത്താവ് നമ്മോട് ഇങ്ങനെ പ്രാർത്ഥിക്കാൻ പറഞ്ഞത്.

**"നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ...;" (മത്താ. 6:10-11)**

## മനുഷ്യജീവിതത്തിലെ രണ്ട് വശങ്ങൾ

ഒരു മനുഷ്യന്റെ ജീവിതത്തിൽ രണ്ട് വശങ്ങൾ ഉണ്ട്. ഒന്ന് താല്കാലികമായതും മറ്റൊന്ന് നിത്യമായതും. താല്കാലികമായത് ലോകത്തിൽ ജീവിക്കേണ്ടതും, പ്രവർത്തിക്കേണ്ടതും, നിത്യമായത് ദൈവരാജ്യത്തിൽ എന്നേക്കും ജീവിക്കേണ്ടതും ആണ്. അതായത് നിത്യത മനുഷ്യന്റെ

ഒരു മനുഷ്യന്റെ ജീവിതത്തിനു രണ്ട് വശങ്ങൾ ഉണ്ട്. ഒന്ന് താല്കാലികമായതും മറ്റൊന്ന് നിത്യമായതുമാണ്.

അകത്ത് ഹൃദയത്തിൽ വച്ചിരിക്കുമ്പോൾ തന്നെ ദൈവം മനുഷ്യരെ ശരീരത്തിൽ ലോകത്തിലെ സമയത്തിൽ വച്ചിരിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന വചനഭാഗം ശ്രദ്ധിച്ചാൽ 'നിത്യതയും സമയവുമായി' മനുഷ്യർ ബന്ധപ്പെട്ടിരിക്കുന്നത് മനസ്സിലാക്കാം.

**"അവൻ സകലവും അതതിന്റെ സമയത്തു ഭംഗിയായി ചെയ്തു നിത്യതയും മനുഷ്യരുടെ ഹൃദയത്തിൽ വെച്ചിരിക്കുന്നു; എങ്കിലും ദൈവം ആദിയോടന്തം ചെയ്യുന്ന പ്രവൃത്തിയെ ഗ്രഹിപ്പാൻ അവർക്കു കഴിവില്ല."**
**(സഭാ. 3:11)**

സമയത്തിലുള്ള പുറത്തെ മനുഷ്യന് താല്കാലികമായ പരിപാലനം അഥവാ മെയ്ന്റനൻസ് മാത്രമേയുള്ളൂ, ലാഭമൊന്നും ഇല്ല. എന്നാൽ ദൈവരാജ്യത്തിൽ നിത്യം വസിക്കേണ്ട നാം (അകത്തെ മനുഷ്യൻ) ഈ ലോകജീവിതത്തിലൂടെ ലാഭം ഉണ്ടാക്കേണ്ടതായിട്ടുണ്ട്.

മറ്റൊരുരീതിയിൽ പറഞ്ഞാൽ ഒരു വ്യക്തിയുടെ 'പുറത്തെ മനുഷ്യൻ' മനുഷ്യർക്കറിയാവുന്ന സമയത്തിലും, 'അകത്തെ മനുഷ്യൻ' അവർക്കറിയാത്ത നിത്യതയിലും ആണ്. സമയത്തിലുള്ള പുറത്തെ മനുഷ്യന് താല്കാലികമായ പരിപാലനം അഥവാ മെയ്ന്റനൻസ് മാത്രമേയുള്ളൂ, ലാഭമൊന്നും ഇല്ല. എന്നാൽ ദൈവരാജ്യത്തിൽ നിത്യം വസിക്കേണ്ട നാം (അകത്തെ മനുഷ്യൻ) ഈ ലോകജീവിതത്തിലൂടെ ലാഭം ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ഇതുകൊണ്ടാണ് മനുഷ്യന്റെ പുറമെയുള്ള ജഡമനുഷ്യന് ലാഭമൊന്നും ഇല്ല, അകത്തെ ആത്മാവാണ് ജീവൻ കൊടുക്കുന്നതെന്ന് കർത്താവായ യേശു പറഞ്ഞത്. അതായത് പുറത്തെ മനുഷ്യൻ 'പിശാചിന്റെ മരണത്തിന്റെ പദ്ധതിക്ക്' കീഴിലും, അകത്തെ മനുഷ്യൻ 'ദൈവത്തിന്റെ ജീവന്റെ പദ്ധതിക്ക്' കീഴിലുമാണ്.

നാം സഞ്ചരിക്കുന്ന ഒരു താല്കാലിക ഭവനമാണ് ശരീരം.

**"ജീവിപ്പിക്കുന്നത് ആത്മാവു ആകുന്നു; മാംസം ഒന്നിനും ഉപകരിക്കുന്നില്ല;..." (യോഹ. 6:63)**

**"അതുകൊണ്ടു ഞങ്ങൾ അധൈര്യപ്പെടാതെ ഞങ്ങളുടെ പുറമെയുള്ളമനുഷ്യൻ ക്ഷയിച്ചു പോകുന്നു എങ്കിലും ഞങ്ങളുടെ അകമേ**

ഒരു മനുഷ്യനിൽ അകത്തെ മനുഷ്യനെന്നും, പുറത്തെ മനുഷ്യ നെന്നും രണ്ട് വശങ്ങൾ ഉണ്ട്. പുറത്തെ മനുഷ്യന് പരിപാലനം മാത്ര മേയുള്ളൂ, എന്നാൽ അകത്തെ മനുഷ്യന് പരിപാലനം മാത്രമല്ല ലാഭവും ഉണ്ട്.

**യുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു." (2 കൊരി. 4:16)**

1. പുറത്തെ മനുഷ്യൻ (പരിപാലനം മാത്രം)

(Maintenance Only)


2. അകത്തെ മനുഷ്യൻ (പരിപാലനവും, ലാഭവുമുണ്ട്)

(Both Maintenance & Profit)

പുറത്തെ മനുഷ്യൻ 'പിശാചിന്റെ മരണത്തിന്റെ പദ്ധതിക്ക്' കീഴിലും, അകത്തെ മനുഷ്യൻ 'ദൈവത്തിന്റെ ജീവന്റെ പദ്ധതിക്ക്' കീഴിലുമാണ്.

## പരിപാലനം മാത്രമുള്ള പുറത്തെ മനുഷ്യൻ

### പിശാചിന്റെ മരണത്തിന്റെ പദ്ധതിക്ക് കീഴിൽ





(ചിത്രം-28)

ദൈവവചനം ഉൽപ്പത്തി 2:7-ൽ പറയുന്നു മനുഷ്യൻ 'ദേഹിയാണ്'' എന്ന്. ഈ ദേഹിയെ ആത്മാവുമായി ചേർത്തുപറയുമ്പോൾ അകത്തെ മനുഷ്യനെന്നും, ശരീരവുമായി ചേർത്ത് പറയുമ്പോൾ പുറത്തെ മനുഷ്യനെന്നും പറയുന്നു.

> സുബോധം നഷ്ടപ്പെട്ട മനുഷ്യന്റെ ഉള്ളിലെ ചിന്ത 'ഭൗതിക ശരീരമാണ്'' മനുഷ്യൻ എന്നാണ്.

**"യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു." (ഉൽപ. 2:7)**

ഇവിടെ ദേഹിയായ മനുഷ്യൻ ലോകത്തിൽ വെളിപ്പെടാൻ ഉപയോഗിക്കുന്ന ഭൗതികശരീരത്തിന് പരിപാലനം മാത്രമേയുള്ളൂ. സുബോധം നഷ്ടപ്പെട്ട മനുഷ്യന്റെ ഉള്ളിലെ ചിന്ത 'ഭൗതിക ശരീരമാണ്'' മനുഷ്യൻ എന്നാണ്. എന്നാൽ ദൈവവചന അടിസ്ഥാനത്തിൽ നാം ചിന്തിച്ചാൽ ശരീരം നാം വസിക്കുന്ന സഞ്ചരിക്കുന്ന ഒരു ഭവനമാണ്. 2 കൊരി 5:9-10 പറയുന്നു മനുഷ്യൻ ശരീരത്തിൽ വസിക്കുന്നു എന്ന്, 2 കൊരി 10:3-ൽ പറയുന്നു മനുഷ്യൻ ശരീരത്തിൽ സഞ്ചരിക്കുന്നു എന്ന്.




(ചിത്രം-29)

> പുറത്തെ മനുഷ്യനെ ഡ്രൈവ് ചെയ്യുന്ന അകത്തെ മനുഷ്യൻ പുറത്തെ മനുഷ്യനെ ഉപയോഗിച്ച് ഈ ലോകജീവിതത്തിൽ ലാഭം ഉണ്ടാക്കേണ്ടതാണ്.


**"അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു." (2 കൊരി. 5:10)**

**"ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും ജഡപ്രകാരം പോരാടുന്നില്ല." (2 കൊരി. 10:3)**

നാം സഞ്ചരിക്കുന്ന ഒരു താല്കാലിക ഭവനമാണ് ശരീരം. കാറിലിരിക്കുന്ന ഒരു വ്യക്തി കാർ ഓടിക്കുന്നതുപോലെ. ഇവിടെ കാർ മനുഷ്യന്റെ ശരീരത്തിന് തുല്യവും, കാർ ഓടിക്കുന്ന വ്യക്തി, ദേഹിയും, ആത്മാവും ചേർന്ന അകത്തെ മനുഷ്യന് തുല്യവും ആണ്. മറ്റൊരുരീതിയിൽ പറഞ്ഞാൽ പുറത്തെ മനുഷ്യൻ കാറിന് തുല്യവും, അകത്തെ മനുഷ്യൻ കാർ ഓടിക്കുന്ന മനുഷ്യന് തുല്യവും ആണ്. കാർ പത്ത് വർഷം ഈ വ്യക്തി ഉപയോഗിച്ചാലും കാറിന് ലാഭമൊന്നും ഇല്ല, പരിപാലനം മാത്രമേയുള്ളൂ, കാറിന് പെട്രോളും, ഓയിലും, ഫിൽറ്ററും, മറ്റു സ്പെയർ പാർട്ട്സുകളും, സർവ്വീസും മതി. പക്ഷേ അകത്തിരിക്കുന്ന കാർ ഓടിക്കുന്ന വ്യക്തിക്ക് അങ്ങനെയല്ല, ആ മനുഷ്യൻ കാർ ഉപയോഗിച്ച് തനിക്ക് ലാഭമുണ്ടാക്കുകയാണ്. ഇതുപോലെയാണ് മനുഷ്യന്റെ പുറത്തെ മനുഷ്യനും, അകത്തെ മനുഷ്യനും. കാറിന് പരിപാലനം മാത്രമുള്ളതുപോലെ പുറത്തെ മനുഷ്യന്, ശരീരത്തിന് മെയിന്റനെൻസ് മാത്രമേയുള്ളൂ. പക്ഷേ പുറത്തെ മനുഷ്യനെ ഡ്രൈവ് ചെയ്യുന്ന അകത്തെ മനുഷ്യൻ പുറത്തെ മനുഷ്യനെ ഉപയോഗിച്ച് ഈ ലോകജീവിതത്തിൽ ലാഭം ഉണ്ടാക്കേണ്ടതാണ്. സുബോധമുള്ള അകത്തെ മനുഷ്യനായിരിക്കണം പുറത്തെ മനുഷ്യന്റെ ഡ്രൈവർ. ഇത് എളുപ്പം മനസ്സിലാക്കാൻ കർത്താവ് എന്റെ ഹൃദയത്തിൽ പ്രകാശിപ്പിച്ച ഒരു ചിത്രീകരണം എഴുതട്ടെ,

> സുബോധമുള്ള അകത്തെ മനുഷ്യനായിരിക്കണം പുറത്തെ മനുഷ്യന്റെ ഡ്രൈവർ.

> മനുഷ്യജീവിതത്തിലെ ലാഭകരമായ വശം "ഒരു ദൈവപുത്രനായി തീരുക" എന്നതാണ്.





(ചിത്രം-30)




(ചിത്രം-31)

ഇതിൽ ഒരു കാറും, കാറിന്റെ മുതലാളിയായ ഡ്രൈവറുമായുള്ള സംഭാഷണമാണ് കൊടുത്തിരിക്കുന്നത്. ഇതു ശ്രദ്ധിച്ചാൽ മനുഷ്യന്റെ അകത്തെ മനുഷ്യനും പുറത്തെ മനുഷ്യനും എങ്ങനെയാണ് പ്രവർത്തിക്കേണ്ടതെന്ന് മനസ്സിലാകുവാൻ ഇടയാകും.




(ചിത്രം-32)

ലാഭമില്ലാത്ത പുറത്തെ മനുഷ്യന്റെ ജീവിതം




(ചിത്രം-33)




**പിശാചിന്റെ മരണത്തിന്റെ പ്രൊജക്റ്റ് മനുഷ്യശരീരത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ചിത്രം**

(ചിത്രം-34)

മനുഷ്യർ ബുദ്ധിശൂന്യരായി ജഡത്തിന് വേണ്ടി മാത്രം ജീവിച്ച് തങ്ങളുടെ ജീവിതം അവസാനിപ്പിക്കുന്നു. കർത്താവായ യേശു വ്യക്തമായി പറഞ്ഞിരിക്കുന്നു 'ജഡത്തിന് ലാഭമൊന്നും ഇല്ല'. പകരം ജഡം ഉപയോഗിക്കുന്ന മനുഷ്യൻ താല്കാലിക ജഡം ഉപയോഗിച്ച് നിത്യമായി ജീവിക്കേണ്ട തനിക്ക് ലാഭം ഉണ്ടാക്കേണ്ടതാണ്.

'ലാഭകരമായ വശത്തെ' 'പരിപാലന വശം' കൊണ്ട് മറയ്ക്കുകയാണ് പിശാചിന്റെ മറ്റൊരു പ്രധാന തന്ത്രം. അതായത് 'ലോകസമ്പ്രദായം' കൊണ്ട് 'ദൈവപുത്രന്മാരായി' തീരുക എന്ന ലക്ഷ്യത്തെ മറച്ചുകളഞ്ഞു.

**"ജീവിപ്പിക്കുന്നതു ആത്മാവ് ആകുന്നു; <u>മാംസം ഒന്നിനും ഉപകരിക്കുന്നില്ല</u>;..." (യോഹ. 6:63)**

**"ജീവിപ്പിക്കുന്നത് ആത്മാവ് ആകുന്നു, ജഡത്തിൽ <u>ലാഭമൊന്നും ഇല്ല</u>." (യോഹ. 6:63 KJV തർജ്ജമ)**

# പരിപാലനവും ലാഭവും ഉള്ള അകത്തെ മനുഷ്യൻ

### ദൈവത്തിന്റെ ജീവന്റെ പദ്ധതിക്ക് കീഴിൽ

യേശുവിനെ കൈക്കൊണ്ടാൽ ലോകത്തിലെ പ്രശ്നങ്ങൾ മാറും, സുഖജീവിതം കിട്ടും എന്നു മാത്രമാണ് അധികം പേരുടെയും ചിന്ത. എന്നാൽ എന്ത് നന്മയാണ് ദൈവം യേശുവിലൂടെ പരമപ്രധാനമായി മനുഷ്യർക്ക് നല്കുവാൻ ആഗ്രഹിക്കുന്നതെന്ന് ദൈവവചനത്തിലൂടെ നമുക്ക് മനസ്സിലാക്കാം.

> ദൈവപുത്രന്മാരായി വെളിപ്പെട്ട് ദൈവകുടുംബമായ ദൈവരാജ്യം അവകാശമാക്കുക എന്നതാണ് ഒരു മനുഷ്യനെ സംബന്ധിച്ച് ലാഭകരമായ വശം.

**"അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു."**
**(യോഹ. 1:12)**

> ദൈവപുത്രന്മാരായി ത്തീർന്ന് സ്വർഗ്ഗീയകുടുംബം അവകാശമാക്കുക എന്ന സ്വർഗ്ഗരാജ്യത്തിന്റെ സന്ദേശമാണ് ഒരു മനുഷ്യനെ സംബന്ധിച്ച് നിധി.

ഈ വചനപ്രകാരം ഒരു വ്യക്തി യേശുവിനെ വിശ്വസിച്ച് സ്വീകരിച്ചാൽ, ആ വ്യക്തിക്ക് ദൈവപുത്രനായി തീരാനുള്ള അധികാരമാണ് സ്വർഗ്ഗം കൊടുക്കുന്നത്, മറ്റൊരുരീതിയിൽ പറഞ്ഞാൽ എന്നേക്കും നിലനിൽക്കുന്ന സ്വർഗ്ഗീയകുടുംബത്തിൽ അംഗമാകാനുള്ള അവസരമാണ് യേശുവിനെ സ്വീകരിക്കുന്നതിലൂടെ മനുഷ്യർക്ക് ലഭിക്കുന്നത്. ഇതാണ് മനുഷ്യജീവിതത്തിലെ ലാഭകരമായ വശം "ഒരു ദൈവപുത്രനായി തീരുക." **ലോകമാകുന്ന വയലിൽ ഒളിച്ചുവച്ചിരിക്കുന്ന നിധിയായ സ്വർഗ്ഗരാജ്യത്തിന്റെ സന്ദേശമാണ് 'മനുഷ്യർ ദൈവപുത്രന്മാരായി വെളിപ്പെട്ട് ദൈവകുടുംബത്തിലെ അംഗമായിത്തീരുക എന്നുള്ളത്.' പക്ഷേ ഈ സന്ദേശമാണ് വയലിൽ, അതായത് ലോകത്തിന്റെ പ്രവർത്തന പഥത്തിൽ മറച്ചു കളഞ്ഞിരിക്കുന്നത്.**

> ദൈവപുത്രന്മാരായി വെളിപ്പെടാനുള്ള പരീക്ഷാഹാളായ ഭൂമിയിൽ മനുഷ്യർക്ക് ഉപയോഗിക്കാൻ കൊടുത്തിരിക്കുന്ന ഭൗതിക ശരീരം സൂക്ഷിക്കുക എന്നതാണ് പരിപാലനത്തിന്റെ വശം.

ദൈവപുത്രന്മാരായി ദൈവകുടുംബമായ ദൈവരാജ്യം അവകാശമാക്കുക എന്നതാണ് ഒരു മനുഷ്യനെ സംബന്ധിച്ച് ലാഭകരമായ വശം. ദൈവപുത്രന്മാരായി വെളിപ്പെടാനുള്ള പരീക്ഷാഹാളായ ഭൂമിയിൽ മനുഷ്യർക്ക് ഉപയോഗിക്കാൻ കൊടുത്തിരിക്കുന്ന ഭൗതിക ശരീരം സൂക്ഷിക്കുക എന്നതാണ് പരിപാലനത്തിന്റെ വശം. 'ലാഭകരമായ വശത്തെ' 'പരിപാലന വശം' കൊണ്ട് മറയ്ക്കുകയാണ് പിശാച് ചെയ്തിരിക്കുന്നത്. അതായത് 'ലോകസമ്പ്രദായം' കൊണ്ട് 'ദൈവപുത്രന്മാരായി' തീരുക എന്ന ലക്ഷ്യത്തെ മറച്ചുകളഞ്ഞു.

ദൈവപുത്രന്മാരായിത്തീർന്ന് സ്വർഗ്ഗീയകുടുംബം അവകാശമാക്കുക എന്ന സ്വർഗ്ഗരാജ്യത്തിന്റെ സന്ദേശമാണ് ഒരു മനുഷ്യനെ സംബന്ധിച്ച് നിധി. പ്രിയ വായനക്കാരേ ഇന്ന് നിങ്ങൾ ആ നിധിയെക്കുറിച്ച് അറിഞ്ഞിരിക്കുന്നു, ചിലർ കണ്ടെത്തിയിരിക്കുന്നു. എന്നാൽ താല്കാലിക ലോകത്തിൽ വലിയവനാകുക എന്ന ഈ ലോകസമ്പ്രദായത്തിന്റെ സന്ദേശത്തിൽ കുടുങ്ങി, ഇനിയും നിധി വയലിൽ മറയാൻ അനുവദിക്കാതെ, പരിശുദ്ധാത്മാവിനോട് ചേർന്ന് ആ നിധി കുഴിച്ചെടുക്കുവാൻ തുടർന്നുള്ള അദ്ധ്യായങ്ങളിലൂടെ ദൈവം നിങ്ങളെ സഹായിക്കട്ടെ.

"വയലിൽ ഒളിച്ചുവച്ചിരിക്കുന്ന നിധിയെ നമുക്ക് പുറത്തെടുക്കാം"




(ചിത്രം-35)

## പ്രാർത്ഥന



ഞങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവേ, ലോകത്തിന്റെ പ്രവർത്തനപഥം കൊണ്ട് ഒളിപ്പിച്ച് കളഞ്ഞിരിക്കുന്ന സ്വർഗ്ഗീയ സന്ദേശത്തെ, 'ദൈവപുത്രന്മാരായി വെളിപ്പെടുക' എന്നതിനെ ഞങ്ങൾക്ക് വെളിപ്പെടുത്തി തന്നതിനായി നന്ദി. യേശുക്രിസ്തുവിലൂടെ അങ്ങ് ഞങ്ങൾക്ക് തന്ന 'അധികാരത്തെ' ഉപയോഗിച്ച്, അനുസരണത്തിലൂടെ ദൈവപുത്രന്മാരായി വെളിപ്പെടുവാൻ ഞങ്ങളെ സഹായിക്കണമേ... യേശുവിൻ നാമത്തിൽ തന്നേ, ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. ലോകപ്രകാരം നിധി  അമൂല്യമായ സമ്പത്തിനെയാണ് ചൂണ്ടിക്കാണിക്കുന്നത്. എന്നാൽ ഇവിടെ സ്വർഗ്ഗരാജ്യം അമൂല്യമായത് മാത്രമല്ല, അവസാനമില്ലാത്ത രാജ്യം കൂടിയാണ്.
2. ദൈവത്തിന്റെ ഭരണത്തെ, മറ്റൊരുരീതിയിൽ പറഞ്ഞാൽ ദൈവത്തിന്റെ കുടുംബത്തെയാണ് സ്വർഗ്ഗരാജ്യം അഥവാ നിധി ഇവിടെ പ്രതിനിധീകരിക്കുന്നത്.
3. നിധി സമ്പത്തിനെ പ്രതിനിധാനം ചെയ്യുമ്പോൾ, വയൽ ലോകത്തിലെ പ്രവർത്തന മേഖലയെ പ്രതിനിധാനം ചെയ്യുന്നു.
4. സ്വർഗ്ഗത്തിലെ ദൈവത്തിന്റെ ചിന്തകൾ ഭൂമിയെ നിയന്ത്രിക്കേണ്ടതിന് പകരം മനുഷ്യരെ ദൈവത്തിൽ നിന്നു മറയ്ക്കുന്ന 'ലോക സമ്പ്രദായം' കൊണ്ടാണ് പിശാച് ലോകത്തെ നിയന്ത്രിക്കുന്നത്.
5. ഒരു പെട്രോൾ എൻജിനെ പെട്രോൾ പ്രവർത്തിപ്പിക്കുന്നതുപോലെ, മറ്റൊരുരീതിയിൽ പറഞ്ഞാൽ ഒരു കമ്പ്യൂട്ടർ പ്രോഗ്രാം കമ്പ്യൂട്ടറിനെ പ്രവർത്തിപ്പിക്കുന്നതുപോലെ സ്വർഗ്ഗരാജ്യത്തിന്റെ അഥവാ പിതാവിന്റെ ചിന്തകളാണ് ഭൂമിയിലെ പ്രവർത്തന പഥത്തെ തിരിക്കേണ്ടതും നിയന്ത്രിക്കേണ്ടതും.

6. പിശാച് ആവിഷ്കരിച്ചിരിക്കുന്ന ഈ ലോക സംവിധാനം ഈ ലോകത്തെ നിയന്ത്രിച്ചാൽ മനുഷ്യർ മനുഷ്യപുത്രന്മാരായി ജനിക്കുകയും, തിന്നാനും, കുടിക്കാനും, സുഖിക്കാനും വേണ്ടി മാത്രം അദ്ധ്വാനിച്ച് ബലഹീനനായി മരിച്ച് ദേഹി രണ്ടാം മരണത്തിന് എല്പിക്കപ്പെടുകയും ചെയ്യും.

7. ഈ ലോകസംവിധാനം മനുഷ്യരുടെ ശരീരത്തെ പരിപോഷിപ്പിക്കുന്ന '<u>പരിപാലന</u>' (maintenance) സംവിധാനം മാത്രമാണ്. മനുഷ്യനെ നശിപ്പിച്ച് കളയാൻ വേണ്ടിയാണ് പിശാച് ലോകസംവിധാനത്തിലൂടെ സ്വർഗ്ഗരാജ്യത്തെ മനുഷ്യരിൽ നിന്ന് മറയ്ക്കുന്നത്.

8. ഒരു മനുഷ്യന്റെ ജീവിതത്തിൽ രണ്ട് വശങ്ങൾ ഉണ്ട്. ഒന്ന് താല്കാലികമായതും മറ്റൊന്ന് നിത്യമായതും.

9. പുറത്തെ മനുഷ്യൻ 'പിശാചിന്റെ മരണത്തിന്റെ പദ്ധതിക്ക് കീഴിലും, അകത്തെ മനുഷ്യൻ 'ദൈവത്തിന്റെ ജീവന്റെ പദ്ധതിക്ക് കീഴിലുമാണ്.

10. സമയത്തിലുള്ള പുറത്തെ മനുഷ്യന് താല്കാലികമായ പരിപാലനം അഥവാ മെയ്ന്റനൻസ് മാത്രമേയുള്ളൂ, ലാഭമൊന്നും ഇല്ല. എന്നാൽ ദൈവരാജ്യത്തിൽ നിത്യം വസിക്കേണ്ട നാം (അകത്തെ മനുഷ്യൻ) ഈ ലോകജീവിതത്തിലൂടെ ലാഭം ഉണ്ടാക്കേണ്ടതായിട്ടുണ്ട്.

11. നാം സഞ്ചരിക്കുന്ന ഒരു താല്കാലിക ഭവനമാണ് ശരീരം.

12. ഒരു മനുഷ്യനിൽ അകത്തെ മനുഷ്യനെന്നും, പുറത്തെ മനുഷ്യനെന്നും രണ്ട് വശങ്ങൾ ഉണ്ട്. പുറത്തെ മനുഷ്യന് പരിപാലനം മാത്രമേയുള്ളൂ, എന്നാൽ അകത്തെ മനുഷ്യന് പരിപാലനം മാത്രമല്ല ലാഭവും ഉണ്ട്.

13. സുബോധം നഷ്ടപ്പെട്ട മനുഷ്യന്റെ ഉള്ളിലെ ചിന്ത മനുഷ്യൻ 'ഭൗതിക ശരീരമാണ്' എന്നാണ്.

14. പുറത്തെ മനുഷ്യനെ ഡ്രൈവ് ചെയ്യുന്ന അകത്തെ മനുഷ്യൻ പുറത്തെ മനുഷ്യനെ ഉപയോഗിച്ച് ഈ ലോകജീവിതത്തിൽ ലാഭം ഉണ്ടാക്കേണ്ടതാണ്.

15. സുബോധമുള്ള അകത്തെ മനുഷ്യനായിരിക്കണം പുറത്തെ മനുഷ്യന്റെ ഡ്രൈവർ.

16. മനുഷ്യജീവിതത്തിലെ ലാഭകരമായ വശം "ഒരു ദൈവ പുത്രനായി തീരുക" എന്നതാണ്.

17. 'ലാഭകരമായ വശത്തെ' 'പരിപാലന വശം' കൊണ്ട് മറെയ്ക്കുകയാണ് പിശാചിന്റെ മറ്റൊരു പ്രധാന തന്ത്രം. അതായത് 'ലോകസമ്പ്രദായം' കൊണ്ട് 'ദൈവപുത്രന്മാരായി' തീരുക എന്ന ലക്ഷ്യത്തെ മറച്ചുകളഞ്ഞു.

18. ദൈവപുത്രന്മാരായി വെളിപ്പെട്ട് ദൈവകുടുംബമായ ദൈവരാജ്യം അവകാശമാക്കുക എന്നതാണ് ഒരു മനുഷ്യനെ സംബന്ധിച്ച് ലാഭകരമായ വശം.

19. ദൈവപുത്രന്മാരായിത്തീർന്ന് സ്വർഗ്ഗീയകുടുംബം അവകാശമാക്കുക എന്ന സ്വർഗ്ഗരാജ്യത്തിന്റെ സന്ദേശമാണ് ഒരു മനുഷ്യനെ സംബന്ധിച്ച് നിധി.

20. ദൈവപുത്രന്മാരായി വെളിപ്പെടാനുള്ള പരീക്ഷാ ഹാളായ ഭൂമിയിൽ മനുഷ്യർക്ക് ഉപയോഗിക്കാൻ കൊടുത്തിരിക്കുന്ന ഭൗതിക ശരീരം സൂക്ഷിക്കുക എന്നതാണ് പരിപാലനത്തിന്റെ വശം.



## ഭാഗം - 2

# സ്വർഗ്ഗീയ വിദ്യാഭ്യാസം

# അദ്ധ്യായം 14
# ലോകവിദ്യാഭ്യാസ സമ്പ്രദായവും സ്വർഗ്ഗരാജ്യത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായവും

"ഞാൻ സൌമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ദേഹികൾക്കു ആശ്വാസം കണ്ടെത്തും."
(മത്താ. 11:29) KJV Translation

***വീണ്ടും*** ജനിച്ചവർ പിശാചിന് ഇടം കൊടുക്കുന്നതിലൂടെയുള്ള അവരുടെ 'വീണ്ടും മരണം' ഒഴിവാക്കാനും, അവർ 'സമൃദ്ധമായ ജീവനിൽ' കടക്കുവാനും, അങ്ങനെ ദൈവപുത്രന്മാരായി വെളിപ്പെടാനുമാണ് ദൈവം സ്വർഗ്ഗീയവിദ്യാഭ്യാസം ഒരുക്കിയിരിക്കുന്നത്.

വിദ്യ അഭ്യസിപ്പിക്കുകയാണ് വിദ്യാഭ്യാസത്തിലൂടെ ചെയ്യുന്നത്. ലോക വിദ്യാഭ്യാസം ലോകത്തിൽ മാത്രം ജീവിക്കാനുള്ള വിദ്യ അഭ്യസിപ്പിക്കുന്നു. സ്വർഗ്ഗരാജ്യത്തിന്റെ വിദ്യാഭ്യാസം നിത്യസ്വർഗ്ഗത്തിലും താല്കാലിക ലോകത്തിലും ജീവിക്കാനുള്ള വിദ്യ അഭ്യസിപ്പിക്കുന്നു. ലോകവിദ്യാഭ്യാസം താല്കാലികമായ ലോകം വാഗ്ദത്തം ചെയ്യുന്നു. എന്നാൽ ദൈവരാജ്യത്തിന്റെ വിദ്യാഭ്യാസം നിത്യമായ ദൈവരാജ്യം വാഗ്ദത്തം ചെയ്യുന്നു.

ലോക വിദ്യാഭ്യാസം ലോകത്തിൽ മാത്രം ജീവിക്കാനുള്ള വിദ്യ അഭ്യസിപ്പിക്കുന്നു. സ്വർഗ്ഗരാജ്യത്തിന്റെ വിദ്യാഭ്യാസം നിത്യസ്വർഗ്ഗത്തിലും താല്കാലിക ലോകത്തിലും ജീവിക്കാനുള്ള വിദ്യ അഭ്യസിപ്പിക്കുന്നു.

ലോകവിദ്യാഭ്യാസം മരണത്തിന് മുമ്പുള്ളത് വാഗ്ദത്തം ചെയ്യുന്നു. എന്നാൽ ദൈവരാജ്യത്തിന്റെ വിദ്യാഭ്യാസം മരണത്തിന് മുമ്പുള്ളതും, മരണത്തിന് ശേഷമുള്ളതും വാഗ്ദത്തം ചെയ്യുന്നു.

ലോകവിദ്യാഭ്യാസത്തിന് മനുഷ്യന്റെ ജീവനെ പിടിച്ചു നിർത്താൻ കഴിയാതെ, മനുഷ്യൻ മരണം വഴിയായി മാറ്റപ്പെടുന്നു. എന്നാൽ ദൈവരാജ്യത്തിന്റെ വിദ്യാഭ്യാസം എന്നേക്കും ജീവിക്കുന്ന ദൈവപുത്രന്മാരെ ഉണ്ടാക്കുന്നു.

ലോകവിദ്യാഭ്യാസം താല്കാലികമായതും, ദൈവരാജ്യവിദ്യാഭ്യാസം നിത്യമായതും വാഗ്ദത്തം ചെയ്യുന്നു.

> വീണ്ടും ജനിച്ചവർ പിശാചിന് ഇടം കൊടുക്കുന്നതിലൂടെയുള്ള അവരുടെ 'വീണ്ടും മരണം' ഒഴിവാക്കുവാനും, അവർ 'സമൃദ്ധമായ ജീവനിൽ' കടക്കുവാനും, അങ്ങനെ ദൈവപുത്രന്മാരായി വെളിപ്പെടുവാനുമാണ് ദൈവം സ്വർഗ്ഗീയവിദ്യാഭ്യാസം ഒരുക്കിയിരിക്കുന്നത്.




(ചിത്രം-36)

## ലോക വിദ്യാഭ്യാസത്തിന്റെയും സ്വർഗ്ഗരാജ്യവിദ്യാഭ്യാസത്തിന്റെയും നിഴൽ പഴയനിയമത്തിൽ

ഏകദേശം 400 വർഷത്തോളം യിസ്രായേൽ മക്കൾ ഫറവോയുടെ കീഴിൽ ഈജിപ്റ്റിൽ അടിമകളായിരുന്നു. ഊഴിയവേലയായിരുന്നു ഈജിപ്റ്റുകാർ യിസ്രായേൽ മക്കളെക്കൊണ്ട് ചെയ്യിച്ചിരുന്നതെന്ന്

ബൈബിൾ പറയുന്നു. ഈ വേലകൾ കൊണ്ട് ഫറവോന് പട്ടണം പണിയുകയായിരുന്നു യിസ്രായേൽ ജനം ചെയ്തത്.

**"അങ്ങനെ കഠിനവേലകളാൽ അവരെ പീഡിപ്പിക്കേണ്ടതിന് അവരുടെ മേൽ ഊഴിയവിചാരകന്മാരെ ആക്കി; അവർ പീഥോം, റയംസേസ് എന്ന സംഭാരനഗരങ്ങളെ ഫറവോന്നു പണിതു." (പുറ. 1:11)**

സംഭരണശാലകളും, പിരമിഡുകളുമെല്ലാം നിറഞ്ഞു നിൽക്കുന്ന ഈജിപ്റ്റിന്റെ നഗരങ്ങൾ ഇന്നും ലോകജനത്തിന് അതിശയമാണ്. പിരമിഡ് ഉണ്ടാക്കിയിരിക്കുന്ന ഓരോ കല്ലും ഏകദേശം 2.5 ടൺ ഭാരമുള്ളതാണ്. അതെല്ലാം ഏകദേശം 100 - 140 മീറ്റർ ഉയരത്തിൽ കയറ്റി പിരമിഡുകൾ പണിതിരിക്കുന്നു. ആധുനികമായ യാതൊരു സാങ്കേതിക വിദ്യകളും ഇല്ലാത്ത ആ സമയത്തും ഈജിപ്റ്റ് സാങ്കേതികവിദ്യയിൽ സമ്പന്നമായിരുന്നു എന്ന് ഇതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ദൈവവചനം പറയുന്നു, മോശ ഈജിപ്റ്റിലെ സകല വിദ്യാഭ്യാസത്തിലും നിപുണനായിരുന്നു എന്ന്.

> ഈജിപ്റ്റിലെ വിദ്യാഭ്യാസം ഫറവോന് പട്ടണം പണിയാൻ വേണ്ടിയായിരുന്നു. മരുഭൂമിയിലെ ദൈവീക വിദ്യാഭ്യാസം കനാൻ ദേശം അവകാശമാക്കാൻ വേണ്ടിയായിരുന്നു.

**"മോശ മിസ്രയീമ്യരുടെ സകല ജ്ഞാനവും അഭ്യസിച്ചു വാക്കിലും പ്രവൃത്തിയിലും സമർത്ഥനായിത്തീർന്നു." (അപ്പൊ.പ്രവൃ 7:22)**

ഇതെല്ലാം കാണിക്കുന്നത് യിസ്രായേൽ ജനം സംഭാരനഗരങ്ങളെ പണിതപ്പോൾ അവർക്കെല്ലാം തങ്ങൾ അഭ്യസിച്ച വിദ്യക്കനുസരിച്ച്, മണ്ണു ചുമക്കുന്നവൻ, മരം പണിയുന്നവൻ, പ്ലാൻ ചെയ്യുന്നവൻ, മേൽ നോട്ടം വഹിക്കുന്നവൻ എന്നീ പലതരം ജോലികൾ ഉണ്ടായിരിക്കാം എന്നാണ്. ഇന്ന് ആധുനിക യുഗത്തിൽ ഓരോ വ്യക്തിയുടെയും വിദ്യാഭ്യാസത്തിന് അനുസരിച്ച്, ചുമട്ടുതൊഴിലാളി, കൽപണിക്കാരൻ, മരപ്പണിക്കാരൻ, വാർക്കപ്പണിക്കാരൻ, പ്ലാൻ വരയ്ക്കുന്നവൻ, മേൽ നോട്ടം വഹിക്കുന്നവൻ, എഞ്ചിനീയർ, അക്കൗണ്ടന്റ് എന്ന് പറയുന്നതുപോലെ യിസ്രായേൽ മക്കൾ ഓരോരുത്തരും അഭ്യസിച്ച വിദ്യക്കനുസരിച്ചാണ് അവർ ഫറവോന് സംഭാരനഗരങ്ങളെ പണിതതും അടിമക്കൂലി പ്രാപിച്ചതും.

ഈജിപ്റ്റിലെ വിദ്യാഭ്യാസം ജനം ഉപയോഗിച്ചത് ഫറവോന് പട്ടണം പണിയാനായിരുന്നു. ദൈവം മോശ വഴി യിസ്രായേൽ മക്കളെ ഈജിപ്റ്റിന്റെ അടിമത്തത്തിൽ നിന്ന് വിടുവിച്ച് മരുഭൂമിയിൽ അവർക്ക് 40

വർഷം കൊടുത്ത സ്വർഗ്ഗീയ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ജനം ദൈവത്തിൽ ആശ്രയിക്കാൻ പഠിക്കുകയും, കനാൻ ദേശത്തെ ശത്രുക്കളെ തോൽപ്പിച്ച് ദേശം അവകാശമാക്കുകയും ചെയ്യുക എന്നതായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, ഈജിപ്റ്റിലെ വിദ്യാഭ്യാസം ഫറവോന് പട്ടണം പണിയാൻ വേണ്ടിയായിരുന്നു. മരുഭൂമിയിലെ ദൈവീകവിദ്യാഭ്യാസം കനാൻ ദേശം അവകാശമാക്കാൻ വേണ്ടിയായിരുന്നു.

> ലോക വിദ്യാഭ്യാസം മനുഷ്യരെ പിശാചിന്റെ കീഴിലുള്ള ലോകത്തിൽ പട്ടണം പണിയാൻ ഒരുക്കുമ്പോൾ, ദൈവത്തിന്റെ 'ഇടുക്കുവഴി വിദ്യാഭ്യാസം' മനുഷ്യരെ സ്വർഗ്ഗരാജ്യം അവകാശമാക്കുവാൻ ഒരുക്കുന്നു.

നിഴൽ വിദ്യാഭ്യാസത്തിൽ ഇങ്ങനെയാണെങ്കിൽ ഇന്നത്തെ പൊരുൾ വിദ്യാഭ്യാസത്തിൽ, പിശാചിന്റെ കീഴിൽ കിടക്കുന്ന ലോക സമ്പ്രദായത്തിലെ വിദ്യാഭ്യാസത്തിലൂടെ ജനമെല്ലാവരും തങ്ങളുടെ വിദ്യാഭ്യാസത്തിനനുസരിച്ച് ലോകത്തിൽ പട്ടണം പണിയുകയാണ്, എന്നാൽ യേശുക്രിസ്തു തന്ന രക്ഷ ഏറ്റെടുത്ത് ഈ ലോകത്തിൽ നിന്ന് രക്ഷപ്പെട്ടവർ (ഗലാത്യർ 1:3) 'യിസ്രായേൽ മക്കളുടെ മരുഭൂമിയിലെ സ്വർഗ്ഗീയവിദ്യാഭ്യാസത്തിന് പകരമായ യേശുക്രിസ്തുവിന്റെ ഇടുക്കുവഴി വിദ്യാഭ്യാസത്തിലൂടെ' ദൈവത്തിലുള്ള ആശ്രയം പഠിക്കുകയും, ജഡചിന്തകളെ ദൈവാത്മാവിനാൽ മരിപ്പിച്ച് ദൈവരാജ്യം അവകാശമാക്കുകയും ചെയ്യും. ചുരുക്കിപ്പറഞ്ഞാൽ ലോക വിദ്യാഭ്യാസം മനുഷ്യരെ പിശാചിന്റെ കീഴിലുള്ള ലോകത്തിൽ പട്ടണം പണിത്, പണിത് മരിക്കാൻ ഒരുക്കുമ്പോൾ, ദൈവത്തിന്റെ 'ഇടുക്കുവഴി വിദ്യാഭ്യാസം' മനുഷ്യരെ ദൈവസാദൃശ്യത്തിലേക്ക് കൊണ്ടുവരുവാനും, സ്വർഗ്ഗരാജ്യം അവകാശമാക്കി നിത്യമായി ജീവിക്കുവാനും ഒരുക്കുന്നു.

| **നിഴൽ** | | **പൊരുൾ** |
|---|---|---|
| ഫറവോന്റെ വിദ്യാഭ്യാസം<br>ഫലം : അടിമക്കൂലി ലഭിച്ചു | = | ഈ ലോകത്തിന്റെ വിദ്യാഭ്യാസം<br>ഫലം : അന്യമായത് ലഭിക്കുന്നു<br>ലൂക്കൊ.16:12 |
| മരുഭൂമിയിലെ 40 വർഷത്തെ സ്വർഗ്ഗീയ വിദ്യാഭ്യാസം | = | യേശുവിന്റെ ഇടുക്കുവഴി വിദ്യാഭ്യാസം |
| ഫലം : കനാൻ ദേശം അവകാശമായി ലഭിച്ചു. | | ഫലം : സ്വർഗ്ഗരാജ്യം അവകാശമാക്കുന്നു. (സ്വന്തമായത് ലഭിക്കുന്നു) (ലൂക്കൊ. 16:12) |

**"അന്യമായതിൽ വിശ്വസ്തരായില്ല എങ്കിൽ നിങ്ങൾക്കു സ്വന്തമായതു**

ആർ തരും?" (ലൂക്കൊ. 16:12)

## ലോക വിദ്യാഭ്യാസത്തിന്റെയും ജോലി ഭാരത്തിന്റെയും ഉദ്ദേശ്യം

> പഴയനിയമത്തിൽ യിസ്രായേൽ ജനം ഈജിപ്റ്റിൽ നിന്ന് വിട്ട് പോകരുത് എന്നാണ് ഫറവോന്റെ ആഗ്രഹമെങ്കിൽ, പുതിയ നിയമത്തിൽ ജനം ലോകത്തിൽ നിന്ന് ദൈവരാജ്യത്തിലേക്ക് പോകരുത് എന്നാണ് പിശാചിന്റെ ആഗ്രഹം.

ജനത്തെ വിദ്യാഭ്യാസത്തിന്റെയും, ജോലിയുടെയും സമ്മർദ്ദത്തിലേക്ക് കൊണ്ട് വന്ന് അവരെ തിരക്കിലാക്കിയാൽ ജനം ഒരിക്കലും കർത്താവിന്റെ 'ഇടുക്കുവഴി വിദ്യാഭ്യാസത്തെ' കുറിച്ച് ചിന്തിക്കുകയോ ലോകത്തിൽ നിന്ന് സ്വർഗ്ഗരാജ്യത്തിലേക്ക് വിട്ടുപോവുകയോ ചെയ്യുകയില്ല എന്ന് 'ഈ ലോക സമ്പ്രദായം' നിയന്ത്രിക്കുന്ന പിശാചിനറിയാം. പിശാചിന്റെ നിഴലായ ഫറവോ പഴയ നിയമത്തിൽ പറയുന്നത് ശ്രദ്ധിക്കൂ,

**"അവൻ തന്റെ ജനത്തോടു: യിസ്രായേൽ ജനം നമ്മെക്കാൾ ബാഹുല്യവും ശക്തിയുമുള്ളവരാകുന്നു. അവർ പെരുകീട്ടു ഒരു യുദ്ധം ഉണ്ടാകുന്ന പക്ഷം നമ്മുടെ ശത്രുക്കളോട് ചേർന്ന് നമ്മോടു പൊരുതു ഈ രാജ്യം വിട്ടു പൊയ്ക്കളവാൻ സംഗതി വരാതിരിക്കേണ്ടതിനു നാം അവരോടു ബുദ്ധിയായി പെരുമാറുക." (പുറ. 1:9-10)**

ഇവിടെ യിസ്രായേൽ ജനം ഈജിപ്റ്റിൽ നിന്ന് വിട്ട് പോകരുത് എന്നാണ് ഫറവോന്റെ ആഗ്രഹമെങ്കിൽ, പുതിയ നിയമത്തിൽ ജനം ലോകത്തിൽ നിന്ന് ദൈവരാജ്യത്തിലേക്ക് പോകരുത് എന്നാണ് പിശാചിന്റെ ആഗ്രഹം. അതിനുള്ള എല്ലാ തന്ത്രങ്ങളും പിശാച് ലോകത്തിൽ ഒരുക്കിയിരിക്കുന്നു. അനേകരും ആ തന്ത്രത്തിൽ കുടുങ്ങിക്കിടക്കുന്നു. ദൈവവചനം നമുക്ക് ബുദ്ധി ഉപദേശിക്കുന്നു, ലോകത്തെ സ്നേഹിക്കരുത്, ലോകാനുരൂപമാകരുത്.

**"ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതു എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു." (1 യോഹ. 2:15-16)**

**"ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണ തയുമുളള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സ് പുതുക്കി രൂപാന്തരപ്പെടുവിൻ." (റോമ. 12:2)**


## ലോകത്തിലെ രണ്ട് പ്രധാന വാതിലുകൾ

ഒരു മനുഷ്യനെ സംബന്ധിച്ച് ഈ ലോകത്തിലേക്ക് കയറാനും, ഈ ലോകത്തിൽ നിന്ന് പോകാനും ഓരോ വാതിൽ ഉണ്ട്.

1. ജന്മദിന വാതിൽ (Birthday Gate)
2. മരണദിന വാതിൽ (Deathday Gate)


ജന്മദിന വാതിലിലൂടെയാണ് ഒരു മനുഷ്യൻ പിശാചിന്റെ കീഴിലുള്ള ഈ ലോകത്തിലേക്ക് വരുന്നത്. ഇപ്പോൾ ഈ പുസ്തകം എഴുതുന്ന ഞാനും, ഇത് വായിക്കുന്ന വായനക്കാരും ഈ ജന്മദിനവാതിലിലൂടെ ഈ ലോകത്തിൽ കടന്ന് വന്നിരിക്കുകയാണ്.

'ജന്മദിന വാതിലിലൂടെ' ഒരു മനുഷ്യൻ പിശാചിന്റെ ഭരണത്തിൻ കീഴിലുള്ള ഈ ലോകത്തിലേക്ക് കടന്നു വരികയും, 'മരണദിന വാതിലിലൂടെ' ഈ ലോകത്തിൽ നിന്നും തിരികെ പോവുകയും ചെയ്യുന്നു.




(ചിത്രം-37)

മാവേലി സ്റ്റോറിലെ നിര (Queue) പോലെ നമ്മുടെ ജനനദിവസ ത്തിന് മുമ്പ്  നാം ഈ ലോകത്തിലേക്ക് ജനിക്കുവാനുള്ള നിരയിലാ യിരുന്നു. ഞാൻ  ജനിച്ച വർഷം 1970 ആണ്. അപ്പോൾ അതിന് മുമ്പ് ഞാൻ ജനനത്തിന്റെ നിരയിൽ ആയിരുന്നു. ഇതുപോലെ ഇപ്പോൾ ഈ ബുക്ക് വായിക്കുന്ന നിങ്ങളും നിങ്ങളുടെ ജനനദിവസത്തിന് മുമ്പ് ഈ ലോകത്തിലേക്ക് ജനിക്കുവാനുള്ള ജനനത്തിന്റെ നിരയിലായിരു ന്നു. നാളെയും അടുത്ത ദിവസവും ജനിക്കുവാനുള്ളവരെല്ലാം ഇപ്പോൾ നിരയിലാണ്. എന്നാൽ ജനിച്ച ഉടനെ തന്നെ നാം മറ്റൊരു നിരയിൽ നില്ക്കുവാൻ ആരംഭിച്ചു, ആ നിരയുടെ പേരാണ് മരണത്തിന്റെ നിര. തുടർന്ന് കാറ്റിൽ ഒരു മേഘം പോകുന്നതുപോലെ നാം അതിവേഗം മരണദിന വാതിലിലൂടെ പിശാച് ഭരിക്കുന്ന ഈ ലോകം വിട്ട് പോകും. ഇതിലൂടെ നമുക്ക് മനസ്സിലാക്കാം, ഈ ലോക ത്തിന് മനുഷ്യന്റെ മേൽ സ്വാധീനം ഉള്ളത് ഈ രണ്ട് വാതിലുകൾക്കി ടയിൽ മാത്രമാണ്.




(ചിത്രം-38)

ഒരു പാളയിൽ ഒരു കുട്ടിയെ വച്ച് നദിയുടെ ഇക്കരെ നിന്ന് അക്ക രെയ്ക്ക് ഒഴുക്കിവിടുന്നതുപോലെയാണ് ദൈവം നമ്മെ ജന്മദിനതീര ത്തിൽ നിന്ന് മരണദിനതീരത്തിലേക്ക് ലോകമാകുന്ന നദിയിലൂടെ ഒഴുക്കിവിടുന്നത്. പാളയാണ് നമ്മുടെ ശരീരം, എന്നാൽ കുട്ടിയാണ്

മനുഷ്യൻ (ദേഹി). പാള നദിയിലൂടെയാണ് പോകുന്നതെങ്കിലും, പാള യുടെ ഉള്ളിൽ വെള്ളം കയറാതിരുന്നാൽ കുട്ടി സുരക്ഷിതമായി മറു കരയിൽ എത്തും. എന്നാൽ പാളയുടെ ഉള്ളിൽ വെള്ളം കയറിയാൽ കുട്ടി നദിയിൽ താഴ്ന്ന് പോകും. നാം ലോകത്തിലൂടെയാണ് യാത്ര ചെയ്യുന്നതെങ്കിലും ലോക സ്നേഹം നമ്മുടെ ഉള്ളിൽ കയറാതിരു ന്നാൽ നാം സുരക്ഷിതരായി അക്കരെയെത്തും. ലോകസ്നേഹം കയ റിയാൽ, കുട്ടി പാളയുമായി വെള്ളത്തിൽ മുങ്ങുന്നതുപോലെ നാം പിശാചൊരുക്കിയ ലോക സമ്പ്രദായത്തിൽ കുടുങ്ങി നിത്യ നാശത്തി ലേക്ക് പോകും.

## ലോകത്തിൽ ജീവിക്കാൻ ദൈവം നമുക്ക് 'സമയം' അഥവാ അവസരം തന്നത് എന്തിന്?

ദൈവേഷ്ടം ചെയ്ത് വാഗ്ദത്തമായ സ്വർഗ്ഗരാജ്യം അവകാശമാ ക്കാനാണ്, മറ്റൊരുരീതിയിൽ പറ ഞ്ഞാൽ 'ജീവൻ' നേടാനാണ് ദൈവം നമുക്ക് ലോകത്തിൽ സമയം അനു വദിച്ചിരിക്കുന്നത്. അങ്ങനെ നാം ദൈവത്തെ അനുസരിക്കുന്നവരെന്ന് ദൈവമുമ്പാകെ തെളിയിക്കുവാൻ നമുക്ക് കഴിയും.

> ദൈവേഷ്ടം ചെയ്ത് വാഗ്ദത്തമായ സ്വർഗ്ഗരാജ്യം അവകാശമാക്കാനാണ്, മറ്റൊരുരീതിയിൽ പറഞ്ഞാൽ, 'ജീവൻ' നേടാനാണ് ദൈവം നമുക്ക് ലോകത്തിൽ സമയം അനുവദിച്ചിരിക്കുന്നത്.

**"ദൈവേഷ്ടം ചെയ്ത് വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണുത നിങ്ങൾക്ക് ആവശ്യം." (എബ്രാ. 10:36)**

**"ഇതു ദുഷ്കാലമാകയാൽ <u>സമയം തക്കത്തിൽ</u> ഉപയോഗിച്ചു കൊൾവിൻ." (എഫെ. 5:16)**

**"<u>സമയം തക്കത്തിൽ</u> ഉപയോഗിച്ചു കൊണ്ട് പുറത്തുള്ളവരോടു ജ്ഞാ നത്തോടെ പെരുമാറുവിൻ." (കൊലൊ. 4:5)**

> ദൈവരാജ്യത്തിന്റെ ദർശനം മനുഷ്യന് ലോകത്തിൽ സന്തു ലിതമായതും ശരിയായതുമായ ജീവിതം ഒരുക്കുന്നു, എന്നാൽ ലോകത്തിന്റെ ദർശനം ദൈവരാ ജ്യത്തെ മനുഷ്യനിൽ നിന്ന് മറ ച്ചുകളയുന്നു.

നാം ഈ ലോക ജീവിതത്തിന് ശേഷം 'മരണദിനവാതിലിലൂടെ' കടന്ന് സ്വർഗ്ഗരാജ്യത്തിൽ പ്രവേശി ക്കുന്നതിന് മുമ്പ് മറ്റൊരു വാതിലുണ്ട്, അതാണ് മത്തായി 7:13-ൽ പറഞ്ഞിരിക്കുന്ന ഇടുക്കുവാതിൽ.

**"ഇടുക്കുവാതിലൂടെ അകത്തു കടപ്പിൻ; നാശത്തിലേക്ക് പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽ കൂടി കടക്കുന്നവർ അനേകരും ആകുന്നു." (മത്താ. 7:13)**

ഇവിടെ പറഞ്ഞിരിക്കുന്ന ഇടുക്കുവാതിലാണ് ക്രിസ്തുവിന്റെ ന്യായാസനം, അതിലൂടെ കടന്നുവേണം സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ. അവിടെ കർത്താവ് മനുഷ്യരിൽ നോക്കുന്നത്, അവർ ഈ ലോകജീവിതയാത്രയിൽ കർത്താവേ കർത്താവേ എന്ന് വിളിച്ചോ എന്നല്ല, പകരം ദൈവേഷ്ടം ചെയ്തോ, അഥവാ 'ദൈവപുത്രന്മാരായി' വെളിപ്പെട്ടുവോ എന്നാണ്.

**"എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്." (മത്താ. 7:21)**

> ദൈവം ഇപ്പോൾ ലോകത്തിൽ സമയം അനുവദിച്ചിരിക്കുന്നത് നാം സ്വർഗ്ഗരാജ്യത്തിന്റെ വിദ്യാഭ്യാസത്തിലൂടെ ദൈവപുത്രന്മാരായി വെളിപ്പെട്ട് സ്വർഗ്ഗരാജ്യം അവകാശമാക്കുവാൻ വേണ്ടിയാണ്.

ചുരുക്കി പറഞ്ഞാൽ ദൈവം ഇപ്പോൾ ലോകത്തിൽ സമയം അനുവദിച്ചിരിക്കുന്നത് നാം സ്വർഗ്ഗരാജ്യത്തിന്റെ വിദ്യാഭ്യാസത്തിലൂടെ ദൈവപുത്രന്മാരായി വെളിപ്പെട്ട് സ്വർഗ്ഗരാജ്യം അവകാശമാക്കുവാൻ വേണ്ടിയാണ്. ഇതായിരിക്കണം നമ്മുടെ ജീവിതത്തിലെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യത്തിൽ അല്ലെങ്കിൽ ഈ ദർശനത്തിൽ നിന്നുകൊണ്ടുവേണം ഈ ലോകത്തിന്റെ വിദ്യാഭ്യാസം സ്വീകരിക്കാൻ. അതായത് പാളയിൽ വെള്ളം കയറാതെ പാള ലോകമാകുന്ന നദിയിലൂടെ ഒഴുകിപ്പോകുന്നതുപോലെ. അങ്ങനെ നാം ചെയ്താൽ, മുമ്പെ നാം ദൈവരാജ്യം അന്വേഷിക്കുന്നവരും, അതേത്തുടർന്ന് ദൈവരാജ്യ വ്യവസ്ഥയ്ക്ക് ഒത്തവണ്ണം ലോകത്തിൽ പ്രവർത്തിക്കുന്നവരും ആയിരിക്കും. അല്ലെങ്കിൽ ലോകസമ്പ്രദായം നമ്മുടെ അകത്ത് കയറുകയും, അത് നമ്മുടെ മനസ്സിന്റെ കണ്ണുകളെ മൂടി നമ്മെ കുരുടന്മാരാക്കുകയും സ്വർഗ്ഗരാജ്യത്തിന്റെ ദർശനം നമ്മിൽ നിന്നും മറയ്ക്കുകയും ചെയ്യും, അതോടെ വെള്ളം കയറിയ പാള വെള്ളത്തിൽ താണുപോകുന്നതുപോലെ നാം ലോകസമ്പ്രദായത്തിൽ മുങ്ങുകയും, നിത്യനാശത്തിലേക്ക് പോവുകയും ചെയ്യും.

ലോകസമ്പ്രദായത്തിലൂടെ നമുക്ക് ലഭിക്കുന്ന ഡിഗ്രിയും, പണവും, കാറും, വീടും, പേരും, മറ്റുള്ളവയെല്ലാം മരണദിനവാതിലിന് അപ്പുറം

> ക്രിസ്തു ടീച്ചറായിരിക്കുന്ന സ്വർഗ്ഗീയവിദ്യാഭ്യാസത്തിന്റെ പേരാണ് "ഇടുക്കുവഴി വിദ്യാഭ്യാസ സമ്പ്രദായം."

കൊണ്ടുപോകുവാൻ കഴിയുകയില്ല. അതുകൊണ്ട് ദൈവരാജ്യത്തിന്റെ വചനം മനുഷ്യരോട് അനുശാസിക്കുന്നത് ഈ ലോക ജീവിതത്തിൽ മനുഷ്യരുടെ ആഗ്രഹങ്ങളെ അല്ല, പകരം ആവശ്യങ്ങളെ നിറവേറ്റുവാൻ വേണ്ടി മാത്രം സമയം ഉപയോഗിച്ചുകൊണ്ട്, ബാക്കിയുള്ള സമയം ദൈവേഷ്ടം ചെയ്ത്, വരും കാലത്തേയ്ക്ക് നല്ലൊരു അടിസ്ഥാനമിടുക എന്നതാണ്.

**"<u>ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക.</u> ധനികന്മാരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കെണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൌഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു." (1 തിമൊ. 6:8-9)**

**"കുഴി കുഴിക്കുന്നവർ അതിൽ വീഴും; മതിൽ പൊളിക്കുന്നവനെ പാമ്പു കടിക്കും." (സഭാ. 10:8)**




(ചിത്രം-39)

ഈ ലോക ജീവിതത്തിൽ മനുഷ്യരുടെ ആഗ്രഹങ്ങളെയല്ല, പകരം ആവശ്യങ്ങളെ നിറവേറ്റുവാൻ വേണ്ടി മാത്രം സമയം ഉപയോഗിച്ചു കൊണ്ട്, ബാക്കിയുള്ള സമയം ദൈവേഷ്ടം ചെയ്ത് വരും കാല ത്തേയ്ക്ക് നല്ലൊരു അടിസ്ഥാനമിടുക.

എന്നാൽ ഈ ലോക ജീവിതവേളയിൽ ഒരു വ്യക്തി ദൈവരാജ്യ ത്തിൽ വീണ്ടും ജനിച്ചാൽ, വീണ്ടും ജനിച്ച നാൾ മുതൽ മരണദിവസ വാതിലിലൂടെ ഈ വ്യക്തി ഈ ലോകത്തിൽ നിന്ന് പോകുന്നതുവരെ 'ദൈവരാജ്യത്തിന്റെ വിദ്യാഭ്യാസം' ക്രിസ്തു ഒരുക്കിയിരിക്കുന്നുവെന്ന കാര്യം ഈ ലോകസമ്പ്രദായം മറച്ചുകളഞ്ഞിരിക്കുന്നു. അനേക സഭ കളിൽ പോലും ഇതിനെക്കുറിച്ച് മിണ്ടുന്നില്ല. സഭകളിൽ ഈ ലോകസമ്പ്ര ദായം കയറിക്കിടക്കുന്നു എന്നതിന്റെ തെളിവാണിത്. ക്രിസ്തു ടീച്ച റായിരിക്കുന്ന ഈ സ്വർഗ്ഗീയവിദ്യാഭ്യാസത്തിന്റെ പേരാണ് "ഇടുക്കു വഴി വിദ്യാഭ്യാസ സമ്പ്രദായം."

## "ഇടുക്കുവഴി വിദ്യാഭ്യാസ സമ്പ്രദായം"

ദൈവരാജ്യത്തിന്റെ ഈ ഇടുക്കുവഴി വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഉദ്ദേശ്യമെന്ന് പറയുന്നത് വീണ്ടും ജനിച്ച ഒരു വ്യക്തിയെ മാനുഷിക ഇഷ്ടം വിട്ട് ദൈവേഷ്ടം ചെയ്യാനൊരുക്കുകയും സ്വർഗ്ഗരാജ്യം അവകാശമാക്കാൻ സഹായിക്കുകയുമാണ്.

ലോകത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായം മനുഷ്യനെ സെമിത്തേ രിവരെ കൊണ്ടുചെന്നെത്തിക്കുമ്പോൾ, സ്വർഗ്ഗത്തിന്റെ ഇടുക്കുവഴി വിദ്യാഭ്യാസം മനുഷ്യനെ സ്വർഗ്ഗരാജ്യത്തിൽ കൊണ്ടുചെന്നെത്തി ക്കുന്നു.

***ഇന്നത്തെ ലോക വിദ്യാഭ്യാസത്തിന് പകരം സ്വർഗ്ഗ രാജ്യ വിദ്യാഭ്യാസം ലോകത്തിൽ നിലനിന്നാൽ മനു ഷ്യർ സ്വർഗ്ഗരാജ്യത്തിലും ലോകത്തിലും ദൈവം ആഗ്ര ഹിക്കുന്ന സന്തുലിതാവസ്ഥയിലെത്തുകയും ദൈവ രാജ്യം അവകാശമാക്കുകയും ചെയ്തേനേ !***

**"ഇടുക്കുവാതിലൂടെ അകത്തു കടപ്പിൻ; നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽ കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി**

ഞെരുക്കവുമുള്ളതു; അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ."
(മത്താ. 7:13-14)

**"ഞാൻ സൌമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും." (മത്താ. 11:29) KJV Translation**

യേശു അനുവദിക്കുന്ന നുകം ഏറ്റ് യേശുവിനോട് പഠിക്കുന്നതാണ് ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ പഠനരീതി.

## പ്രാർത്ഥന



*ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, ലോക വിദ്യാഭ്യാസത്തെയും സ്വർഗ്ഗീയവിദ്യാഭ്യാസ ത്തെയും തരം തിരിച്ച് പഠിപ്പിച്ചതിനായി നന്ദി. ദൈവവചനം പറയുന്ന പ്രാധാന്യം മാത്രം ലോക വിദ്യാഭ്യാസത്തിനും, ജോലിക്കും കൊടുത്ത്, സ്വർഗ്ഗീയ വിദ്യാഭ്യാസത്തിലൂടെ ജയം പ്രാപിച്ച് സ്വർഗ്ഗരാജ്യം അവകാശമാക്കുവാൻ ഞങ്ങളെ സഹായിക്ക ണമേ....യേശുവിൻ നാമത്തിൽ തന്നെ. ആമേൻ.*

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. *വീണ്ടും ജനിച്ചവർ പിശാചിന് ഇടം കൊടുക്കുന്നതി ലൂടെയുള്ള അവരുടെ 'വീണ്ടും മരണം' ഒഴിവാക്കുവാനും, അവർ 'സമൃദ്ധമായ ജീവനിൽ' കടക്കുന്നതും, അങ്ങനെ ദൈവപുത്രന്മാരായി വെളിപ്പെടുവാനുമാണ് ദൈവം സ്വർഗ്ഗീയവിദ്യാഭ്യാസം ഒരുക്കിയിരിക്കുന്നത്.*
2. *ലോക വിദ്യാഭ്യാസം ലോകത്തിൽ മാത്രം ജീവിക്കാനുള്ള വിദ്യ അഭ്യസിപ്പിക്കുന്നു. ദൈവരാജ്യത്തിന്റെ വിദ്യാഭ്യാസം നിത്യസ്വർഗ്ഗത്തിലും താല്കാലിക ലോകത്തിലും ജീവിക്കാ നുള്ള വിദ്യ അഭ്യസിപ്പിക്കുന്നു.*
3. *ഈജിപ്റ്റിലെ വിദ്യാഭ്യാസം ഫറവോന് പട്ടണം പണിയാൻ വേണ്ടിയായിരുന്നു. മരുഭൂമിയിലെ ദൈവീകവിദ്യാഭ്യാസം കനാൻ ദേശം അവകാശമാക്കാൻ വേണ്ടിയായിരുന്നു.*
4. *ലോക വിദ്യാഭ്യാസം മനുഷ്യരെ പിശാചിന്റെ കീഴിലുള്ള ലോകത്തിൽ പട്ടണം പണിയാൻ ഒരുക്കുമ്പോൾ, ദൈവ ത്തിന്റെ 'ഇടുക്കുവഴി വിദ്യാഭ്യാസം' മനുഷ്യരെ സ്വർഗ്ഗരാജ്യം അവകാശമാക്കുവാൻ ഒരുക്കുന്നു.*

5. പഴയനിയമത്തിൽ യിസ്രായേൽ ജനം ഈജിപ്റ്റിൽ നിന്ന് വിട്ട് പോകരുത് എന്നാണ് ഫറവോന്റെ ആഗ്രഹമെങ്കിൽ, പുതിയ നിയമത്തിൽ ജനം ലോകത്തിൽ നിന്ന് ദൈവരാജ്യത്തിലേക്ക് പോകരുത് എന്നാണ് പിശാചിന്റെ ആഗ്രഹം.

6. 'ജന്മദിന വാതിലിലൂടെ' ഒരു മനുഷ്യൻ പിശാചിന്റെ ഭരണത്തിൻ കീഴിലുള്ള ഈ ലോകത്തിലേക്ക് കടന്നു വരികയും, 'മരണദിന വാതിലിലൂടെ' ഈ ലോകത്തിൽ നിന്നും തിരികെ പോവുകയും ചെയ്യുന്നു.

7. ദൈവേഷ്ടം ചെയ്ത് വാഗ്ദത്തമായ സ്വർഗ്ഗരാജ്യം അവകാശമാക്കാനാണ്, മറ്റൊരുരീതിയിൽ പറഞ്ഞാൽ 'ജീവൻ' നേടാനാണ് ദൈവം നമുക്ക് ലോകത്തിൽ സമയം അനുവദിച്ചിരിക്കുന്നത്.

8. ദൈവരാജ്യത്തിന്റെ ദർശനം മനുഷ്യന് ലോകത്തിൽ സന്തുലിതമായതും ശരിയായതുമായ ജീവിതം ഒരുക്കുന്നു, എന്നാൽ ലോകത്തിന്റെ ദർശനം ദൈവരാജ്യത്തെ മനുഷ്യനിൽ നിന്ന് മറച്ചുകളയുന്നു.

9. ദൈവം ഇപ്പോൾ ലോകത്തിൽ സമയം അനുവദിച്ചിരിക്കുന്നത് നാം സ്വർഗ്ഗരാജ്യത്തിന്റെ വിദ്യാഭ്യാസത്തിലൂടെ ദൈവപുത്രന്മാരായി വെളിപ്പെട്ട് സ്വർഗ്ഗരാജ്യം അവകാശമാക്കുവാൻ വേണ്ടിയാണ്.

10. ഈ ലോക ജീവിതത്തിൽ മനുഷ്യരുടെ ആഗ്രഹങ്ങളെയല്ല, പകരം ആവശ്യങ്ങളെ നിറവേറ്റുവാൻ വേണ്ടി മാത്രം സമയം ഉപയോഗിച്ചുകൊണ്ട്, ബാക്കിയുള്ള സമയം ദൈവേഷ്ടം ചെയ്ത് വരും കാലത്തേയ്ക്ക് നല്ലൊരു അടിസ്ഥാനമിടുക.

11. ക്രിസ്തു ടീച്ചറായിരിക്കുന്ന സ്വർഗ്ഗീയവിദ്യാഭ്യാസത്തിന്റെ പേരാണ് "ഇടുക്കുവഴി വിദ്യാഭ്യാസ സമ്പ്രദായം."

12. ദൈവരാജ്യത്തിന്റെ ഈ ഇടുക്കുവഴി സമ്പ്രദായത്തിന്റെ ഉദ്ദേശ്യമെന്ന് പറയുന്നത് വീണ്ടും ജനിച്ച ഒരു വ്യക്തിയെ മാനുഷിക ഇഷ്ടം വിട്ട് ദൈവേഷ്ടം ചെയ്യാനൊരുക്കുകയും സ്വർഗ്ഗരാജ്യം അവകാശമാക്കാൻ സഹായിക്കുകയുമാണ്.

13. യേശു അനുവദിക്കുന്ന നുകം ഏറ്റ് യേശുവിനോട് പഠിക്കുന്നതാണ് ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ പഠനരീതി.

14. ലോകത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായം മനുഷ്യനെ സെമിത്തേരിവരെ കൊണ്ടുചെന്നെത്തിക്കുമ്പോൾ, സ്വർഗ്ഗത്തിന്റെ ഇടുക്കുവഴി വിദ്യാഭ്യാസം മനുഷ്യനെ സ്വർഗ്ഗരാജ്യത്തിൽ കൊണ്ടുചെന്നെത്തിക്കുന്നു.

# അദ്ധ്യായം 15
# സ്വർഗ്ഗരാജ്യത്തിന്റെ 'ഇടുക്കുവഴി വിദ്യാഭ്യാസം'

"ഇടുക്കു വാതിലൂടെ കടപ്പാൻ പോരാടുവിൻ. പലരും കടപ്പാൻ നോക്കും കഴികയില്ല താനും എന്നു ഞാൻ നിങ്ങളോടു പറയുന്നു." (ലൂക്കൊ. 13:24)

***ദൈവത്തിന്റെ*** 'ക്രിസ്തുവിലൂടെയുള്ള ജീവന്റെ പദ്ധതിക്ക്' കീഴിലാണ്, 'സ്വർഗ്ഗരാജ്യത്തിന്റെ ഇടുക്കുവഴി വിദ്യാഭ്യാസം' നിലകൊള്ളുന്നത്.

> ദൈവരാജ്യത്തിന്റെ 'ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ' ലക്ഷ്യം മനുഷ്യർ ദൈവപുത്രന്മാരായി വെളിപ്പെടുകയും, ദൈവരാജ്യം അവകാശമാക്കുകയും ചെയ്യുകയെന്നതാണ്.

ഒരിക്കൽ ഹൈദരാബാദിനടുത്ത ഒരു ഗ്രാമത്തിൽ 3 ദിവസത്തെ സുവിശേഷകർക്ക് വേണ്ടിയുള്ള യോഗത്തിൽ ദൈവരാജ്യത്തിന്റെ മർമ്മങ്ങൾ വെളിപ്പെടുത്തുവാൻ ദൈവം ഒരു അവസരം തന്നു. ഗ്രാമത്തോടടുത്തപ്പോൾ ഞങ്ങൾ സഞ്ചരിച്ചിരുന്ന ജീപ്പ് വിശാലമായ നാഷണൽ ഹൈവേ വിട്ട് വളരെ ഇടുങ്ങിയ വഴിയിലൂടെ കയറി, വണ്ടിയുടെ വേഗത വളരെ കുറഞ്ഞു, ഉടനെ വണ്ടി നിന്നു, കാരണം ഏതിരെ വരുന്ന വാഹനത്തിന് പോകാൻ വഴിയില്ല. കുറച്ചുനേരം അവിടെ കിടന്നു, തുടർന്ന് വണ്ടി റിവേഴ്സ് എടുത്തു മറ്റൊരു രീതിയിൽ വീണ്ടും ഇടുക്കുവഴിയിൽ പ്രവേശിച്ചു. അപ്പോൾ അടുത്ത പ്രശ്നം ഒരു കാളവണ്ടി എതിരെ വരുന്നു, വണ്ടി വീണ്ടും നിർത്തി. തുടർന്ന് ഞെങ്ങിയും നിരങ്ങിയും ഒരു യാത്ര, ഞാൻ മുൻപ് സഞ്ചരിച്ചിരുന്ന നാഷണൽ ഹൈവേയുമായി തുലനം ചെയ്ത് നോക്കിയപ്പോൾ എനിക്ക് ആ യാത്ര വളരെ അസ്വസ്ഥമായിത്തോന്നി, പക്ഷെ ലക്ഷ്യത്തിലെത്തുവാൻ അതല്ലാതെ വേറെ മാർഗ്ഗമില്ല. സഹിച്ചു, അങ്ങനെ സഹനത്തിലൂടെ ദൈവരാജ്യത്തിന്റെ മർമ്മങ്ങൾ പ്രസ്താവിക്കേണ്ട സ്ഥലത്ത് എത്തിച്ചേർന്നു.

പ്രിയരെ, ഇതുപോലെ ലോകത്തിന്റെ വിശാലമായ വഴികളിലൂടെ നടന്നവരായിരുന്ന നമ്മെ കർത്താവായ യേശു ലോകമാകുന്ന തടവറയിൽ നിന്ന്, മരണത്തിന്റെ അധികാരിയായ പിശാചിൽ നിന്ന് രക്ഷ

ഷെടുത്തി. ലോകം തന്ന ദർശനമനുസരിച്ച് ലോകത്തിൽ വലുതാകുവാൻ, പ്രശസ്തരാകുവാൻ, മറ്റൊരു രീതിയിൽ പറഞ്ഞാൽ ലോകം നേടുവാൻ ഓടി നടന്നവരായിരുന്നു നമ്മൾ. ഇത് നമ്മുടെ ഹൃദയത്തിലുള്ള വിശാലമായ വഴിയായിരുന്നു. നമ്മുടെ കൂട്ടത്തിൽ ജനിച്ചവരും, പഠിച്ചവരും, പഠിഷിച്ചവരും, വീട്ടിലുള്ളവരും, നാട്ടിലുള്ളവരുമെല്ലാം ഒരേ ലക്ഷ്യത്തിൽ ലോകം നേടാൻ നമ്മോടൊഷമുണ്ട്. ആരാണ് ഏറ്റവും കൂടുതൽ നേടുന്നത്, ആ വ്യക്തിയാണ് ലോകത്തിന്റെ മുമ്പിൽ മിടുക്കൻ. നമ്മുടെ ഹൃദയത്തിലുള്ള ഈ വിശാലമായ, എല്ലാവരും ചരിക്കുന്ന വഴിവിട്ട് ദൈവവചനം പറയുന്നതു പോലെ ലോകത്തെയോ ലോകത്തിലുള്ളതിനെയോ സ്നേഹിക്കാതെ പോകുവാൻ നമ്മോട് ആവശ്യഷെടുമ്പോൾ, അത് നമ്മുടെ ഹൃദയങ്ങളിൽ വളരെ അസ്വസ്ഥതയുണ്ടാക്കും, ഞങ്ങൾ നാഷണൽ ഹൈവേ വിട്ട് ഇടുക്കുവഴിയിൽ കയറിയതു പോലെ. ഇങ്ങനെ ലോകം നേടുക എന്ന നമ്മുടെ ഏക ദർശനത്തിൽ നിന്ന് നമ്മുടെ ഹൃദയത്തെ തിരിക്കുമ്പോൾ നമ്മുടെ അകത്ത് ഹൃദയത്തിൽ അനുഭവിക്കുന്ന അസ്വസ്ഥതകളാണ് ഇടുക്കുവഴി വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ആദ്യ ഭാഗം. പ്ലസ്ടൂ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2 വർഷം പഠിക്കേണ്ടതുപോലെ ഇടുക്കുവഴി വിദ്യാഭ്യാസത്തിനും രണ്ട് ഭാഗങ്ങൾ ഉണ്ട്.

ലോകം നേടുക എന്ന നമ്മുടെ ഏക ദർശനത്തിൽ നിന്ന് നമ്മുടെ ഹൃദയത്തെ തിരിക്കുമ്പോൾ നമ്മുടെ അകത്ത് ഹൃദയത്തിൽ അനുഭവിക്കുന്ന അസ്വസ്ഥതകളാണ് ഇടുക്കുവഴി വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ആദ്യ ഭാഗം.

നമ്മുടെ കൂട്ടത്തിൽ ജനിച്ചവരും, പഠിച്ചവരും, പഠിഷിച്ചവരും, വീട്ടിലുള്ളവരും, നാട്ടിലുള്ളവരുമെല്ലാം ഒരേ ലക്ഷ്യത്തിൽ ലോകം നേടാൻ നമ്മോടൊഷമുണ്ട്. ആരാണ് ഏറ്റവും കൂടുതൽ നേടുന്നത്, ആ വ്യക്തിയാണ് ലോകത്തിന്റെ മുമ്പിൽ മിടുക്കൻ.

**"ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിഷാൻ 'സഹിഷ്ണുത' നിങ്ങൾക്കു ആവശ്യം." (എബ്രാ. 10:36)**

**"എന്നോടു കർത്താവേ കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു." (മത്താ. 7:21)**

ഒരു പക്ഷേ ഒരു ചോദ്യം ഇപ്പോൾ പ്രിയവായനക്കാരുടെ മനസ്സിൽ ഉദിക്കാം. അപ്പോൾ ഞങ്ങൾ ലോകത്തിൽ പണിയെടുക്കണ്ടേ, ബിസിനസ്സ് ചെയ്യണ്ടേ, പണം സമ്പാദിക്കേണ്ടേ?

**നാം ദൈവപുത്രന്മാരായി വെളിപ്പെടുന്നതാണ് ദൈവത്തിന്റെ ഇഷ്ടം. ഇതാണ് യേശുവിനെ തന്നതിന്റെ ഉദ്ദേശ്യം (യോഹ. 1:12). ഇങ്ങനെ ദൈവേഷ്ടം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കും. (മത്താ. 7:21)**

1-ാം ഭാഗം:- **ദർശനം മാറ്റുക:** 'ലോകം നേടുക' എന്ന ലോകസമ്പ്രദായത്തിൽ നിന്നും, ലോകം കൊടുത്ത ദർശനത്തിൽ നിന്നും മനുഷ്യനെ തിരിച്ച് ദൈവരാജ്യം അവകാശമാക്കുക എന്ന ഏക ദർശനത്തിലേക്ക് കൊണ്ടുവരുന്നു.

2-ാം ഭാഗം:- **ദൈവത്തിന്റെ സാദൃശ്യവും, സ്വരൂപവും പകരുക:** ദൈവരാജ്യം അവകാശമാക്കുവാൻ തടസ്സമായിരിക്കുന്ന മനുഷ്യന്റെ ഉള്ളിൽ പിശാച് നിക്ഷേപിച്ച ജഡികചിന്തകളെ പരിശുദ്ധാത്മാവിൽ മരിപ്പിക്കുവാൻ പഠിപ്പിക്കുകയും, അങ്ങനെ ചെയ്യുന്നതു മുഖേന പുതിയ സൃഷ്ടിയായ, രക്ഷിക്കപ്പെട്ട മനുഷ്യന്റെ ഉള്ളിലുള്ള ദൈവപുത്രൻ ലോകത്തിലേക്ക് വെളിപ്പെടുകയും ചെയ്യും. നാം ദൈവപുത്രന്മാരായി വെളിപ്പെടുന്നതാണ് ദൈവത്തിന്റെ ഇഷ്ടം. ഇതാണ് യേശുവിനെ തന്നതിന്റെ ഉദ്ദേശ്യം (യോഹ. 1:12). ഇങ്ങനെ ദൈവേഷ്ടം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കും. (മത്താ. 7:21)

പ്രിയരേ, ബാംഗ്ലൂർക്ക് പോകുന്ന ഒരു ബസ്സിന്റെ മുൻപിൽ എഴുതി വച്ചിരിക്കുന്ന ബോർഡ് 'ബാംഗ്ലൂർ' എന്നായിരിക്കുന്നതുപോലെ നമ്മുടെ ഹൃദയത്തിന്റെ ദർശനം 'ദൈവരാജ്യം' എന്നായിരിക്കണം. എന്നാൽ ബാംഗ്ലൂർ എന്ന ദർശനത്തിലെത്തുവാൻ വാഹനമോടുവാൻ തക്കവണ്ണം വാഹനത്തിന് പെട്രോൾ അടിക്കേണ്ട ആവശ്യമുണ്ട്. അതുപോലെ നമ്മുടെ ഹൃദയം ദൈവരാജ്യം അന്വേഷിക്കുമ്പോൾ അത് ഇരിക്കുന്ന ശരീരത്തിന് നിലനിൽക്കുവാൻ അതിന്റേതായ ആവശ്യങ്ങളുണ്ട്. അതിനായി നാം അധ്വാനിക്കേണ്ടതായുണ്ട്. അതു

കൊണ്ടാണ് ദൈവവചനം പറയുന്നത്, വേല ചെയ്യാൻ മനസ്സില്ലാത്തവൻ തിന്നുകയും അരുത് എന്ന്.

**"വേല ചെയ്‌വാൻ മനസ്സില്ലാത്തവൻ തിന്നുകയുമരുത്..." (2 തെസ്സ. 3:10)**

മറ്റൊരു ഭാഗത്ത് ദൈവവചനം പറയുന്നു,

**"ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക."**
**(1 തിമൊ. 6:8)**

എന്നാൽ ഒരു ദൈവപൈതലിനെ സംബന്ധിച്ച്, മത്തായി 6:33 പ്രകാരം ഒരു വ്യക്തി ഹൃദയം കൊണ്ട് ലോകരാജ്യത്തിലേക്കുള്ള യാത്ര വിട്ട് ദൈവരാജ്യത്തിലേക്കുള്ള യാത്രയിലാണെങ്കിൽ, അതായത് മുമ്പെ ദൈവരാജ്യമാണ്, ദൈവരാജ്യത്തിന്റെ പ്രവർത്തനരീതിയാണ് അന്വേഷിക്കുന്നതെങ്കിൽ, ആ വ്യക്തിക്ക് ദൈവം ലോകത്തിൽ ഒരുക്കിയിരിക്കുന്ന പ്രവർത്തന മണ്ഡലം ദൈവം തുറന്ന് കൊടുക്കും, അത് ഒരു പക്ഷേ ഒരു ഭൗതിക ജോലിയോ, ബിസിനസ്സോ ആയിരിക്കാം, അല്ലെങ്കിൽ പൂർണ്ണസമയ ദൈവവേല ആയിരിക്കാം. ഭൗതിക ജോലിയും ബിസിനസ്സും ദൈവം അനുവദിച്ചിട്ടുള്ളവർ, തങ്ങളുടെ താല്കാലിക ഭൂമിയിലെ കുടുംബത്തിന് വേണ്ടിയുള്ളത് കരുതിക്കൊണ്ട്, ബാക്കിയുള്ള തങ്ങളുടെ സമയവും, സമ്പത്തും നിത്യമായ അവരുടെ സ്വർഗ്ഗീയകുടുംബത്തിന് വേണ്ടി ചിലവഴിക്കുന്നു എങ്കിൽ, അവർ ബുദ്ധിയുള്ളവരാണ്. പഴയനിയമത്തിൽ ജനം ദശാംശം മാത്രം കൊടുത്ത് മാറിനിൽക്കുമ്പോൾ, പുതിയനിയമത്തിൽ യേശു നമ്മെത്തന്നെ വിലയ്ക്കെടുത്തു. നമ്മുടെ ദശാംശമല്ല 100% ദൈവത്തിന്റേതാണ്. അതുകൊണ്ട് നമുക്ക് നമ്മുടെ സർവ്വവുമായി ദൈവത്തെ സ്നേഹിക്കാം. നമുക്ക് നമ്മുടെ പിതാവ് ഉള്ളതുകൊണ്ട് എല്ലാമുണ്ട്. നാം എത്ര കൊടുക്കുന്നു എന്നല്ല,

> നാം എത്ര കൊടുക്കുന്നു എന്നല്ല, എങ്ങനെ കൊടുക്കുന്നു എന്നാണ് ദൈവം നോക്കുന്നത്.


> ഒരു വ്യക്തി ഹൃദയം കൊണ്ട് ലോകരാജ്യത്തിലേക്കുള്ള യാത്ര വിട്ട് ദൈവരാജ്യത്തിലേക്കുള്ള യാത്രയിലാണെങ്കിൽ, അതായത് മുമ്പെ ദൈവരാജ്യമാണ്, ദൈവരാജ്യത്തിന്റെ പ്രവർത്തനരീതിയാണ് അന്വേഷിക്കുന്നതെങ്കിൽ, ആ വ്യക്തിക്ക് ദൈവം ലോകത്തിൽ ഒരുക്കിയിരിക്കുന്ന പ്രവർത്തന മണ്ഡലം ദൈവം തുറന്ന് കൊടുക്കും,

എങ്ങനെ കൊടുക്കുന്നു എന്നാണ് ദൈവം നോക്കുന്നത്.

**"അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുതു; നിർബ്ബന്ധത്താലുമരുതു; സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു." (2 കൊരി. 9:7)**

അങ്ങനെ ജോലിയെടുക്കുന്നവരും, ബിസിനസ്സ് ചെയ്യുന്നവരും, പൂർണ്ണസമയ ദൈവവേല ചെയ്യുന്നവരും എല്ലാവരും ഒരുമിച്ച് സ്വർഗ്ഗീയ കുടുംബമായ ദൈവരാജ്യത്തിന്റെ പണി ലോകത്തിൽ ചെയ്യുകയാണ്. ഇതിൽ നിന്ന് മാറി നില്ക്കുന്ന ഒരു വ്യക്തി സ്വാർത്ഥനാണ്, മാത്രമല്ല താൻ ഈ സ്വർഗ്ഗീയ കുടുംബത്തിൽ അംഗമാണോ എന്ന് പരിശോധിക്കേണ്ടതുമാണ്.

## ദൈവേഷ്ടം

### *എന്തുകൊണ്ടാണ് ഈ ഇടുക്കുവഴി വിദ്യാഭ്യാസം ആവശ്യമായി വന്നത്? എന്തുകൊണ്ടാണ് ഇത് രണ്ട് ഭാഗമായിരിക്കുന്നത് ?*

ദൈവം ആദാമിനെ ഏദെനിൽ സൃഷ്ടിച്ചപ്പോൾ ആദാമിന് ഒരു ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെയും ആവശ്യമില്ലായിരുന്നു. ദൈവത്തെ അനുസരിച്ച് ദൈവേഷ്ടം ചെയ്താൽ മാത്രം മതിയായിരുന്നു. അന്ന് നാം ഇന്ന് പ്രസംഗിക്കുന്ന 'രക്ഷയുടെ സുവിശേഷം' വേണ്ടായിരുന്നു, രക്ഷകനും വേണ്ടായിരുന്നു. കാരണം ആദാം പാപം ചെയ്ത് പിശാചിന്റെ, അതായത് മരണത്തിന്റെ പിടിയിൽ ആയിട്ടില്ലായിരുന്നു. ഇന്ന് നാം പ്രസംഗിക്കുന്ന രക്ഷയുടെ സുവിശേഷം വേണ്ടാതിരുന്ന കാലത്ത് ഏദെനിൽ ആയിരുന്ന ആദാമിനെ കുറിച്ച് ദൈവത്തിന് ഒരു പദ്ധതി ഉണ്ടായിരുന്നു. ആ പദ്ധതിയാണ് 'ദൈവേഷ്ടം'. അതായത് ഏദെനിൽ വച്ച് ആദാം ചെയ്യേണ്ടിയിരുന്ന ദൈവത്തിന്റെ ഹൃദയത്തിലുള്ള പദ്ധതിയുടെ പേരാണ് ദൈവേഷ്ടം. അതായത് ദൈവം പറഞ്ഞതനുസരിച്ച് (ഉൽപ്പത്തി. 2:15) ആദാം ജയം

> ഏദെനിൽ വച്ച് ആദാം ചെയ്യേണ്ടിയിരുന്ന ദൈവത്തിന്റെ ഹൃദയത്തിലുള്ള പദ്ധതിയുടെ പേരാണ് ദൈവേഷ്ടം.

> ഏദെനിൽ നാം ഇന്ന് പ്രസംഗിക്കുന്ന 'രക്ഷയുടെ സുവിശേഷം' വേണ്ടായിരുന്നു, രക്ഷകനും വേണ്ടായിരുന്നു. കാരണം ആദാം പാപം ചെയ്ത് പിശാചിന്റെ അതായത് മരണത്തിന്റെ പിടിയിൽ ആയിട്ടില്ലായിരുന്നു.

പ്രാപിച്ചാൽ ജയിക്കുന്നവന് കൊടുക്കുന്ന ജീവവൃക്ഷത്തിന്റെ ഫലം (വെളിപ്പാട്. 2:7) തിന്മാൻ ലഭിക്കുകയും ദൈവപുത്രനായി എന്നേക്കും ദൈവീക കുടുംബമായ ദൈവരാജ്യത്തിൽ കഴിയുകയും ചെയ്യാമാ യിരുന്നു. എന്നാൽ ആദാം ദൈവത്തോട് അനുസരണക്കേട് കാണി ച്ചതോടുകൂടി പിശാചിന് ആദാമിന്റെ മേൽ അധികാരമാവുകയും, പിശാച് ആദാമിനെ ജഡചിന്തകളാൽ മലിനമാക്കി, തുടർന്ന് ലോകാ നുരൂപത ധരിപ്പിക്കുകയും ചെയ്തു.

ഇന്ന് നാം പ്രസംഗിക്കുന്ന രക്ഷയുടെ സുവിശേഷം വേണ്ടാ തിരുന്ന കാലത്ത് ഏദെനിൽ ആയിരുന്ന ആദാമിനെക്കുറിച്ച് ദൈവ ത്തിന് ഒരു പദ്ധതി ഉണ്ടായിരുന്നു. ആ പദ്ധതിയാണ് 'ദൈവേ ഷ്ടം'.

അതായത് ഒരു മനുഷ്യൻ ഷർട്ട് ഇടുമ്പോൾ ആദ്യം അടിവസ്ത്ര മായി ബനിയനും, തുടർന്ന് അതിന്റെ പുറത്ത്, പുറം വസ്ത്രമായി ഷർട്ടും ധരിക്കുന്നതുപോലെ പിശാച് ആദാമിനെ അടിവസ്ത്രമായി ജഡികചിന്തകളും, അതായത് 'ജഡവും', അതിന്റെ മുകളിൽ പുറം വസ്ത്രമായി 'ലോകാനുരൂപതയും' ധരിപ്പിച്ചു.

### ലോകാനുരൂപതയുടെ ഉദ്ദേശ്യം

'ലോകാനുരൂപതയിലൂടെ' മനു ഷ്യനെ ലോകം നേടുന്ന ബിസിനസ്സി ലേക്ക് (ദർശനത്തിലേക്ക്) കൊണ്ടു വന്ന്, അതുവഴി മനുഷ്യന്റെ ഹൃദ യത്തിന്റെ കണ്ണ് കുരുടാക്കി, ദൈവ രാജ്യം നേടുന്ന പദ്ധതിയെ (ദർശന ത്തെ) മറയ്ക്കാനാണ് പിശാച് ശ്രമി ക്കുന്നത്.

ആദാം ദൈവത്തോട് അനു സരണക്കേട് കാണിച്ചതോടു കൂടി പിശാചിന് ആദാമിന്റെ മേൽ അധികാരമാവുകയും, പിശാച് ആദാമിനെ ജഡചിന്ത കളാൽ മലിനമാക്കി, തുടർന്ന് ലോകാനുരൂപത ധരിപ്പിക്കു കയും ചെയ്തു.

**"ദൈവപ്രതിമയായ ക്രിസ്തു വിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി."**

**(2 കൊരി. 4:4)**

### ജഡചിന്തയുടെ ഉദ്ദേശ്യം

ജഡികചിന്തകൾ മനുഷ്യനിലൂടെ പിശാചിന് ലോകം ഭരിക്കാനുമുള്ള ഓപ്പറേറ്റിംഗ് സോഫ്റ്റ്‌വെയറായാണ് ധരിപ്പിച്ചിരിക്കുന്നത്.

## ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം

ദൈവത്തിന്റെ 'ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ' ലക്ഷ്യമെന്ന് പറയുന്നത് പിശാചിട്ട ഈ രണ്ട് വസ്ത്രങ്ങളായ ലോകാനുരൂപതയും, ജഡികചിന്തകളും ഊരിക്കളഞ്ഞ് മനുഷ്യരെ ദൈവപുത്രന്മാരായി ദൈവീക കുടുംബമായ ദൈവരാജ്യത്തിൽ കൂട്ടിച്ചേർക്കുക എന്നതാണ്.

> ദൈവത്തിന്റെ 'ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ' ലക്ഷ്യമെന്ന് പറയുന്നത് പിശാചിട്ട ഈ രണ്ട് വസ്ത്രങ്ങളായ ലോകാനുരൂപതയും, ജഡികചിന്തകളും ഊരിക്കളഞ്ഞ് മനുഷ്യരെ ദൈവപുത്രന്മാരായി ദൈവീക കുടുംബമായ ദൈവരാജ്യത്തിൽ കൂട്ടിച്ചേർക്കുക എന്നതാണ്.

ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ ആദ്യ ഭാഗത്ത് ലോകാനുരൂപതയായ പുറം വസ്ത്രം ഉരിഞ്ഞുകളയുവാനുള്ള അഭ്യസനം നൽകുന്നു. അതിൽ ജയം പ്രാപിക്കുന്നവരുടെ ജീവിതത്തിൽ, രണ്ടാം ഭാഗത്തിൽ ജഡികചിന്തകളായ അടിവസ്ത്രത്തെയും ഉരിഞ്ഞുകളയുവാൻ അഭ്യസിപ്പിക്കുന്നു.

ഈ രണ്ട് വസ്ത്രത്തെയും ഉരിഞ്ഞുകളയുന്നതിനനുസരിച്ച് യേശുക്രിസ്തുവിനാൽ ദൈവനീതിയുടെ വസ്ത്രം ധരിപ്പിച്ച് മനുഷ്യാത്മാവിൽ പുതിയതായി സൃഷ്ടിക്കപ്പെട്ട (1 കൊരി. 6:17, 2 കൊരി. 5:17) ദൈവപുത്രൻ ലോകത്തിലേക്ക് വെളിപ്പെട്ട് വരും. ഇങ്ങനെ ദൈവപുത്രന്മാർ വെളിപ്പെടുന്നതാണ് ദൈവേഷ്ടം. ഇതിന് വേണ്ടിയാണ് സകലസൃഷ്ടികളും ഈറ്റു നോവോടുകൂടെ കാത്തിരിക്കുന്നത്.

**"സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു." (റോമ. 8:19)**

**"ജയിക്കുന്നവന്നു ഇതു അവകാശമായി ലഭിക്കും; ഞാൻ അവന്നു ദൈവവും അവൻ എനിക്കു മകനുമായിരിക്കും." (വെളി. 21:7)**

ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ ഒന്നാം ഭാഗം "ലോകദർശനം മാറ്റി സ്വർഗ്ഗരാജ്യ ദർശനം കൊടുക്കുന്നു."

## പ്രാർത്ഥന



ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, സ്വർഗ്ഗരാജ്യത്തിന്റെ ഇടുക്കുവഴി വിദ്യാഭ്യാസത്തിലൂടെ ദൈവപുത്രന്മാരായി വെളിപ്പെട്ട് ദൈവരാജ്യം അവകാശമാക്കുവാൻ ഞങ്ങളെ സഹായിക്കണമേ...യേശുവിൻ നാമത്തിൽ തന്നെ, ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും


1. ദൈവരാജ്യത്തിന്റെ 'ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ' ലക്ഷ്യം മനുഷ്യർ ദൈവപുത്രന്മാരായി വെളിപ്പെടുകയും, ദൈവരാജ്യം അവകാശമാക്കുകയും ചെയ്യുകയെന്നതാണ്.
2. നമ്മുടെ കൂട്ടത്തിൽ ജനിച്ചവരും, പഠിച്ചവരും, പഠിപ്പിച്ചവരും, വീട്ടിലുള്ളവരും, നാട്ടിലുള്ളവരുമെല്ലാം ഒരേ ലക്ഷ്യത്തിൽ ലോകം നേടാൻ നമ്മോടൊപ്പമുണ്ട്. ആരാണ് ഏറ്റവും കൂടുതൽ നേടുന്നത്, ആ വ്യക്തിയാണ് ലോകത്തിന്റെ മുമ്പിൽ മിടുക്കൻ.
3. ലോകം നേടുക എന്ന നമ്മുടെ ഏക ദർശനത്തിൽ നിന്ന് നമ്മുടെ ഹൃദയത്തെ തിരിക്കുമ്പോൾ നമ്മുടെ അകത്ത് ഹൃദയത്തിൽ അനുഭവിക്കുന്ന അസ്വസ്ഥതകളാണ് ഇടുക്കുവഴി വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ആദ്യ ഭാഗം.
4. നാം എത്ര കൊടുക്കുന്നു എന്നല്ല, എങ്ങനെ കൊടുക്കുന്നു എന്നാണ് ദൈവം നോക്കുന്നത്.
5. ഒരു വ്യക്തി ഹൃദയം കൊണ്ട് ലോകത്തിലേക്കുള്ള യാത്ര വിട്ട് ദൈവരാജ്യത്തിലേക്കുള്ള യാത്രയിലാണെങ്കിൽ, അതായത് മുമ്പെ ദൈവരാജ്യമാണ്, ദൈവരാജ്യത്തിന്റെ പ്രവർത്തനരീതിയാണ് അന്വേഷിക്കുന്നതെങ്കിൽ, ആ വ്യക്തിക്ക് ദൈവം ലോകത്തിൽ ഒരുക്കിയിരിക്കുന്ന പ്രവർത്തന മണ്ഡലം ദൈവം തുറന്ന് കൊടുക്കും,
6. ഏദെനിൽ വച്ച് ആദാം ചെയ്യേണ്ടിയിരുന്ന ദൈവത്തിന്റെ ഹൃദയത്തിലുള്ള പദ്ധതിയുടെ പേരാണ് ദൈവേഷ്ടം.
7. ഏദെനിൽ നാം ഇന്ന് പ്രസംഗിക്കുന്ന 'രക്ഷയുടെ സുവിശേഷം' വേണ്ടായിരുന്നു, രക്ഷകനും വേണ്ടായിരുന്നു. കാരണം ആദാം പാപം ചെയ്ത് പിശാചിന്റെ, അതായത്

മരണത്തിന്റെ പിടിയിൽ ആയിട്ടില്ലായിരുന്നു.

8. ഇന്ന് നാം പ്രസംഗിക്കുന്ന രക്ഷയുടെ സുവിശേഷം വേണ്ടാതിരുന്ന കാലത്ത് ഏദെനിൽ ആയിരുന്ന ആദാമിനെക്കുറിച്ച് ദൈവത്തിന് ഒരു പദ്ധതി ഉണ്ടായിരുന്നു. ആ പദ്ധതിയാണ് 'ദൈവേഷ്ടം'

9. ആദാം ദൈവത്തോട് അനുസരണക്കേട് കാണിച്ചതോടുകൂടി പിശാചിന് ആദാമിന്റെ മേൽ അധികാരമാവുകയും, പിശാച് ആദാമിനെ ജഡചിന്തകളാൽ മലിനമാക്കി, തുടർന്ന് ലോകാനുരൂപത ധരിപ്പിക്കുകയും ചെയ്തു.

11. ദൈവത്തിന്റെ 'ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ' ലക്ഷ്യമെന്ന് പറയുന്നത് പിശാച് മനുഷ്യനെ ധരിപ്പിച്ച ലോകാനുരൂപതയും, ജഡികചിന്തകളും ഊരിക്കളഞ്ഞ് മനുഷ്യരെ ദൈവപുത്രന്മാരായി ദൈവീക കുടുംബമായ ദൈവരാജ്യത്തിൽ കൂട്ടിച്ചേർക്കുക എന്നതാണ്.



# അദ്ധ്യായം 16
# ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ ഒന്നാം ഭാഗം "ലോകദർശനം മാറ്റി സ്വർഗ്ഗരാജ്യ ദർശനം കൊടുക്കുന്നു"

"മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടു കൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും." (മത്താ. 6:33)

## ഇടുക്കുവഴി വിദ്യാഭ്യാസത്തിലേക്കുള്ള അഡ്മിഷൻ എങ്ങനെ?

**എൻട്രൻസ്** എഴുതിയും, ഡൊണേഷൻ (സംഭാവന) കൊടുത്തുമെല്ലാമാണ് ഈ ലോകത്തിൽ കോളേജുകളിൽ അഡ്മിഷൻ നേടുന്നതെങ്കിൽ, ദൈവരാജ്യത്തിന്റെ ഇടുക്കുവഴി വിദ്യഭ്യാസത്തിലേക്ക് പ്രവേശനം കിട്ടുന്നത് തികച്ചും വ്യത്യസ്തരീതിയിലാണ്.

യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതോടുകൂടെ ഈ കോഴ്സിൽ ചേർന്ന് ദൈവപുത്രനായി വെളിപ്പെടുവാനുള്ള അധികാരം നമുക്ക് ലഭിക്കുകയാണ്. അതായത് ഒരു കുട്ടി 5 വർഷത്തെ എം.ബി.ബി.എസ്സ് കോഴ്സിനു പഠിക്കുവാൻ മെഡിക്കൽ കോളേജിൽ ചേരുന്നതുപോലെ. താൻ കോളേജിൽ ചേരുന്നതോടെ തനിക്കൊരു ഡോക്ടറായിത്തീരാനുള്ള അവസരം ലഭിക്കുകയാണ്. ഇതുപോലെ യേശുവിനെ സ്വീകരിക്കുമ്പോൾ ദൈവപുത്രന്മാരായി തീരാനുള്ള അവസരം നമുക്ക് ലഭിക്കുകയാണ്.

**"അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും <u>ദൈവമക്കൾ ആകുവാൻ</u> അവൻ അധികാരം കൊടുത്തു." (യോഹ. 1:12)**

യേശുവിനെ നാം രക്ഷിതാവായി സ്വീകരിക്കുമ്പോൾ, സ്വർഗ്ഗത്തിലെ ദൈവം നമ്മെ ദൈവമക്കളായി അംഗീകരിക്കുകയാണ്. അതോടെ പരിശുദ്ധാത്മാവ് എന്ന അധ്യാപകൻ നമ്മെ ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ ക്ലാസ് മുറിയിലേക്ക് കൂട്ടിക്കൊണ്ട് പോവുകയും പഠനം ആരംഭിക്കുകയും ചെയ്യും. ഒരു വിദ്യാർത്ഥിക്ക് എം.ബി.ബി.എസ്സിന് അഡ്മിഷൻ കിട്ടാതെ മെഡിക്കൽ കോളേജിൽ പഠിക്കാൻ അനുവാദം കിട്ടാത്തതുപോലെ, യേശുവിനെ വിശ്വസിച്ച് കർത്താവായി സ്വീകരിക്കുന്നതിലൂടെ

പിതാവായ ദൈവം നമ്മെ മക്കളായി അംഗീകരിച്ചാൽ മാത്രമേ പരിശു ദ്ധാത്മാവ് നമ്മെ ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ ക്ലാസ് മുറിയിലേക്ക് കൂട്ടിക്കൊണ്ട് പോവുകയുള്ളൂ. യേശുക്രിസ്തുവിന്റെ ഈ ലോക ജീവി തത്തിലൂടെ നമുക്ക് ഇതു മനസ്സിലാകും. യേശു നമ്മുടെ രക്ഷകനാ യിരിക്കുമ്പോൾ തന്നെ നമുക്ക് മുമ്പ്, നമുക്ക് മാതൃകയായി ആദ്യം ഓടിയ വ്യക്തിയാണ്.

**"Whither the <u>forerunner</u> is for us entered, even Jesus, made an high priest for ever after the order of Melchisedec."**
**(Heb. 6:20 KJV)**

**"അവിടേക്കു യേശു മല്ക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനായി <u>മുമ്പുകൂട്ടി</u> (<u>മുമ്പെ ഓടിയവനായി</u>) നമുക്കു വേണ്ടി പ്രവേശിച്ചി രിക്കുന്നു." (എബ്രാ. 6:20)**

> യേശുവിനെ പരീക്ഷിക്കാൻ പിശാച് ഉപയോഗിച്ച മൂന്ന് ചോദ്യങ്ങളുടെയും ലക്ഷ്യം യേശുവിന്റെ 'ലോകത്തിലേക്കുള്ള ദർശനം' പരിശോധിക്കുകയായിരുന്നു.

യേശുവിന്റെ സ്നാനത്തെ തുടർന്ന് പിതാവായ ദൈവം സ്വർഗ്ഗത്തിൽ നിന്ന് വിളിച്ചു പറഞ്ഞു, "ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരി ക്കുന്നു."

**"നീ <u>എന്റെ പ്രിയപുത്രൻ</u>, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവും ഉണ്ടാ യി." (മർക്കൊ. 1:11)**

ഇങ്ങനെ നമ്മെക്കുറിച്ച് പറയുമ്പോഴാണ് നമുക്ക് ദൈവപുത്രന്മാ രായി വെളിപ്പെടുവാനുള്ള ഇടുക്കുവഴി വിദ്യാഭ്യാസത്തിൽ അഡ്മി ഷൻ കിട്ടുന്നത്. പിതാവിന്റെ ഈ വാക്ക് കേട്ട ഉടനെ പരിശുദ്ധാത്മാവ് എന്ന ടീച്ചർ യേശുവിനെ ഇടുക്കുവഴി വിദ്യാഭ്യാസത്തിലേക്ക് കൂട്ടി ക്കൊണ്ട് പോയി.

**"അനന്തരം ആത്മാവ് അവനെ മരുഭൂമിയിലേക്ക് പോകുവാൻ നിർബ്ബ ന്ധിച്ചു." (മർക്കൊ. 1:12)**

## <u>ലോകദർശനം പരിശോധിക്കുന്ന പ്രാക്ടിക്കൽസ്</u>

മരുഭൂമിയിൽ 40 ദിവസം പിശാച് യേശുവിനെ പരീക്ഷിച്ചുകൊണ്ടിരു ന്നു. തുടർന്ന് യേശുവിനെ പരീക്ഷിക്കാൻ പിശാച് ഉപയോഗിച്ച മൂന്ന് ചോദ്യങ്ങളുടെയും ലക്ഷ്യം യേശുവിന്റെ ലോകത്തിലേക്കുള്ള ദർശനം

പരിശോധിക്കുകയായിരുന്നു.

**"അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ യേശുവിനെ ആത്മാവു മരുഭൂമിയിലേക്കു നടത്തി. അവൻ നാല്പതു പകലും നാല്പതു രാവും ഉപവസിച്ച ശേഷം അവന്നു വിശന്നു. അപ്പോൾ പരീക്ഷകൻ അടുത്തു വന്നു: നീ ദൈവപുത്രൻ എങ്കിൽ ഈ കല്ലു അപ്പമായിത്തീരാൻ കല്പിക്ക എന്നു പറഞ്ഞു." (മത്താ. 4:1-3)**

***ഒന്നാമത്തെ പരിശോധന*** **:-** യേശുവിന് വിശന്നപ്പോൾ പിശാച് യേശുവിനോട് പറഞ്ഞത് "നീ ദൈവപുത്രൻ എങ്കിൽ ഈ കല്ലിനോട് അപ്പമായിത്തീരാൻ കല്പിക്ക."

മനുഷ്യപുത്രന്മാരാണ് അപ്പം കൊണ്ട് ജീവിക്കുന്നത്. യേശു മനുഷ്യപുത്രനുമാണ്, ദൈവപുത്രനുമാണ്. പിശാച് യേശുവിനെ മനുഷ്യപുത്രന്മാർ അന്വേഷിക്കുന്ന ലോകത്തിന്റെ അപ്പത്തിലേക്ക് തിരിക്കുകയാണ്. എന്നാൽ യേശു തന്റെ ദർശനം ദൈവപുത്രൻ തന്നെയാണെന്ന് വെളിപ്പെടുത്തിക്കൊണ്ട് പിശാചിനോട് "മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ദൈവത്തിന്റെ വായിൽ കൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു എന്ന് ഉത്തരം പറഞ്ഞു."

**"മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽ കൂടി വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു എന്നു എഴുതിയിരിക്കുന്നു എന്നു ഉത്തരം പറഞ്ഞു." (മത്താ. 4:4)**

തന്റെ വിശപ്പിന്റെ സമയത്ത് (ബലഹീനതയിൽ) ലോകത്തിന്റെ ഭക്ഷണത്തിലേക്ക്, ലോകത്തിലേക്ക് യേശുവിനെ തിരിക്കുവാനുള്ള പിശാചിന്റെ ശ്രമം പരാജയപ്പെട്ടു.

***രണ്ടാമത്തെ പരിശോധന:-***

**"പിന്നെ പിശാച് അവനെ മേലോട്ടു കൂട്ടിക്കൊണ്ടുപോയി ലോകത്തിലെ സകലരാജ്യങ്ങളെയും ക്ഷണനേരത്തിൽ അവന്നു കാണിച്ചു: ഈ അധികാരം ഒക്കെയും അതിന്റെ മഹത്വവും നിനക്കു തരാം; അതു എങ്കൽ ഏല്പിച്ചിരിക്കുന്നു; എനിക്കു മനസ്സുള്ളവന്നു ഞാൻ കൊടുക്കുന്നു. നീ എന്നെ നമസ്കരിച്ചാൽ അതെല്ലാം നിന്റേതാകും എന്നു അവനോടു പറഞ്ഞു." (ലൂക്കൊ. 4:5-7)**

ഇവിടെയും പിശാച് യേശുവിന്റെ ദർശനം ലോകത്തിലേക്ക് തിരിക്കാൻ ശ്രമിക്കുകയാണ്. അതിനായി യേശുവിന് വാഗ്ദത്തം ചെയ്യുന്നത് ലോകവും, അധികാരവും, മഹത്വവുമാണ്. പിശാചിനെ നമസ്ക

രിച്ചാൽ അഥവാ ലോകത്തിന്റെ സമ്പ്രദായത്തെ നമസ്കരിച്ചാൽ ഇതെല്ലാം ലഭിക്കുന്നു എന്നാണ് വാഗ്ദത്തം. പക്ഷെ ഇവിടെയും യേശു ലോകത്തിലേക്ക് തിരിഞ്ഞില്ലെന്നു മാത്രമല്ല, താൻ ഒരു ദൈവപുത്രനാണെന്ന് തെളിയിച്ചു. ദൈവപുത്രന്മാർ ദൈവത്തെ മാത്രമേ ആരാധിക്കൂ, യേശുവിന്റെ വാക്കുകളിൽ നിന്ന് അത് വ്യക്തമാണ്.

**"യേശു അവനോടു: നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവൂ എന്നു എഴുതിയിരിക്കുന്നു എന്നു ഉത്തരം പറഞ്ഞു." (ലൂക്കൊ. 4:8)**

***മൂന്നാമത്തെ പരിശോധന:-***

**"പിന്നെ അവൻ അവനെ യെരുശലേമിലേക്കു കൂട്ടിക്കൊണ്ടുപോയി ദൈവാലയത്തിന്റെ അഗ്രത്തിന്മേൽ നിറുത്തി അവനോടു: നീ ദൈവപുത്രൻ എങ്കിൽ ഇവിടെനിന്നു താഴോട്ട് ചാടുക. "നിന്നെ കാപ്പാൻ അവൻ തന്റെ ദൂതന്മാരോട് നിന്നെക്കുറിച്ചു കല്പിക്കയും നിന്റെ കാൽ കല്ലിനോടു തട്ടാതവണ്ണം അവർ നിന്നെ കയ്യിൽ താങ്ങിക്കൊള്ളുകയും ചെയ്യും." എന്നു എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു." (ലൂക്കൊ. 4:9-11)**

''ദൈവപുത്രന്മാർ ദൈവത്തെ അനുസരിക്കുന്നവരാണ്, അല്ലാതെ ദൈവത്തെ പരീക്ഷിക്കുന്നവർ അല്ല.

ഇവിടെയും പിശാച് വെല്ലുവിളി ഉയർത്തുകയാണ്, യേശു ദൈവപുത്രനാണോ അല്ലയോ എന്ന് ദൈവത്തെ പരീക്ഷിച്ചുകൊണ്ട് തെളിയിക്കാനാണ് പിശാച് ആവശ്യപ്പെടുന്നത്. ഇവിടെയും യേശുവിന്റെ മറുപടിയുടെ വിശദീകരണം "ദൈവപുത്രന്മാർ ദൈവത്തെ അനുസരിക്കുന്നവരാണ്", അല്ലാതെ ദൈവത്തെ പരീക്ഷിക്കുന്നവർ അല്ല, ദൈവത്തെ പരീക്ഷിക്കരുതെന്ന് ദൈവവചനത്തിൽ പറഞ്ഞിരിക്കുന്നു എന്നാണ്". അങ്ങനെ ദൈവത്തെ പരീക്ഷിക്കാതെ അവിടെയും യേശു താൻ പിതാവ് തന്നെക്കുറിച്ച് പറഞ്ഞ, "**ഇവൻ എന്റെ പ്രിയപുത്രൻ**" എന്ന സാക്ഷ്യത്തെ നഷ്ടപ്പെടുത്താതെ ദൈവപുത്രനായിത്തന്നെ വെളിപ്പെട്ടു.

**"യേശു അവനോടു: നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുതു എന്നു അരുളിച്ചെയ്തിരിക്കുന്നു എന്നു ഉത്തരം പറഞ്ഞു. അങ്ങനെ പിശാചു സകലപരീക്ഷയും തികെച്ചശേഷം കുറെ കാലത്തേക്കു അവനെ വിട്ടുമാറി." (ലൂക്കൊ. 4:12-13)**

പ്രിയരേ പരിശുദ്ധാത്മാവിനാൽ ഇടുക്കുവഴി വിദ്യാഭ്യാസത്തിലേക്ക് നയിക്കപ്പെട്ട യേശു അവിടെ വച്ച് പിശാച് തന്റെ ദർശനം ലോകത്തിൽ ഭക്ഷണത്തിലും, നിലത്തിലും, അധികാരത്തിലും, ലോകമഹത്വത്തിലും, വചനത്തോടുള്ള അനുസരണക്കേടിലുമെല്ലാം തളച്ചിടുവാൻ നോക്കിയപ്പോൾ അതിനെയെല്ലാം ജയിച്ച് സ്വർഗ്ഗീയ പിതാവ് തന്നെക്കുറിച്ച് പറഞ്ഞ, '**താൻ ദൈവപുത്രനാണ്**' എന്ന സാക്ഷ്യത്തിൽ ദർശനം വച്ചുകൊണ്ട് താൻ സ്വർഗ്ഗീയനാണ് അഥവാ ഒരു ദൈവപുത്രനാണെന്ന് തെളിയിച്ചു. വചനം പറയുന്നു, യേശു ആദ്യഫലമാണ്, നാം പുറകേയും.

> യേശുവിനെ കർത്താവായി സ്വീകരിച്ചപ്പോൾ, പിതാവായ ദൈവം ഇതുപോലെ നമ്മെക്കുറിച്ച് സാക്ഷ്യം പറഞ്ഞിട്ടുണ്ട്. "**നീയെന്റെ പ്രിയപുത്രൻ**". എന്നാൽ ഇതുവരെ ഇടുക്കുവഴി വിദ്യാഭ്യാസസമ്പ്രദായത്തിലൂടെ നമുക്കത് തെളിയിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? ഇല്ലെങ്കിൽ പരിശുദ്ധാത്മാവ് ഇപ്പോഴും ആ ശുശ്രൂഷയിലേക്ക് കൊണ്ടുപോകാൻ കാത്തുനില്ക്കുന്നു.

പ്രിയരേ യേശുവിനെ കർത്താവായി സ്വീകരിച്ചപ്പോൾ, പിതാവായ ദൈവം ഇതുപോലെ നമ്മെക്കുറിച്ച് സാക്ഷ്യം പറഞ്ഞിട്ടുണ്ട്. "**നീയെന്റെ പ്രിയപുത്രൻ**". എന്നാൽ ഇതുവരെ ഇടുക്കുവഴി വിദ്യാഭ്യാസസമ്പ്രദായത്തിലൂടെ നമുക്കത് തെളിയിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? ഇല്ലെങ്കിൽ പരിശുദ്ധാത്മാവ് ഇപ്പോഴും ആ ശുശ്രൂഷയിലേക്ക് കൊണ്ടുപോകാൻ കാത്തുനില്ക്കുന്നു. യിസ്രായേൽ മക്കൾ മരുഭൂമിയിൽ 40 വർഷങ്ങൾ കൊണ്ട്, ഹൃദയം കൊണ്ട് ഈജിപ്റ്റിലേക്കുള്ള ദർശനം അവസാനിപ്പിച്ച് കനാനിലേക്ക് നോക്കിയതുപോലെയല്ല പകരം, യേശുവിനെപ്പോലെ 40 ദിവസം കൊണ്ട് ഈ ശുശ്രൂഷ പൂർത്തീകരിച്ച്, ലോകമല്ല എന്റെ ദർശനം പകരം ദൈവരാജ്യമാണ് എന്ന് തെളിയിച്ചുകൊണ്ട് നമുക്ക് പരീക്ഷകളിൽ യേശുവിനെപ്പോലെ ദൈവപുത്രനായി വെളിപ്പെടാം.

ഇടുക്കുവഴി വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഒന്നാം ഭാഗത്തിലൂടെ ദൈവം ആഗ്രഹിക്കുന്നത് നാം ലോകത്തിൽ ആശ്രയിക്കുന്നത് പൂർണ്ണമായും നിർത്തി, പരിപൂർണ്ണമായി ദൈവത്തിലാശ്രയിക്കുവാനാണ്. അങ്ങനെ ഒന്നാമത്തെ ലോകാനുരൂപത എന്ന പുറം വസ്ത്രം ഉരിഞ്ഞ് കളഞ്ഞാലേ ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ രണ്ടാം ഭാഗത്ത് 'ജഡിക ചിന്തകൾ' എന്ന അടിവസ്ത്രം ഊരിക്കളയാൻ പറ്റുകയുള്ളൂ. കാരണം ഈ വസ്ത്രം ഊരുന്നത് മനുഷ്യനല്ല, പകരം മനുഷ്യനെ ഇടുക്കുവഴി

വിദ്യാഭ്യാസത്തിലേക്ക് കൊണ്ടുപോയ പരിശുദ്ധാത്മാവത്രേ.

### ***എന്തുകൊണ്ട് പഴയനിയമത്തിൽ ലോകത്തെ സ്നേഹിക്കരുതെന്ന് പറയുന്നില്ല?***

എന്തുകൊണ്ടാണ് പുതിയനിയമത്തിൽ ജനത്തോട് ലോകത്തെയോ ലോകത്തിലുള്ളതിനെയോ സ്നേഹിക്കരുതെന്ന് ആവർത്തിച്ച് പറഞ്ഞിട്ടും, പഴയനിയമത്തിലെ വ്യക്തികളോട് 'ലോകത്തെ സ്നേഹിക്കരുതെന്ന് പറയാതെ' അവർക്ക് ലോകം വാഗ്ദത്തം ചെയ്തത്? എന്ന ചോദ്യം ഒരു പക്ഷെ വായനക്കാർക്ക് ഉണ്ടാകാം.

> പരിശുദ്ധാത്മാവിനാൽ ഇടുക്കുവഴി വിദ്യാഭ്യാസത്തിലേക്ക് നയിക്കപ്പെട്ട യേശു അവിടെ വച്ച് പിശാച് തന്റെ ദർശനം ലോകത്തിൽ ഭക്ഷണത്തിലും, നിലത്തിലും, അധികാരത്തിലും, ലോകമഹത്വത്തിലും, വചനത്തോടുള്ള അനുസരണക്കേടിലുമെല്ലാം തളച്ചിടുവാൻ നോക്കിയപ്പോൾ അതിനെയെല്ലാം ജയിച്ച് സ്വർഗ്ഗീയ പിതാവ് തന്നെക്കുറിച്ച് പറഞ്ഞ, **'താൻ ദൈവപുത്രനാണ്'** എന്ന സാക്ഷ്യത്തിൽ ദർശനം വച്ചു കൊണ്ട് താൻ സ്വർഗ്ഗീയനാണ് അഥവാ ഒരു ദൈവപുത്രനാണെന്ന് തെളിയിച്ചു.

**ഉത്തരം:-** ഫാദേഴ്സ് ബിസിനസ്സ് വാല്യം-1 എന്ന പുസ്തകത്തിൽ ധൂർത്ത പുത്രന്റെ പിതാവിന്റെ ഭവനത്തിൽ നിന്നുള്ള യാത്രയെ പഴയനിയമ സംഭവമായും, മടക്കയാത്രയെ പുതിയനിയമ സംഭവമായും ഉപമിച്ചിരിക്കുന്നു. യാത്രയുടെ ദിശ പിതാവിന്റെ ഭവനത്തിൽ നിന്ന് ലോകത്തിലേക്കാണ്. അതായത് പഴയനിയമത്തിൽ ജനം ലോകത്തിലേക്കാണ് ജീവിക്കുന്നത്, അവർ ലോകത്തിൽ ആദാമിന്റെ പാപത്താൽ മരണത്തിനായി തടവിലാണ്. അതുകൊണ്ട് അവരുടെ ദർശനം ലോകത്തിലുയരുക എന്നതാണ്. പഴയനിയമത്തിൽ ദൈവം വാഗ്ദത്തം ചെയ്യുന്നത് ലോകമാണ് (ആവർത്തനം 28:1-14). താല്കാലികമായി ലോകമെന്ന ജയിലിലാണ് ദൈവം അവരെ നിലനിർത്തിയത്, ജനത്തിന് അത് അറിഞ്ഞുകൂടായിരുന്നു. അതുകൊണ്ടാണ് യേശുക്രിസ്തുവിന്റെ വരവുവരെ ജനത്തെ സൂക്ഷിക്കുവാൻ ന്യായപ്രമാണത്തെയും പ്രവാചകന്മാരെയും ദൈവം ലോകത്തിൽ നിയമിച്ചത്. യേശുക്രിസ്തുവിന്റെ വരവോടെ, കാൽവരി ക്രൂശിലെ മരണത്തോടെ ലോകമാകുന്ന ജയിലിൽ നിന്ന് യേശു ജീവപര്യന്തം മരണത്തിന്റെ തടവിലായിരുന്ന മനുഷ്യരെ വിടുവിച്ച് പിതാവിന്റെ ഭവനമായ ദൈവരാജ്യം വാഗ്ദത്തം ചെയ്യുകയാണ്. അതു**കൊണ്ട്** പുതിയനിയമത്തിൽ മാത്രമാണ് ദൈവരാജ്യം വാഗ്ദത്തം ചെയ്യുന്നത്. അതാ

യത് ധൂർത്തപുത്രന്റെ മടക്കയാത്രയിലൂടെ മാത്രമേ പിതാവിന്റെ ഭവനത്തിൽ എത്തിച്ചേരുവാൻ കഴിയുകയുള്ളൂ.

**"മക്കൾ ജഢരക്തങ്ങളോടു കൂടിയവർ ആകകൊണ്ടു അവനും അവരെ പോലെ ജഢരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു." (എബ്രാ. 2:14-15)**

**"ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടരുതു: നിങ്ങളുടെ പിതാവു രാജ്യം നിങ്ങൾക്കു നല്കുവാൻ പ്രസാദിച്ചിരിക്കുന്നു." (ലൂക്കൊ. 12:32)**

'ലോകം' ധൂർത്തപുത്രന്റെ യാത്രയിലെ 'ദർശനമാണ്', പിതാവിന്റെ ഭവനം അഥവാ 'ദൈവരാജ്യം' ധൂർത്തപുത്രന്റെ മടക്കയാത്രയിലെ 'ദർശനമാണ്'.

പഴയനിയമത്തിൽ ദൈവം ജനത്തിന് ദൈവരാജ്യം വാഗ്ദത്തം ചെയ്യാത്തത്, പാപത്താൽ ആത്മാവിൽ മരിച്ച് ലോകത്തിൽ മരണത്തിന് ബന്ധനസ്ഥരായ ജനത്തിന് ദൈവരാജ്യം വാഗ്ദത്തം ചെയ്താലും അവർക്ക് സ്വീകരിക്കാൻ പറ്റാത്തതുകൊണ്ടാണ്. പഴയനിയമത്തിൽ തന്നെ അനുസരിക്കുന്നവർക്ക് ലോകത്തിൽ താല്കാലിക ലോകാനുഗ്രഹങ്ങൾ കൊടുത്തു. ന്യായപ്രമാണത്തിലൂടെ അവരെ സൂക്ഷിച്ചു, പ്രവാചകന്മാരിലൂടെ 'രക്ഷകനായ മശിഹാ' വരുന്നു എന്ന പ്രത്യാശയും കൊടുത്തു.




(ചിത്രം-40)

മടക്കയാത്രയ്ക്ക് യാത്ര ഒരു തടസ്സമാണ്. ദൈവരാജ്യത്തിലേക്ക് ഹൃദയം കൊണ്ട് യാത്ര ചെയ്യണമെങ്കിൽ ഹൃദയം കൊണ്ട് ലോകത്തിലേക്കുള്ള യാത്ര അവസാനിപ്പിക്കണം. മടക്കയാത്രയുടെ ഏറ്റവും വലിയ ശത്രുവാണ് യാത്ര. ലോകം നേടുവാൻ പോകുന്നതാണ് ദൈവരാജ്യം നേടുവാൻ പോകുന്നതിന്റെ ഒരു പ്രധാന തടസ്സം.

പുതിയനിയമത്തിൽ അങ്ങനെയല്ല, ജനം യേശുക്രിസ്തുവിനാൽ ലോകമാകുന്ന ജയിലിൽ നിന്ന് രക്ഷിക്കപ്പെട്ടു. ഇനി അവരെ കൊണ്ടുപോകുന്നത് ദൈവരാജ്യത്തിലേക്കാണ്. ലോകം യാത്രയിലാണ് ദൈവരാജ്യം മടക്കയാത്രയിലാണ്. മടക്കയാത്രയ്ക്ക് യാത്ര ഒരു തടസ്സമാണ്. ദൈവരാജ്യത്തിലേക്ക് ഹൃദയം കൊണ്ട് യാത്ര ചെയ്യണമെങ്കിൽ ഹൃദയം കൊണ്ട് ലോകത്തിലേക്കുള്ള യാത്ര അവസാനിപ്പിക്കണം. മടക്കയാത്രയുടെ ഏറ്റവും വലിയ ശത്രുവാണ് യാത്ര. ലോകം നേടുവാൻ പോകുന്നതാണ് ദൈവരാജ്യം നേടുവാൻ പോകുന്നതിന്റെ ഒരു പ്രധാന തടസ്സം. ലോകമാണ് ദൈവരാജ്യത്തെ മനുഷ്യഹൃദയങ്ങളിൽ മറച്ചിരിക്കുന്നത്. ഇതുകൊണ്ടാണ് ദൈവവചനം പറയുന്നത്, ദൈവരാജ്യം ലോകമാകുന്ന വയലിൽ മറഞ്ഞിരിക്കുകയാണെന്ന്.

ലോകം മാറ്റിയാൽ ദൈവരാജ്യം കാണാം.

**"സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവെച്ച നിധിയോടു സദൃശം. അതു ഒരു മനുഷ്യൻ കണ്ടു മറെച്ചിട്ടു, തന്റെ സന്തോഷത്താൽ ചെന്നു തനിക്കുള്ള തൊക്കെയും വിറ്റു ആ വയൽ വാങ്ങി." (മത്താ. 13:44)**

**"....വയൽ ലോകം" (മത്താ. 13:37)**

വയൽ മാറ്റിയാൽ നിധി കാണാം. അതായത് ലോകം ദൈവരാജ്യത്തെ മറയ്ക്കുകയാണ്. ലോകം മാറ്റിയാൽ ദൈവരാജ്യം കാണാം.

പഴയനിയമത്തിൽ ദൈവം ജനത്തിന് ലോകം മാത്രം വാഗ്ദത്തം ചെയ്തതിന്റെ കാരണം ജനം ആദാമിന്റെ പാപത്താൽ കുടുങ്ങി പിശാചിന്റെ 'ലോകമാകുന്ന തടവറയിലായിപ്പോയതുകൊണ്ട്' മാത്രമാണ്. എന്നാൽ **പുതിയനിയമത്തിൽ ദൈവം ലോകത്തെ സ്നേഹിക്കരുതെന്ന് പറയുന്നതിന്റെ കാരണം 'ലോകം' ദൈവം തന്റെ ജനത്തിന് തരാൻ ആഗ്രഹിക്കുന്ന ദൈവരാജ്യത്തെ മറയ്ക്കു**

ന്നതുകൊണ്ടാണ്. അതുകൊണ്ടാണ് പുതിയനിയമത്തിൽ നാം ആദ്യം ദൈവരാജ്യം അന്വേഷിച്ചാൽ ലോകത്തിൽ നമുക്ക് വേണ്ടത് തരാമെന്ന് ദൈവം പറയുന്നത്.

**"മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടു കൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും." (മത്താ. 6:33)**

## പ്രവാചകന്മാരും ന്യായപ്രമാണവും എന്തിനായിരുന്നു?

ആദാമിന്റെ പാപത്താൽ ലോകത്തിലേക്ക് യാത്ര പോയ ജനത്തെ, മറ്റൊരുരീതിയിൽ പറഞ്ഞാൽ ലോകത്തിൽ പിശാചിന്റെ തടവിലാക്കപ്പെട്ട ജനത്തെ വിടുവിക്കുവാൻ ദൈവം രക്ഷകനെ വാഗ്ദത്തം ചെയ്തു, അതത്രേ ബൈബിളിലെ ആദ്യത്തെ പ്രവചനം.

**"ഞാൻ നിനക്കും സ്ത്രീയ്ക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിയ്ക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും;"**
**(ഉല്പ. 3:15)**

തുടർന്ന് സ്ത്രീയുടെ സന്തതിയായ യേശുക്രിസ്തു ലോകത്തിലേക്ക് കടന്നുവന്ന് മാനവരാശിയെ രക്ഷിക്കുന്നതുവരെ, ഈ പ്രവചനവാക്യം അനുസരിച്ച് "പിശാചിന്റെ രാജ്യത്തെ തകർത്ത് ജനത്തെ രക്ഷിക്കുവാൻ സ്ത്രീയുടെ സന്തതിയായ മശിഹാ വരുന്നു എന്ന്" ജനത്തെ ഓർപ്പിക്കുകയാണ് സകലപ്രവാചകന്മാരും ചെയ്തത്. ലോകത്തിൽ പിശാചിന്റെ തടവിലായിപ്പോയ ജനം വീണ്ടു പാപം ചെയ്യാതിരിക്കാനാണ് ദൈവം വാഗ്ദത്ത സന്തതിയായ യേശു വരുന്നതുവരെ ന്യായപ്രമാണം കൊടുത്തത്. അതായത് ന്യായപ്രമാണവും, പ്രവാചകന്മാരും ലോകമാകുന്ന ജയിലിൽ ദൈവജനത്തെ യേശു വരുന്നതുവരെ സൂക്ഷിക്കുകയായിരുന്നു. ചിത്രം-40 നോക്കൂ.

## എന്തുകൊണ്ടാണ് യേശു പറഞ്ഞിരിക്കുന്നത് തന്റെ നുകം മൃദുവാണെന്ന്?

**"എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു."**
**(മത്താ. 11:30)**

ഈ വാക്യത്തിൽ യേശു പറഞ്ഞിരിക്കുന്നത് സത്യമാണ്. ലോകത്തിൽ നിന്ന് ദൈവരാജ്യത്തിലേക്ക് ദർശനം മാറിയ ഒരു വ്യക്തിക്ക് യേശുവിന്റെ നുകം ലഘുവാണ്.

ഇത് മനസ്സിലാക്കണമെങ്കിൽ ഇതിന്റെ മുകളിൽ പറഞ്ഞിരിക്കുന്ന രണ്ട് വാക്യങ്ങൾ കൂട്ടിച്ചേർത്ത് പഠിക്കണം.

**"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൌമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ദേഹികൾക്ക് ആശ്വാസം കണ്ടെത്തും." (മത്താ. 11:28-29) (KJV Translation)**

28-ാം വാക്യത്തിൽ ഒരു മനുഷ്യൻ യേശുവിന്റെ അടുക്കൽ എത്തുമ്പോൾ അവനെ അവന്റെ പാപത്തിൽ നിന്നും രക്ഷിക്കുമെന്നും ആശ്വസിപ്പിക്കുമെന്നുമാണ് പറഞ്ഞിരിക്കുന്നത്. യേശു ഒരു മനുഷ്യനെ ആശ്വസിപ്പിക്കുന്നത് ലോകം തരാമെന്ന പിശാചിന്റെ വാഗ്ദത്തം പറഞ്ഞല്ല, പകരം 'സ്വർഗ്ഗരാജ്യം' എന്ന വാഗ്ദത്തം പറഞ്ഞാണ്.

**"മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും." (മത്താ. 6:33)**

**"ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടരുത്: നിങ്ങളുടെ പിതാവ് രാജ്യം നിങ്ങൾക്ക് നല്കുവാൻ പ്രസാദിച്ചിരിക്കുന്നു." (ലൂക്കൊ. 12:32)**

ഈ വചനങ്ങളെ ഉൾക്കൊണ്ട് ഒരുവന്റെ ദർശനം ലോകം നേടുന്നതിൽ നിന്നും, ദൈവരാജ്യം നേടുന്നതിലേക്കായി മാറിയാൽ പിന്നെ ആ വ്യക്തിയുടെ ദർശനം ദൈവരാജ്യമാകയാൽ ക്രിസ്തുവിന്റെ നുകം (ക്രൂശ്) ആ വ്യക്തിക്ക് ലഘുവായിരിക്കും, സന്തോഷമായിരിക്കും. ക്രിസ്തുവിനെ പ്രതി കൂടുതൽ നുകം എടുക്കുവാൻ അവർ ആഗ്രഹിക്കും. ഇങ്ങനെയുള്ള ഒരു വ്യക്തിയാണ് പൗലൊസ്. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കൂ,

**"ഇപ്പോൾ ഞാൻ നിങ്ങൾക്കു വേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ചു ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളതു എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിന് വേണ്ടി പൂരിപ്പിക്കുന്നു."**
**(കൊലൊ. 1:24)**

**"നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു." (2 കൊരി. 4:17)**

**"നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു." (റോമ. 8:18)**

ഒരുവന്റെ ദർശനം ലോകം നേടുന്നതിൽ നിന്നും ദൈവ രാജ്യം നേടുന്നതിലേക്കായി മാറിയാൽ പിന്നെ ആ വ്യക്തിയുടെ ദർശനം ദൈവരാജ്യമാകയാൽ ക്രിസ്തുവിന്റെ നുകം (ക്രൂശ്) ആ വ്യക്തിക്ക് ലഘുവായിരിക്കും, സന്തോഷമായിരിക്കും.

**"....കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു...." (റോമ. 5:3)**

**"നിങ്ങളോടു എനിക്കുള്ള പ്രാഗത്ഭ്യം വലിയതു; നിങ്ങളെക്കുറിച്ചുള്ള എന്റെ പ്രശംസ വലിയതു; ഞാൻ ആശ്വാസം കൊണ്ടു നിറഞ്ഞിരിക്കുന്നു; ഞങ്ങളുടെ സകല കഷ്ടതയിലും സന്തോഷം എനിക്കു കവിഞ്ഞിരിക്കുന്നു." (2 കൊരി. 7:4)**

**"പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാകുന്നവനായി തെളിഞ്ഞ ശേഷം കർത്താവ് തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും." (യാക്കോ. 1:12)**

ഇങ്ങനെയുള്ളവർ ലോകം ദർശനം വച്ച് നടക്കുന്നവരെപ്പോലെ മരണത്തെ പേടിക്കയില്ല. പകരം ശാരീരിക മരണം അവർക്കൊരു സന്തോഷവും, ലാഭവും ആയിരിക്കും. പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിക്കൂ.

**"എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലെക്കു ഫലം വരുമെങ്കിൽ ഏതു തിരഞ്ഞെടുക്കേണ്ടു എന്നു ഞാൻ അറിയുന്നില്ല. ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു; വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടു കൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ടു; അതു അത്യുത്തമമല്ലോ." (ഫിലി. 1:22-23)**

**"എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു." (ഫിലി. 1:21)**

ലോകദർശനം മാറി 'ദൈവരാജ്യം' എന്ന ദർശനം ലഭിച്ചവർക്ക് മരണം ലാഭമാണ്. അതിന്റെ കാരണം മരണത്തോടെ അവർ തങ്ങളുടെ ദർശനമായ 'ദൈവരാജ്യം' അവകാശമാക്കും. ഇങ്ങനെയുള്ളവർക്ക് ക്രിസ്തുവിന്റെ നുകം ലഘുവാണ്. ലോകം ദർശനമാക്കിയിരിക്കുന്നവർക്ക് ക്രിസ്തുവിന്റെ നുകം പ്രയാസമാണ്, ഇടുക്കമുള്ളതാണ്. ദർശനം ദൈവരാജ്യത്തിലേക്ക് മാറുന്നതിനനുസരിച്ച് നുകം ലഘുവായിക്കൊണ്ടിരിക്കും, സന്തോഷമായി മാറും.

**‘ലോകം’ ദർശനമായ വ്യക്തി മരണത്തെ ഭയപ്പെടുന്നതിന്റെ കാരണം, മരണത്തോടുകൂടി തന്റെ ദർശനമായ ലോകം ആ വ്യക്തിക്ക് നഷ്ടപ്പെടുന്നതുകൊണ്ടാണ്. ‘ദൈവരാജ്യം’ ദർശനമായിരിക്കുന്ന വ്യക്തി മരണത്തെ ഭയപ്പെടാതെ, മരണം ലാഭമായി കാണുന്നതിന്റെ കാരണം മരണത്തോടുകൂടെ തന്റെ ദർശനമായ ദൈവരാജ്യം താൻ അവകാശമാക്കുന്നതുകൊണ്ടാണ്.**

ഉദാഹരണമായി ഒരു കഥ പറയട്ടെ, ഒരിക്കൽ ഒരു മോട്ടോർ വൈന്റിംഗ് സ്ഥാപനത്തിലെ ഒരു തൊഴിലാളിയുടെ അടുക്കൽ വൈകുന്നേരം 4.30 കഴിഞ്ഞപ്പോൾ ഒരു കസ്റ്റമർ കരിഞ്ഞുപോയ 10 മോട്ടോർ ശരിയാക്കാൻ കൊണ്ടുവന്നു. ആ തൊഴിലാളി മോട്ടോറുകളെല്ലാം ചെക്ക് ചെയ്ത് അവ ശരിയാക്കാൻ എത്ര രൂപ വരുമെന്ന് ആദ്യം എസ്റ്റിമേറ്റ് കൊടുക്കണം. എന്നാൽ 5.00 മണിക്ക് വീട്ടിൽ പോകാൻ 4.30 ന് തന്നെ കൈ കഴുകി തയ്യാറായിരിക്കുന്ന തൊഴിലാളിക്ക് ഈ കസ്റ്റമറുടെ വരവ് ഒട്ടും പിടിച്ചില്ല. പിറുപിറുപ്പോടെ നാളെ വാ, ഞാൻ നോക്കട്ടെ, എന്ന നീരസ ഭാവത്തോടെ കസ്റ്റമറോട് സംസാരിച്ചു പറഞ്ഞുവിടാൻ നോക്കുകയായിരുന്നു. ആ തൊഴിലാളി കാരണം തന്റെ മുതലാളിക്ക് ഉണ്ടാകാൻ പോകുന്ന ലാഭത്തിന് വേണ്ടി ഞാൻ എന്തിന് വെറുതെ മെനക്കെടണം എന്ന ഭാവമായിരുന്നു ആ തൊഴിലാളിയുടേത്. ഈ സമയത്താണ് പെട്ടെന്ന് മുതലാളി തന്റെ കാറിൽ തന്റെ സ്ഥാപനത്തിന്റെ മുമ്പിൽ വന്ന് നില്ക്കുകയും ഈ തൊഴിലാളിയെ വിളിപ്പിക്കുകയും ചെയ്തത്. മുതലാളി തൊഴിലാളിയോട് പറഞ്ഞു, “ഞാൻ നാളെ ദുബായിലേക്ക് പോവുകയാണ്, ഇനി ഈ സ്ഥാപനം നടത്താൻ ഞാൻ ഉണ്ടാകില്ല, സ്ഥാപനം നീ എടുത്തു നടത്തിക്കോ, നിനക്ക് ന്യായമെന്ന് തോന്നുന്ന തുക നിന്റെ കയ്യിൽ ഉള്ളപ്പോൾ തന്നാൽ മതി.” ഇത് കേട്ട് തൊഴിലാളി അതിശയിച്ച് നില്ക്കുമ്പോൾ മുതലാളി ദുബായിലേക്ക് പോകുവാൻ ദ്രുതഗതിയിൽ യാത്ര

> ഏതെങ്കിലും വിഷയം കൊണ്ട്, അതായത് ജോലിയോ, മറ്റ് കഷ്ടപ്പാടുകളോ കൊണ്ട് നമുക്ക് ലാഭമുണ്ടെന്ന് കണ്ട് കഴിഞ്ഞാൽ ആ ജോലി അല്ലെങ്കിൽ ആനുകം നമുക്ക് ലഘുവായിരിക്കും, അല്ലെങ്കിൽ അത് കഠിനമായിരിക്കും.’

യായി. ലോട്ടറി അടിച്ചതിനെക്കാൾ വലിയ സന്തോഷത്തോടെ സ്ഥാപനത്തിലേക്ക് തിരിച്ചുവന്ന തൊഴിലാളി കണ്ടത് തനിക്ക് വേണ്ടി കാത്തു നില്ക്കുന്ന 10 മോട്ടോറുമായി വന്ന കസ്റ്റമറെയാണ്. ആളുമാറിയപോലെ തിരികെ വന്ന തൊഴിലാളിയുടെ പ്രവർത്തനം കണ്ട കസ്റ്റമർ അതിശയിച്ചു പോയി. മുമ്പെ പിറുപിറുത്ത് തന്നെ പറഞ്ഞ് വിടാൻ നോക്കിയ തൊഴിലാളി ഇപ്പോൾ തന്നോട് ഇരിക്കാൻ പറയുന്നു, ചായ വാങ്ങി തരുന്നു, 5 മണിക്ക് വീട്ടിൽ പോകേണ്ട തൊഴിലാളി 7.30 വരെയിരുന്ന് മോട്ടോറെല്ലാം ചെക്ക് ചെയ്ത് എസ്റ്റിമേറ്റ് തരുന്നു. മോട്ടോർ ചെക്ക് ചെയ്യുന്നതും സമയത്ത് വീട്ടിൽ പോകാതെ കഷ്ടപ്പെടുന്നതും, പോക്കറ്റിലെ പൈസ മുടക്കി കസ്റ്റമർക്ക് ചായ വാങ്ങിക്കൊടുക്കുന്നതുമെല്ലാം വളരെ സന്തോഷത്തോടെയാണ് ഈ തൊഴിലാളി ചെയ്തത്. ഇതെല്ലാം വളരെ ലഘുവായി തൊഴിലാളിക്ക് തോന്നി.

ലാഭമില്ലാത്ത 'ലോകം' എന്ന ദർശനം മാറി ലാഭമുള്ള 'ദൈവരാജ്യം' എന്ന ദർശനം പ്രാപിച്ചവർക്ക് ക്രിസ്തുവിന്റെ നുകം ലഘുവാണ്, മരണം ലാഭകരവുമാണ്.

എന്താണ് തൊഴിലാളിയുടെ ഈ വലിയ മാറ്റത്തിന് കാരണം. പണിക്കോ, കഷ്ടപ്പാടിനോ മാറ്റമുണ്ടായതല്ല, പകരം തൊഴിലാളിയുടെ മനസ്സിലെ ദർശനത്തിന് മാറ്റമുണ്ടായതാണ് തൊഴിലാളിയുടെ ഈ മനോഭാവത്തിന് കാരണം. ആദ്യം കസ്റ്റമറോട് പിറുപിറുക്കാൻ കാരണം, കസ്റ്റമർ കൊണ്ടുവന്ന ജോലികൊണ്ട് തനിക്ക് ഒരു ലാഭവുമില്ല എന്ന് മനസ്സിൽ കണ്ടതുകൊണ്ടാണ്. കാരണം താൻ അപ്പോൾ ഒരു തൊഴിലാളി മാത്രമാണ്. രണ്ടാമത് കസ്റ്റമറോട് നല്ല രീതിയിൽ പെരുമാറി എസ്റ്റിമേറ്റ് കൊടുക്കാൻ കാരണം, ആ ജോലി കൊണ്ട്, അല്ലെങ്കിൽ ആ കഷ്ടപ്പാടുകൊണ്ട് തനിക്ക് ലാഭമുണ്ടെന്ന് തൊഴിലാളി മനസ്സിൽ കണ്ടതുകൊണ്ടാണ്. കാരണം താനിപ്പോൾ സ്ഥാപനത്തിന്റെ മുതലാളി കൂടിയാണ്. ഇവിടെ നിന്നും നമുക്ക് ലഭിക്കുന്ന സന്ദേശം 'ഏതെങ്കിലും വിഷയം കൊണ്ട്, അതായത് ജോലിയോ, മറ്റ് കഷ്ടപ്പാടുകളോ കൊണ്ട് നമുക്ക് ലാഭമുണ്ടെന്ന് കണ്ട് കഴിഞ്ഞാൽ ആ ജോലി അല്ലെങ്കിൽ ആ നുകം നമുക്ക് ലഘുവായിരിക്കും, അല്ലെങ്കിൽ അത് കാറിന്യമായിരിക്കും.' ഇതുപോലെ തന്നെയാണ് ക്രിസ്തുവിന്റെ നുകവും.

ലാഭമില്ലാത്ത 'ലോകം' എന്ന ദർശനം മാറി ലാഭമുള്ള 'ദൈവരാജ്യം' എന്ന ദർശനം പ്രാപിച്ചവർക്ക് ക്രിസ്തുവിന്റെ നുകം ലഘുവാണ്, മരണം ലാഭകരവുമാണ്.

### പ്രാർത്ഥന



ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, ഞങ്ങളുടെ മനുഷ്യമനസ്സുകൾക്ക് മറഞ്ഞ് കിടന്നിരുന്ന സ്വർഗ്ഗത്തിന്റെ ഇടുക്കുവഴി വിദ്യാഭ്യാസത്തെക്കുറിച്ച് ഞങ്ങൾക്ക് പറഞ്ഞ് തന്നതിനായി നന്ദി. അങ്ങയുടെ ഈ വിദ്യാഭ്യാസത്തിലൂടെ ഞങ്ങൾക്ക് ലോകസമ്പ്രദായം സമ്മാനിച്ച 'ലോകം' നേടുക എന്ന ദർശനം വിട്ട് 'സ്വർഗ്ഗരാജ്യം' നേടുക എന്ന ദർശനത്തിലേക്ക് കടന്നു വരുവാൻ ഞങ്ങളെ സഹായിക്കണമേ. പിശാച് ഞങ്ങളുടെ ഉള്ളിൽ നിക്ഷേപിച്ചിട്ടുപോയ ജഡചിന്തകളെ പരിശുദ്ധാത്മാവിനാൽ കൊല്ലുവാൻ ഞങ്ങളെ സഹായിക്കണമേ. യേശുവിൻ നാമത്തിൽ തന്നെ. ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. യേശുവിനെ പരീക്ഷിക്കാൻ പിശാച് ഉപയോഗിച്ച മൂന്ന് ചോദ്യങ്ങളുടെയും ലക്ഷ്യം യേശുവിന്റെ 'ലോകത്തിലേക്കുള്ള ദർശനം' പരിശോധിക്കുകയായിരുന്നു.
2. "ദൈവപുത്രന്മാർ ദൈവത്തെ അനുസരിക്കുന്നവരാണ്, അല്ലാതെ ദൈവത്തെ പരീക്ഷിക്കുന്നവർ അല്ല.
3. യേശുവിനെ കർത്താവായി സ്വീകരിച്ചപ്പോൾ, പിതാവായ ദൈവം ഇതുപോലെ നമ്മെക്കുറിച്ച് സാക്ഷ്യം പറഞ്ഞിട്ടുണ്ട്. **"നീയെന്റെ പ്രിയപുത്രൻ"**. എന്നാൽ ഇതുവരെ ഇടുക്കുവഴി വിദ്യാഭ്യാസസമ്പ്രദായത്തിലൂടെ നമുക്കത് തെളിയിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? ഇല്ലെങ്കിൽ പരിശുദ്ധാത്മാവ് ഇപ്പോഴും ആ ശുശ്രൂഷയിലേക്ക് കൊണ്ടുപോകാൻ കാത്തുനില്ക്കുന്നു.
4. പരിശുദ്ധാത്മാവിനാൽ ഇടുക്കുവഴി വിദ്യാഭ്യാസത്തിലേക്ക് നയിക്കപ്പെട്ട യേശു അവിടെ വച്ച് പിശാച് തന്റെ ദർശനം ലോകത്തിൽ ഭക്ഷണത്തിലും, നിലത്തിലും, അധികാരത്തിലും, ലോകമഹത്വത്തിലും, വചനത്തോടുള്ള അനുസരണക്കേടിലുമെല്ലാം തളച്ചിടുവാൻ നോക്കിയപ്പോൾ അതിനെയെല്ലാം ജയിച്ച് സ്വർഗ്ഗീയ പിതാവ് തന്നെക്കുറിച്ച് പറഞ്ഞ,

'താൻ ദൈവപുത്രനാണ്' എന്ന സാക്ഷ്യത്തിൽ ദർശനം വച്ചുകൊണ്ട് താൻ സ്വർഗ്ഗീയനാണ് അഥവാ ഒരു ദൈവ പുത്രനാണെന്ന് തെളിയിച്ചു.

5. 'ലോകം' ധൂർത്തപുത്രന്റെ യാത്രയിലെ 'ദർശനമാണ്', പിതാവിന്റെ ഭവനം അഥവാ 'ദൈവരാജ്യം' ധൂർത്തപുത്രന്റെ മടക്കയാത്രയിലെ 'ദർശനമാണ്'.

6. മടക്കയാത്രയ്ക്ക് യാത്ര ഒരു തടസ്സമാണ്. ദൈവരാജ്യത്തിലേക്ക് ഹൃദയം കൊണ്ട് യാത്ര ചെയ്യണമെങ്കിൽ ഹൃദയം കൊണ്ട് ലോകത്തിലേക്കുള്ള യാത്ര അവസാനിപ്പിക്കണം. മടക്കയാത്രയുടെ ഏറ്റവും വലിയ ശത്രുവാണ് യാത്ര. ലോകം നേടുവാൻ പോകുന്നതാണ് ദൈവരാജ്യം നേടുവാൻ പോകുന്നതിന്റെ ഒരു പ്രധാന തടസ്സം.

7. ലോകം മാറ്റിയാൽ ദൈവരാജ്യം കാണാം.

8. ഒരുവന്റെ ദർശനം ലോകം നേടുന്നതിൽ നിന്നും, ദൈവരാജ്യം നേടുന്നതിലേക്കായി മാറിയാൽ പിന്നെ ആ വ്യക്തിയുടെ ദർശനം ദൈവരാജ്യമാകയാൽ ക്രിസ്തുവിന്റെ നുകം (ക്രൂശ്) ആ വ്യക്തിക്ക് ലഘുവായിരിക്കും, സന്തോഷമായിരിക്കും.

9. **'ലോകം' ദർശനമായ വ്യക്തി മരണത്തെ ഭയപ്പെടുന്നതിന്റെ കാരണം, മരണത്തോടുകൂടി തന്റെ ദർശനമായ ലോകം ആ വ്യക്തിക്ക് നഷ്ടപ്പെടുന്നതുകൊണ്ടാണ്. 'ദൈവരാജ്യം' ദർശനമായിരിക്കുന്ന വ്യക്തി മരണത്തെ ഭയപ്പെടാതെ, മരണം ലാഭമായി കാണുന്നതിന്റെ കാരണം മരണത്തോടുകൂടെ തന്റെ ദർശനമായ ദൈവരാജ്യം താൻ അവകാശമാക്കുന്നതുകൊണ്ടാണ്.**

10. 'ഏതെങ്കിലും വിഷയം കൊണ്ട്, അതായത് ജോലിയോ, മറ്റ് കഷ്ടപ്പാടുകളോ കൊണ്ട് നമുക്ക് ലാഭമുണ്ടെന്ന് കണ്ട് കഴിഞ്ഞാൽ ആ ജോലി അല്ലെങ്കിൽ ആ നുകം നമുക്ക് ലഘുവായിരിക്കും, അല്ലെങ്കിൽ അത് കഠിനമായിരിക്കും.'

11. ലാഭമില്ലാത്ത 'ലോകം' എന്ന ദർശനം മാറി ലാഭമുള്ള 'ദൈവരാജ്യം' എന്ന ദർശനം പ്രാപിച്ചവർക്ക് ക്രിസ്തുവിന്റെ നുകം ലഘുവാണ്, മരണം ലാഭകരവുമാണ്.

# അദ്ധ്യായം 17
# ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ രണ്ടാം ഭാഗം

## *"ദൈവസാദൃശ്യവും സ്വരൂപവും പകരുന്നു"*

"നിങ്ങൾ ജഡത്തെ അനുസരിച്ച് ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും." (റോമ. 8:13)

***ലോകം*** നേടുക എന്ന ലോക ദർശനത്തിൽ നിന്ന് സ്വർഗ്ഗം നേടുക എന്ന യേശു പറഞ്ഞ (മത്താ. 6:33, ലൂക്കൊ. 12:32) സ്വർഗ്ഗരാജ്യ ദർശനത്തിലേക്ക് ജനങ്ങളെ കൊണ്ടു വരുന്നതായിരുന്നല്ലോ ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ ഒന്നാം ഭാഗം. ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ രണ്ടാം ഭാഗത്തിൽ പിശാച് ആദാമിന്റെ പാപം മൂലം ആദാമിന്റെ മേൽ ഇട്ട ജഡികചിന്തകളെ (അതായത് നമ്മുടെ ഉപമയിലെ അടിവസ്ത്രം) ആണ് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മരിപ്പിക്കുന്നത്. നാം മുൻ അദ്ധ്യായത്തിൽ പഠിച്ച ബ്ലൂ പ്രിന്റിൽ യിസ്രായേൽ ജനം കനാൻ ദേശം അവകാശമാക്കുന്നതിന് മുമ്പ് കനാൻ ദേശത്ത് കുടിയിരുന്ന രാക്ഷസജാതികളെ കൊല്ലേണ്ടിയിരുന്നു. ഇതുപോലെ നമ്മുടെ ദേഹിയിൽ പിശാച് കുടിയിരുത്തിയിരിക്കുന്ന ജഡിക ചിന്തകളെ നാം നമ്മോടു കൂടിയുള്ള പരിശുദ്ധാത്മാവിനാൽ കൊല്ലുന്നു എങ്കിൽ നമ്മുടെ ദേഹി ജീവനിൽ കടക്കും, മറ്റൊരു രീതിയിൽ പറഞ്ഞാൽ ദൈവരാജ്യം അവകാശമാക്കും. അങ്ങനെ ദൈവത്തിന്റെ ജീവന്റെ പദ്ധതി മനുഷ്യനിൽ പൂർണ്ണമാകും.

## *സാദൃശ്യവും, സ്വരൂപവും*

ഏതൊരു ഉല്പന്നത്തിനും അത് ഉണ്ടാക്കുന്ന കമ്പനി ഒരു സുവ്യക്ത നിർദ്ദേശം (സ്പെസിഫിക്കേഷൻ - Specification) വച്ചിരിക്കുന്നത് പോലെ, ദൈവവും താൻ ഉണ്ടാക്കാൻ തീരുമാനിച്ച "ദൈവപുത്രന്മാർക്ക്" വച്ചിരുന്ന സ്പെസിഫിക്കേഷൻ ആണ് അവർ ദൈവത്തിന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും ആയിരിക്കണമെന്നത്, അതായത് ദൈവത്തിന്റെ സ്വഭാവത്തിലും രൂപത്തിലും. പൂച്ചയുടെ കുഞ്ഞുങ്ങൾ തള്ളപൂച്ചയെപ്പോലെയും, സിംഹത്തിന്റെ കുഞ്ഞുങ്ങൾ തള്ള

സിംഹത്തെപ്പോലെയും സ്വഭാവത്തിലും, രൂപത്തിലും വളരുന്നു എങ്കിൽ ഇവയെ സൃഷ്ടിച്ച ദൈവം തനിക്ക് മക്കളെ ഉണ്ടാക്കുവാൻ തീരുമാനിച്ചപ്പോൾ ദൈവമക്കൾ, ദൈവത്തിന്റെ സ്വഭാവത്തിലും, സ്വരൂപത്തിലുമായിരിക്കണമെന്ന് ചിന്തിച്ചതിൽ എന്താണ് തെറ്റ്? അതുകൊണ്ട് ദൈവം ആദാമിനെ സൃഷ്ടിച്ചപ്പോൾ തന്റെ സ്വഭാവത്തിലും സ്വരൂപത്തിലും സൃഷ്ടിച്ചു

**"അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു." (ഉല്പ. 1:26)**

**"ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു." (ഉല്പ. 1:27)**

ദൈവം, മനുഷ്യരെ സൃഷ്ടിച്ചപ്പോൾ തന്റെ സ്വഭാവത്തിലും, സ്വരൂപത്തിലുമാണ് സൃഷ്ടിച്ചതെങ്കിലും ദൈവത്തിനൊപ്പമല്ല പകരം ദൈവത്തെക്കാൾ അല്പം താഴ്ത്തിയാണ് സൃഷ്ടിച്ചതെന്ന് നാം മനസ്സിലാക്കിയല്ലോ? വചനം പറയുന്നത് ശ്രദ്ധിക്കുക...

**"നീ അവനെ ദൈവത്തെക്കാൾ അല്പം മാത്രം താഴ്ത്തി, തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു." (സങ്കീ. 8:5)**

ദൈവവചനം ഇങ്ങനെ പറയുന്നതിന്റെ കാരണം ദൈവം ആത്മാവാണ് (യോഹന്നാൻ 4:24), പക്ഷെ മനുഷ്യനിൽ ആത്മാവ് ഉണ്ടെങ്കിലും, ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ദേഹീതലത്തിലാണ്. തുടർന്ന് മനുഷ്യൻ ദൈവത്തോടുള്ള അനുസരണത്തിലൂടെ ആത്മതലത്തിലേക്ക് ഉയരേണ്ടതായിട്ടുണ്ട്.

**"ദൈവം ആത്മാവാണ്." (യോഹ. 4:24)**

**"യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു." (ഉല്പ. 2:7)**

**"ജയിക്കുന്നവന്നു ഇതു അവകാശമായി ലഭിക്കും; ഞാൻ അവന്നു ദൈവവും അവൻ എനിക്കു മകനുമായിരിക്കും." (വെളി. 21:7)**

ദൈവം ദൈവസ്വഭാവത്തിലും, സ്വരൂപത്തിലും നിഷ്കളങ്കനായി

സൃഷ്ടിച്ച മനുഷ്യനെ പിശാചിന്റെ തിന്മസ്വഭാവത്തിലേക്ക് കൊണ്ടു വരികയാണ് പിശാച് ആദ്യ പാപത്തിലൂടെ മനുഷ്യരുടെ ജീവിതത്തിൽ ചെയ്തത്. ഏദെൻ തോട്ടത്തിൽ മനുഷ്യർ പാപം ചെയ്തപ്പോൾ, പിശാച് തന്റെ സ്വഭാവം മനുഷ്യരുടെ ഉള്ളിൽ വിതയ്ക്കുകയായിരുന്നു. ഇതോടെ ദൈവസ്വഭാവത്തിൽ നിഷ്കളങ്കനായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പിശാചിനെപ്പോലെ സൂത്രശാലിയായിത്തീർന്നു.

**"ഒരു കാര്യം മാത്രം ഞാൻ കണ്ടിരിക്കുന്നു: ദൈവം മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു; അവരോ അനേകം സൂത്രങ്ങളെ അന്വേഷിച്ചുവരുന്നു." (സഭാ. 7:29)**

നിഷ്കളങ്കനായ മനുഷ്യൻ ഇങ്ങനെ സൂത്രശാലിയായിത്തീരാൻ കാരണം പിശാച് പാപത്തിലൂടെ തന്നിൽ വിതച്ച തിന്മയുടെ വിത്തുകളാണ്. ഈ തിന്മയുടെ ചിന്തകളെയാണ് ജഡികചിന്തകളെന്ന് പറയുന്നത്. ഒരു മനുഷ്യൻ രക്ഷിക്കപ്പെട്ടതിന് ശേഷവും, ഈ ജഡികചിന്തകൾ മനുഷ്യന്റെ ദേഹിയിൽ (പഴയ സ്വയത്തിൽ) ഉണ്ട്. ദേഹിയിലാണ് ദൈവം ഒന്നാം ആദാമിനെ സൃഷ്ടിച്ചതെന്ന് നാം മനസ്സിലാക്കിയല്ലോ (ഉല്പ. 2:7). അതായത് ദേഹിയാണ് മനുഷ്യന്റെ നിലം അതായത് ഗ്രൗണ്ട് (അവകാശം).

> മനുഷ്യനിലെ ജഡചിന്തകൾ, പിശാച് മനുഷ്യനിലൂടെ ലോകത്ത് പ്രവർത്തിക്കാൻ ഉപയോഗിക്കുന്ന പിശാചിന്റെ ഡ്രൈവിംഗ് പ്രോഗ്രാമിന് തുല്യമാണ്.

**"ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായിത്തീർന്നു എന്നു എഴുതിയിരിക്കുന്നുവല്ലോ, ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവായി." (1 കൊരി. 15:45)**

മനുഷ്യനെ ദൈവം നിർത്തിയിരിക്കുന്ന ദേഹിയിൽ, മറ്റൊരു രീതിയിൽ പറഞ്ഞാൽ മനുഷ്യർക്ക് ദൈവം കൊടുത്ത അവകാശമായ ദേഹിയിൽ പിശാചിന്റെ തിന്മയായ ചിന്തകളെ വിതച്ച് പിശാച് മനുഷ്യനെ തന്റേതായി ഉപയോഗിക്കുകയാണ്. അതായത് മനുഷ്യൻ പോലും അറിയാതെ പിശാച് മനുഷ്യന്റെ ഉള്ളിൽ നിക്ഷേപിച്ച തന്റെ ഡ്രൈവിംഗ് പ്രോഗ്രാമിലൂടെ മനുഷ്യനെ ഉപയോഗിക്കുകയാണ്. മനുഷ്യനിലെ ജഡചിന്തകൾ, പിശാച് മനുഷ്യനിലൂടെ ലോകത്ത് പ്രവർത്തിക്കാൻ ഉപയോഗിക്കുന്ന പിശാചിന്റെ ഡ്രൈവിംഗ് പ്രോഗ്രാമിന് തുല്യമാണ്. മനുഷ്യന് ദൈവം കൊടുത്ത തന്റെ അവകാശമായ, തന്റെ നിലമായ ദേഹിയെ (പഴയ സ്വയത്തെ) ഇന്ന് പിശാച് ജഡചിന്തകളിലൂടെ പിടിച്ചിട്ടിരിക്കുകയാണ്. യിസ്രായേൽ മക്കൾക്ക് ദൈവം വാഗ്ദത്തം ചെയ്ത

നിലമായ കനാൻ ദേശത്തെ അവിടത്തെ ഏഴ് രാക്ഷസ ജാതികൾ അടക്കി വാണിരുന്നത് ഇതിന്റെ നിഴലാണ്. ഈ രാക്ഷസ ജാതികളെ യോശുവയെ ഉപയോഗിച്ച് തോല്പിച്ചാണ് ദൈവം യിസ്രായേൽ മക്കൾക്ക് തങ്ങളുടെ വാഗ്ദത്തദേശമായ കനാൻ അവകാശമാക്കി കൊടുത്തത്. ഇതുപോലെ രക്ഷിക്കപ്പെട്ടപ്പോൾ മനുഷ്യരുടെ ആത്മാവിനോട് ചേർന്ന (1 കൊരി. 6:17) ദൈവാത്മാവിനാൽ മനുഷ്യർക്ക് പിശാച് കൊടുത്ത തിന്മയായ ദേഹിയിലെ (പഴയ സ്വയത്തെ) ജഡസ്വഭാവത്തെ തകർത്ത് കളഞ്ഞ്, ഈ ദേഹിയെ 'വീണ്ടും ജനിക്കപ്പെട്ട' പുതിയ സൃഷ്ടിയായ ആത്മാവിനോട് ചേർക്കുകയാണ് ദൈവം ചെയ്യുന്നത്. ഇതാണ് ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ രണ്ടാം ഭാഗം.

> രക്ഷിക്കപ്പെട്ടപ്പോൾ മനുഷ്യരുടെ ആത്മാവിനോട് ചേർന്ന (1 കൊരി. 6:17) ദൈവാത്മാവിനാൽ മനുഷ്യർക്ക് പിശാച് കൊടുത്ത തിന്മയായ ദേഹിയിലെ (പഴയ സ്വയത്തെ) ജഡസ്വഭാവത്തെ തകർത്ത് കളഞ്ഞ്, ഈ ദേഹിയെ വീണ്ടും ജനിക്കപ്പെട്ട പുതിയ സൃഷ്ടിയായ ആത്മാവിനോട് ചേർക്കുകയാണ് ദൈവം ചെയ്യുന്നത്. ഇതാണ് ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ രണ്ടാം ഭാഗം.

ഈ ശുശ്രൂഷ ഒരു മനുഷ്യനിൽ നടക്കുന്നതിന് അനുസരിച്ചാണ്, മനുഷ്യനിലെ പിശാചിനാൽ സൂത്രശാലിയാക്കപ്പെട്ട മനുഷ്യൻ മരിക്കുകയും, മനുഷ്യന്റെ ആത്മാവിലുള്ള പുതിയതായി സൃഷ്ടിക്കപ്പെട്ട ദൈവപുത്രനിലെ ആത്മസ്വഭാവം ദേഹിയിലേക്ക് ജനിക്കുകയും ചെയ്യുന്നത്. അതായത് ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ രണ്ടാം ഘട്ടത്തിൽ മനുഷ്യർ പിശാചിന്റെ സൂത്രസ്വഭാവം വിട്ട്, ദൈവപുത്രന്മാരുടെ സ്പെസിഫിക്കേഷനായ ദൈവീകസ്വഭാവത്തിലേക്ക് മടങ്ങിവരികയാണ് ചെയ്യുന്നത്.

> ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ രണ്ടാം ഘട്ടത്തിൽ മനുഷ്യർ പിശാചിന്റെ സൂത്രസ്വഭാവം വിട്ട്, ദൈവപുത്രന്മാരുടെ സ്പെസിഫിക്കേഷനായ ദൈവീകസ്വഭാവത്തിലേക്ക് മടങ്ങിവരികയാണ് ചെയ്യുന്നത്.

അതോടെ ദൈവത്തിന്റെ 'ജീവന്റെ പദ്ധതിയിൽ' ജീവിച്ച് മനുഷ്യർ, പിശാചിന്റെ മരണത്തിന്റെ പദ്ധതിയെയും, വീണ്ടും മരണത്തിന്റെ പദ്ധതിയെയും ജയിച്ച് നിത്യജീവനിൽ കടക്കുകയും, സ്വർഗ്ഗരാജ്യം അവകാശമാക്കുകയും ചെയ്യും.

**"നിങ്ങൾ ജഡത്തെ അനുസരിച്ച് ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു**

**എങ്കിലോ നിങ്ങൾ ജീവിക്കും." (റോമ. 8:13)**

**"അവയാൽ അവൻ നമുക്ക് വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നല്കിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ടു ദിവ്യ സ്വഭാവത്തിനു കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു." (2 പത്രൊ. 1:4)**

**"അതുനിമിത്തം തന്നേ നിങ്ങൾ സകല ഉത്സാഹവും കഴിച്ചു, നിങ്ങളുടെ വിശ്വാസത്തോടു വീര്യവും വീര്യത്തോടു പരിജ്ഞാനവും പരിജ്ഞാനത്തോടു ഇന്ദ്രിയജയവും ഇന്ദ്രിയജയത്തോടു സ്ഥിരതയും സ്ഥിരതയോടു ഭക്തിയും ഭക്തിയോടു സഹോദരപ്രീതിയും സഹോദരപ്രീതിയോടു സ്നേഹവും കൂട്ടിക്കൊൾവിൻ. ഇവ നിങ്ങൾക്കുണ്ടായി വർദ്ധിക്കുന്നു എങ്കിൽ നിങ്ങൾ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പരിജ്ഞാനം സംബന്ധിച്ചു ഉൽസാഹമില്ലാത്തവരും നിഷ്ഫലൻമാരും ആയിരിക്കയില്ല. അവയില്ലാത്തവനോ കുരുടൻ അത്രേ; അവൻ ഹ്രസ്വദൃഷ്ടിയുള്ളവനും തന്റെ മുമ്പിലത്തെ പാപങ്ങളുടെ ശുദ്ധീകരണം മറന്നവനും തന്നേ. അതുകൊണ്ടു സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ. ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരുനാളും ഇടറിപ്പോകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും." (2 പത്രൊ. 1:5-11)**

ദൈവപുത്രന്മാരായി വെളിപ്പെട്ട് ദൈവരാജ്യം അവകാശമാക്കുകയെന്നതാണ് നമ്മുടെ പരമപ്രധാനമായ വിളി, അത് നാം ഉറപ്പാക്കുക.

മുകളിൽ പറഞ്ഞിരിക്കുന്ന വചനങ്ങൾ അനുസരിച്ച് നാം ദൈവപുത്രന്മാരുടെ സ്പെസിഫിക്കേഷനായ ദൈവീകസ്വഭാവത്തിലേക്ക് തിരിച്ചുവന്നാൽ 2 പത്രൊസ് 1:5-11 പറയുന്നു നാം ദൈവരാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കുമെന്ന്. ദൈവപുത്രന്മാരായി വെളിപ്പെട്ട് ദൈവരാജ്യം അവകാശമാക്കുകയെന്നതാണ് നമ്മുടെ പരമപ്രധാനമായ വിളി, അത് നാം ഉറപ്പാക്കുക.

**"അതുകൊണ്ടു സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ." (2 പത്രൊ. 1:10)**

പിശാചിന്റെ മരണത്തിന്റെ പദ്ധതിയിൽ, പിശാച് എങ്ങനെയാണ് വീണ്ടും ജനിച്ചവരെ കൊല്ലുന്നത്?

ഒരു തരം ചിന്തയിലൂടെയാണ് പിശാച് മനുഷ്യരെ കൊല്ലുന്നത്.

മഹാത്മാഗാന്ധിയെ വെടിവച്ചാണ് കൊന്നത്. രാജീവ് ഗാന്ധിയെ 'ബെൽറ്റ് ബോംബ്'' കൊണ്ടും. എന്നാൽ പിശാച് വീണ്ടും ജനിച്ചവരെ 'വീണ്ടും മരണത്തിലേക്ക്'' കൊണ്ടുവരുന്നത് 'ജഡത്തിന്റെ ചിന്തകളിലൂടെയാണ്''.

**"ജഡത്തിന്റെ ചിന്ത മരണം." (റോമ. 8:6)**

എത്ര സൂത്രശാലിയാണ് പിശാചെന്ന് നോക്കൂ. പിശാച് 'വീണ്ടും ജനിച്ചവരെ' കൊല്ലുന്നത് കത്തി, തോക്ക്, ബോംബ് എന്നിവയൊന്നും ഉപയോഗിച്ചല്ല, പകരം വീണ്ടും ജനിച്ചവരുടെ ഉള്ളിലുള്ള ജഡത്തിന്റെ ചിന്തകളെ ഉണർത്തി, ആ ചിന്തകളിൽ അവരെ, ജഡപ്രകാരം ജീവിപ്പിക്കുന്നതിലൂടെയാണ്. എന്നാൽ 'ദൈവത്തിന്റെ ജീവന്റെ പദ്ധതിയിൽ' 'വീണ്ടും ജനിച്ചവരുടെ' ഉള്ളിൽ ഒളിഞ്ഞ് കിടക്കുന്ന പിശാച് നിക്ഷേപിച്ച ഒളിപ്പട്ടാളമായ ഈ ജഡചിന്തകളെ പുറത്തു കൊണ്ട് വന്ന്, ദൈവാത്മാവ് തരുന്ന വചനത്തിലൂടെ മരിപ്പിക്കുകയാണ് ചെയ്യുന്നത്.

## ഒളിപ്പട്ടാളത്തെ വെളിയിൽ കൊണ്ടുവരിക

ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ രണ്ടാം ഭാഗത്തെ ശുശ്രൂഷയുടെ ആദ്യ ഭാഗം വീണ്ടും ജനിച്ച മനുഷ്യന്റെ ദേഹിയിൽ ഒളിപ്പട്ടാളം പോലെ ഒളിഞ്ഞുകിടക്കുന്ന ജഡികസ്വഭാവത്തെ ഒളിവിൽ നിന്ന് വെളിയിൽ കൊണ്ടുവരികയെന്നതാണ്.




(ചിത്രം-41)




പരിശുദ്ധാത്മാവ് മനുഷ്യനിൽ ഒളിഞ്ഞ് കിടക്കുന്ന ജഡസ്വഭാവത്തെ പുറത്ത് (മനുഷ്യന്റെ മനസ്സിലേക്ക്) കൊണ്ടുവരുന്നു. (ചിത്രം-42)

ഉദാഹരണമായി ജഡസ്വഭാവത്തിലെ പ്രധാനപ്പെട്ട ഒരു വ്യക്തിയാണല്ലോ അസൂയ. നിങ്ങൾ ഒരു നല്ല പാട്ടുകാരനാണെന്ന് ചിന്തിക്കുക, ചർച്ചിലെ ക്വയറിൽ നിങ്ങളാണ് പാടുന്നത്. ഈ സമയത്ത് നിങ്ങളുടെ ഉള്ളിലെ അസൂയയെ നിങ്ങൾക്ക് കാണുവാൻ കഴിയുകയില്ല. അത് ഒളിപ്പട്ടാളം പോലെ ഒളിഞ്ഞുകിടക്കുകയാണ്. മനുഷ്യന്റെ ഉള്ളിൽ ആ മനുഷ്യൻ പോലും അറിയാതെ ഒളിഞ്ഞുകിടക്കുന്ന ഈ അസൂയയെ പുറത്തുകൊണ്ടുവന്നാൽ മാത്രമേ പരിശുദ്ധാത്മാവിനാൽ ഈ ജഡസ്വഭാവത്തോടു പോരാടി അതിനെ കീഴടക്കാനും കൊല്ലാനും കഴിയുകയുള്ളൂ. അതിനാൽ ഈ അസൂയയെ പുറത്തുകൊണ്ടുവരുവാൻ തക്കവണ്ണം നിങ്ങളെക്കാൾ നല്ല ഒരു പാട്ടുകാരനെ ദൈവം നിങ്ങളുടെ ചർച്ചിൽ അനുവദിക്കും. ആ പുതിയ പാട്ടുകാരന്റെ ശുശ്രൂഷയ്ക്ക് ശേഷം, നിങ്ങളുടെ ചർച്ചിലുള്ള വ്യക്തികൾ നിങ്ങളുടെ മുമ്പിൽ വച്ച് ആ വ്യക്തിയെ പുകഴ്ത്തി പറയുന്നത് കേൾക്കുമ്പോൾ നിങ്ങളുടെ ഉള്ളിൽ അതുവരെ ഒളിഞ്ഞുകിടക്കുന്ന ഒളിപ്പട്ടാളമായ അസൂയ പറത്തുവരും. അസൂയയുടെ പുറകെ ആ പുതിയ പാട്ടുകകാരനെ എങ്ങനെയെങ്കിലും നശിപ്പിക്കണമെന്നുള്ള 'പക' പുറത്തുവരും. "ദാവീദ് 10000-ത്തേയും, ശൗൽ 1000-ത്തേയും കൊന്നുവെന്ന്" യിസ്രായേൽ ജനം പാടിയപ്പോൾ അതുവരെ നല്ലവനായിരുന്ന ശൗലിന്റെ ഉള്ളിൽ

നിന്ന് അസൂയയും, വൈരാഗ്യവുമെല്ലാം പൊങ്ങിയതുപോലെ നിങ്ങളുടെ ഉള്ളിലും ഇത് സംഭവിക്കും. ഒരു പക്ഷേ നിങ്ങൾ ഒരു പ്രാർത്ഥിക്കുന്ന വ്യക്തിയോ, പ്രസംഗകനോ, മറ്റാരെങ്കിലുമോആയിക്കൊള്ളട്ടെ, നിങ്ങളെക്കാൾ നന്നായി നിങ്ങളുടെ പ്രവൃത്തിയിൽ ഒരാൾ വളർന്നാൽ ഈ ഒളിപട്ടാളമായ ജഡചിന്തകൾ നിങ്ങളിൽ നിന്ന് പുറത്തുവരും. ഇങ്ങനെ ഒളിഞ്ഞുകിടക്കുന്ന പിശാചിന്റെ സ്വഭാവത്തെ ഉണർത്തി, ശൗൽ ദാവീദിനെ കുന്തമെറിഞ്ഞ് കൊല്ലുവാൻ നോക്കിയതുപോലെ വെളിപ്പെട്ട് വരുന്ന ജഡചിന്തകൾ ആയുധങ്ങളായി ഉപയോഗിച്ച് മനുഷ്യനെ പാപത്തിൽ കുടുക്കുവാനാണ് പിശാച് ആഗ്രഹിക്കുന്നത്. എന്നാൽ ദൈവം ഈ ജഡസ്വഭാവം ഉയരുമ്പോൾ ആഗ്രഹിക്കുന്നത്, ഈ ജഡസ്വഭാവം കൊണ്ട് എതിരാളിയായ മനുഷ്യനെ എറിയാനല്ല, പകരം ദൈവാത്മാവിനാൽ ഈ വെളിപ്പെട്ട ജഡസ്വഭാവത്തെ തകർക്കാനാണ്. അതുകൊണ്ടാണ് ദൈവവചനം പറയുന്നത് നമുക്ക് പോരാടാനുള്ളത് പുറത്ത് ലോകത്തുള്ള മനുഷ്യശത്രുക്കളോടല്ല, പകരം നമ്മുടെ സ്വയത്തിൽ ജഡചിന്തകളെ വിന്യസിപ്പിച്ചിരിക്കുന്ന പിശാചിനോടും അവന്റെ സേനയോടും അത്രേ.

**"ആകയാൽ പാപം നിങ്ങളുടെ മർത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറു ഇനി വാഴരുത്." (റോമ. 6:12)**

പകരം നിങ്ങൾ ദൈവാത്മാവിനാൽ പാപത്തെ വാഴണം, കീഴടക്കണം.

**"നിങ്ങൾ ജഡത്തെ അനുസരിച്ച് ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും." (റോമ. 8:13)**

## *ദൈവാത്മാവിനാൽ ജഡത്തിന്റെ പ്രവൃത്തികളെ കൊല്ലുന്നതെങ്ങനെ?*

വീണ്ടും ജനിച്ച നാം ആദ്യം മനസ്സിലാക്കേണ്ടത് പിശാച് നമ്മുടെ ദേഹിയിലെ പഴയ മനുഷ്യനെക്കാൾ ശക്തനാണെന്നും അതുകൊണ്ട് പിശാചിട്ട് തന്ന അടിവസ്ത്രമായ ജഡികസ്വഭാവത്തെ ഊരിക്കളയുവാൻ മനുഷ്യരായ നാം ശക്തരല്ലെയെന്നുമാണ്. അതുകൊണ്ട് നമ്മുടെ തീരുമാനം കൊണ്ടോ, ദൃഢപ്രതിജ്ഞകൊണ്ടോ മാത്രം ജഡസ്വഭാവത്തെ കീഴടക്കാൻ കഴിവുള്ളതല്ല. ഇതുകൊണ്ടാണ് അപ്പോസ്തലനായ പൗലൊസ് തന്റെ നിസ്സഹായ അവസ്ഥയെ ഓർത്ത് ദൈവസന്നിധിയിൽ വാവിട്ട് നിലവിളിച്ചത്.

**"അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിന് അധീനമായ ശരീരത്തിൽ നിന്നു എന്നെ ആർ വിടുവിക്കും." (റോമ. 7:24)**

എന്നാൽ മനസ്സിലാക്കുക നാം നമ്മുടെ പുറത്തെ മനുഷ്യനുമായുള്ള ബന്ധത്തിൽ പിശാചിനെക്കാൾ ശക്തി കുറവുള്ളവരെങ്കിലും, നമ്മുടെ അകത്തെ മനുഷ്യനെ സംബന്ധിച്ച് പിശാചിനെക്കാൾ ശക്തിയുള്ളവരാണ്. അതായത് വീണ്ടും ജനിച്ച നമ്മുടെ ഉള്ളിലുള്ള ദൈവത്തിന്റെ പരിശുദ്ധാത്മാവ് പിശാചിനെക്കാൾ എത്ര വലിയവനാണ്.

**"കുഞ്ഞുങ്ങളേ നിങ്ങൾ ദൈവത്തിൽ നിന്നുള്ളവർ ആകുന്നു; അവരെ ജയിച്ചുമിരിക്കുന്നു. നിങ്ങളിലുള്ളവൻ ലോകത്തിലുള്ളവനെക്കാൾ വലിയവനല്ലോ." (1 യോഹ. 4:4)**

പരിശുദ്ധാത്മാവിനാൽ വേണം ജഡത്തിന്റെ ചിന്തകളെ നാം കീഴടക്കാൻ.

ആത്മാവിനാൽ എങ്ങനെ ജഡചിന്തകളെ കീഴടക്കാൻ കഴിയുമെന്നുള്ളതിന്റെ ഉത്തരം, ഒന്ന്, ദൈവവചനമെന്ന വാളാണ് ദൈവാത്മാവ് ജഡചിന്തകളെ തകർത്തുകളയുവാൻ ഉപയോഗിക്കുന്നത്. അതുകൊണ്ട് ദിവസവും നാം, ദൈവം നമ്മോട് പ്രാർത്ഥിക്കാൻ, ദൈവത്തോട് ചോദിക്കാൻ പറഞ്ഞ അന്നന്നു വേണ്ട ആഹാരം, അതായത് ജഡത്തിലുള്ള ആഹാരം മാത്രമല്ല ദൈവവചനം ചോദിക്കുന്നവരായിരിക്കണം. അങ്ങനെ നാം ചെയ്താൽ ദൈവത്തിന്റെ ആത്മാവ് നമ്മോട് സംസാരിക്കും. വെളിപ്പാടായോ, ചിന്തകളായോ, ദർശനമായോ, സ്വപ്നമായോ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിൽ എഴുതപ്പെട്ട ദൈവവചനത്തിന്റെ സഹായത്തോടെയോ നമ്മോട് ഇടപെടും. അങ്ങനെ നാം സത്യമറിയും.

> നാം നമ്മുടെ പുറത്തെ മനുഷ്യനുമായുള്ള ബന്ധത്തിൽ പിശാചിനെക്കാൾ ശക്തി കുറവുള്ളവരെങ്കിലും, നമ്മുടെ അകത്തെ മനുഷ്യനെ സംബന്ധിച്ച് പിശാചിനെക്കാൾ ശക്തിയുള്ളവരാണ്.

**"ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ." (വെളി. 2:7)**

ഈ സത്യം നാം ദൈവത്തിൽ നിന്ന് അറിഞ്ഞതുകൊണ്ട്, ഇതിനെ ലോകത്തിന് തോൽപ്പിക്കാൻ കഴിയുകയില്ല. അതായത് ലോകത്തിന്റെ പ്രഭുവായ പിശാചിനോ, അവൻ മനുഷ്യരിൽ ഇട്ടിരിക്കുന്ന ജഡസ്വഭാവത്തിനോ, ദൈവത്തിൽ നിന്ന് നമുക്ക് വേണ്ടി ജനിച്ചിരിക്കുന്ന ദൈവ

വചനത്തെ തോല്പിക്കാൻ കഴിയുകയില്ല. പകരം ഈ സത്യം നമ്മെ പിശാചിന്റെ അധികാരത്തിൽ നിന്നും ക്രമേണ സ്വതന്ത്രമാക്കി കൊണ്ടിരിക്കും.

**"സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും..."(യോഹ. 8:32)**

**"ദൈവത്തിൽ നിന്ന് ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നേ." (1 യോഹ. 5:4)**

ഒരു വ്യക്തി നമ്മെ ഉപദ്രവിക്കുമ്പോൾ ആ വ്യക്തിയോടുള്ള വൈരാഗ്യവും, പകയും നമ്മുടെ ഉള്ളിൽ നിന്ന് നമ്മുടെ ചിന്തകളിൽ വെളിപ്പെട്ട് വരുമ്പോൾ, നിങ്ങൾ അന്നന്നുള്ള വചനം ദൈവാത്മാവിൽ നിന്ന് കേൾക്കുന്നവരെങ്കിൽ, "ശത്രുക്കളെ സ്നേഹിക്കുക, നിന്നെ ഉപദ്രവിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കുക" എന്ന ചിന്ത പരിശുദ്ധാത്മാവ് നമ്മുടെ മനസ്സിലേക്ക് വെളിപ്പെടുത്തിത്തരും. ഈ സമയം പിശാച് നിക്ഷേപിച്ച 'പകയുടെ ചിന്തയും', ദൈവാത്മാവ് വെളിപ്പെടുത്തിയ 'സ്നേഹത്തിന്റെ ചിന്തയും' നമ്മുടെ മനസ്സെന്ന യുദ്ധക്കളത്തിൽ അണിനിരക്കും, മനുഷ്യരായ നാം ഏത് ചിന്തക്കാണോ വിലകൊടുക്കുന്നത്, ആ ചിന്ത ജയമെടുക്കും. നാം ദൈവീക സ്വഭാവമായ ദൈവപുത്രന്മാരുടെ സ്പെസിഫിക്കേഷനാണ് വിലകൊടുക്കുന്നതെങ്കിൽ നമ്മുടെ സ്വയത്തെ ത്യജിച്ച് ദൈവാത്മാവ് തന്ന 'ശത്രുവിനെ സ്നേഹിക്കുക' എന്ന വചനത്തോട് ചേർന്ന് നമ്മുടെ മനസ്സിൽ ജനിച്ച, പകയെന്ന ചിന്തയെ തകർത്ത് കളയുകയും, ജയം പ്രാപിക്കുകയും ചെയ്യും.

**"നിങ്ങൾ ജഡത്തെ അനുസരിച്ച് ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം;" (റോമർ 8:13)**

പകരം നാം നമ്മുടെ ജഡികചിന്തകളാൽ ശക്തിപ്പെട്ട് നില്ക്കുന്ന പഴയ സ്വയത്തിന് വില കല്പിച്ച്, സ്വയം താഴുവാൻ മനസ്സില്ലാതെ ദൈവാത്മാവ് തന്ന 'ശത്രുവിനെ സ്നേഹിക്കുക' എന്ന വചനം കൂട്ടാക്കാതെ, നമ്മുടെ മനസ്സിലേക്ക് ഉയർന്ന് വന്ന പകയുടെ ചിന്തയെ ഉപയോഗിച്ച് വാക്ക് കൊണ്ടും, പ്രവൃത്തികൊണ്ടും മാനുഷിക ശത്രുവിനെതിരെ നീങ്ങുന്നു എങ്കിൽ നാം നമ്മുടെ ജഡത്തിൽ ഒളിഞ്ഞ് കിടക്കുന്ന അണലിമുട്ട പൊട്ടിക്കുകയാണ് ചെയ്യുന്നത്. പിശാചിന് നമ്മുടെ ജീവിതത്തിൽ അവസരം കൊടുക്കുകയും, പല തീരാദു:ഖങ്ങൾക്കും നാം ഇരയായിത്തീരുകയും ചെയ്യും. ഇതേ നില തുടർന്നാൽ നിത്യജീവൻ നഷ്ടപ്പെടും.

**“പിശാചിന് ഇടം കൊടുക്കരുത്.” (എഫെ. 4:27)**

**“കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ. സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വെച്ചുകൊണ്ടിരിക്കരുതു.” (എഫെ. 4:26)**





(ചിത്രം-43)

പ്രിയ സഹോദരങ്ങളേ നമ്മുടെ സ്വയത്തിൽ ഒളിഞ്ഞ് കിടക്കുന്ന അണലിമുട്ടകളായ ജഡികചിന്തകളെ പൊട്ടിച്ച് നമ്മുടെ ജീവിതത്തിൽ നാശം കൊയ്യാതെ, ആത്മാവിന്റെ ചിന്തകളാൽ, ആത്മാവിന്റെ അഗ്നി യാൽ ഈ പാമ്പിൻ മുട്ടകളെ കത്തിച്ച് കളഞ്ഞ്, ദൈവപുത്രന്മാരുടെ സ്പെസിഫിക്കേഷനായ ദൈവീക സ്വഭാവത്തെ ദൈവത്തിന്റെ ഇടുക്കു വഴി വിദ്യാഭ്യാസത്തിലൂടെ നമുക്ക് പ്രാപിക്കാം.

**“ജഡത്തിൽ വിതയ്ക്കുന്നവൻ ജഡത്തിൽ നിന്നു നാശം കൊയ്യും; ആത്മാവിൽ വിതെക്കുന്നവൻ ആത്മാവിൽ നിന്നു നിത്യജീവനെ കൊയ്യും.” (ഗലാ. 6:8)**

അങ്ങനെ നമ്മുടെ പിതാവ് കാത്തിരിക്കുന്ന, സകല സൃഷ്ടികളും കാത്തിരിക്കുന്ന ‘ദൈവപുത്രന്മാരുടെ’ വെളിപ്പാടിനെ, നമ്മുടെ നന്മ യ്ക്കായി പരിശുദ്ധാത്മാവിന്റെ സഹായത്താൽ നമുക്ക് വെളിപ്പെടു ത്താം.




(ചിത്രം-44)

**"സൃഷ്ടി <u>ദൈവപുത്രന്മാരുടെ വെളിപ്പാടിനെ</u> ആകാംക്ഷയോടെ കാത്തിരിക്കുന്നു." (റോമ. 8:19)**

> സ്വഹ്ലങ്ങാജ്യത്തിന്റെ ഇടുററുവഴി വിദ്യാഭ്യാസം ഒങ്കാമത് മനുഷ്യന്റെ ദഹ്ലനം മാറ്റുങ്കു. രണ്ടാമത് മനുഷ്യന്റെ സ്വഭാവം മാറ്റുങ്കു.

**"ജയിക്കുന്നവന്നു ഇതു അവകാശമായി ലഭിക്കും; ഞാൻ അവന്നു ദൈവവും അവൻ <u>എനിക്കു മകനുമായിരിക്കും.</u>" (വെളി. 21:7)**

ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ ആദ്യ ഭാഗത്തിലൂടെ മനുഷ്യരെ 'ലോകത്തിലേക്കുള്ള ദർശനം മാറ്റി സ്വർഗ്ഗരാജ്യത്തിലേക്കുള്ള ദർശനത്തിലേക്ക് കൊണ്ടുവരുന്നു.' രണ്ടാം ഭാഗത്തിലൂടെ മനുഷ്യനിലെ പിശാചിന്റെ സ്വഭാവം മാറ്റി, ദൈവപുത്രന്മാരുടെ സ്പെസിഫിക്കേഷനായ ദൈവീകസ്വഭാവത്തിലേക്ക് കൊണ്ടുവരുന്നു. ചുരുക്കിപ്പറഞ്ഞാൽ സ്വർഗ്ഗരാജ്യത്തിന്റെ ഇടുക്കുവഴി വിദ്യാഭ്യാസം ഒന്നാമത് മനുഷ്യന്റെ ദർശനം മാറ്റുന്നു, രണ്ടാമത് മനുഷ്യന്റെ സ്വഭാവം മാറ്റുന്നു.

ഈ സദ്വാർത്ത കേട്ട് ആരെല്ലാം ദൈവം, ക്രിസ്തുവിലൂടെ ചെയ്യുന്ന '**ജീവന്റെ പദ്ധതിയിൽ**' ജീവിക്കുന്നുവോ അവരെല്ലാം, 'പിശാചിന്റെ മരണത്തിന്റെയും, വീണ്ടും മരണത്തിന്റെയും' പദ്ധതികളെ ജയിച്ച്, ദൈവപുത്രന്മാരായി വെളിപ്പെടുകയും, ദൈവരാജ്യം അവ

കാശമാക്കി, ദൈവരാജ്യത്തിൽ നിത്യം ജീവിക്കുകയും ചെയ്യും. ഈ ലോകത്തിലെ ഏറ്റവും വലിയ വിഷയമായ മരണത്തിൽ നിന്ന് മനുഷ്യർ ദൈവരാജ്യത്തിലേക്ക് രക്ഷപ്പെടുകയും ചെയ്യും.

## "ഒടുക്കത്തെ ശത്രുവായിട്ടു മരണം നീങ്ങിപ്പോകും."

**(1 കൊരി. 15:26)**

## "ഇനി മരണം ഉണ്ടാകയില്ല."

**(വെളി. 21:5)**

## "ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമേ, നിന്റെ വിഷമുള്ള് എവിടെ?"

**(1 കൊരി. 15:55)**

# ജയിക്കുന്നവൻ ദൈവത്തിന്റെ മകൻ (ബൈബിൾ)

## പ്രാർത്ഥന



ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, അങ്ങയുടെ അതുല്യമായ വചനങ്ങൾ തന്ന്, ഇടുക്കുവഴി വിദ്യാഭ്യാസത്തിലൂടെ ലോകത്തിലേയ്ക്കായിരുന്ന ഞങ്ങളുടെ ദർശനം സ്വർഗ്ഗരാജ്യത്തിലേക്കു മാറ്റുകയും ഞങ്ങളുടെ ഉള്ളിൽ നിക്ഷേപിക്കപ്പെട്ട പിശാചിന്റെ ജഡിക സ്വഭാവത്തെ തകർത്ത് ദൈവപുത്രന്മാരുടെ സ്പെസിഫിക്കേഷനായ ദൈവീക സ്വഭാവത്താൽ നിറയ്ക്കുകയും ചെയ്തുകൊണ്ടിരിക്കുകയാൽ നന്ദി. ഈ വെളിപ്പാട് പ്രാപിക്കുവാനും, ഞങ്ങളുടെ മറ്റുള്ള സഹോദരങ്ങളെ അറിയിക്കുവാനും മനസ്സും, ശക്തിയും, അവസരവും തന്നതിനാൽ നന്ദി. പ്രിയ പിതാവേ, ഈ പുസ്തകം വായിച്ച് ഏറ്റെടുക്കുന്ന ഏതൊരു വ്യക്തിയെയും, എന്റെ കരങ്ങളുടെ സ്പർശനം കൂടാതെ തന്നെ എന്റെ ഉള്ളിൽ വ്യാപരിക്കുന്ന അതേ വെളിപ്പാടിന്റെ ആത്മാവിനാൽ നിറയ്ക്കുകയും, ആ വെളിപ്പാടിന്റെ ആത്മാവ് അവരിലൂടെ വചനം കേൾക്കുന്നവരിലേക്ക് നിറയുകയും, ഈ വെളിപ്പാടിന്റെ വെളിച്ചം കെടാതെ ഇപ്പോഴും, എന്റെ മരണത്തിന് ശേഷവും അവരിലൂടെ വ്യാപരിക്കുകയും, അവർ ലോകത്തിന്റെ വെളിച്ചമാവുകയും, അങ്ങനെ അങ്ങയുടെ ഇഷ്ടം അവരിലൂടെ സാധിക്കുകയും ചെയ്യണമേയെന്ന് ഞാൻ അങ്ങയോട് പ്രാർത്ഥിക്കുകയും, അതിനായി ഈ ജനത്തെ അനുഗ്രഹിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നു. യേശുവിൻ നാമത്തിൽ തന്നെ, ആമേൻ.

## പ്രധാന തത്വങ്ങളും ഓർത്തിരിക്കേണ്ട കാര്യങ്ങളും

1. **രക്ഷിക്കപ്പെട്ടപ്പോൾ മനുഷ്യരുടെ ആത്മാവിനോട് ചേർന്ന (1 കൊരി. 6:17) ദൈവാത്മാവിനാൽ മനുഷ്യർക്ക് ദൈവം കൊടുത്ത അവകാശമായ ദേഹിയിലെ (പഴയ സ്വയത്തെ) ജഡസ്വഭാവത്തെ തകർത്ത് കളഞ്ഞ്, ഈ ദേഹിയെ വീണ്ടും ജനിക്കപ്പെട്ട പുതിയ സൃഷ്ടിയായ ആത്മാവോട് ചേർക്കുകയാണ് ദൈവം ചെയ്യുന്നത്. ഇതാണ് ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ രണ്ടാം ഭാഗം.**
2. **ഇടുക്കുവഴി വിദ്യാഭ്യാസത്തിന്റെ രണ്ടാം ഘട്ടത്തിൽ മനു**

ഷ്യർ പിശാചിന്റെ സൂത്രസ്വഭാവം വിട്ട്, ദൈവപുത്രന്മാരുടെ സ്പെസിഫിക്കേഷനായ ദൈവീകസ്വഭാവത്തിലേക്ക് മടങ്ങി വരികയാണ് ചെയ്യുന്നത്.

3. ദൈവപുത്രന്മാരായി വെളിപ്പെട്ട് ദൈവരാജ്യം അവകാശമാക്കുകയെന്നതാണ് നമ്മുടെ പരമപ്രധാനമായ വിളി, അത് നാം ഉറപ്പാക്കുക.

4. നാം നമ്മുടെ പുറത്തെ മനുഷ്യനുമായുള്ള ബന്ധത്തിൽ പിശാചിനെക്കാൾ ശക്തി കുറവുള്ളവരെങ്കിലും, നമ്മുടെ അകത്തെ മനുഷ്യനെ സംബന്ധിച്ച് പിശാചിനെക്കാൾ ശക്തിയുള്ളവരാണ്.

5. സ്വർഗ്ഗരാജ്യത്തിന്റെ ഇടുക്കുവഴി വിദ്യാഭ്യാസം ഒന്നാമത് മനുഷ്യന്റെ ദർശനം മാറ്റുന്നു. രണ്ടാമത് മനുഷ്യന്റെ സ്വഭാവം മാറ്റുന്നു.





# Bible Training School of Ministry

DELIVERING CUBS for the LION OF JUDAH

BIBLE TRAINING CLASS



School of Ministry is a non denominational training programme with signs and wonders projected to develop an Army for Christ with His Character (Fruit of the Spirit) and Power (Gift of the Spirit). The programme enables one to fulfill the Purpose of the Church by getting to know the Purpose of God (Father) about the recreation and the Purpose of Christ (Son).

**Eligibility**

**A dedicated Heart as an outcome of Godly Love not Desiring Self Gain and Glorification, submitting to live and die for Christ.**

## ***This is an Opportunity***

Ephe 5:16 and 17 reads: " Redeeming the time, because the days are evil. Wherefore ***be ye not unwise***, but understanding what the will of the Lord is."



Location : St. Andrew's Hall, 1st floor, St. Martin's Church, Sharjah

Time : 8.30 pm to 10.00 pm (Every Saturday)

Online registration of B.K th. (Bachelor of Kingdom Theology)

www.schoolofministry.global

For more details contact :

Pr. Shyju - 00971-55-3439721 (UAE.)

3P House of Prayer

**Purpose ⇨ Process ⇨ Power**

‘യേശുക്രിസ്തു പാപികളെ രക്ഷിക്കുന്നു, രോഗികളെ സൗഖ്യമാക്കുന്നു. ഭൂതങ്ങളെ പുറത്താക്കുന്നു. നിത്യജീവൻ നല്കുന്നു.’

**“ഒരു മനുഷ്യൻ സർവ്വലോകവും നേടിയാലും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം.” (മത്താ. 16:26)**

# ആത്മരക്ഷാധ്യാനം

**സ്ഥലം: കുഴിവേലിപ്പടി പ്രാർത്ഥനാലയത്തിൽ**

**വചനപരിജ്ഞാനമുള്ള കർത്താവിൽ പ്രസിദ്ധരായ വിവിധ സഭാംഗങ്ങളായ ദൈവദാസന്മാർ ശുശ്രൂഷിക്കുന്നു.**

## പ്രാർത്ഥനാലയത്തിലെ പ്രോഗ്രാമുകൾ

1. ധ്യാനം എല്ലാ മാസവും ആദ്യ തിങ്കളാഴ്ച രാവിലെ 10.00 മണിക്ക് ആരംഭിച്ച് ശനിയാഴ്ച ഉച്ചയ്ക്ക് 1.00 മണിക്ക് അവ സാനിക്കുന്നു.

2. ആത്മവളർച്ചാധ്യാനം (വർഷത്തിൽ രണ്ട് പ്രാവശ്യം )

3. സ്പിരിച്വൽ ഫയർ കോൺഫറൻസ് വിശ്വാസികളെ കർത്താ വിന്റെ വേലക്കായി പരിശുദ്ധാത്മാവിൽ ഒരുക്കുന്നു. (വർഷത്തിൽ ഒരിക്കൽ)

4. ദൈവഹിതം ചെയ്യുവാനായി സഭകളെ ഒരുക്കിയെടുക്കുന്ന യോഗങ്ങൾ
   (Empowering churches in order to do the purpose of God)

5. സ്കൂൾ ഓഫ് മിനിസ്ട്രീസ്

**House of Prayer (Prarthanalayam) Ministries**
Kuzhivellipady, Panchayath Road, Edathala P.O
Pin: 683561
Ernakulam, Kerala
India


**Tel: 0091 484 2411092**
**Mob: 0091 9567590469**


**UAE**
**Tel: 00971 -7- 2211059**
Email: shajijoseph@live.com
kingdomdoubt@gmail.com
Website: www.thevoiceofgod.org

## "The Voice of God"
## TV Program
### On Power Vision TV Channel
Every Tuesday 8.00 pm (Indian.Time)

## "The Voice of God"
## TV Program
### On Harvest TV Channel
Every Friday 7.30 pm (Indian.Time)
Every Saturday 3.00 pm (Indian.Time)
Every Friday 6.00 pm (UAE.Time)
Every Saturday 1.30 pm (UAE.Time)

**A Gift, never forget even in eternity!**



# Notes